# المختصر في صفة الحج والعمرة والزيارة
## في ضوء الكتاب والسنة

إعداد
وزارة الشؤون الإسلامية والدعوة والإرشاد

# ഹജ്ജ്, ഉംറ, മദീനാ സന്ദർശനം
## ചുരുക്ക രൂപം

## ഖുർആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ

തയ്യാറാക്കിയത്:
ഇസ്‌ലാമിക മതകാര്യ മന്ത്രാലയം

## ആമുഖം.

ലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. മുഹമ്മദ് നബി ﷺ യിലും അവിടുത്തെ കുടുംബത്തിലും അനുചരന്മാരിലും അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാകുമാറാകട്ടെ.

അല്ലാഹു തന്റെ അടിമകൾക്ക് നിർബന്ധമാക്കിയിട്ടുള്ള ഇസ്‌ലാമിന്റെ റുക്നുകളിൽ (ഒഴിച്ചുകൂടാൻ പറ്റാത്ത അനിവാര്യമായ ഘടകം) ഒന്നാണ് ഹജ്ജ്. അല്ലാഹു പറയുന്നു:

وَأَتِمُّوا۟ ٱلْحَجَّ وَٱلْعُمْرَةَ لِلَّهِ ...( البقرة: ١٩٦)

നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും പൂർണ്ണമായി നിർവഹിക്കുക... [അൽബഖറ: 196]

നബി ﷺ പറയുന്നു:

عَنِ ابْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " بُنِيَ الْإِسْلَامُ عَلَى خَمْسٍ : شَهَادَةِ أَنْ لَا إِلَهَ إِلَّا اللَّهُ، وَأَنَّ مُحَمَّدًا رَسُولُ اللَّهِ، وَإِقَامِ الصَّلَاةِ، وَإِيتَاءِ الزَّكَاةِ، وَالْحَجِّ، وَصَوْمِ رَمَضَانَ ". ( البخاري: ٨. مسلم: ١٦)

അബ്ദുല്ലാഹിബ്നു ഉമർ (റ) വിൽ നിന്നും നിവേദനം; അദ്ദേഹം പറയുന്നു: അല്ലാഹുവിന്റെ പ്രവാചകൻ ﷺ പറഞ്ഞിട്ടുണ്ട്. "അഞ്ചു കാര്യങ്ങളിലായി കൊണ്ടാണ് ഇസ്‌ലാം ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. (ഇസ്‌ലാം നിലനിൽക്കുന്നത് അഞ്ചുകാര്യങ്ങളിന്മേലാണ്) ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല എന്നും മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ പ്രവാചകനാണെന്നും സാക്ഷ്യം വഹിക്കൽ, നിസ്കാരം നിലനിർത്തൽ, സകാത് നൽകൽ, ഹജ്ജ് നിർവഹിക്കൽ, റമദാനിൽ നോമ്പനുഷ്ഠിക്കൽ". [ബുഖാരി: 8. മുസ്‌ലിം: 16]

സൗദി അറേബ്യയിലെ ഇസ്‌ലാമിക മതകാര്യ വകുപ്പിന്റെ താല്പര്യപ്രകാരം ഹജ്ജിനും ഉംറക്കും മദീനാ സന്ദർശനത്തിനും വരുന്ന ആളുകൾക്ക് അവരുടെ കർമ്മങ്ങൾ ഖുർആനിന്റെയും അല്ലാഹുവിന്റെ പ്രവാചകൻ ﷺ യുടെ സുന്നത്തിന്റെയും അടിസ്ഥാനത്തിലും

സ്വഹാബികൾ അനുവർത്തിച്ച രീതിയിലും ഇമാമുമാർ യോജിപ്പിലെത്തിയിട്ടുള്ള രൂപത്തിലും കർമ്മ രൂപങ്ങൾ നിർവഹിക്കുന്നതിനായി ഹജ്ജിന്റെയും ഉംറയുടെയും മദീനാ സന്ദർശനത്തിന്റെയും കർമ്മങ്ങൾ വ്യക്തമാക്കുകയും എളുപ്പമാക്കുകയും ചെയ്യുന്ന ഈ ഒരു യത്നത്തിന് മുന്നിട്ടിറങ്ങിയിരിക്കുകയാണ്.

ഹജ്ജിന്റെയും ഉംറയുടെയും രൂപം ഖുർആനിന്റെയും അല്ലാഹുവിന്റെ പ്രവാചകൻ ﷺ യുടെ സുന്നത്തിന്റെയും അടിസ്ഥാനത്തിലും സ്വഹാബികൾ അനുവർത്തിച്ച രീതിയിലും ഇമാമുമാർ യോജിപ്പിലെത്തിയിട്ടുള്ള രൂപത്തിലും വിശദീകരിക്കുന്ന ഒരു ചെറു കൃതിയാണ് ഇത്.

**المختصر في صفة الحج والعمرة والزيارة**
**في ضوء الكتاب والسنة**

ഖുർആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ ഹജ്ജിന്റെയും ഉംറയുടെയും (മദീനാ) സന്ദർശനത്തിന്റെയും ചുരുക്ക രൂപം എന്നാണ് ഈ കൃതിക്ക് പേർ നൽകിയിട്ടുള്ളത്.

എളുപ്പത്തിൽ ഗ്രഹിക്കുവാനും പ്രവർത്തനം സരളമാകുന്നതിനും വേണ്ടി വ്യത്യസ്ത അദ്ധ്യായങ്ങളായി നാം ഇതിനെ തിരിച്ചിട്ടുണ്ട്. അവ താഴെ പറയും പ്രകാരമാണ്:

അദ്ധ്യായം ഒന്ന്: ഹജ്ജിന്റെ അർത്ഥവും, വിധിയും, അത് നിർബന്ധമാക്കപ്പെട്ടതിലുള്ള യുക്തിയും

അദ്ധ്യായം രണ്ട്: യാത്രയും മര്യാദകളും

അദ്ധ്യായം മൂന്ന്: ഹജ്ജിന്റെ നിബന്ധനകൾ

അദ്ധ്യായം നാല്: ഹജ്ജിന്റെയും ഉംറയുടെയും മീഖാതുകൾ

അദ്ധ്യായം  അഞ്ച്: ഹജ്ജ് ചെയ്യാവുന്ന വിധങ്ങൾ

അദ്ധ്യായം ആറ്: ഹജ്ജിലെ ബലിയും അതിന്റെ രൂപവും.

അദ്ധ്യായം ഏഴ്: ഇഹ്റാമിൽ പാടില്ലാത്തത്

അദ്ധ്യായം എട്ട് : നിഷിദ്ധം ചെയ്താലുള്ള പ്രായശ്ചിത്തങ്ങൾ.

അദ്ധ്യായം ഒൻപത് : ഉംറയുടെ രൂപം

അദ്ധ്യായം പത്ത് : ഹജ്ജിന്റെ റുക്നുകളും വാജിബാതുകളും

അദ്ധ്യായം പതിനൊന്ന് : ഹജ്ജിന്റെ രൂപം

അദ്ധ്യായം പന്ത്രണ്ട്: മസ്ജിദുനബവി സന്ദർശനം

# അദ്ധ്യായം ഒന്ന്: ഹജ്ജിന്റെ അർത്ഥവും, വിധിയും, അത് നിർബന്ധമാക്കപ്പെട്ടതിലുള്ള യുക്തിയും

ഹജ്ജ് എന്ന വാക്കിന്റെ ഭാഷാർത്ഥം: ലക്ഷ്യം വെക്കുക.

നിശ്ചിത സമയത്ത് നിശ്ചിത കർമ്മങ്ങൾ ചെയ്യുന്നതിനായി മക്കയെയും മശ്അറുകളെയും (ഹജ്ജിന്റെ സ്ഥലങ്ങൾ) ലക്ഷ്യം വെച്ച് പോകുന്നതിനാണ് മതപരമായി ഹജ്ജ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

ഹജ്ജിന്റെ വിധി: ജീവിതത്തിൽ ഒരു തവണ ഹജ്ജ് ചെയ്യൽ നിർബന്ധമാണ്. ഹജ്ജ് ചെയ്യാൻ തടസ്സമില്ലാതിരിക്കുകയും, അത് നിർബന്ധമാകാനുള്ള നിബന്ധനകളെല്ലാം പൂർത്തിയായ ഒരു വ്യക്തി ഉടനെ തന്നെ ഹജ്ജ് നിർവ്വഹിക്കൽ അനിവാര്യമാണ്. അവൻ കഴിവുള്ള വർഷം പിന്നീട് വൈകിപ്പിച്ചാൽ കാലതാമസം വരുത്തിയതിന് അവൻ പാപിയായിത്തീരും.

ഹജ്ജ് നിർബന്ധമാക്കപ്പെട്ടതിന്റെ തെളിവ് ഖുർആനിലും സുന്നത്തിലും, ഇജ്മാഇലും സ്ഥിരപ്പെട്ടിട്ടുള്ളതാകുന്നു.

- ഖുർആനിൽ നിന്നും അല്ലാഹു പറയുന്നു:

{وَلِلَّهِ عَلَى ٱلنَّاسِ حِجُّ ٱلْبَيْتِ مَنِ ٱسْتَطَاعَ إِلَيْهِ سَبِيلًا}

"ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു."

- സുന്നത്തിൽ നിന്നുള്ള തെളിവ്:

وعن أبي هريرة رضي الله عنه قال: خطبنا رسول الله صلى الله عليه وسلم فقال: "يا أيها الناس إن الله قد فرض عليكم الحج فحجوا" فقال رجل: أكل عام يا رسول الله؟ فسكت، حتى قالها ثلاثًا فقال رسول الله صلى الله عليه وسلم : "لو قلت نعم لوجبت، ولما استطعتم" ثم قال: "ذروني ما

تركتكم، فإنما هلك من كان قبلكم بكثرة سؤالهم، واختلافهم على أنبيائهم، فإذا أمرتكم بشيء فأتوا منه ما استطعتم، وإذا نهيتكم عن شيء فدعوه". [رواه مسلم].

അബൂ ഹുറയ്റ (റ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ ഞങ്ങളോട് പ്രസംഗിച്ചു. അവിടുന്ന് പറഞ്ഞു: "ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് ഹജ്ജ് നിർബന്ധമാക്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഹജ്ജ് നിർവ്വഹിക്കുവിൻ". അപ്പോൾ ഒരാൾ ചോദിച്ചു: 'എല്ലാ വർഷവും വേണോ അല്ലാഹുവിന്റെ റസൂലേ?'. അപ്പോൾ നബി ﷺ മൗനം ദീക്ഷിച്ചു. അദ്ദേഹം മൂന്നു തവണ അങ്ങനെ ചോദിച്ചു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "ഞാൻ അതെയെന്ന് പറഞ്ഞാൽ അതു നിർബന്ധമായി. നിങ്ങൾക്കതു സാധിക്കുകയില്ല". പിന്നെ നബി ﷺ പറഞ്ഞു: "ഞാൻ നിങ്ങളെ എന്തു കാര്യത്തിൽ (എപ്രകാരം) വിട്ടേച്ചുവോ അത് (അനുസരിച്ച്) എന്നെ നിങ്ങൾ വിട്ടേക്കുവീൻ. നിങ്ങൾക്കു മുമ്പുള്ളവർ നശിച്ചത് അവരുടെ ചോദ്യങ്ങളുടെ ആധിക്യവും പ്രവാചകന്മാരെ സംബന്ധിച്ച് അവരുടെ ഭിന്നതയുമാണ്. ഞാൻ നിങ്ങളോട് ഒരു കാര്യം കൽപ്പിച്ചാൽ അതിൽ നിന്ന് നിങ്ങൾക്ക് ചെയ്യുവാൻ കഴിയുന്നത് (പരമാവധി) ചെയ്യുക. ഒരു കാര്യം ഞാൻ ചെയ്യരുതെന്ന് വിലക്കിയാൽ നിങ്ങളത് (പൂർണ്ണമായി) ഉപേക്ഷിക്കുകയും ചെയ്യുക". [മുസ്‌ലിം 1337].

## Page 7

- അതുപോലെ, ഹജ്ജ് ചെയ്യാൻ കഴിവുള്ളവർ ജീവിതത്തിൽ ഒരിക്കൽ അത് നിർവ്വഹിക്കൽ നിർബന്ധമാണെന്ന് "ഇജ്മാഅ്" (സമുദായത്തിലെ പണ്ഡിതന്മാർ ഒന്നടങ്കം യോജിച്ച അഭിപ്രായം) കൊണ്ടും സ്ഥിരപ്പെട്ടിട്ടുള്ളതാകുന്നു.

ഹജ്ജ് കൊണ്ടുള്ള ഉദ്ദേശ്യം

അല്ലാഹു ഈ പ്രപഞ്ചം സൃഷ്ടിക്കുകയും ദൂതന്മാരെ അയക്കുകയും വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും ചെയ്തതിലുള്ള ഉദ്ദേശ്യം

ആരാധന അല്ലാഹുവിന്നു മാത്രമാക്കാനും, മറ്റു യാതൊന്നിനെയും അവനിൽ പങ്ക് ചേർക്കാതെ ആത്മാർത്ഥമായി ആരാധന അവന്ന് മാത്രം സമർപ്പിക്കാനുമാണ്. അവന്ന് യാതൊരു പങ്കുകാരുമില്ല തന്നെ. ഹജ്ജിന്റെ കർമ്മങ്ങളിൽ ഇത് സുവ്യക്തവുമാകുന്നു. അതുകൊണ്ട് തന്നെ, അല്ലാഹു തന്റെ ദാസന്മാർക്ക് ഹജ്ജ് നിയമിച്ചതു കൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിനെ ഏകപ്പെടുത്തുവാനും ആരാധന അവന് മാത്രം സമർപ്പിക്കുവാനും, അവനിൽ മറ്റൊന്നിനെയും പങ്ക്ചേർക്കാതിരിക്കലുമാകുന്നു. ഹജ്ജിന്റെ മുദ്രാവാക്യത്തിൽ (തൽബിയത്) നിന്ന് തന്നെ അത് വ്യക്തമാണ്.:

"لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لاَ شَرِيكَ لَكَ "

"അല്ലാഹുവേ, നിന്റെ വിളിക്കുത്തരമേകി ഞാനിതാ വന്നിരിക്കുന്നു. ഞാനിതാ വന്നിരിക്കുന്നു. ഞാനിതാ നിന്റെ വിളിക്കുത്തരം ചെയ്തിരിക്കുന്നു. നിനക്ക് യാതൊരു പങ്കുകാരനുമില്ല. നിന്റെ വിളിക്ക് ഞാൻ ഉത്തരം ചെയ്തിരിക്കുന്നു. നിശ്ചയമായും എല്ലാ സ്തുതിയും അനുഗ്രഹങ്ങളും ആധിപത്യവുമൊക്കെ നിനക്കാകുന്നു. നിനക്ക് യാതൊരു പങ്കുകാരനുമില്ല."

അതിനാൽ മനുഷ്യരും ജിന്നുകളും അവരുടെ ആരാധനയെല്ലാം അല്ലാഹുവിന് വേണ്ടി മാത്രമായി ഏകപ്പെടുത്തി, യാതൊന്നിനെയും അവനിൽ പങ്ക് ചേർക്കാതെ സമർപ്പിക്കേണ്ടതാണ്. അവന്ന് ഒരു പങ്കുകാരനുമില്ല. വല്ലവനും അല്ലാഹുവിനെ കൂടാതെ മറ്റ് ആർക്കെങ്കിലും സമർപ്പിക്കുന്ന പക്ഷം, അവൻ അല്ലാഹുവിൽ പങ്ക് ചേർത്തിരിക്കുന്നു.

അല്ലാഹു പറയുന്നു:

{وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ} [الذاريات : 56]

"ജിന്നുകളെയും മനുഷ്യരെയും എന്നെ മാത്രം ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല". [അദ്ദാരിയാത്ത് : 56]

## Page 8

അതുപോലെ അല്ലാഹു സൂറതുന്നിസാഇൽ പറയുന്നു:

{إِنَّ ٱللَّهَ لَا يَغۡفِرُ أَن يُشۡرَكَ بِهِۦ وَيَغۡفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُۚ وَمَن يُشۡرِكۡ بِٱللَّهِ فَقَدِ ٱفۡتَرَىٰٓ إِثۡمًا عَظِيمًا} [النساء : 48]

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത് ". [അൻ-നിസാഅ് 48].

അല്ലാഹു പറയുന്നു:

{لَقَدۡ كَفَرَ ٱلَّذِينَ قَالُوٓاْ إِنَّ ٱللَّهَ هُوَ ٱلۡمَسِيحُ ٱبۡنُ مَرۡيَمَۖ وَقَالَ ٱلۡمَسِيحُ يَٰبَنِيٓ إِسۡرَٰٓءِيلَ ٱعۡبُدُواْ ٱللَّهَ رَبِّي وَرَبَّكُمۡۖ إِنَّهُۥ مَن يُشۡرِكۡ بِٱللَّهِ فَقَدۡ حَرَّمَ ٱللَّهُ عَلَيۡهِ ٱلۡجَنَّةَ وَمَأۡوَىٰهُ ٱلنَّارُۖ وَمَا لِلظَّٰلِمِينَ مِنۡ أَنصَارٖ} [البقرة : 270]

"മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; 'ഇസ്രായീൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല' എന്നാണ് ". [അൽ മാഇദഃ 5:72]

ഇബാദത്ത്: ഉപജീവനം തേടൽ, സഹായ തേട്ടം, ഭരമേൽപ്പിക്കൽ, മടക്കം, പ്രതീക്ഷ, ഭയം, പേടി, പ്രാർഥന, ഹജ്ജ്, നോമ്പ്, സകാത് തുടങ്ങി പ്രത്യക്ഷവും പരോക്ഷവുമായ അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന വാക്കുകളും പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന പൊതു പേരാണ് ആരാധന.

## Page 9

## അദ്ധ്യായം രണ്ട്: യാത്രയും മര്യാദകളും

ഭാഷാർത്ഥത്തിൽ യാത്ര എന്നാൽ ദൂരം മുറിച്ച് കടക്കുക (സഞ്ചരിക്കുക) എന്നൊതാണ്.

നിശ്ചിത ദൂരം മുറിച്ചുകിടക്കാൻ ഉദ്ദേശിക്കുന്നതിനാണ് മതത്തിൽ യാത്ര എന്നു പറയുന്നത്. പ്രസിദ്ധമായ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ അത് 16 ഫർസഖ് ആണ്. നാല് ബുർദുകളാണ് 16 ഫർസഖ് കൊണ്ട് ഉദ്ദേശിക്കുന്നത്. അപ്പോൾ മൈലുകളുടെ അടിസ്ഥാനത്തിൽ 48 മൈൽ എന്നർത്ഥം. അതായത് ഏതാണ്ട് 80 കിലോമീറ്റർ. മിതമായ കാലത്ത് കാലുകളിൽ നടന്ന് ഭാരം അനുഭവിച്ചുകൊണ്ടുള്ള രണ്ടുദിവസത്തെ യാത്രാ ദൂരമാണ് ഇത്. ഇമാം ബുഖാരി (റ) പറയുന്നു: ഒരു പകലും രാത്രിയും ഉള്ള ദൂരത്തിന് നബി ﷺ യാത്ര എന്ന് പറഞ്ഞിട്ടുണ്ട്. ഇബ്നു അബ്ബാസും ഇബ്നു ഉമറും (റ) നാല് ബുർദുകളുടെ യാത്ര ചെയ്യുമ്പോൾ നിസ്കാരം ചുരുക്കുകയും നോമ്പ് ഒഴിവാക്കുകയും ചെയ്യാറുണ്ടായിരുന്നു. 16 ഫർസഖാണ് നാലു ബുർദുകൾ. (അതായത് ഏകദേശം 80 കിലോമീറ്റർ ദൂരമുള്ള യാത്ര).



യാത്ര കൊണ്ട് ഭൗതികമായും മതപരമായും പല ഉദ്ദേശ്യങ്ങൾ ഉണ്ടാകാം.

യാത്ര ചെയ്യുന്നതിന്റെ വിധി

യാത്രയുടെ വിധി അതിന്റെ ലക്ഷ്യം അടിസ്ഥാനമാക്കിയിട്ടായിരിക്കും:-

- നിർബന്ധമായ കർമ്മങ്ങൾക്ക് നിർവ്വഹിക്കുന്നതിനാണെങ്കിൽ, ആ യാത്ര നിർബന്ധമാകുന്നു. ഉദാഹരണം: നിർബന്ധമായ ഹജ്ജ് നിർവഹിക്കാനുള്ള യാത്ര.

- അത് മതപരമായി പ്രോത്സാഹിക്കപ്പെട്ട (സുന്നത്തായ) കർമ്മങ്ങൾക്ക് വേണ്ടിയുള്ളതാണെങ്കിൽ, ആ യാത്ര പ്രോത്സാഹിക്കപ്പെട്ടതാകുന്നു. ഉദാഹരണം: നിർബന്ധമല്ലാത്ത ഉംറ നിർവ്വഹിക്കാനോ, നബി ﷺ യുടെ പള്ളി സന്ദർശനത്തിന് വേണ്ടിയുള്ള യാത്രകൾ.

- അത് അനുവദനീയമായ കാര്യങ്ങൾ നിറവേറാൻ വേണ്ടിയുള്ള യാത്രയാണെങ്കിൽ, ആ യാത്ര അനുവദനീയമാകുന്നു. ഉദാഹരണം: അനുവദിക്കപ്പെട്ട കച്ചവടങ്ങൾക്കായി യാത്ര ചെയ്യൽ.

- അത് വെറുക്കപ്പെട്ട കാര്യങ്ങൾക്ക് വേണ്ടിയുള്ളതാണെങ്കിൽ, ആ യാത്ര വെറുക്കപ്പെട്ടതാകുന്നു. ഉദാഹരണം: അത്യാവശ്യ കാര്യങ്ങൾക്കല്ലാതെ ഒരു വ്യക്തി തനിച്ച് യാത്ര ചെയ്യൽ.

- അത് അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങൾക്ക് വേണ്ടിയുള്ളതാണെങ്കിൽ, ആ യാത്ര നിഷിദ്ധമാക്കപ്പെട്ടതാകുന്നു. ഉദാഹരണം: കുറ്റം ചെയ്യാൻ വേണ്ടി യാത്ര ചെയ്യൽ.

## ഹജ്ജ് നിർവ്വഹിക്കുന്നതിനായി യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട ചില മര്യാദകൾ

1- സർവശക്തനായ അല്ലാഹുവിന്റെ സംതൃപ്തി കാംക്ഷിച്ച് ഹജ്ജിലെ യാത്രയും, ചിലവും തുടങ്ങി അതിലെ വാക്കുകളും പ്രവൃത്തികളുമായുള്ള എല്ലാ വിധ കർമ്മങ്ങളും അവന് നിഷ്കളങ്കമായി സമർപ്പിക്കുക.

2- അഞ്ച് നേരം നിസ്കാരംപോലെ അല്ലാഹു നിർബന്ധമാക്കിയ കാര്യങ്ങളെല്ലാം മുറ പ്രകാരം അനുഷ്ഠിക്കുകയും, നിഷിദ്ധമാക്കപ്പെട്ടവ വെടിയുകയും, പ്രോത്സാഹിക്കപ്പെട്ട സുന്നതുകൾ ചെയ്യാൻ പരിശ്രമിക്കുകയും, വെറുക്കപ്പെട്ടവയിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്യുക.

3- നല്ല കൂട്ടുകാരെ തിരഞ്ഞെടുക്കാൻ താല്പര്യം കാണിക്കുക. അവർക്ക് നല്ലത് ആഗ്രഹിക്കുകയും നല്ലതിലേക്ക് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. അവരോട് സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, യുക്തിദീക്ഷയോടും, സദുപദേശത്തോടെയും എല്ലാ നല്ലതിലേക്കും അവരെ ക്ഷണിക്കുകയും ചെയ്യുക.

4- തന്റെ കുടുംബത്തോടും പ്രിയപ്പെട്ടവരോടും യാത്ര പറയുകയും, അവർക്കുള്ള വസ്വിയ്യത്തുകൾ രേഖപ്പെടുത്തി വെയ്ക്കുകയും ചെയ്യുക, പ്രത്യേകിച്ചും തന്റെ ബാദ്ധ്യതയിലുള്ള കാര്യങ്ങൾ.

5- ഉത്തമ സ്വഭാവ ഗുണങ്ങൾ ഉള്ളവരാകുക. ശരീരം കൊണ്ടും, അറിവ് കൊണ്ടും, ധനം കൊണ്ടും മറ്റുള്ളവർക്ക് ഉപകാരം ചെയ്യുക. പ്രയാസം ഉള്ളവരെ സഹായിക്കുകയും, അറിവ് തേടുന്നവർക്കും അറിവില്ലാത്തവർക്കും അറിവ് പകർന്നു കൊടുക്കുക. തന്റെ ധനം കൊണ്ട് ഔദാര്യം കാണിക്കുകയും സ്വന്തത്തിനും തന്റെ സഹോദരന്മാർക്കുമുള്ള ആവശ്യങ്ങൾക്കായി അത് ചെലവഴിക്കുകയും ചെയ്യുക.

തന്റെ കൂടെയുള്ളവരുമായി ഏതെങ്കിലും തരത്തിലുള്ള ഭിന്നിപ്പോ, മോശപ്പെട്ട പെരുമാറ്റമോ, ഇടപാടുകളോ ഉണ്ടായാൽ അതിൽ ക്ഷമ കാണിക്കുകയും, വിയോജിപ്പുകളെല്ലാം മാറ്റി വെച്ച്, സ്നേഹവും ഐക്യവും പ്രചരിപ്പിക്കുകയും വേണം.

6- ഹജ്ജിന്റെയും ഉംറയുടെയും വിധി വിലക്കുകൾ പഠിക്കുക. ഖുർആനും സുന്നത്തും അടിസ്ഥാനമാക്കി, സ്വഹാബികളും താബിഉകളും അവരെ പിൻപറ്റിയ സച്ചരിതരായ മുൻഗാമികളുടെയെല്ലാം പാതയെ അവലംബിച്ചുകൊണ്ട് ക്രോഡീകരിച്ച ഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്തുക. എന്നാൽ, ഹറം പള്ളികളും ഹജ്ജിന്റെ ആരാധനാ കേന്ദ്രങ്ങളുമല്ലാത്ത, ശർഇൽ (ഖുർആനിലോ സുന്നത്തിലോ) സ്ഥിരപ്പെട്ടിട്ടില്ലാത്ത നിർദ്ദിഷ്ടമായ പള്ളികളിലോ, പ്രത്യേക സ്ഥലങ്ങളിലുമൊക്കെ സന്ദർശിക്കാനും, ത്വവാഫിലും സഅ്‌യിലും പ്രത്യേക പ്രാർഥനകൾ നിർവ്വഹിക്കാനുമൊക്കെ പ്രോത്സാഹിപ്പിക്കുന്ന, പുത്തനാചാരങ്ങളും, അന്ധവിശ്വാസങ്ങളും അടങ്ങുന്ന പുസ്തകങ്ങളിൽ നിന്നും വിട്ടു നിൽക്കാൻ ശ്രമിക്കുക.

7- നിയമാനുസൃതമായ ദിക്റുകളും പ്രാർഥനകളും അവ അനുഷ്ഠിക്കേണ്ട സമയങ്ങളിലും സ്ഥലങ്ങളിലും സന്ദർഭങ്ങളിലും നിർവഹിക്കുവാൻ പ്രേത്യേകം ശ്രദ്ധിക്കുക.

ഉദാഹരണം: യാത്രയിലെ പ്രാർഥന;

ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഹദീസ്: ഇബ്നു ഉമർ (റ) വിൽ നിന്നും നിവേദനം:

أَنَّ ابْنَ عُمَرَ عَلَّمَهُمْ أَنَّ رَسُولَ اللَّهِ صلى الله عليه وسلم كَانَ إِذَا اسْتَوَى عَلَى بَعِيرِهِ خَارِجًا إِلَى سَفَرٍ كَبَّرَ ثَلاَثًا ثُمَّ قَالَ " سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ اللَّهُمَّ إِنَّا نَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى وَمِنَ الْعَمَلِ مَا تَرْضَى اللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ اللَّهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الأَهْلِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالأَهْلِ " . وَإِذَا رَجَعَ قَالَهُنَّ . وَزَادَ فِيهِنَّ " آيِبُونَ تَائِبُونَ عَابِدُونَ لِرَبِّنَا حَامِدُونَ " [رواه مسلم]

ഒരു യാത്രക്ക് പുറപ്പെടാൻ ഒരുങ്ങി നബി ﷺ തന്റെ ഒട്ടകപ്പുറത്ത് ഇരുന്നാൽ മൂന്നു തവണ തക്ബീർ ചൊല്ലും. ശേഷം ഇപ്രകാരം പറയും: "ഞങ്ങൾക്കു വേണ്ടി ഇതിനെ വിധേയമാക്കിത്തന്നവൻ എത്ര പരിശുദ്ധൻ! ഞങ്ങൾക്ക് ഇത് കൂട്ടിയിണക്കാൻ കഴിയുമായിരുന്നില്ല. തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ റബ്ബിലേക്ക് മടങ്ങുന്നവരാകുന്നു. അല്ലാഹുവേ, ഈ യാത്രയിൽ പുണ്യവും ഭക്തിയും നിന്നോട് ഞങ്ങൾ ചോദിക്കുന്നു; നീ തൃപ്തിപ്പെടുന്ന പ്രവർത്തനത്തെയും. അല്ലാഹുവേ, ഞങ്ങളുടെ ഈ യാത്ര എളുപ്പമാക്കിത്തരേണമേ, വഴിദൂരം കുറച്ചുതരേണമേ, അല്ലാഹുവേ, നീയാണ് യാത്രയിൽ ഞങ്ങളുടെ സഹചാരി. ഞങ്ങളുടെ കുടുംബത്തിൽ പ്രതിനിധിയും നീ തന്നെ. അല്ലാഹുവേ, യാത്രാ ക്ലേശത്തിൽ നിന്നും ചീത്ത അവസ്ഥ വരുന്നതിൽ നിന്നും, കുടുംബത്തിലും ധനത്തിലും ചീത്ത അവസ്ഥ വരുന്നതിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു." യാത്രയിൽ നിന്ന് മടങ്ങിയാൽ ഈ പ്രാർഥന നടത്തുകയും, കൂടാതെ അതിൽ ഇപ്രകാരവും കൂടി പറഞ്ഞിരുന്നു: 'വിനയാന്വിതരായി ഖേദിച്ചു മടങ്ങിക്കൊണ്ട് ആരാധന നിർവ്വഹിക്കുന്നവരായിക്കൊണ്ട്, ഞങ്ങളുടെ

റബ്ബിനെ സ്തുതിക്കുന്നവരായിക്കൊണ്ട്, ഞങ്ങളിതാ മടങ്ങി വന്നിരിക്കുന്നു". [മുസ്‌ലിം - 1342].

അതുപോലെ, യാത്രയിൽ ഉയർന്ന സ്ഥലങ്ങളിൽക്കൂടി പോകുമ്പോൾ അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നതും (തക്ബീർ ചൊല്ലലും), താഴ്‌വാരത്തേക്ക് ഇറങ്ങുകയാണെങ്കിൽ അല്ലാഹുവിനെ പരിശുദ്ധപ്പെടുത്തുന്നതും (തസ്ബീഹ് ചൊല്ലുന്നതും) സുന്നതിൽ പെട്ടതാകുന്നു.

## Page 13

عَنْ جَابِرِ بْنِ عَبْدِ اللَّهِ ـ رضى الله عنهما ـ قَالَ كُنَّا إِذَا صَعِدْنَا كَبَّرْنَا، وَإِذَا نَزَلْنَا سَبَّحْنَا.

ജാബിറുബ്നു അബ്ദില്ലാ അൽഅൻസ്വാരി (റ) പറയുന്നു: "ഞങ്ങൾ കുന്നുകൾ കയറുമ്പോൾ 'അല്ലാഹുഅക്ബർ' എന്നും ഇറങ്ങുമ്പോൾ 'സുബ്ഹാനല്ലാഹ് ' എന്നും പറഞ്ഞിരുന്നു." [ബുഖാരി - 2339]

അതുപോലെ ഒരു സ്ഥലത്ത് ഇറങ്ങുകയാണെങ്കിൽ ഇപ്രകാരം ചെല്ലുക;

"أَعوذُ بِكَلِماتِ اللهِ التّامّاتِ مِنْ شَرِّ ما خَلَق"

"അല്ലാഹു സൃഷ്ടിച്ചവയുടെ ഉപദ്രവത്തിൽ നിന്ന് അല്ലാഹുവിന്റെ സമ്പൂർണ്ണ വചനങ്ങൾക്കൊണ്ട് ഞാൻ രക്ഷ തേടുന്നു" ഇങ്ങനെ പ്രാർഥിക്കുകയാണെങ്കിൽ, ആ സ്ഥലത്ത് നിന്ന് മടങ്ങുന്നത് വരെ അവനെ യാതൊന്നും തന്നെ ഉപദ്രവിക്കുകയില്ല.

ഖൗല ബിൻത് ഹകീം (റ) നിവേദനം: പ്രവാചകൻ ﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു:

"من نزل منزلاً ثم قال: أعوذ بكلمات الله التامات من شر ما خلق، لم يضره شيء حتى يرتحل من منزله ذلك"

"ആരെങ്കിലും ഒരു സ്ഥലത്ത് ഇറങ്ങുകയും എന്നിട്ട് അല്ലാഹു സൃഷ്ടിച്ചവയുടെ ഉപദ്രവത്തിൽ നിന്ന് അല്ലാഹുവിന്റെ സമ്പൂർണ്ണ വചനങ്ങൾക്കൊണ്ട് ഞാൻ രക്ഷ തേടുന്നു എന്ന് പറയുകയും

ചെയ്താൽ യാതൊന്നും അവനെ ഉപദ്രവിക്കുകയില്ല; ആ സ്ഥലത്ത് നിന്ന് അവൻ യാത്രയാകും വരെ'. [മുസ്‌ലിം - 2708]

8- ഹജ്ജ് ഉംറാ സംഘാടകർ ഹജ്ജിന്റെയും ഉംറയുടെയും കാര്യക്ഷമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് നിയമിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുക.

അത് കൈകാര്യകർത്താക്കളെ അനുസരിക്കാനുള്ള അല്ലാഹുവിന്റെ കല്പന അനുസരിക്കലാകുന്നു. അല്ലാഹു പറയുന്നു:

{يَا أَيُّهَا الَّذِينَ آمَنُوا أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ وَأُولِي الْأَمْرِ مِنكُمْ} [النساء : 59]

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. [അന്നിസാഅ് : 59].

അതുപോലെ, ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു: "ഒരു മുസ്‌ലിം (നേതാവ് പറയുന്നത്) കുറ്റകരമായത് കൽപ്പിക്കാത്ത കാലത്തോളം അത് കേൾക്കലും അനുസരിക്കലും നിർബന്ധമാണ്. അവൻ ഇഷ്ടപ്പെടുന്നതാണെങ്കിലും വെറുക്കുന്നതാണെങ്കിലും ശരി. നേതാവ് തെറ്റായ കാര്യങ്ങൾ കൽപ്പിച്ചാൽ കേൾക്കുകയോ അനുസരിക്കുകയോ ചെയ്യേണ്ടതില്ല."

**Page 14**

അങ്ങനെ പാലിക്കുന്നതിലൂടെ ഹാജിമാരുടെ സുരക്ഷിതത്ത്വവും സൗകര്യവും ഉറപ്പ് വരുത്തുന്നതിനും, അവരെ അപകടങ്ങളിൽ നിന്നും സംരക്ഷിക്കുവാനും സാധിക്കുന്നു.

ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസ് رحمه الله പറയുന്നു: (ഹാജിമാരുടെ സുരക്ഷക്കായി അവർ ഭരണാധികാരികളുടെ നിർദ്ദേശങ്ങൾ പാലിക്കൽ നിർബന്ധമാകുന്നു. കാരണം

കൈകാര്യകർത്താക്കൾ അംഗീകൃതമായ കാര്യങ്ങൾ കൽപ്പിക്കുകയാണെങ്കിൽ അവ അനുസരിക്കൽ അല്ലാഹു നിർബന്ധമാക്കിയ കാര്യമാണ്. ഹാജിമാർക്കായി ഭരണം നിർണയിച്ച നിയമങ്ങൾ ആകട്ടെ, അവ അവരുടെ നന്മക്ക് വേണ്ടിയുള്ളതാകുന്നു. അതുകൊണ്ട് തന്നെ അവ നിരസിക്കൽ അല്ലാഹുവിനെ ധിക്കരിക്കുവാനും പ്രതിഫലം നഷ്ടപ്പെടുത്തുവാനുമുള്ള കാരണമാകുന്നു). പകർച്ചവ്യാധികൾ പടരുന്നത് തടയാൻ വേണ്ടി നിശ്ചയിച്ച നിർദേശങ്ങളും മുൻകരുതലുകളുമൊക്കെ പാലിക്കുന്നതും ഇതിൽ പെടുന്നു.



## അദ്ധ്യായം മൂന്ന്: ഹജ്ജിന്റെ നിബന്ധനകൾ

ഹജ്ജ് നിർബന്ധമാകാൻ അഞ്ച് നിബന്ധനകളാണ് ഉള്ളത്. ഒരു വ്യക്തിയിൽ ഈ അഞ്ച് നിബന്ധനകളും പൂർത്തിയായാൽ മാത്രമേ അയാൾക്ക് ഹജ്ജ് നിർബന്ധമാകുകയുള്ളൂ..

### - ഒന്ന്: ഇസ്ലാം

വിശ്വാസിയായ ഒരടിമക്കാണ് ഹജ്ജ് നിർവ്വഹിക്കൽ നിർബന്ധമാകുക. എന്നാൽ, അവിശ്വാസികൾക്ക് ഹജ്ജ് നിർവ്വഹിക്കൽ നിർബന്ധിതമാകുകയോ, ഇനി നിർവഹിച്ചാൽ ശരിയാവുകയോ ഇല്ല. ഇതുപോലെ ഏതൊരു കർമ്മവും ഇസ്ലാം ഇല്ലാതെ അത് സ്വീകരിക്കപ്പെടുന്നതല്ല. അല്ലാഹു പറയുന്നു:

{وَمَا مَنَعَهُمْ أَن تُقْبَلَ مِنْهُمْ نَفَقَاتُهُمْ إِلَّا أَنَّهُمْ كَفَرُوا بِاللَّهِ وَبِرَسُولِهِ وَلَا يَأْتُونَ الصَّلَاةَ إِلَّا وَهُمْ كُسَالَىٰ وَلَا يُنفِقُونَ إِلَّا وَهُمْ كَارِهُونَ} [التوبة : 54]

"അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിച്ചിരിക്കുന്നു എന്നതും, മടിയന്മാരായിക്കൊണ്ടല്ലാതെ അവർ നിസ്കാരത്തിന് ചെല്ലുകയില്ല എന്നതും, വെറുപ്പുള്ളവരായിക്കൊണ്ടല്ലാതെ അവർ ചെലവഴിക്കുകയില്ല എന്നതും മാത്രമാണ് അവരുടെ പക്കൽ നിന്ന്

അവരുടെ ദാനങ്ങൾ സ്വീകരിക്കപ്പെടുന്നതിനു തടസ്സമായിട്ടുള്ളത്." [അത്തൗബഃ 54].

**- രണ്ട്: ബുദ്ധിസ്ഥിരത**

ബുദ്ധിസ്ഥിരത ഇല്ലാത്ത മാനസികമായി രോഗം ഉള്ളവർക്ക് ഹജ്ജ് നിർബന്ധമില്ല. അവരിൽ നിന്ന് അത് ശരിയാകുകയും ഇല്ല. കാരണം നിയ്യത് അടിസ്ഥാനമാക്കിയിട്ടാണ് ഹജ്ജിന്റെ കർമ്മങ്ങളെല്ലാം നിർവഹിക്കപ്പെടുന്നത്. അത് ബുദ്ധിസ്ഥിരത ഇല്ലാത്തവർക്ക് അസാധ്യമാണ്.

عَنْ عَائشة، رَضِيَ اللَّهُ عَنْها سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ رُفِعَ الْقَلَمُ عَنْ ثَلَاثَةٍ عَنْ الصَّغِيرِ حَتَّى يَبْلُغَ وَعَنْ النَّائِمِ حَتَّى يَسْتَيْقِظَ وَعَنْ الْمُصَابِ حَتَّى يُكْشَفَ عَنْهُ.

ആഇശ (റ) ൽ നിന്ന് നിവേദനം നബി ﷺ പറഞ്ഞു: മൂന്ന് പേരിൽ നിന്നും പേന ഉയർത്തപ്പെട്ടിരിക്കുന്നു (അഥവാ നിയമങ്ങൾ അവർക്ക് ബാധകമല്ല). ഉറങ്ങുന്നവൻ ഉണരുന്നത്വരെ, കുട്ടി പ്രായപൂർത്തി ആകുന്നതുവരെ, ബുദ്ധിഭ്രമം വന്നവന് അത് നീങ്ങുന്നതുവരെ. [അഹ്മദ് അദ്ദേഹത്തിന്റെ മുസ്നദിൽ രേഖപ്പെടുത്തിയത് (41/ 224/ 24694)]

**Page 16**

**മൂന്ന്: പ്രായപൂർത്തിയാവുക**

പ്രായപൂർത്തിയായിട്ടില്ലെങ്കിൽ ഒരു വ്യക്തിക്ക് ഹജ്ജ് നിർബന്ധമല്ല. മുൻ വിവരിച്ച ആഇശ (റ) ഹദീസിൽ പരാമർശിച്ചത് പോലെ, നബി ﷺ പറയുന്നു: "മൂന്ന് പേരിൽ നിന്നും പേന ഉയർത്തപ്പെട്ടിരിക്കുന്നു (അഥവാ നിയമങ്ങൾ അവർക്ക് ബാധകമല്ല). ഉറങ്ങുന്നവൻ ഉണരുന്നത്വരെ, കുട്ടി പ്രായപൂർത്തി ആകുന്നതുവരെ, ബുദ്ധിഭ്രമം വന്നവന് അത് നീങ്ങുന്നതുവരെ."

പ്രായപൂർത്തി ആകാത്തവർക്ക്  ഹജ്ജ് നിർബന്ധമല്ലെങ്കിലും അവരിൽ നിന്ന് ഹജ്ജ് സ്വീകരിക്കപ്പെടുന്നതാണ്. താഴെ വിവരിക്കുന്ന അബ്ദുല്ലാഹിബ്നു അബ്ബാസിന്റെ (റ) ഹദീസിൽ നിന്നും അത് വ്യക്തമാകുന്നു.

"നബി ﷺ റൗഹാഇൽ വെച്ച് ഒരു യാത്രാ സംഘത്തെ കണ്ടുമുട്ടി. അവിടുന്ന് ചോദിച്ചു: 'ആരാണ് ഈ ജനത ?' അവർ പറഞ്ഞു: 'ഞങ്ങൾ മുസ്‌ലിംകളാണ്'. അവർ ചോദിച്ചു: 'താങ്കൾ ആരാണ്?'. അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതൻ'. അപ്പോൾ ഒരു സ്ത്രീ ഒരു കുട്ടിയെ ഉയർത്തിപ്പിടിച്ച് കാണിച്ചുകൊണ്ട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഈ കുട്ടിക്ക് ഹജ്ജുണ്ടോ?'. നബി ﷺ പറഞ്ഞു: 'അതെ, നിനക്കും പ്രതിഫലമുണ്ട് ". [മുസ്‌ലിം 1337].

റൗഹാ എന്നത് മദീനയിൽ നിന്നും ഏകദേശം 75 കിലോ മീറ്റർ വിദൂരത്തുള്ള ഒരു പ്രദേശമാണ്.

**Page 17**

പ്രായപൂർത്തിയാകാത്ത കുട്ടിയുടെ ഹജ്ജ് പരിഗണിക്കപ്പെടുന്നതും, സ്വീകരിക്കപ്പെടുന്നതുമായിരിക്കും എന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു. അതുപോലെ, ഹജ്ജ് ചെയ്യുന്ന കുട്ടിക്കും, കുട്ടിയെകൊണ്ട് ഹജ്ജ് ചെയ്യുന്ന രക്ഷാധികാരിക്കും  അതിന്റെ പ്രതിഫലം ലഭിക്കുന്നതാകുന്നു എന്നും ഈ ഹദീസിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. എന്നാൽ, ഈ ഹജ്ജ് അവരുടെ നിർബന്ധമായി അനുഷ്ഠിക്കേണ്ട ഹജ്ജായി പരിഗണിക്കുപ്പെടുന്നില്ല. പ്രായപൂർത്തിയായിക്കഴിഞ്ഞാൽ, നിർബന്ധിത ഹജ്ജ് നിർവ്വഹിക്കേണ്ടതാകുന്നു. ഇനിയവർ ഹജ്ജിലായിരിക്കെ പ്രായപൂർത്തിയായവർ ഇഹ്റാമിലാകുമ്പോൾ വിലക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് വിട്ട്നിൽക്കുന്നത് പോലെ, അവരെ അവരുടെ രക്ഷിതാക്കൾ മാറ്റി നിർത്തേണ്ടതാകുന്നു.

**നാല് : സ്വതന്ത്രനായിരിക്കുക**

ഹജ്ജ് നിർവ്വഹിക്കാൻ സാമ്പത്തിക ശേഷിയില്ലാത്തത് കൊണ്ട് അടിമകളായവർക്ക് ഹജ്ജ് നിർബന്ധമല്ല എന്ന് പണ്ഡിതന്മാരെല്ലാം ചേർന്ന് യോജിച്ച അഭിപ്രായത്തിൽ (ഇജ്മാഇൽ) പെട്ടതാകുന്നു. എന്നാലവർ ഹജ്ജ് നിർവ്വഹിക്കുകയാണെങ്കിൽ, അതവരിൽ നിന്നും സ്വീകരിക്കപ്പെടുന്നതാണ്. പക്ഷേ നിർബന്ധ ഹജ്ജ് നിർവ്വഹിച്ചതായി പരിഗണിക്കപ്പെടുന്നതല്ല.

**അഞ്ച് : സാമ്പത്തികമായും ശാരീരികമായും കഴിവുണ്ടാവുക.**

ഹജ്ജ് ചെയ്യാൻ ശാരീരികമായി ശേഷിയുണ്ടാകണം. ഹജ്ജിലേക്കുള്ള യാത്ര മുതൽ എല്ലാ കർമ്മങ്ങളും നിർവ്വഹിക്കാനുള്ള കഴിവുണ്ടായിരിക്കണം. അതുപോലെ തന്നെ, സാമ്പത്തിക ശേഷിയും ഉണ്ടായിരിക്കണം. ഹജ്ജിലേക്കുള്ള യാത്രക്കും മറ്റു ചിലവുകളൊക്കെ വഹിക്കാൻ കഴിയണം. അത് തന്റെ കടങ്ങളും, ബാധ്യതകളും, തനിക്ക് അത്യാവശ്യമായ ഭക്ഷണം, വസ്ത്രം, താമസസ്ഥലം, കുടുംബചിലവ് തുടങ്ങി, ഉത്തരവാദിത്വപ്പെട്ട എല്ലാ ചിലവുകളും കഴിച്ചുള്ളതാകണം.

അല്ലാഹു പറയുന്നു :

{وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا} [آل عمران : 97]

"ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു." [ആലു ഇംറാൻ : 97].



അതുപോലെ, ഹജ്ജ് സംഘമായല്ലാതെ നിർവ്വഹിക്കാൻ സാധിക്കാത്ത ഒരു വ്യക്തിയെ സംബന്ധിച്ച്, അതിനുള്ള ചിലവ് അവർക്ക് കഴിയില്ലെങ്കിൽ, അവൻ ഹജ്ജ് ചെയ്യാൻ യോഗ്യതയില്ലാത്തവനാണ്. അതുകൊണ്ട് തന്നെ, ഹജ്ജിന്റെ എല്ലാ വിധ സൗകര്യങ്ങൾക്കും

ചിലവുകൾക്കുമെല്ലാം സാമ്പത്തികമായി ശേഷിയില്ലെങ്കിൽ, അയാൾക്ക് ഹജ്ജ് നിർബന്ധമല്ല.

ഇനി ഒരു വ്യക്തിക്ക് സാമ്പത്തികമായി കഴിവുണ്ട്, എന്നാൽ ശാരീരികമായി പ്രാപ്തിയില്ലെങ്കിൽ, അവൻ സ്വന്തം ശരീരം കൊണ്ട് ഹജ്ജ് ചെയ്യൽ നിർബന്ധമല്ല. സ്വന്തമായി ഹജ്ജ് ചെയ്യാൻ സാധിക്കാത്തവർ രണ്ട് രീതിയിൽ ആകാം:-

- ഒന്നുകിൽ, ഭേദമാകുമെന്ന് പ്രതീക്ഷിക്കാവുന്ന അസുഖങ്ങൾ കൊണ്ട് ബുദ്ധിമുട്ടുന്നവരായിരിക്കും, അവരതിൽ നിന്നും ശമനം ലഭിക്കുന്നത് വരെ കാത്തിരിക്കുകയും, സ്വന്തമായി തന്നെ ഹജ്ജ് നിർവ്വഹിക്കുകയുമാണ് ചെയ്യേണ്ടത്.

- അല്ലെങ്കിൽ, രോഗശമനം ലഭിക്കാത്ത മാറാരോഗങ്ങളോ, വാർദ്ധക്യം മൂലമുള്ള പ്രയാസങ്ങളോ കാരണം ഹജ്ജ് കർമ്മങ്ങൾ ചെയ്യാനുള്ള ശാരീരിക ശേഷി ഇല്ലാത്തവർ, അവർ അവർക്ക് വേണ്ടി തന്നെ ഹജ്ജ് നിർവ്വഹിക്കുന്നതിനായി ഒരാളെ ഏർപ്പെടുത്തി നിർബന്ധമായ ഹജ്ജ് കർമ്മം പൂർത്തിയാക്കുകയുമാണ് ചെയ്യേണ്ടത്. താഴെ വിവരിക്കുന്ന ഹദീസ് ഇതിന്ന് തെളിവാകുന്നു.

عَنْ عَبْدِ اللَّهِ بْنِ عَبَّاسٍ ـ رضى الله عنهما ـ قَالَ كَانَ الْفَضْلُ رَدِيفَ رَسُولِ اللَّهِ صلى الله عليه وسلم فَجَاءَتِ امْرَأَةٌ مِنْ خَثْعَمَ، فَجَعَلَ الْفَضْلُ يَنْظُرُ إِلَيْهَا وَتَنْظُرُ إِلَيْهِ، وَجَعَلَ النَّبِيُّ صلى الله عليه وسلم يَصْرِفُ وَجْهَ الْفَضْلِ إِلَى الشِّقِّ الآخَرِ فَقَالَتْ يَا رَسُولَ اللَّهِ إِنَّ فَرِيضَةَ اللَّهِ عَلَى عِبَادِهِ فِي الْحَجِّ أَدْرَكَتْ أَبِي شَيْخًا كَبِيرًا، لاَ يَثْبُتُ عَلَى الرَّاحِلَةِ، أَفَأَحُجُّ عَنْهُ قَالَ " نَعَمْ ". وَذَلِكَ فِي حَجَّةِ الْوَدَاعِ.

ഇബ്നു അബ്ബാസ് (റ) വിൽ നിന്നും നിവേദനം: അബ്ബാസിന്റെ മകൻ ഫള്ല് വാഹനത്തിന്മേൽ അല്ലാഹുവിന്റെ റസൂൽ ﷺ യുടെ പിന്നിലിരിക്കുന്ന സന്ദർഭത്തിൽ ഖസ്അം ഗോത്രക്കാരിയായ ഒരു സ്ത്രീ നബി ﷺ യുടെ മുമ്പിൽ വന്നു. ഫള്ല് അവളുടെ നേർക്കും അവൾ ഫ്ളലിന്റെ നേർക്കും നോക്കുവാൻ തുടങ്ങി. നബി ﷺ ഫള്ലിന്റെ മുഖത്തെ മറുവശത്തേക്ക് തിരിച്ചു നിർത്തി. ആ സ്ത്രീ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ! നിശ്ചയം ഹജ്ജ് നിർബ്ബന്ധമാക്കിക്കൊണ്ടുള്ള അല്ലാഹുവിന്റെ കൽപ്പന വന്നപ്പോൾ എന്റെ പിതാവ്

വൃദ്ധനായിക്കഴിഞ്ഞിരിക്കുന്നു. വാഹനത്തിലിരിക്കാൻ അദ്ദേഹത്തിന് സാധ്യമല്ല. അതിനാൽ അദ്ദേഹത്തിനുവേണ്ടി എനിക്ക് ഹജ്ജ് നിർവ്വഹിക്കാമോ?".നബി(ﷺ) മറുപടി പറഞ്ഞു: "അതെ". ഈ സംഭവം ഹജ്ജതുൽ വദാഇലായിരുന്നു. [ബുഖാരി 1513, മുസ്‌ലിം 1334].

## Page 19

സ്ത്രീകളെ സംബന്ധിച്ച് ഹജ്ജ് ചെയ്യാൻ യോഗ്യതയുണ്ടാകാൻ ഒരു നിബന്ധന കൂടിയുണ്ടാകൽ അനിവാര്യമാണ്. അത് ഹജ്ജിലേക്കുള്ള യാത്രയിൽ അവരുടെ കൂടെ വിവാഹം ചെയ്യൽ നിഷിദ്ധമാക്കപ്പെട്ടവർ (മഹ്റം) ആയ പുരുഷനുണ്ടായിരിക്കുക എന്നതാണ്. അവർ ഉണ്ടാകാതിരിക്കെ സ്ത്രീകൾക്ക് ഹജ്ജ് നിർബന്ധമല്ല. മഹ്റമില്ലാതെ ഒരു സ്ത്രീക്ക് യാത്ര ചെയ്യാൻ അനുവാദമില്ലാത്തതുകൊണ്ടാണത്.

ഇബ്നു അബ്ബാസ് (റ) വിൽ നിന്ന് നിവേദനം ചെയ്ത ഹദീസിൽ നബി ﷺ പറയുന്നതായി അദ്ദേഹം കേട്ടു:

" لاَ يَخْلُوَنَّ رَجُلٌ بِامْرَأَةٍ، وَلاَ تُسَافِرَنَّ امْرَأَةٌ إِلاَّ وَمَعَهَا مَحْرَمٌ ". فَقَامَ رَجُلٌ فَقَالَ يَا رَسُولَ اللَّهِ، اكْتُتِبْتُ فِي غَزْوَةِ كَذَا وَكَذَا، وَخَرَجَتِ امْرَأَتِي حَاجَّةً. قَالَ " اذْهَبْ فَحُجَّ مَعَ امْرَأَتِكَ ".

ഒരു പുരുഷൻ അന്യ സ്ത്രീയുമായി തനിച്ചാകരുത്. തന്റെ കൂടെ വിവാഹം നിഷിദ്ധമായ പുരുഷനില്ലാതെ ഒരു സ്ത്രീയും യാത്ര ചെയ്യരുത്. അപ്പോൾ ഒരാൾ എഴുന്നേറ്റുനിന്ന് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഇന്ന ഇന്ന യുദ്ധങ്ങളിൽ പങ്കെടുക്കുവാൻ ഞാൻ നിയമിക്കപ്പെട്ടിട്ടുണ്ട്. എന്റെ ഭാര്യ ഹജ്ജ് നിർവഹിക്കാൻ പുറപ്പെട്ടിട്ടുണ്ട്. നബി ﷺ പറഞ്ഞു: നിങ്ങൾ ഭാര്യയോടൊപ്പം പോയി ഹജ്ജ് നിർവഹിക്കുക." [ബുഖാരി 3006, മുസ്‌ലിം 1314].

ഹജ്ജിന്ന് സ്ത്രീയുടെ കൂടെ യാത്ര ചെയ്യുന്ന മഹ്റം പ്രായപൂർത്തിയും വിവേകമുള്ളവനുമായിരിക്കണം. കുട്ടികളോ, ബുദ്ധിസ്ഥിരതയില്ലാത്തവരോ ആകരുത്.

ഒരു സ്ത്രീയുടെ ഭർത്താവും, അതുപോലെ രക്തബന്ധം, മുലകുടിബന്ധം, വിവാഹബന്ധം എന്നിവ കൊണ്ടെല്ലാം

എന്നന്നേക്കുമായി വിവാഹം നിഷിദ്ധമാക്കപ്പെട്ട പുരുഷൻമാർക്കാണ് (മഹ്റം) എന്ന് പറയുന്നത്.

അതുപോലെ, ഹജ്ജിലേക്കുള്ള വഴിയിലും യാത്രയിലുമുള്ള സുരക്ഷിതത്ത്വം ഉണ്ടായിരിക്കലും "ഹജ്ജ് ചെയ്യാനുള്ള കഴിവുണ്ടാകുക" എന്നതിൽ ഉൾപ്പെടുന്നു. യാത്ര ചെയ്യുന്ന വഴി സുരക്ഷിതമല്ലെങ്കിൽ ഹജ്ജ് ചെയ്യൽ നിർബന്ധമല്ല. അതുപോലെ തന്നെ, പകർച്ചവ്യാധികൾ പകരുമെന്നുള്ള ഭയം പോലെ, സ്വന്തം ശരീരത്തിനും സമ്പത്തിനും ബാധിക്കുമെന്ന് ഭയപ്പെടുന്ന ഏതൊരു കാരണമുണ്ടെങ്കിലും, അതിൽ നിന്നെല്ലാം മുക്തമായി ഹജ്ജ് ചെയ്യാനുള്ള സാഹചര്യം വന്നെത്തുന്നത് വരെ, അവരിൽ ഹജ്ജ് നിർബന്ധമാകുന്നില്ല.



## ഹജ്ജിന്റെ ആധികാരികമായ അനുമതിയെ കുറിച്ച്.

ഹജ്ജിന്റെ കർമ്മ വേദികൾ ഉള്ളത് പരിമിതപ്പെട്ട സ്ഥലങ്ങളിൽ ആണ്. അതിൽ ഒട്ടേറെ ജനക്കൂട്ടം ഉൾക്കൊള്ളിക്കാൻ സാധ്യമല്ല. ഇത് പരിഗണിച്ച് കൊണ്ട് തന്നെ, ഹാജിമാർക്ക് എല്ലാ രീതിയിലുള്ള അപകട സാധ്യതകൾ ഒഴിവാക്കിയും, അവർക്ക് സുരക്ഷിതമായി സൗകര്യത്തോടെ ഹജ്ജ് ചെയ്യാൻ സാധിക്കുന്ന അത്രയും ആളുകൾക്കായി പരിമിതപ്പെടുത്തി അവ സജ്ജീകരിക്കൽ അനിവാര്യമാണ്. പ്രത്യേകിച്ചും ഹാജിമാരിൽ ദുർബലരായവരുമുണ്ട്. അങ്ങനെയാണ് ഓരോ രാജ്യങ്ങൾക്കും നിശ്ചിത ക്വാട്ടകൾ അനുവദിക്കുകയും, ഒരു വ്യക്തിക്ക് അഞ്ച് വർഷത്തിൽ ഒരിക്കൽ മാത്രം ഹജ്ജ് ചെയ്യുവാൻ സാധിക്കുന്ന വിധത്തിൽ അത് ക്രമീകരിക്കുകയും ചെയ്തിട്ടുള്ളത്.

ഇപ്പോൾ പ്രാബല്യത്തിൽ ഉള്ളത് പോലെ, ഹജ്ജ് നിർവഹിക്കുന്നവർക്കായി നിശ്ചിത ക്വാട്ടകൾ പരിമിതപ്പെടുത്തി ക്രമീകരിക്കൽ, സൗദി അറേബ്യാ ഉന്നത പണ്ഡിത സഭ ഉത്തരവിട്ടത് കൊണ്ട് തന്നെ, ഹജ്ജ് ചെയ്യാൻ ഉദ്ദേശിക്കുന്നവർ യാതൊരു

എതിർപ്പുമില്ലാതെ ആ നിയമങ്ങളെല്ലാം പാലിക്കൽ നിർബന്ധമാണ്. കാരണം അവയെ ധിക്കരിക്കുന്നത് അധർമ്മത്തിൽ പെടുന്നതാകുന്നു.

അപ്പോൾ, ഒരു വ്യക്തിക്ക് ഹജ്ജ് നിർവ്വഹിക്കാനുള്ള എല്ലാ നിബന്ധനകൾ ഒത്തുചേർന്നിട്ടും, അവരുടെ നാട്ടിൽ അനുവദിച്ച ക്വാട്ടകൾ പൂർത്തിയാകുക, അല്ലെങ്കിൽ തന്റെ അശ്രദ്ധ കൊണ്ടല്ലാതെ അനുമതി എടുക്കാനുള്ള കലാവധി അവസാനിക്കുക, തുടങ്ങിയ കാരണങ്ങൾ മൂലം ഹജ്ജിന്റെ അനുമതി ലഭിക്കാതെ വന്നാൽ, അവൻ നിസ്സഹായനാണ്. നിയമാനുസൃതമായി അനുമതി ലഭിക്കുന്നത് വരെ അവർക്ക് ഹജ്ജ് നിർബന്ധമാകുന്നില്ല.

**Page: 21**

## അദ്ധ്യായം നാല്: ഹജ്ജിന്റെയും ഉംറയുടെയും മീഖാതുകൾ

ഒരു പ്രവൃത്തിയുടെ നിശ്ചിത സമയത്തിനോ സ്ഥലത്തിനോ ആണ് മീഖാത് എന്ന് പറയുന്നത്.

**മീഖാത് രണ്ടു തരത്തിലാണുള്ളത്:**

1 . നിശ്ചിതമായ സമയം എന്ന നിലക്കും

2 . നിശ്ചിതമായ സ്ഥലം എന്ന നിലക്കും

**മീഖാത് നിശ്ചിതമായ  സമയം എന്ന നിലക്ക് :**

ഉംറയെ സംബന്ധിച്ച് അതിനു നിശ്ചിതമായ ഒരു കാലമോ സമയമോ ഇല്ല. ഒരു മുസ്ലിമിന് ഒരു വർഷത്തിൽ അവൻ ഉദ്ദേശിക്കുന്ന ഏതു രാവിലോ പകലിലോ വേണമെങ്കിലും ഉംറ ചെയ്യാവുന്നതാണ്.

എന്നാൽ ഹജ്ജ് നിർവഹിക്കുവാൻ ഒരു പ്രത്യേകമായ സമയം നിശ്ചയിച്ചിട്ടുണ്ട്. അല്ലാഹു ഖുർആനിൽ പറയുന്നു.

{ٱلۡحَجُّ أَشۡهُرٞ مَّعۡلُومَٰتٞۚ فَمَن فَرَضَ فِيهِنَّ ٱلۡحَجَّ فَلَا رَفَثَ وَلَا فُسُوقَ وَلَا جِدَالَ فِي ٱلۡحَجِّۗ } [البقرة: 197]

"ഹജ്ജ് കാലം അറിയപ്പെട്ട മാസങ്ങളാകുന്നു. ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ-പുരുഷ സംസർഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല". [അൽ ബഖറ:197].

ഹജ്ജിന്റെ മാസം: ശവ്വാലും ദുൽഖഅദും ദുൽഹജ്ജിലെ പത്ത് ദിവസങ്ങളുമാണെന്നു ഇബ്നു ഉമർ (റ) പറഞ്ഞതായി സ്ഥിരപ്പെട്ടിട്ടുണ്ട്. അത്കൊണ്ട് തന്നെ ഹജ്ജ് അതിനു നിശ്ചയിക്കപ്പെട്ട പ്രത്യേക സമയത്തിൽ നിർവഹിച്ചാൽ അല്ലാതെ ഹജ്ജ് സ്വീകരിക്കപ്പെടുകയില്ല. ഒരാൾ ഹജ്ജിനു വേണ്ടി റമദാനിൽ ഇഹ്റാം ചെയ്താൽ അത് പരിഗണിക്കപ്പെടുന്നതല്ല. കാരണം ഹജ്ജിനു നിശ്ചയിക്കപ്പെട്ട കാലപരിധിയിൽ അത് വരുന്നില്ല. അതിനാലവൻ ആ ഇഹ്റാം ഉംറക്കായി മാറ്റുകയാണ് വേണ്ടത്. ഹജ്ജിലേക്കുള്ള ഇഹ്റാം ബലിപെരുന്നാളിന്റെയും അറവിന്റെയും അന്ന് (ദുൽഹിജ്ജ 10) നേരം പുലർന്ന് കഴിഞ്ഞാൽ പരിഗണിക്കപ്പെടുകയില്ല.



## 2 : മീഖാത് നിശ്ചിതമായ സ്ഥലം എന്ന നിലക്ക്

ഹജ്ജിനും ഉംറക്കും ഇഹ്റാം ചെയ്യുന്നതിനായി മതം നിശ്ചയിച്ച നിർണ്ണിതസ്ഥലങ്ങളാണവ. നബി ﷺ പഠിപ്പിച്ചു തന്ന അഞ്ചു മീഖാതുകൾ ആണുള്ളത്.

عَنِ ابْنِ عَبَّاسٍ ـ رضى الله عنهما ـ قَالَ وَقَّتَ رَسُولُ اللَّهِ صلى الله عليه وسلم لأَهْلِ الْمَدِينَةِ ذَا الْحُلَيْفَةِ، وَلأَهْلِ الشَّأْمِ الْجُحْفَةَ، وَلأَهْلِ نَجْدٍ قَرْنَ الْمَنَازِلِ، وَلأَهْلِ الْيَمَنِ يَلَمْلَمَ، فَهُنَّ لَهُنَّ وَلِمَنْ أَتَى عَلَيْهِنَّ مِنْ غَيْرِ أَهْلِهِنَّ، لِمَنْ كَانَ يُرِيدُ الْحَجَّ وَالْعُمْرَةَ، فَمَنْ كَانَ دُونَهُنَّ فَمُهَلُّهُ مِنْ أَهْلِهِ، وَكَذَاكَ حَتَّى أَهْلُ مَكَّةَ يُهِلُّونَ مِنْهَا.

ഇബ്നു അബ്ബാസ് (റ) വിൽ നിന്ന് നിവേദനം: "മദീനക്കാർക്ക് ഇഹ്റാമിൽ പ്രവേശിക്കാൻ ദുൽഹുലൈഫയും, സിറിയക്കാർക്ക് ജുഹ്ഫയും, നജ്ദ്കാർക്ക് ഖർനുൽമനാസിലും, യമൻകാർക്ക് യലംലമും

അല്ലാഹുവിന്റെ റസൂൽ ﷺ മീഖാതായി (ഇഹ്റാമിൽ പ്രവേശിക്കാനുള്ള സ്ഥലമായി) നിശ്ചയിച്ചു. ഈ സ്ഥലങ്ങൾ അവർക്കും ആ പ്രദേശത്തുകൂടി ഹജ്ജും ഉംറയും ഉദ്ദേശിച്ചു വരുന്നവർക്കുമുള്ള മീഖാതാണ്. അതിന്റെ ഇപ്പുറത്തുള്ളവർക്ക് അവരുള്ള സ്ഥലത്ത് നിന്ന് ഇഹ്റാമിൽ പ്രവേശിക്കുക. മക്കക്കാർ മക്കയിൽ വെച്ച് (ഇഹ്റാമിൽ പ്രവേശിക്കുക)". [ബുഖാരി 1527, മുസ്‌ലിം 1181].

عَنْ عَائِشَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَقَّتَ لِأَهْلِ الْعِرَاقِ ذَاتَ عِرْقٍ. [رَوَاهُ أَبُو دَاوُد وَالنَّسَائِيّ]

ആഇശ (റ) യിൽ നിന്ന് നിവേദനം: ഇറാഖിലെ പ്രദേശക്കാർക്ക് "ദാതു-ഇർഖ്" എന്ന സ്ഥലമാണ് പ്രവാചകൻ ﷺ ഇഹ്റാമിൽ പ്രവേശിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ളത്. [അബൂ ദാവൂദ് 1739, നാസാഇ 2653].

عَنِ ابْنِ عُمَرَ ـ رضى الله عنهما ـ قَالَ لَمَّا فُتِحَ هَذَانِ الْمِصْرَانِ أَتَوْا عُمَرَ فَقَالُوا يَا أَمِيرَ الْمُؤْمِنِينَ، إِنَّ رَسُولَ اللَّهِ صلى الله عليه وسلم حَدَّ لأَهْلِ نَجْدٍ قَرْنًا، وَهُوَ جَوْرٌ عَنْ طَرِيقِنَا، وَإِنَّا إِنْ أَرَدْنَا قَرْنًا شَقَّ عَلَيْنَا. قَالَ فَانْظُرُوا حَذْوَهَا مِنْ طَرِيقِكُمْ. فَحَدَّ لَهُمْ ذَاتَ عِرْقٍ.

ഇബ്നു ഉമർ (റ) വിൽ നിന്ന് നിവേദനം : ഈ രണ്ടു പട്ടണങ്ങൾ (ബസ്വറ, കൂഫ) കീഴടക്കപ്പെട്ട സമയത്ത് (അവിടുത്തെ) ആളുകൾ ഉമർ (റ) വിന്റെ അടുക്കൽ വന്നു കൊണ്ട് പറഞ്ഞു: അല്ലയോ സത്യവിശ്വാസികളുടെ നേതാവേ, അല്ലാഹുവിന്റെ തിരുദൂതർ നജ്ദിലെ ആളുകൾക്ക് ഖർനാണ് മീഖാതായി (ഇഹ്റാം കെട്ടുന്ന സ്ഥലമായി) കണക്കാക്കിയത്, അതാണെങ്കിൽ (ഖർന്) ഞങ്ങളുടെ വഴിയിൽ നിന്ന് ഏറെ ദൂരത്താണ്. അതുകൊണ്ടുതന്നെ ഖർന് ഉദ്ദേശിച്ചുകൊണ്ട് (ഇഹ്റാമിൽ പ്രവേശിക്കാൻ) പോയാൽ അത് ഞങ്ങൾക്ക് പ്രയാസമാവുകയും ചെയ്യും. ഉമർ (റ) പറഞ്ഞു: എങ്കിൽ നിങ്ങളുടെ പാതയിൽ നിന്ന് അതിനു (ഖർനിന്) സമാനമായ സ്ഥലം (മീഖാതായി) എടുത്തുകൊള്ളുക. അങ്ങനെ ഉമർ (റ) അവർക്ക് ദാതു-ഇർഖിനെ മീഖാതായി നിശ്ചയിച്ചു കൊടുക്കുകയും ചെയ്തു. [ബുഖാരി 1531].

## Page 23

ഈ മീഖാതുകൾ അഞ്ചെണ്ണമാണെന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. അവ ഇപ്രകാരമാണ്.

- **ദുൽഹുലൈഫ** : അബ്‌യാർ അലി എന്ന് ഈ സ്ഥലം വിളിക്കപ്പെടുന്നു. ഇത് മദീനക്കാരുടെയും അതിലൂടെ കടന്നു പോകുന്നവരുടെയും മീഖാതാണ്.

മക്കയിൽ നിന്നും ഏറ്റവും ദൂരെയുള്ള മീഖാതാകുന്നു ഇത്. മക്കയുടെ വടക്കുഭാഗത്ത് (435) കിലോമീറ്റർ ദൂരെയാണ് ഇതുള്ളത്.

- **അൽജുഹ്ഫ** : ശാമുകാരുടെയും അതിലൂടെ കടന്നു പോകുന്നവരുടെയും മീഖാതാകുന്നു ഇത്. മക്കയുടെ വടക്കുപടിഞ്ഞാറ് ഭാഗത്ത് (167) കിലോമീറ്റർ അകലെയാണ് ഈ സ്ഥലം.

- **ഖർനുൽ മനാസിൽ :** സൈലുൽ കബീർ എന്ന് ഇത് അറിയപ്പെടുന്നു. നജ്ദ്കാരുടെയും അതിലൂടെ കടന്നു പോകുന്നവരുടെയും മീഖാതാകുന്നു ഇത്. മക്കയോട് ഏറ്റവും അടുത്ത മീഖാത് ഇതാണ്. മക്കയുടെ കിഴക്ക് ഭാഗത്തു നിന്ന് ഏകദേശം (75) കിമോമീറ്റർ അകലെയാണിത് സ്ഥിതി ചെയ്യുന്നത്.

## Page 24

**യലംലം** : ഇന്ന് ഇത് 'സഅ്ദിയ്യ' എന്നാണ് അറിയപ്പെടുന്നത്. യമൻകാരുടെയും ഇത് വഴി കടന്നുപോകുന്ന മറ്റുള്ളവരുടെയും മീഖാതാകുന്നു ഇത്. മക്കയുടെ തെക്ക് ഭാഗത്ത് നൂറു കിലോമീറ്ററോളം ദൂരെയാണിത്.

**ദാതു-ഇർഖ്** : ഇന്നിത് 'അദ്വരീബ' എന്ന് അറിയപ്പെടുന്നു. ഇറാഖുകാരുടെയും അതിലൂടെ സഞ്ചരിക്കുന്ന മറ്റുയാത്രക്കാരുടെയും മീഖാതാണിത്. മക്കയുടെ കിഴക്കുപടിഞ്ഞാറു ഭാഗത്തു ഏകദേശം (100) കിലോമീറ്റർ ദൂരെ സ്ഥിതി ചെയ്യുന്നു.

ഇനി ഒരാളുടെ വഴി മീഖാതിലൂടെയല്ല. മറിച്ച് അതിന്റെ വലതു വശത്തു കൂടെയോ ഇടത് വശത്തു കൂടെയോ ആണെങ്കിൽ മീഖാതിന്റെ ഏറ്റവും അടുത്ത ദിശയിലെത്തുമ്പോൾ ഇഹ്റാമിൽ പ്രവേശിക്കണം.

ജിദ്ദ, ബഹ്റ, ശറാഇഅ് പോലെയുള്ള മീഖാതിനേക്കാൾ മക്കയോട് അടുത്തുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവർ, അവർ താമസിക്കുന്നയിടങ്ങളിൽ നിന്ന് തന്നെയാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്. അവർക്ക് അവരുടെ വീടുകളിൽ നിന്ന് തന്നെ ഇഹ്റാമിലേക്ക് പ്രവേശിക്കാവുന്നതാണ്.

മക്കയിലുള്ളവർ ഹജ്ജിനു വേണ്ടി അവരുടെ വീടുകളിൽ വെച്ച് തന്നെയാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്. എന്നാൽ ഉംറക്ക് വേണ്ടി ഇഹ്റാമിൽ പ്രവേശിക്കേണ്ടത് ഹറമിൽ ഏതെങ്കിലും അതിർത്തിക്ക് പുറത്ത് പോയിക്കൊണ്ടാണ്. ആഇശ (റ) യോട്, അവർ മക്കയിലിരിക്കെ, ഹറം അതിർത്തി കടന്ന് കൊണ്ട് ഇഹ്റാമിൽ പ്രവേശിക്കാനുള്ള പ്രവാചകന്റെ കൽപ്പന ഇതിന്ന് തെളിവാകുന്നു.

فَدَعَا عَبْدَ الرَّحْمَنِ بْنَ أَبِي بَكْرٍ فَقَالَ " اخْرُجْ بِأُخْتِكَ مِنَ الْحَرَمِ، فَلْتُهِلَّ بِعُمْرَةٍ ثُمَّ افْرُغَا، ثُمَّ ائْتِيَا هَا هُنَا، فَإِنِّي أَنْظُرُكُمَا حَتَّى تَأْتِيَانِي ". [رواه البخاري ومسلم]

"അപ്പോൾ നബി ﷺ അബ്ദുറഹ്മാനുബ്നു അബൂബക്കർ (റ) വിനെ വിളിച്ചിട്ട് പറഞ്ഞു: നിങ്ങളുടെ സഹോദരിയെയും (ആഇശ) കൊണ്ട് നിങ്ങൾ ഹറമിൽനിന്ന് പുറത്തു പോവുക. എന്നിട്ട് അവർ ഉംറക്ക് ഇഹ്റാമിൽ പ്രവേശിച്ച് പിന്നെ (ഉംറ നിർവഹിച്ച്) അതിൽ നിന്ന് വിരമിച്ച് ഇങ്ങോട്ട് വരിക. നിങ്ങൾ രണ്ടുപേരും എന്റെ അടുത്തു വരുന്നതു വരെ നിങ്ങളെ ഞാൻ കാത്തിരിക്കാം." [ബുഖാരി 1560, മുസ്ലിം 1211].

ഹജ്ജോ ഉംറയോ ഉദ്ദേശിച്ചു കൊണ്ട് ഈ മീഖാതുകളിലൂടെ കടന്നുപോകുന്നവർ ഇഹ്റാമിലേക്ക് പ്രവേശിച്ചതിന് ശേഷമല്ലാതെ അവ മറികടക്കുവാൻ പാടുള്ളതല്ല.

**വിമാനത്തിൽ യാത്ര ചെയ്യുന്നവരുടെ ശ്രദ്ധക്ക് :**

ഹജ്ജോ ഉംറയോ നിർവഹിക്കാനുള്ള ഉദ്ദേശ്യത്തോടെ ഒരാൾ വിമാനയാത്ര ചെയ്യുകയാണെങ്കിൽ, മുകളിൽ വെച്ച് മീഖാതിന്റെ ദിശയെത്തുമ്പോൾ ഇഹ്റാം ചെയ്യേണ്ടതാണ്. മീഖാതിന്റെ ദിശ എത്തുന്നതിനു മുമ്പായി തന്നെ വസ്ത്രമെല്ലാം മാറി ഒരുങ്ങി നിൽക്കേണ്ടതാണ്. അങ്ങനെ അതിന്റെ ദിശയിലെത്തിയ ഉടനെ തന്നെ ഇഹ്റാമിന്റെ നിയ്യത് ചെയ്യേണ്ടതാണ്. വിമാനജീവനക്കാർ ഉണർത്താതിരിക്കുകയോ ഉറങ്ങിപ്പോകുകയോ സംഭവിക്കുമെന്ന ഭയമുണ്ടെങ്കിൽ അവർക്ക് മീഖാതിന്റെ ദിശ എത്തുന്നതിനു മുമ്പ് തന്നെ ഇഹ്റാമിന്റെ നിയ്യത് കരുതാവുന്നതാണ്.

വിമാനം ജിദ്ദയിൽ ഇറങ്ങുന്നത് വരെ മനഃപൂർവം വൈകിപ്പിക്കുവാൻ പാടുള്ളതല്ല. അത് നിഷിദ്ധമാക്കപ്പെട്ടതും നബി ﷺ യെ ധിക്കരിക്കലുമാക്കുന്നു.

ആരെങ്കിലും ഹജ്ജോ ഉംറയോ ഉദ്ദേശിച്ചിരിക്കെ ഇഹ്റാം ചെയ്യാതെ മീഖാതിലൂടെ കടന്നു പോയാൽ, അവർ അവിടേക്ക് തന്നെ മടങ്ങിപ്പോയി ഇഹ്റാം ചെയ്യൽ നിർബന്ധമാണ്. അത്പോലെ ആരെങ്കിലും മീഖാത് വിട്ടുകടന്ന ശേഷം ഇഹ്റാമിൽ പ്രവേശിക്കുകയാണെങ്കിൽ (അത് ഏതെങ്കിലും വഴിയിൽ വെച്ചാകട്ടെ, മക്കയിൽ വെച്ചാകട്ടെ) അല്ലാഹു നിയമിച്ച പരിധി അതിരുകടക്കുന്നവനാണവൻ. അല്ലാഹു പറയുന്നു:

{وَمَن يَتَعَدَّ حُدُودَ ٱللَّهِ فَأُوْلَٰٓئِكَ هُمُ ٱلظَّٰلِمُونَ} [البقرة:229]

അല്ലാഹുവിന്റെനിയമ പരിധികൾ ആർ ലംഘിക്കുന്നുവോ അവർ തന്നെയാകുന്നു അക്രമികൾ. [അൽ ബഖറ : 229]

{وَمَا كَانَ لِمُؤۡمِنٖ وَلَا مُؤۡمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمۡرًا أَن يَكُونَ لَهُمُ ٱلۡخِيَرَةُ مِنۡ أَمۡرِهِمۡۗ وَمَن يَعۡصِ ٱللَّهَ وَرَسُولَهُۥ فَقَدۡ ضَلَّ ضَلَٰلٗا مُّبِينٗا} [الأحزاب:36]

അല്ലാഹു പറയുന്നു: "വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു". [അൽ അഹ്സാബ്: 36]. അങ്ങനെ ചെയ്താലവൻ പ്രായശ്ചിത്തമായി ഒരു ഉരുവിനെ അറുക്കണം. അഥവാ മക്കയിൽ വെച്ച് ഒരു ആടിനെ അറുത്ത് അവിടുത്തെ ദരിദ്രർക്ക് വിതരണം ചെയ്യണം. അതോടൊപ്പം അവൻ പാപമോചനം തേടുകയും, ചെയ്ത തെറ്റിൽ ഖേദിക്കുകയും അതുപോലെയുള്ള നിഷിദ്ധമായ കാര്യങ്ങളിലേക്ക് ഒരിക്കലും മടങ്ങുകയില്ല എന്ന് ദൃഢ നിശ്ചയമെടുക്കുകയും വേണം.

**Page 27**

## അദ്ധ്യായം അഞ്ച്: ഹജ്ജ് ചെയ്യാവുന്ന വിധങ്ങൾ

**ഹജ്ജ് ചെയ്യാവുന്ന വിധങ്ങൾ മൂന്നാകുന്നു:**

**ഒന്ന്: തമത്തുഅ്**

ഹജ്ജിന്റെ മാസങ്ങളിൽ ഉംറക്ക് മാത്രമായി ഇഹ്റാമിൽ പ്രവേശിക്കുകയും, ത്വവാഫും സഅ്'യും മുടിയെടുക്കലും കഴിഞ്ഞ് ഇഹ്റാമിൽ നിന്നും വിരമിക്കുകയും, നാട്ടിലേക്ക് തിരിച്ചു പോകാതെ, ഹജ്ജിന്റെ സമയമായാൽ മാത്രം ഹജ്ജിനു ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്യുന്ന രീതിയാണ് തമത്തുഅ്. ഇവ രണ്ടിന്റെയും ഇടയിലുള്ള കാലയളവിൽ ഇഹ്റാമിന്റെ വിലക്കുകൾ ഒന്നും ബാധകമാകാതെ അല്ലാഹു അനുവദിച്ചതെല്ലാം ഒരു ഹാജിക്ക് അനുഭവിക്കാവുന്നതാണ്.

എന്നാൽ ശവ്വാലിനു മുമ്പ് ഉംറക്ക് ഇഹ്റാം ചെയ്യുകയും, ഹജ്ജ് വരെ മക്കയിൽ തുടരുകയും, എന്നിട്ട് അതേ വർഷം ഹജ്ജ് ചെയ്യുകയും ആണെങ്കിൽ അത് തമത്തുഅ്ആവുകയില്ല. കാരണം ഹജ്ജ് മാസങ്ങൾക്കു മുമ്പാണ് ഉംറക്ക് ഇഹ്റാം ചെയ്തത്.

ഇനി, ഹജ്ജ് മാസങ്ങളിൽ തന്നെ ഉംറക്ക് ഇഹ്റാം ചെയ്തിട്ട് അടുത്ത വർഷത്തെ ഹജ്ജ് നിർവഹിക്കുകയും ആണെങ്കിൽ അതും

തമത്തുആവുകയില്ല. കാരണം ഉംറ മുൻ വർഷത്തിലും ഹജ്ജ് അടുത്തവർഷത്തിലുമാണ് നിർവഹിക്കപ്പെടുന്നത്.

ഇനി, ഹജ്ജ് മാസങ്ങളിൽ തന്നെ ഉംറക്ക് ഇഹ്റാം ചെയ്തിട്ട്, ഉംറ നിർവഹിച്ചു തഹല്ലുലായി നാട്ടിലേക്ക് മടങ്ങി, വീണ്ടും ഹജ്ജ് മാത്രം നിർവഹിക്കാൻ ഇഹ്റാം ചെയ്താൽ അതും തമത്തുആവുകയില്ല. കാരണം അവൻ ഹജ്ജും ഉംറയും വെവ്വേറെ യാത്രകളിലാണ് നിർവഹിച്ചത്.

**Page 28**

**രണ്ട്: ഖിറാൻ**

ഒറ്റ ഇഹ്റാമിൽ ഹജ്ജും ഉംറയും ഒരുമിച്ച് നിർവഹിക്കുന്നതിനാണ് ഖിറാൻ എന്ന് പറയുന്നത്.

(ഖിറാൻ ചെയ്യുന്നയാൾ) ഒന്നുകിൽ ഇഹ്റാം ചെയ്യുമ്പോൾ തന്നെ ഹജ്ജും ഉംറയും ഒരുമിച്ച് കരുതുക,

അല്ലെങ്കിൽ ഉംറക്ക് മാത്രമായി ഇഹ്റാം ചെയ്ത്, ഉംറ നിർവഹണത്തിന് മുമ്പ് തന്നെ ഹജ്ജ് കൂടി അതിൽ, കൂട്ടിച്ചേർക്കുക.

മക്കയിലെത്തിയാൽ സുന്നതായ ത്വവാഫുൽ ഖുദൂം നിർവഹിച്ച്, ഹജ്ജിന്റെയും ഉംറയുടെയും റുക്നായ സഅ്യ് (രണ്ടിനും കൂടിയായി) ഒരുതവണ ചെയ്ത്, പെരുന്നാൾ ദിവസം തഹല്ലുലാകുന്നതുവരെ ഇഹ്റാമിൽ തുടരുക. (ഇഹ്റാമിൽ നിന്നും ഒഴിവാകലാണ് തഹല്ലുൽ)

ഇനി മേൽപറഞ്ഞ സഅ്യിനെ ഹജ്ജിന്റെ ത്വവാഫിന് ശേഷം പിന്തിപ്പിക്കുന്നതിനും വിരോധമില്ല- പ്രത്യേകിച്ച് മക്കയിലേക്ക് വൈകി എത്തുകയും സഅ്യ് ചെയ്യാൻ നിന്നാൽ ഹജ്ജ് നഷ്ടപ്പെടുമോ എന്ന് ഭയമുള്ളവർക്കൊക്കെ അങ്ങനെ ചെയ്യാം.

**മൂന്ന് : ഇഫ്റാദ്**

ഉംറ ഒഴിവാക്കി ഹജ്ജിനു മാത്രമായി ഇഹ്റാം ചെയ്യുന്നതിനാണ് ഇഫ്റാദ് എന്ന് പറയുന്നത്. ഇഫ്റാദ് ചെയ്യുന്നയാൾ മക്കയിലെത്തിയാൽ ത്വവാഫുൽ ഖുദൂം നിർവഹിച്ച് ഹജ്ജിന്റെ സഅ്യ് ചെയ്ത്, പെരുന്നാൾ ദിവസം തഹല്ലുലാകുന്നതുവരെ ഇഹ്റാമിൽ തുടരുകയും ചെയ്യുക.

(ഖിറാൻ പോലെത്തന്നെ) ഇനി മേൽപറഞ്ഞ സഅ്യിനെ ഹജ്ജിന്റെ ത്വവാഫിന് ശേഷം പിന്തിപ്പിക്കുന്നതിനും വിരോധമില്ല.



നിയ്യതിലെ വ്യത്യാസമല്ലാതെ ഖിറാനും ഇഫ്റാദും തമ്മിൽ കർമങ്ങളിലൊന്നും പ്രത്യേകിച്ച് വ്യത്യാസമില്ല എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. എന്നാൽ, ഹജ്ജും ഉംറയും ഒരുമിച്ച് ലഭിച്ചതിനാൽ ഖിറാൻ ചെയ്യുന്നയാൾക്ക് അറവ് നിർബന്ധമാണ്.

## ഈ മൂന്ന് രീതികളിൽ ഏറ്റവും ശ്രേഷ്ഠമായത്:

മേൽപറഞ്ഞ രീതികളിൽ ഏറ്റവും ശ്രേഷ്ഠമായത് തമത്തുആകുന്നു. കാരണം പ്രവാചകൻ ﷺ തന്റെ സ്വഹാബിമാരോട് അത് കൽപ്പിക്കുകയും അവരെ അതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എന്നുമാത്രമല്ല, അവരുടെ ഹജ്ജിന്റെ നിയ്യത് ഉംറയിലേക്ക് മാറ്റാൻ പോലും പറഞ്ഞത് തമത്തുഇന് വേണ്ടി ആണ്.

عن عَائِشَةَ ـ رضى الله عنها ـ تَقُولُ: "خَرَجْنَا مَعَ رَسُولِ اللَّهِ صلى الله عليه وسلم لِخَمْسٍ بَقِينَ مِنْ ذِي الْقَعْدَةِ، لاَ نُرَى إِلاَّ الْحَجَّ، فَلَمَّا دَنَوْنَا مِنْ مَكَّةَ أَمَرَ رَسُولُ اللَّهِ صلى الله عليه وسلم مَنْ لَمْ يَكُنْ مَعَهُ هَدْىٌ، إِذَا طَافَ وَسَعَى بَيْنَ الصَّفَا وَالْمَرْوَةِ أَنْ يَحِلَّ." [متفق عليه]

ആഇശ (റ) നിവേദനം: അവർ പറഞ്ഞു: ദുൽഖഅദ മാസം 5 ദിനങ്ങൾ ബാക്കി നിൽക്കേ, ഞങ്ങൾ റസൂലിന്റെ കൂടെ ഹജ്ജിനായി പുറപ്പെട്ടു, അപ്പോൾ ഹജ്ജ് അല്ലാതെ മറ്റൊന്നും ഞങ്ങൾ ലക്ഷ്യമാക്കിയിരുന്നില്ല. എന്നാൽ ഞങ്ങൾ മക്കയോട് അടുത്തപ്പോൾ

റസൂൽ ﷺ കൽപ്പിച്ചു : "ബലിമൃഗത്തെ ഒപ്പം കൊണ്ടുവന്നിട്ടില്ലാത്തവർ ത്വവാഫും സ്വഫാമർവക്കിടയിൽ സഅ്'യും കഴിഞ്ഞാൽ തഹല്ലുലായിക്കൊള്ളട്ടെ (ഇഹ്റാമിൽ നിന്നും ഒഴിവായിക്കൊള്ളട്ടെ)." [ബുഖാരി 1709, മുസ്‌ലിം 1211, 125].

ജാബിർ (റ) നിവേദനം: നബി ﷺ പറഞ്ഞു: "ഞാനിപ്പോൾ അറിഞ്ഞ കാര്യം മുമ്പേ അറിഞ്ഞിരുന്നെങ്കിൽ ഞാൻ ഹദ്'യ് (ബലിമൃഗത്തെ) ഒപ്പം കൊണ്ടുവരുമായിരുന്നില്ല. ഞാനിതൊരു ഉംറയാക്കി തീർക്കുമായിരുന്നു. നിങ്ങളുടെ കൂട്ടത്തിൽ ആരെങ്കിലും ഹദ്'യ് കൊണ്ടുവന്നിട്ടില്ലായെങ്കിൽ, അവൻ തഹല്ലുലായിക്കൊള്ളട്ടെ (ഇഹ്റാമിൽ നിന്നും ഒഴിവായികൊള്ളട്ടെ), ഇതിനെ ഒരു ഉംറയാക്കി കൊള്ളട്ടെ". [ബുഖാരി 1651, മുസ്‌ലിം 1218‹147]

## Page 30

മറ്റൊരു റിപ്പോർട്ടിൽ:

അപ്പോൾ റസൂലുല്ലാഹ് ﷺ എഴുന്നേറ്റു നിന്നിട്ട് പറഞ്ഞു: "നിങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ഭയഭക്തിയുള്ളവനും ഏറ്റവും സത്യസന്ധത പുലർത്തുന്നതും ഏറ്റവും പുണ്യവാനും ഞാനാണ് എന്ന് നിങ്ങൾ തീർച്ചയായും അറിഞ്ഞിട്ടുണ്ട്. ഈയൊരു ഹദ്'യ് ഞാൻ കൊണ്ടുവന്നിട്ടില്ലായിരുന്നുവെങ്കിൽ നിങ്ങൾ തഹല്ലുലായത് പോലെ ഞാനും തഹല്ലുൽ ആകുമായിരുന്നു, അതുകൊണ്ട് നിങ്ങൾ തഹല്ലുലായി (ഇഹ്റാമിൽ നിന്നും ഒഴിവായി) കൊള്ളുക. ഞാനിപ്പോൾ അറിഞ്ഞ കാര്യം മുമ്പേ അറിഞ്ഞിരുന്നുവെങ്കിൽ ഞാൻ ഹദ്'യ് കൊണ്ടുവരുമായിരുന്നില്ല. "അപ്പോൾ ഞങ്ങൾ തഹല്ലുലാവുകയും കേൾക്കുകയും അനുസരിക്കുകയും ചെയ്തു". [ബുഖാരി 7368].

മറ്റു മൂന്നു രീതികളെ അപേക്ഷിച്ച് തമത്തുആണ് ഏറ്റവും ശ്രേഷ്ഠകരമായ രൂപം എന്നതിന് കൃത്യമായ തെളിവുകളാണ് മേലുദ്ധരിച്ചത്. എന്നാൽ ബലി മൃഗത്തെ ഒപ്പം കൊണ്ടുവന്നിട്ടുള്ളവർക്ക് ഖിറാൻ ആണ് ഉത്തമം- നബി ﷺ ചെയ്തത് പോലെ.

ഉംറയുടെയും ഹജ്ജിന്റെയും ഇടയിൽ തഹല്ലുൽ ആയിക്കൊണ്ട് കഴിയാം എന്നതിനാൽ തമത്തുആണ് ഹാജിമാർക്ക് ഏറ്റവും എളുപ്പം.

## അദ്ധ്യായം ആറ്: ഹജ്ജിലെ ബലിയും അതിന്റെ രൂപവും.

തമത്തുആയും ഖിറാനായും ഹജ്ജ് ചെയ്യുന്നവർക്ക് മാത്രമേ ബലി നിർബന്ധമുള്ളൂ. ഇഫ്റാദായി ഹജ്ജ് ചെയ്യുന്നവർക്ക് ബലി നിർബന്ധമില്ല.

ഇനി തമത്തുആയും ഖിറാനായും ഹജ്ജ് ചെയ്യുന്നവർക്ക് തന്നെയും ബലി നിർബന്ധമാവണമെങ്കിൽ അവൻ മസ്ജിദുൽ ഹറാമിൽ താമസിക്കാത്തവൻ ആയിരിക്കണം. അഥവാ, മക്കാ നിവാസിയോ ഹറം നിവാസിയോ ആയിരിക്കരുത്. അങ്ങനെയാണെങ്കിൽ അവർക്ക് ബലി നിർബന്ധമില്ല, കാരണം അല്ലാഹു പറയുന്നു:

ذَٰلِكَ لِمَن لَّمۡ يَكُنۡ أَهۡلُهُۥ حَاضِرِي ٱلۡمَسۡجِدِ ٱلۡحَرَامِۚ [البقرة:196]

"കുടുംബസമേതം മസ്ജിദുൽ ഹറാമിൽ താമസിക്കുന്നവർക്കല്ലാത്തവർക്കാകുന്നു ഈ വിധി". [അൽ ബഖറ: 196].

മക്കയുടെയും ഹറമിന്റെയും പരിധിക്ക് പുറത്തുള്ളവർ തമത്തുആയോ ഖിറാനായോ ഹജ്ജ് ചെയ്യാൻ ഉദ്ദേശിച്ചാൽ, അവർക്ക് ബലി നിർബന്ധമാകും. ഉദാഹരണം: ജിദ്ദ നിവാസികൾ- എന്തെന്നാൽ, അവർ മസ്ജിദുൽ ഹറാമിൽ താമസിക്കുന്നവരായി ഗണിക്കപ്പെടില്ല.

ഇനി വല്ല കാരണവശാലും ഒരു വ്യക്തിയുടെ കയ്യിൽ ബലിയറുക്കാനുള്ള സാമ്പത്തിക ശേഷിയില്ലായെങ്കിൽ (ചിലർ യാത്ര ചിലവിന് അനിവാര്യമായ തുക മാത്രമേ കരുതിയിട്ടുണ്ടാവുകയുള്ളൂ) അവർക്ക് പിന്നെ ബലി നിർബന്ധമല്ല, എന്നാൽ അതിനു പകരമായി അവർ പത്തുദിവസം നോമ്പ് അനുഷ്ഠിക്കേണ്ടതുണ്ട്. അതിൽ തന്നെ മൂന്ന് നോമ്പ് ഹജ്ജിന്റെ ദിനങ്ങളിലും ബാക്കി ഏഴെണ്ണം നാട്ടിൽ തിരിച്ചെത്തിയതിനുശേഷവുമാണ് നോൽക്കേണ്ടത്.

അല്ലാഹു പറയുന്നു:

{فَمَن تَمَتَّعَ بِٱلْعُمْرَةِ إِلَى ٱلْحَجِّ فَمَا ٱسْتَيْسَرَ مِنَ ٱلْهَدْىِ ۚ فَمَن لَّمْ يَجِدْ فَصِيَامُ ثَلَٰثَةِ أَيَّامٍ فِى ٱلْحَجِّ وَسَبْعَةٍ إِذَا رَجَعْتُمْ ۗ تِلْكَ عَشَرَةٌ كَامِلَةٌ ۗ} [البقرة:196]

"അപ്പോള്‍ ഒരാള്‍ ഉംറഃ നിര്‍വഹിച്ചിട്ട് ഹജ്ജ് വരെ സുഖമെടുക്കുന്ന പക്ഷം സൗകര്യപ്പെടുന്ന ഒരു ബലിമൃഗത്തെ (ഹജ്ജിനിടയില്‍ ബലിയറുക്കേണ്ടതാണ്.) ഇനി ആര്‍ക്കെങ്കിലും അത് കിട്ടാത്ത പക്ഷം ഹജ്ജിനിടയില്‍ മൂന്നു ദിവസവും, നിങ്ങള്‍ (നാട്ടില്‍) തിരിച്ചെത്തിയിട്ട് ഏഴു ദിവസവും ചേര്‍ത്ത് ആകെ പത്ത് ദിവസം നോമ്പനുഷ്ഠിക്കേണ്ടതാണ്". [അല്‍ ബഖറ: 196]

**Page 32**

ഈ മൂന്നു നോമ്പുകള്‍ അയ്യാമുത്തശ്‌രീഖില്‍ (ദുല്‍ഹജ്ജ് 11, 12, 13) അനുഷ്ഠിക്കാവുന്നതാണ്.

عَنْ عَائِشَةَ وَابْنِ عُمَرَ رَضِيَ اَللَّهُ عَنْهُمْ قَالَا: "لَمْ يُرَخَّصْ فِي أَيَّامِ اَلتَّشْرِيقِ أَنْ يُصَمْنَ إِلَّا لِمَنْ لَمْ يَجِدِ اَلْهَدْيَ" [رَوَاهُ اَلْبُخَارِيُّ]

ആഇശ (റ), ഇബ്നു ഉമര്‍ (റ) എന്നിവരില്‍ നിന്നും റിപ്പോര്‍ട്ട് ചെയ്യുന്ന ഹദീസില്‍ കാണാം: "ബലിയറുക്കാന്‍ പറ്റാത്തവര്‍ക്കല്ലാതെ മറ്റാര്‍ക്കും അയ്യാമുതശ്‌രീഖില്‍ നോമ്പ് അനുഷ്ഠിക്കാന്‍ അനുവാദമുണ്ടായിരുന്നില്ല". [ബുഖാരി 1997].

ഹജ്ജിന്റെ ഇഹ്റാമില്‍ ആയിരിക്കെ പെരുന്നാള്‍ ദിവസത്തിന് മുമ്പായി ഈ മൂന്ന് നോമ്പുകള്‍ അനുഷ്ഠിക്കലാണ് ഏറ്റവും ശ്രേഷ്ഠകരം. പെരുന്നാള്‍ ദിവസം നോമ്പനുഷ്ഠിക്കാന്‍ പാടില്ലതാനും.

عَنْ أَبِي سَعِيدٍ الْخُدْرِيِّ، - رضى الله عنه - "أَنَّ رَسُولَ اللَّهِ صلى الله عليه وسلم نَهَى عَنْ صِيَامِ يَوْمَيْنِ يَوْمِ الْفِطْرِ وَيَوْمِ النَّحْرِ." [متفق عليه]

അബു സഈദ് അല്‍ഖുദ്‌രി (റ) നിന്നും നിവേദനം : "രണ്ടു ദിവസങ്ങളില്‍, ഈദുല്‍ഫിത്വറിലും ബലിപെരുന്നാളിലും നോമ്പ് അനുഷ്ഠിക്കുന്നത് നബി ﷺ വിലക്കി:". [ബുഖാരി 1991, മുസ്‌ലിം 1138, 141]

ഈ മൂന്നു നോമ്പുകൾ തുടർച്ചയായും അല്ലാതെയും നിർവഹിക്കാവുന്നതാണ്, ഒരു കാരണവുമില്ലാതെ അയ്യാമുതശ്‌രീഖിന് അപ്പുറത്തേക്ക് ഈ മൂന്നു നോമ്പുകളെ പിന്തിപ്പിക്കാത്തതാണ് അഭികാമ്യം, ഇനി വൈകിപ്പിച്ചാലും അവ നോൽക്കാവുന്നതാണ്. ബാക്കിയുള്ള 7 നോമ്പുകളാവട്ടെ അയാൾ നാട്ടിൽ തിരിച്ചെത്തിയതിനു ശേഷം തുടർച്ചയായോ അല്ലാതെയോ അയാളുടെ ഇഷ്ടപ്രകാരം നിർവഹിക്കാവുന്നതാണ്- കാരണം അവ അല്ലാഹു നിർബന്ധമാക്കുക മാത്രമേ ചെയ്തിട്ടുള്ളു, തുടർച്ചയായി ചെയ്യണമെന്ന നിബന്ധനയൊന്നും അല്ലാഹു വെച്ചിട്ടില്ല.

**Page 33**

**ബലിയുടെ രൂപം:**

ബലിയറുക്കപ്പെടുന്ന മൃഗം കന്നുകാലികളിൽ പെട്ടതായിരിക്കണം. അവ ഒട്ടകം പശു ആട് (കോലാടോ ചെമ്മരിയാടോ) എന്നിവയാണ്.

കാരണം, അല്ലാഹു പറയുന്നു:

{وَيَذۡكُرُواْ ٱسۡمَ ٱللَّهِ فِيٓ أَيَّامٖ مَّعۡلُومَٰتٍ عَلَىٰ مَا رَزَقَهُم مِّنۢ بَهِيمَةِ ٱلۡأَنۡعَٰمِۖ فَكُلُواْ مِنۡهَا وَأَطۡعِمُواْ ٱلۡبَآئِسَ ٱلۡفَقِيرَ} [الحج:28]

"അല്ലാഹു അവർക്ക് നൽകിയിട്ടുള്ള നാൽക്കാലി മൃഗങ്ങളെ നിശ്ചിത ദിവസങ്ങളിൽ അവന്റെ നാമം ഉച്ചരി(ച്ചു കൊണ്ട് ബലികഴി)ക്കാനും വേണ്ടിയത്രെ അത്. അങ്ങനെ അവയിൽ നിന്ന് നിങ്ങൾ തിന്നുകയും, പരവശനും ദരിദ്രനുമായിട്ടുള്ളവന് ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക". [അൽ-ഹജ്ജ് 28].

ഒരു ആടിനെ അറുത്താൽ ഒരു വ്യക്തിയുടെ ബലിക്ക് മതിയാകും. എന്നാൽ ഒട്ടകമോ പശുവോ ആണെങ്കിൽ അത് ഏഴ് ആളുകളുടെ ബലിക്ക് പകരമാകും.

ജാബിറുബ്നു അബ്ദില്ലാഹ് (റ) വിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: ഞങ്ങൾ റസൂലിന്റെ കൂടെ ഹജ്ജിന് ഇഹ്റാം ചെയ്ത് പുറപ്പെട്ടു, "അങ്ങനെ (ബലിയറുക്കുമ്പോൾ) ഒട്ടകത്തിലും പശുവിലും

ഏഴാളുകൾ വീതം പങ്കാളികളാകുവാൻ റസൂൽ ﷺ ഞങ്ങളോട് കൽപ്പിച്ചു".

ബലിമൃഗം മുന്തിയതാകുംതോറും ബലിയുടെ ശ്രേഷ്ഠത വർദ്ധിക്കുന്നു. എന്തെന്നാൽ അല്ലാഹു ത്വയ്യിബാകുന്നു (നല്ലവനാകുന്നു), വിശിഷ്ഠമായതല്ലാതെ അവൻ സ്വീകരിക്കുകയില്ല.

ഹറമിന്റെ പരിധിയിൽ എവിടെ വെച്ചും അറുക്കാവുന്നതാണ്, ഇപ്പോൾ നമുക്ക് ഗവൺമെന്റ് സ്ഥാപിച്ച പ്രത്യേകം സജ്ജീകരിച്ച അറവുശാലകൾ കാണാവുന്നതാണ്.

(ഭൂരിപക്ഷ പണ്ഡിതാഭിപ്രായപ്രകാരം) ഹറമിന്റെ പരിധിക്ക് പുറത്തുനിന്നും അറുത്താൽ അത് മതിയാകുന്നതല്ല.

**Page 34**

നിർണയിക്കപ്പെട്ട അറവ്ദിവസങ്ങളിൽ മാത്രമേ ബലിനിർവഹിക്കാൻ പാടുള്ളൂ. (പെരുന്നാൾ ദിവസം പെരുന്നാൾ നിസ്കാരം കഴിഞ്ഞത് മുതൽ മൂന്ന് ദിവസം), പെരുന്നാൾ ദിവസത്തിനു മുമ്പോ അയ്യാമുതശ്രീഖിന് ശേഷമോ അറവ് നിർവഹിക്കൽ അനുവദനീയമല്ല. അപ്രകാരം ചെയ്യുന്ന പക്ഷം അത് മതിയാവുകയുമില്ല.

ഒട്ടകത്തെ അറുക്കുമ്പോൾ ഇടതുകാൽ ബന്ധിച്ച് അതിനെ നിർത്തിയിട്ട് അറുക്കലാണ് സുന്നത്ത്. അതിനു സാധിച്ചില്ലായെങ്കിൽ അതിനെ നിർത്തിയിട്ടോ മുട്ടുകുത്തിച്ചിട്ടോ ആകാം. ഒട്ടകം അല്ലാത്ത നാൽക്കാലികളെ ഒരുവശം കിടത്തി അറുക്കലാണ് സുന്നത്.

അറുക്കുമ്പോൾ ബിസ്മില്ലാഹി ചൊല്ലൽ അനിവാര്യമാണ്. മനഃപൂർവ്വം ബിസ്മില്ലാഹി ചൊല്ലാതെ അറുക്കപ്പെട്ട ബലിമൃഗത്തെ ഭക്ഷിക്കാൻ പാടില്ല. അല്ലാഹു പറയുന്നു:

{وَلَا تَأۡكُلُواْ مِمَّا لَمۡ يُذۡكَرِ ٱسۡمُ ٱللَّهِ عَلَيۡهِ وَإِنَّهُۥ لَفِسۡقٌۗ} [الأنعام:121]

"അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്തതിൽ നിന്ന് നിങ്ങൾ തിന്നരുത്. തീർച്ചയായും അത് അധർമ്മമാണ്". [അൽ അൻആം: 121] അങ്ങനെ ചെയ്യുന്ന പക്ഷം അത് ശവമായിട്ടാണ് പരിഗണിക്കപ്പെടുക, ബലി

ആയിട്ടല്ല. ഇനി ബിസ്മി ചൊല്ലാൻ മറന്നതാണ് എങ്കിൽ അത് ഭക്ഷിക്കാൻ അനുവാദം ഉണ്ട്. അല്ലാഹു പറയുന്നു:

{رَبَّنَا لَا تُؤَاخِذۡنَآ إِن نَّسِينَآ أَوۡ أَخۡطَأۡنَاۚ} [البقرة: 286]

"ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് അബദ്ധം പറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ". [അൽ ബഖറ: 286]

തന്റെ ബലി മാംസത്തിൽ നിന്നും ഭക്ഷിക്കലും മറ്റുള്ളവർക്ക് നൽകലും സുന്നതാണ്.

**Page 35**

## അദ്ധ്യായം ഏഴ്: ഇഹ്റാമിൽ പാടില്ലാത്തത്

ഇഹ്റാമിൽ പ്രവേശിച്ചാൽ ഹാജിക്ക് ചെയ്യാൻ പാടില്ലാത്ത ചില കാര്യങ്ങളുണ്ട്, അവ മൂന്ന് വിധമാണ് :

1) സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പാടില്ലാത്തത്.

2) പുരുഷന്മാർക്ക് മാത്രം പാടില്ലാത്തത്.

3) സ്ത്രീകൾക്ക് മാത്രം പാടില്ലാത്തത്.

### ഒന്ന്: സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പാടില്ലാത്തത്.

1- ന്യായമായ കാരണങ്ങളില്ലാതെ ശരീരത്തിന്റെ ഒരു ഭാഗത്ത് നിന്നും മുടിയോ രോമങ്ങളോ -വടിച്ചിട്ടോ അല്ലാതെയോ- നീക്കം ചെയ്യാൻ പാടില്ല. അല്ലാഹു പറയുന്നു:

{وَلَا تَحۡلِقُواْ رُءُوسَكُمۡ حَتَّىٰ يَبۡلُغَ ٱلۡهَدۡيُ مَحِلَّهُۥۚ} [البقرة: 196]

"ബലിമൃഗം എത്തേണ്ട സ്ഥാനത്ത് എത്തുന്നത് വരെ നിങ്ങൾ തല മുണ്ഡനം ചെയ്യാവുന്നതല്ല". [അൽ ബഖറ: 196], തലമുടി വടിക്കുന്നതിനെ കുറിച്ചാണ് ആയത്തിൽ പരാമർശം എങ്കിലും, മറ്റു

രോമങ്ങൾ (ഉദാ: കൈകാൽ രോമങ്ങളും മറ്റും) അതിനോട് തുലനം ചെയ്യാം.

**Page 36**

2- കൈകാലുകളുടെ നഖങ്ങൾ മുറിക്കുകയോ പറിക്കുകയോ ചെറുതാക്കുകയോ ചെയ്യാൻ പാടില്ല. കാരണം മുടി നീക്കം ചെയ്യുന്നതുപോലെ തന്നെ നഖം നീക്കലും ശരീര ഭാഗങ്ങൾ നീക്കം ചെയ്യുന്നതിന് തുല്യമാണ്. ഇനി വല്ല നഖവും തനിയെ പൊട്ടുകയോ അതിനാൽ ഉപദ്രവം ഉണ്ടാവുകയോ ആണെങ്കിൽ അത്രയും ഭാഗം നീക്കം ചെയ്യുന്നതിൽ തെറ്റില്ല. കൈയ്യിന്റെയും കാലിന്റെയും നഖങ്ങൾക്ക് ഒരേ നിയമം തന്നെയാണുള്ളത്.

3- ഇഹ്റാമിൽ പ്രവേശിച്ചതിനു ശേഷം ശരീരത്തിലോ വസ്ത്രത്തിലോ ഭക്ഷണപാനീയങ്ങളിലോ സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. ഇബ്നു ഉമർ (റ) ഉദ്ധരിക്കുന്ന ഹദീസിൽ ഇഹ്റാമിന്റെ വേഷത്തെ പറ്റി റസൂൽ ﷺ ഇപ്രകാരം പറഞ്ഞു:

"وَلاَ تَلْبَسُوا مِنَ الثِّيَابِ شَيْئًا مَسَّهُ زَعْفَرَانٌ وَلاَ الْوَرْسُ ". [متفق عليه]

"കുങ്കുമമോ വർസോ (ചുവന്നതോ മഞ്ഞയോ ചായം നൽകുവാൻ ഉപയോഗിക്കുന്ന ഒരു സുഗന്ധ ചെടിയാണ്) സ്പർശിച്ച ഒരു വസ്ത്രവും ധരിക്കരുത് ". [ബുഖാരി 5803, മുസ്ലിം 1177].

അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) വിൽ നിന്നും നിവേദനം: "ഇഹ്റാമിലായിരിക്കെ തന്റെ ഒട്ടകപ്പുറത്തുനിന്നും വീണു കൊല്ലപ്പെട്ട ഒരാളെ നബിﷺയുടെ അടുക്കൽ കൊണ്ടുവരപ്പെട്ടു, അവിടുന്ന് കൽപ്പിച്ചു: ഇദ്ദേഹത്തെ കുളിപ്പിച്ച് കഫൻ ചെയ്യുക, എന്നാൽ ഇദ്ദേഹത്തിന്റെ തല മറക്കുകയോ സുഗന്ധം അടുപ്പിക്കുകയോ ചെയ്യരുത്, കാരണം ഇഹ്റാമിൽ തന്നെയാണ് ഇദ്ദേഹം ഉയർത്തെഴുന്നേൽപ്പിക്കപ്പെടുക". [ബുഖാരി 1839, മുസ്ലിം 1206, 99].

ഇഹ്റാമിൽ ആയിരിക്കെ മനഃപൂർവ്വം സുഗന്ധവസ്തുക്കൾ മണക്കുവാൻ പാടില്ല. കുടിക്കുന്ന കോഫിയിൽ കുങ്കുമമോ ചായയിൽ

പനിനീർ വെള്ളമോ പോലെയുള്ള സുഗന്ധവസ്തുക്കൾ ഉപയോഗിച്ച് അതിന്റെ മണത്തിലും രുചിയിലും പ്രകടമായ ഒരു മാറ്റം ഉണ്ടാക്കുവാനും പാടില്ല.

**Page 37**

ഊദ്, മുല്ലപ്പൂ, കസ്തൂരി പോലത്തെ സുഗന്ധവസ്തുക്കളുടെ വാസന തെളിഞ്ഞു നിൽക്കുന്ന സോപ്പോ ഷാംപൂവോ സാനിറ്റൈസറോ ഉപയോഗിക്കാൻ പാടില്ല. എന്നാൽ വാസനയൊന്നുമില്ലാത്തതോ, നാരങ്ങ, പുതിന, പോലെയുള്ളവ (സുഗന്ധവസ്തുക്കളല്ലാത്ത നല്ല മണമുള്ളവയോ ആണെങ്കിൽ) ഉപയോഗിക്കുന്നതിൽ തെറ്റില്ല.

ഇഹ്റാമിന് മുമ്പ് പുരട്ടിയ സുഗന്ധം ഇഹ്റാമിൽ ആയിരിക്കെ ശരീരത്തിൽ ബാക്കിയുണ്ടെങ്കിലും അതിൽ തെറ്റില്ല. കാരണം പുതുതായി സുഗന്ധം ഉപയോഗിക്കുന്നത് മാത്രമാണ് ഇഹ്റാമിൽ പാടില്ലാത്തത്, മുമ്പ് ഉപയോഗിച്ചതിന്റെ മണം ബാക്കിയാകുന്നതിൽ തെറ്റില്ല. ആഇശ (റ) ഉദ്ധരിച്ച ഹദീസ് ഇതിന് തെളിവാണ്:

"كَأَنِّي أَنْظُرُ إِلَى وَبِيصِ الطِّيبِ فِي مَفْرِقِ النَّبِيِّ صلى الله عليه وسلم وَهْوَ مُحْرِمٌ." (متفق عليه)

"ഇഹ്റാമിൽ ആയിരിക്കെ, നബി ﷺ യുടെ തലയുടെ നെറുകയിൽ (മുമ്പ് ഉപയോഗിച്ച) സുഗന്ധത്തിന്റെ തിളക്കം ഞാൻ കാണുന്നതുപോലെ ഉണ്ട്". [ബുഖാരി 271, മുസ്‌ലിം 1190, 39].

4- നികാഹ് ചെയ്യുവാൻ പാടില്ല. ഉസ്മാൻ (റ) വിൽ നിന്നും നിവേദനം ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു: "ഇഹ്റാമിലുള്ളവൻ നികാഹ് ചെയ്യുവാനോ, നികാഹ് ചെയ്യപ്പെടാനോ, വിവാഹമന്വേഷിക്കുവാനോ പാടില്ല."

അതുകൊണ്ടുതന്നെ ഇഹ്റാമിൽ ആയിരിക്കെ ഒരു സ്ത്രീയെ -വലിയ്യ് മുഖേനയോ അല്ലാതെയോ വിവാഹം ചെയ്യുവാനോ, വിവാഹമന്വേഷിക്കുവാനോ പാടില്ല. അപ്രകാരം ഇഹ്റാമിൽ ആയിരിക്കുന്ന ഒരു സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കുവാനും പാടില്ല.

മേലുദ്ധരിച്ച ഹദീസിൽ ഇത് വിലക്കിയിരിക്കുന്നതിനാൽ ആ നികാഹ് ബന്ധം അസാധുവായിത്തീരുകയും ചെയ്യും.

**Page 38**

5- വികാരത്തോടുകൂടി ചുംബിക്കൽ സ്പർശിക്കൽ ആലിംഗനം ചെയ്യൽ തുടങ്ങിയ വികാരപ്രകടനങ്ങൾ ഒന്നും പാടില്ല. അല്ലാഹു പറയുന്നു:

{ٱلْحَجُّ أَشْهُرٌ مَّعْلُومَٰتٌ ۚ فَمَن فَرَضَ فِيهِنَّ ٱلْحَجَّ فَلَا رَفَثَ وَلَا فُسُوقَ وَلَا جِدَالَ فِى ٱلْحَجِّ} [البقرة 197]

"ഹജ്ജ് കാലം അറിയപ്പെട്ട മാസങ്ങളാകുന്നു. ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ-പുരുഷ സംസർഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല". [അൽ ബഖറഃ : 197], റഫഥ് എന്നാൽ ശാരീരികവേഴ്ചയാണ്, എന്നാൽ അതിനു മുന്നോടിയായുള്ള ചുംബനങ്ങളും കാമകേളികളുമെല്ലാം ഇതിൽ ഉൾപ്പെടുന്നു.

അതുകൊണ്ട് ഇഹ്റാമിൽ ആയിരിക്കെ വികാരത്തോടെ തന്റെ ഭാര്യയെ ചുംബിക്കുവാനോ സ്പർശിക്കുവാനോ നോക്കുവാനോ പാടില്ല. കാരണം ഇതിലൂടെ എല്ലാം അവന് ആസ്വാദനം ലഭിക്കുന്നു.

തന്റെ ഭർത്താവിന് വേണ്ടി തന്റെ ശരീരം അധീനപ്പെടുത്തികൊടുക്കുവാൻ ഒരു ഭാര്യക്കും പാടില്ല. അത് നിഷിദ്ധമാണ്.

6- ശാരീരികവേഴ്ച പാടില്ല. അല്ലാഹു പറയുന്നു:

{ٱلْحَجُّ أَشْهُرٌ مَّعْلُومَٰتٌ ۚ فَمَن فَرَضَ فِيهِنَّ ٱلْحَجَّ فَلَا رَفَثَ وَلَا فُسُوقَ وَلَا جِدَالَ فِى ٱلْحَجِّ} [البقرة 197]

"ഹജ്ജ് കാലം അറിയപ്പെട്ട മാസങ്ങളാകുന്നു. ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ-പുരുഷ

സംസർഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല". [അൽ ബഖറഃ : 197]

ഇഹ്റാമിൽ വിലക്കപ്പെട്ട കാര്യങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ഗുരുതരമായതും ഹജ്ജിനെ ഏറ്റവും കൂടുതൽ ബാധിക്കുന്നതുമായ ഒന്ന് ശാരീരിക വേഴ്ചയാണ്. അത് രണ്ട് നിലക്കുണ്ട്:

ഒന്നാമത്തെ അവസ്ഥ: ഒന്നാമത്തെ തഹല്ലുലിന് മുമ്പ് സംഭവിച്ചാൽ. (ജംറതുൽ അഖബയിൽ എറിയൽ / മുടിയെടുക്കൽ / ത്വവാഫുൽ ഇഫാദ : ഇവയിൽ ഏതെങ്കിലും രണ്ടെണ്ണം ചെയ്താൽ ഒന്നാം തഹല്ലുൽ ആകും, ഇനി മൂന്നും ചെയ്യുകയാണെങ്കിൽ രണ്ടാം തഹല്ലുൽ ആകും). ഇതിന്റെ ഭാഗമായി രണ്ട് കാര്യങ്ങൾ ചെയ്യേണ്ടിവരും:



1- ഫിദ്'യ നിർബന്ധമാകും:- ഉള്ഹിയത് അറുക്കാൻ പര്യാപ്തമായ ഒരു പശുവിനെയോ ഒട്ടകത്തെയോ ബലിയറുത്ത് പാവങ്ങൾക്ക് വിതരണം ചെയ്യണം, അതിൽ നിന്നും സ്വന്തം ഭക്ഷിക്കുവാൻ പാടില്ല.

2- വേഴ്ച നടന്ന ആ ഹജ്ജ് അസാധുവാകും:- പക്ഷേ ആ ഹജ്ജ് പൂർത്തിയാക്കൽ നിർബന്ധമാണ്, കാരണം അല്ലാഹു പറയുന്നു:

{وَأَتِمُّواْ ٱلْحَجَّ وَٱلْعُمْرَةَ لِلَّهِ} [البقرة:196]

"നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറഃയും പൂർണ്ണമായി നിർവഹിക്കുക". [അൽ ബഖറ: 196], അതിനു പുറമെ, വരുന്ന വർഷത്തിലോ തൊട്ടടുത്ത അവസരത്തിലോ ആ ഹജ്ജ് ഖളാ വീട്ടുകയും വേണം. കഴിയുന്നതും വൈകിപ്പിക്കാതെ അത് നിർവഹിക്കുകയും വേണം. ഇക്കാര്യത്തിൽ സ്വഹാബികളുടെയും മറ്റു പണ്ഡിതന്മാരുടെയും ഇജ്മാഅ് ഉണ്ട്. അത് സുന്നതായ ഹജ്ജാണെങ്കിലും ഈ നിയമങ്ങൾ ബാധകമാണ്.

രണ്ടാമത്തെ അവസ്ഥ : ഒന്നാമത്തെ തഹല്ലുലിന് ശേഷം വേഴ്ച സംഭവിച്ചാൽ, അവന്റെ ഹജ്ജ് അസാധു ആവുകയില്ല പക്ഷെ

ഫിദ്‌യയായി ഒരാടിനെ അറുത്ത് പാവങ്ങൾക്ക് വിതരണം ചെയ്യൽ നിർബന്ധമാണ്. അതിൽ നിന്നും സ്വയം ഭക്ഷിക്കുവാൻ പാടില്ല താനും.

ഇഹ്റാമിൽ പാടില്ലാത്ത മറ്റു കാര്യങ്ങൾ സംഭവിച്ചാലൊന്നും ഹജ്ജ് അസാധു ആവുകയില്ല.

7- വേട്ടയാടൽ: ഇവിടെ വേട്ടമൃഗം കൊണ്ട് വിവക്ഷ മനുഷ്യരോട് വല്ലാതെ ഇണക്കമില്ലാത്ത ഹറാമല്ലാത്ത കരജീവികളാണ്, ഉദാ: മാൻ, മുയൽ, പ്രാവ്. അല്ലാഹു പറയുന്നു :

{أُحِلَّتْ لَكُم بَهِيمَةُ ٱلْأَنْعَٰمِ إِلَّا مَا يُتْلَىٰ عَلَيْكُمْ غَيْرَ مُحِلِّى ٱلصَّيْدِ وَأَنتُمْ حُرُمٌ ۗ إِنَّ ٱللَّهَ يَحْكُمُ مَا يُرِيدُ} [المائدة:1]

"നിങ്ങൾക്ക് വിവരിച്ചുതരുന്നതൊഴിച്ചുള്ള ആട്, മാട്, ഒട്ടകം എന്നീ ഇനങ്ങളിൽ പെട്ട മൃഗങ്ങൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. എന്നാൽ നിങ്ങൾ ഇഹ്റാമിൽപ്രവേശിച്ചവരായിരിക്കെ വേട്ടയാടുന്നത് അനുവദനീയമാക്കരുത് ". [അൽ-മാഇദ: 1]. അല്ലാഹു പറയുന്നു :

{يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَقْتُلُوا۟ ٱلصَّيْدَ وَأَنتُمْ حُرُمٌ} [المائدة: 95]

"സത്യവിശ്വാസികളേ, നിങ്ങൾ ഇഹ്റാമിലായിരിക്കെ വേട്ടമൃഗത്തെ കൊല്ലരുത് ". [അൽ-മാഇദ: 95].

## Page 40

ഇഹ്റാമിലുള്ളവർക്കും ഇഹ്റാമിലല്ലാത്ത മക്ക ഹറമിന്റെ പരിധിയിലുള്ളവർക്കും വേട്ടയാടാൻ പാടില്ല- അത് നേരിട്ട് വേട്ടയാടിയിട്ടാണെങ്കിലും, അതിന് ഏതെങ്കിലും നിലക്ക് കൂട്ടുനിന്നിട്ടോ മൃഗത്തെ ഓടിച്ചിട്ടോ ആണെങ്കിലും ശരി.

എന്നാൽ കടൽ ജീവികളെ വേട്ടയാടൽ ഇഹ്റാമിലും അനുവദനീയമാണ്. അല്ലാഹു പറയുന്നു:

{أُحِلَّ لَكُمْ صَيْدُ ٱلْبَحْرِ وَطَعَامُهُۥ مَتَٰعًا لَّكُمْ وَلِلسَّيَّارَةِ ۖ وَحُرِّمَ عَلَيْكُمْ صَيْدُ ٱلْبَرِّ مَا دُمْتُمْ حُرُمًا ۗ وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ إِلَيْهِ تُحْشَرُونَ} [المائدة:96]

"നിങ്ങൾക്കും യാത്രാസംഘങ്ങൾക്കും ജീവിതവിഭവമായിക്കൊണ്ട് കടലിലെ വേട്ട ജന്തുക്കളും സമുദ്രാഹാരവും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഇഹ്റാമിലായിരിക്കു മ്പോഴൊക്കെയും കരയിലെ വേട്ടജന്തുക്കൾ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. എതൊരുവനിലേക്കാണോ നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നത് ആ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക". [അൽ-മാഇദ: 96].

ഇനി ആരെങ്കിലും ഇഹ്റാമിൽ ആയിരിക്കെ മനഃപൂർവ്വം വേട്ടയാടിയാൽ, അവൻ ആ കുറ്റത്തിൽ നിന്നും പാപമോചനം തേടുന്നതോടൊപ്പം അതിനുള്ള പ്രായശ്ചിത്തവും ചെയ്യേണ്ടതാണ്. അല്ലാഹു പറയുന്നു:

{يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَقۡتُلُواْ ٱلصَّيۡدَ وَأَنتُمۡ حُرُمٞۚ وَمَن قَتَلَهُۥ مِنكُم مُّتَعَمِّدٗا فَجَزَآءٞ مِّثۡلُ مَا قَتَلَ مِنَ ٱلنَّعَمِ يَحۡكُمُ بِهِۦ ذَوَا عَدۡلٖ مِّنكُمۡ هَدۡيَۢا بَٰلِغَ ٱلۡكَعۡبَةِ أَوۡ كَفَّٰرَةٞ طَعَامُ مَسَٰكِينَ أَوۡ عَدۡلُ ذَٰلِكَ صِيَامٗا لِّيَذُوقَ وَبَالَ أَمۡرِهِۦۗ عَفَا ٱللَّهُ عَمَّا سَلَفَۚ وَمَنۡ عَادَ فَيَنتَقِمُ ٱللَّهُ مِنۡهُۚ وَٱللَّهُ عَزِيزٞ ذُو ٱنتِقَامٍ} [المائدة: 95]

"സത്യവിശ്വാസികളേ, നിങ്ങൾ ഇഹ്റാമിലായിരിക്കെ വേട്ടമൃഗത്തെ കൊല്ലരുത്. നിങ്ങളിലൊരാൾ മനഃപൂർവ്വം അതിനെ കൊല്ലുന്ന പക്ഷം, അവൻ കൊന്നതിന് തുല്യമെന്ന് നിങ്ങളിൽ രണ്ടുപേർ തീർപ്പുകൽപിക്കുന്ന കാലിയെ (അഥവാ കാലികളെ) കഅ്ബത്തിങ്കൽ എത്തിച്ചേരേണ്ട ബലിമൃഗമായി നൽകേണ്ടതാണ്. അല്ലെങ്കിൽ പ്രായശ്ചിത്തമായി ഏതാനും അഗതികൾക്ക് ആഹാരം നൽകുകയോ, അല്ലെങ്കിൽ അതിന് തുല്യമായി നോമ്പെടുക്കുകയോ ചെയ്യേണ്ടതാണ്. അവൻ ചെയ്തതിന്റെ ഭവിഷ്യത്ത് അവൻ അനുഭവിക്കാൻ വേണ്ടിയാണിത്. മുമ്പ് ചെയ്തു പോയതിന് അല്ലാഹു മാപ്പുനൽകിയിരിക്കുന്നു. വല്ലവനും അത് ആവർത്തിക്കുന്ന പക്ഷം അല്ലാഹു അവന്റെ നേരെ ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി കൈക്കൊള്ളുന്നവനുമാകുന്നു". [അൽ-മാഇദ: 95].

ഒരു പ്രാവിനെയാണ് കൊല്ലുന്നത് എങ്കിൽ, (ഇബ്നു അബ്ബാസ് വിധിച്ച പോലെ) അതിനു പകരം നിൽക്കുന്നത് ഒരു ആടാണ്.

- ഒന്നുകിൽ ഒരു ആടിനെ അറുത്ത് പാവങ്ങൾക്ക് വിതരണം ചെയ്യുക,

- അല്ലെങ്കിൽ ആ ആടിന്റെ വിലയുടെ തുല്യമായ ഭക്ഷണം പാവങ്ങൾക്ക് (ഒരാൾക്കു അര സ്വാഅ് = ഏകദേശം 1.5 കിലോ വീതം) വിതരണം ചെയ്യുക,

- അതുമല്ലെങ്കിൽ മിസ്കീനുകൾക്ക് ഭക്ഷണം നൽകുന്നതിന് പകരം ഓരോ ദിവസം എന്ന നിലക്ക് നോമ്പ് അനുഷ്ഠിക്കുക.

ഹറമിന്റെ പരിധിക്കുള്ളിൽ മനുഷ്യർ നട്ടുപിടിപ്പിച്ചതല്ലാത്ത പച്ച മരങ്ങളോ ചെടികളോ മുറിക്കുവാൻ പാടില്ല: അത് ഇഹ്റാമിൽ ഉള്ളവർക്ക് മാത്രമല്ല ഹറമിന്റെ പരിധിയിലുള്ള ആർക്കും പാടില്ല. അതുകൊണ്ടുതന്നെ അറഫയിലെ മരം മുറിക്കൽ അനുവദനീയമാണ് കാരണം അറഫ ഹറമിന്റെ പരിധിക്ക് പുറത്താണ്. എന്നാൽ മിനായിലെയും മുസ്ദലിഫയിലെയും മരങ്ങൾ മുറിക്കാൻ -ഇഹ്റാമിലുള്ളവർക്കും അല്ലാത്തവർക്കും -പാടില്ല, കാരണം അവ ഹറമിന്റെ പരിധിക്ക് ഉള്ളിലാണ്.

മേൽപ്പറഞ്ഞ ഏഴു കാര്യങ്ങളാണ് ഇഹ്റാമിലുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പാടില്ലാത്തത്.

**കുറിപ്പ്:** ഹറമിൽ വീണു കിട്ടിയ സാധനങ്ങൾ ഇഹ്റാമിലുള്ളവർക്കും അല്ലാത്തവർക്കും എടുക്കുവാൻ പാടില്ല- അതിന്റെ ഉടമ എത്തുന്നതുവരെ ആളുകൾക്കിടയിൽ അത് വിളംബരം ചെയ്യാൻ ഉദ്ദേശിക്കുന്നവനൊഴികെ.

അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) വിൽ നിന്നും നിവേദനം: മക്കാവിജയ ദിവസം നബി ﷺ പറഞ്ഞു:

"إِنَّ هَذَا الْبَلَدَ حَرَّمَهُ اللَّهُ يَوْمَ خَلَقَ السَّمَوَاتِ وَالأَرْضَ، فَهْوَ حَرَامٌ بِحُرْمَةِ اللَّهِ إِلَى يَوْمِ الْقِيَامَةِ، وَإِنَّهُ لَمْ يَحِلَّ الْقِتَالُ فِيهِ لأَحَدٍ قَبْلِي، وَلَمْ يَحِلَّ لِي إِلاَّ سَاعَةً مِنْ نَهَارٍ، فَهْوَ حَرَامٌ بِحُرْمَةِ اللَّهِ إِلَى يَوْمِ الْقِيَامَةِ، لاَ

يُعْضَدُ شَوْكُهُ، وَلاَ يُنَفَّرُ صَيْدُهُ، وَلاَ يَلْتَقِطُ لُقَطَتَهُ إِلاَّ مَنْ عَرَّفَهَا، وَلاَ يُخْتَلَى خَلاَهُ ". فَقَالَ الْعَبَّاسُ يَا رَسُولَ اللَّهِ إِلاَّ الإِذْخِرَ، فَإِنَّهُ لِقَيْنِهِمْ وَلِبُيُوتِهِمْ. قَالَ " إِلاَّ الإِذْخِرَ ". [متفق عليه]

**Page 42**

"ആകാശഭൂമികളെ പടച്ച നാളിൽ അല്ലാഹു ഈ നാടിനെ പവിത്രമാക്കിയിരിക്കുന്നു. അല്ലാഹു പവിത്രമാക്കിയത് പ്രകാരം അത് ഖിയാമത്ത് നാൾ വരെ പവിത്രമായി തന്നെ തുടരും. എനിക്കുമുമ്പ് ആർക്കും ഇവിടെ യുദ്ധം അനുവദിക്കപ്പെട്ടിട്ടില്ല, എനിക്കുതന്നെ പകലിന്റെ ഒരല്പസമയം അല്ലാതെ (ഇവിടെ യുദ്ധം അനുവദിക്കപ്പെട്ടിട്ടില്ല). അല്ലാഹു പവിത്രമാക്കിയത് പ്രകാരം അത് ഖിയാമത്ത് നാൾ വരെ പവിത്രമായി തന്നെ തുടരും. അതിലെ മുള്ളുകൾ പറിക്കപ്പെടരുത്, അതിലെ വേട്ട മൃഗങ്ങൾ ഓടിക്കപ്പെടരുത്, അതിലെ വീണു കിട്ടിയ സാധനങ്ങൾ എടുക്കുവാൻ പാടില്ല- അത് വിളംബരം ചെയ്യാൻ ഉദ്ദേശിച്ചവനൊഴികെ- അതിലെ പുല്ല് പോലും പറിക്കപ്പെടാൻ പാടില്ല". [ബുഖാരി 3189, മുസ്‌ലിം 1353, 445]. അപ്പോൾ അബ്ബാസ് (റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ ഇദ്ഖിർ പുല്ല് ഒഴികെ- അത് കൊല്ലന്മാർക്കും വീട് നിർമ്മാണത്തിനും വേണ്ടിവരും. അപ്പോൾ നബി ﷺ പറഞ്ഞു : "ഇദ്ഖിർ പുല്ല് ഒഴികെ".

ഹറമിൽ വല്ലതും വീണു കിട്ടിയാൽ ഒന്നുകിൽ അതിന്റെ ഉടമയെ കണ്ട് അദ്ദേഹത്തിന് ഏൽപ്പിക്കുക, അല്ലെങ്കിൽ അത്തരം വസ്തുക്കൾക്ക് പ്രത്യേകം സജ്ജീകരിച്ച ഡിപ്പാർട്ട്മെന്റുകളിൽ അത് ഏൽപ്പിക്കുക.

**രണ്ടാമത്തെ ഇനം: പുരുഷന്മാർക്ക് മാത്രം പാടില്ലാത്തവ.**

സ്ത്രീകളെ കൂടാതെ പുരുഷന്മാർക്ക് മാത്രമായി പാടില്ലാത്ത കാര്യങ്ങൾ രണ്ടാണ്:-

1- തല മറക്കൽ : അബ്ദുല്ലാഹിബ്നു ഉമർ (റ) വിൽ നിന്നും നിവേദനം ചെയ്യുന്ന ഹദീസ് അതിന് തെളിവാണ്: ഒരാൾ വന്നു

ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഇഹ്റാമിൽ ആയിരിക്കെ ഒരാൾ എന്ത് വസ്ത്രമാണ് ധരിക്കേണ്ടത്?

അല്ലാഹുവിന്റെ ദൂതർ ﷺ പറഞ്ഞു:

" لاَ يَلْبَسُ الْقُمُصَ وَلاَ الْعَمَائِمَ وَلاَ السَّرَاوِيلاَتِ وَلاَ الْبَرَانِسَ...." [متفق عليه]

" അവൻ ഷർട്ടുകളോ തലപ്പാവുകളോ പാന്റുകളോ ഹൂഡി പോലത്തെ തല മറക്കുന്ന വസ്ത്രങ്ങളോ ധരിക്കാൻ പാടില്ല". "[ബുഖാരി 1543, മുസ്‌ലിം 1177].

## Page 43

തല മറയുന്നതു കാരണമാണ് നബി ﷺ തലപ്പാവുകളും മറ്റും ഇഹ്റാമിൽ നിരോധിച്ചത്. അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) വിൽ നിന്നും നിവേദനം ചെയ്യുന്ന ഹദീസിൽ ഇപ്രകാരം കാണാം:

عَنِ ابْنِ عَبَّاسٍ ـ رضى الله عنهما ـ قَالَ وَقَصَتْ بِرَجُلٍ مُحْرِمٍ نَاقَتُهُ، فَقَتَلَتْهُ، فَأُتِيَ بِهِ رَسُولُ اللَّهِ صلى الله عليه وسلم فَقَالَ " اغْسِلُوهُ، وَكَفِّنُوهُ، وَلاَ تُغَطُّوا رَأْسَهُ، وَلاَ تُقَرِّبُوهُ طِيبًا، فَإِنَّهُ يُبْعَثُ يُهِلُّ ". [متفق عليه]

"ഇഹ്റാമിലായിരിക്കെ തന്റെ ഒട്ടകപ്പുറത്തുനിന്നും വീണു കൊല്ലപ്പെട്ട ഒരാളെ നബി ﷺ യുടെ അടുക്കൽ കൊണ്ടുവരപ്പെട്ടു, അപ്പോൾ നബി ﷺ കൽപ്പിച്ചു: ഇദ്ദേഹത്തെ കുളിപ്പിച്ച് കഫൻ ചെയ്യുക, എന്നാൽ ഇദ്ദേഹത്തിന്റെ തല മറക്കുകയോ സുഗന്ധം പുരട്ടുകയോ ചെയ്യരുത്, കാരണം ഇഹ്റാമിൽ തന്നെയാണ് ഇദ്ദേഹം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുക." [ബുഖാരി 1839, മുസ്‌ലിം 1206, 99], ഇഹ്റാമിൽ ആയിരിക്കെ മരണപ്പെട്ടത് കാരണമാണ് അദ്ദേഹത്തിന്റെ തല മറക്കരുത് എന്ന് നബി ﷺ പറഞ്ഞത്.

തലപ്പാവ്, തട്ടം, തൊപ്പി തുടങ്ങിയ തലയോട് ചേർന്നു നിൽക്കുന്ന വസ്ത്രങ്ങൾ പുരുഷന് ധരിക്കാൻ പാടില്ല, എന്നാൽ തലയോട് ചേർന്ന് നിൽക്കാത്ത കൂടാരം, കുട, വാഹനത്തിന്റെ മേൽക്കൂര തുടങ്ങിയവ

വിലക്കപ്പെട്ടതല്ല. ജാബിർ (റ) ഉദ്ധരിക്കുന്ന സുദീർഘമായ ഹദീസിൽ കാണാം:

"നമിറയിൽ വെച്ച് നബി ﷺ ക്ക് വേണ്ടി രോമത്തിന്റെ കൂടാരം ഒരുക്കുവാൻ നബി ﷺ കൽപ്പിച്ചു. ഖുറൈശികൾ ജാഹിലിയ്യത്തിൽ ചെയ്തതുപോലെ മശ്അറുൽ ഹറാമിൽ (മുസ്ദലിഫ) നബി ﷺ നിൽക്കുമെന്ന കാര്യത്തിൽ അവർക്ക് സംശയം ഉണ്ടായിരുന്നില്ല. അങ്ങനെ നബി ﷺ (മുസ്ദലിഫയും) താണ്ടി അറഫയിലെത്തിയപ്പോൾ അതാ അദ്ദേഹത്തിനു വേണ്ടി നമിറയിൽ കൂടാരം ഒരുക്കപ്പെട്ടിരിക്കുന്നു, അങ്ങനെ നബി ﷺ അതിൽ പ്രവേശിച്ചു". [ മുസ്‌ലിം 1218, 147].

**Page 44**

ഉമ്മുൽ ഹുസൈൻ (റ) വിൽ നിന്നും നിവേദനം: അവർ പറഞ്ഞു: "നബിയുടെ കൂടെ ഹജ്ജതുൽ വിദാഅ് ഞാൻ നിർവഹിച്ചിരുന്നു, അവിടെ ഉസാമയെയും ബിലാലിനെയും ഞാൻ കണ്ടു; ഒരാൾ നബി ﷺ യുടെ ഒട്ടകത്തിന്റെ കയർ പിടിച്ചും, മറ്റേയാൾ വസ്ത്രം ഉയർത്തിക്കൊണ്ട് നബിക്ക് ചൂടിൽ നിന്നും മറപിടിച്ചു കൊണ്ടും. ജംറതുൽ അഖബയിൽ എറിയുന്നതുവരെ (ഇത് തുടർന്നുകൊണ്ടിരുന്നു)". [മുസ്‌ലിം 1298, 312]

തലയുടെ ചില ഭാഗങ്ങൾ മറഞ്ഞാലും തന്റെ സാധന സാമഗ്രികൾ തലയിൽ വഹിക്കുന്നതിൽ തെറ്റില്ല. അപ്രകാരം വെള്ളത്തിൽ മുങ്ങുന്നതിനും തെറ്റില്ല; തലമറക്കാൻ വേണ്ടി ചെയ്യുന്നതല്ലലോ ഇതൊന്നും. തല വെള്ളത്തിൽ (മുങ്ങി) മൂടിയാലും ശരി.

2- തുന്നിയ വസ്ത്രം ധരിക്കൽ: ശരീരത്തിന്റെ ആകാരത്തിനനുസരിച്ച് തയ്ച്ചുണ്ടാക്കിയ വസ്ത്രങ്ങളാണ് ഇതുകൊണ്ട് വിവക്ഷ. ശരീരം പൂർണ്ണമായും മറയുന്ന രീതിയിലുള്ള ഷർട്ടുകളും ജുബ്ബകളും, ഭാഗികമായി മറയുന്ന സോക്സുകളും കൈയുറകളും ഇതിൽ ഉൾപ്പെടുന്നു. അബ്ദുല്ലാഹിബ്നു ഉമർ (റ) വിൽ നിന്നും നിവേദനം: ഒരാൾ വന്നു ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഇഹ്റാമിൽ ആയിരിക്കെ ഒരാൾ എന്ത് വസ്ത്രമാണ് ധരിക്കേണ്ടത്? അല്ലാഹുവിന്റെ

ദൂതർ പറഞ്ഞു: "അവൻ ഷർട്ടുകളോ തലപ്പാവുകളോ പാന്റുകളോ ഹൂഡി (പോലത്തെ തല മറക്കുന്ന വസ്ത്രങ്ങളോ), ഖുഫ്ഫയോ (തോൽകൊണ്ടുള്ള കാലുറ) ധരിക്കാൻ പാടില്ല - ഇനി വല്ലവനും ചെരിപ്പ് ലഭിക്കാത്ത പക്ഷം അവൻ ഖുഫ്ഫ മടമ്പിന്റെ താഴെ മുറിച്ച് ധരിച്ചുകൊള്ളട്ടെ. കുങ്കുമമോ വർസോ സ്പർശിച്ച ഒരു വസ്ത്രവും ധരിക്കരുത് ". [ബുഖാരി 1543, മുസ്‌ലിം 1177].

## Page 45

ഉടുക്കാൻ തുണി ലഭിക്കാതിരിക്കുകയോ, വാങ്ങാൻ പണമില്ലാതിരിക്കുകയോ ചെയ്താൽ പാന്റുധരിക്കുന്നതിൽ തെറ്റില്ല. ചെരുപ്പ് ലഭിക്കാത്ത പക്ഷം കാലുറ ധരിക്കുന്നതിൽ തെറ്റില്ല, അടിഭാഗം മുറിക്കണ്ട ആവശ്യമില്ല. ഇബ്നു അബ്ബാസ് (റ) വിൽ നിന്നും നിവേദനം ചെയ്യുന്ന ഹദീസിൽ കാണാം:

عَنِ ابْنِ عَبَّاسٍ ـ رضى الله عنهما ـ قَالَ خَطَبَنَا النَّبِيُّ صلى الله عليه وسلم بِعَرَفَاتٍ فَقَالَ " مَنْ لَمْ يَجِدِ الإِزَارَ فَلْيَلْبَسِ السَّرَاوِيلَ، وَمَنْ لَمْ يَجِدِ النَّعْلَيْنِ فَلْيَلْبَسِ الْخُفَّيْنِ ". [متفق عليه]

അറഫയിൽ വെച്ച് നബി ﷺ ഞങ്ങളോട് പ്രസംഗിച്ചുകൊണ്ട് പറഞ്ഞു: "ആർക്കെങ്കിലും ഉടുക്കാൻ തുണി ലഭിച്ചില്ലെങ്കിൽ അവൻ പാന്റ് ധരിക്കട്ടെ, ആർക്കെങ്കിലും ധരിക്കാൻ ചെരുപ്പ് ലഭിച്ചില്ലെങ്കിൽ അവൻ കാലുറ ധരിച്ചു കൊള്ളട്ടെ". [ബുഖാരി 1843, മുസ്‌ലിം 1178] ഈ സംഭവം അറഫയിൽ വെച്ചായിരുന്നു. കാലുറ മടമ്പിന്റെ കീഴെ മുറിച്ചു കൊണ്ട് ധരിക്കണമെന്നുള്ള നിയമം ഇവിടെ അസാധുവാക്കി.

ഷർട്ട് ഓവർകോട്ട് തുടങ്ങിയവ സാധാരണനിലക്ക് ധരിക്കാതെ, ശരീരത്തിനു മുകളിലൂടെ പുതക്കുന്നതിനും തെറ്റില്ല.

സ്ത്രീകൾ അവരുടെ അബാഅത് (ശരീരം മുഴുവൻ മൂടുന്ന വസ്ത്രം) സാധാരണ നിലക്ക് ധരിക്കുന്നത് പോലെ ധരിക്കാതെ ശരീരത്തിൽ മൂടുന്നതിന് വിരോധമില്ല. ചുമലിൽ അത് ധരിക്കരുത്.

മോതിരം, കണ്ണട, വാച്ച്, ഇയർഫോൺ, ഉടുമുണ്ട് മുറുക്കുവാനുള്ള ബെൽറ്റ്, അവശ്യവസ്തുക്കൾ വെക്കാനുള്ള ചെറിയ ബാഗ്, കഴുത്തിൽ തൂക്കുന്ന വെള്ള പാത്രം, പേഴ്സ് തുടങ്ങിയവ അനുവദനീയമാണ്.

**Page 46**

അഴിഞ്ഞുപോകും എന്ന് ഭയപ്പെട്ടാൽ പുതച്ച തുണി കെട്ടിയിടുന്നതിലും തെറ്റില്ല.

മുമ്പുദ്ധരിച്ച ഇബ്നു ഉമർ (റ) വിന്റെ ഹദീസിൽ പരാമർശിക്കാത്ത എന്തും ഇഹ്റാമിൽ ധരിക്കാവുന്നതാണ്. 'എന്തു ധരിക്കാം' എന്ന ചോദ്യത്തിന് 'എന്ത് ധരിച്ചുകൂടാ' എന്ന് ഉത്തരം പറഞ്ഞതിലൂടെ വ്യക്തമാണ്.

**മൂന്ന് : സ്ത്രീകൾക്ക് മാത്രം പാടില്ലാത്തത്**

ഇഹ്റാമിൽ ഉള്ള സ്ത്രീ നിഖാബ്, ബുർഖ, കൈയുറകൾ മുതലായവ ധരിക്കാൻ പാടില്ല. അബ്ദുല്ലാഹിബ്നു ഉമർ (റ) വിൽ നിന്നും മൗഖൂഫായി ഉദ്ധരിക്കപ്പെടുന്ന ഹദീസിൽ കാണാം:

" وَلاَ تَنْتَقِبِ الْمَرْأَةُ الْمُحْرِمَةُ وَلاَ تَلْبَسِ الْقُفَّازَيْنِ " [رواه البخاري]

"ഇഹ്റാമിലുള്ള സ്ത്രീ നിഖാബ് ധരിക്കുവാനോ കൈയുറ ധരിക്കുവാനോ പാടില്ല". [ബുഖാരി 1838]

അന്യ പുരുഷന്മാർ അരികിലൂടെ കടന്നു പോവുകയും, അവൾക്ക് മുഖം മറക്കേണ്ടതായും വന്നാൽ - വസ്ത്രത്തിന്റെയോ തട്ടത്തിന്റെയോ തുമ്പ് അവൾ മുഖത്തിന് മീതെ തൂക്കിയിടുകയാണ് വേണ്ടത്. ആഇശ (റ) പറയുന്നു:

عَنْ عَائِشَةَ، قَالَتْ: "كَانَ الرُّكْبَانُ يَمُرُّونَ بِنَا وَنَحْنُ مَعَ رَسُولِ اللَّهِ صلى الله عليه وسلم مُحْرِمَاتٌ فَإِذَا حَاذَوْا بِنَا سَدَلَتْ إِحْدَانَا جِلْبَابَهَا مِنْ رَأْسِهَا إِلَى وَجْهِهَا فَإِذَا جَاوَزُونَا كَشَفْنَاهُ. "

"ഞങ്ങൾ നബി ﷺ യോടൊപ്പം ഇഹ്റാമിൽ ആയിരിക്കെ, പുരുഷന്മാരുടെ സംഘം ഞങ്ങൾക്ക് മുമ്പിലൂടെ കടന്നു

പോകുമായിരുന്നു. അവർ ഞങ്ങളുടെ അടുത്തെത്തിയാൽ, ഞങ്ങളുടെ മൂടുപടത്തിന്റെ ഭാഗം തലയിൽ നിന്നും മുഖത്തേക്ക് വലിച്ചിടും, അവർ പോയികഴിഞ്ഞാൽ മുഖം തുറന്നിടുകയും ചെയ്യും". [അഹ്മദ് 2402]

## Page 47,48

ആഇശ (റ) പറയുന്നു: "ഇഹ്റാമിലുള്ള സ്ത്രീ അവൾ ഉദ്ദേശിക്കുന്ന വസ്ത്രം ധരിച്ചുകൊള്ളട്ടെ- കുങ്കുമമോ വർസോ സ്പർശിച്ചത് ഒഴികെ. അവൾ ബുർഖയോ മുഖാവരണമോ ധരിക്കരുത്. അവൾ ഉദ്ദേശിക്കുകയാണെങ്കിൽ അവളുടെ വസ്ത്രം മുഖത്തിനുമീതെ വലിച്ചിട്ടുകൊള്ളട്ടെ".

ഫാത്വിമ ബിൻത് മുൻദിർ (റഹി) പറയുന്നു: "ഞങ്ങൾ അസ്മാഅ് ബിൻത് അബീബകറിന്റെ കൂടെയായിരിക്കെ, ഇഹ്റാമിലായികൊണ്ട് തന്നെ മുഖം മറച്ചിരുന്നു". [മുവത്വഅ് മാലിക് 1/328].

സ്ത്രീകൾ അവരുടെ തലയും മുടിയും അന്യപുരുഷന്മാരുടെ സാന്നിധ്യത്തിൽ -നിഖാബല്ലാത്ത വസ്ത്രം കൊണ്ട്- മുഖവും മറക്കേണ്ടതുണ്ട്. അലങ്കാരപ്രദർശനം ഇല്ലാത്ത കാലുറകളും മറ്റെല്ലാ വസ്ത്രങ്ങളും അവൾക്ക് അനുവദനീയമാണെന്ന് പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു.

സ്ത്രീകൾക്കായാലും പുരുഷന്മാർക്കായാലും കുളിക്കുമ്പോൾ ഇഹ്റാമിന്റെ വസ്ത്രം മാറ്റുന്നതും അഴിക്കുന്നതും അലക്കിയിടുന്നതും അനുവദനീയമാണ്.

## Page 49

### അദ്ധ്യായം എട്ട് : നിഷിദ്ധം ചെയ്താലുള്ള പ്രായശ്ചിത്തങ്ങൾ.

ഇഹറാമിലെ നിഷിദ്ധങ്ങൾ നാം മുമ്പ് മനസ്സിലാക്കിയല്ലോ. അത്തരം നിഷിദ്ധങ്ങളെ അവയുടെ ഫിദ്'യ (പ്രായശ്ചിത്തം) അനുസരിച്ച് നാലാക്കി തിരിക്കാം:

1- പ്രായശ്ചിത്തം ഇല്ലാത്തവ- നികാഹ് ഉടമ്പടി.

2- ബുദ്ന - ഒട്ടകം പ്രായശ്ചിത്തമായി നൽകേണ്ടവ- ഒന്നാം തഹല്ലുലിനു മുമ്പായി ശാരീരികവേഴ്ച്ചയിൽ ഏർപ്പെട്ടാൽ.

3- കൊല്ലപ്പെട്ട മൃഗത്തിനു തുല്യമായതോ അതിനോട് സാദൃശ്യമുള്ളതിനെയോ പ്രായശ്ചിത്തമായി നൽകേണ്ടവ- വേട്ടമൃഗത്തെ കൊല്ലൽ.

4- നോമ്പോ, ദാനധർമ്മമോ, ബലികർമ്മമോ (ഏതെങ്കിലും ഒന്ന്) പ്രായശ്ചിത്തമായി ചെയ്യേണ്ടവ.

ഇഹ്റാമിൽ ശരീര രോമങ്ങൾ നീക്കം ചെയ്യുന്നതിന് പ്രായശ്ചിത്തമായി മേൽപ്പറഞ്ഞ (നാലാം വിഭാഗം) കാര്യം ഖുർആൻ വ്യക്തമാക്കുന്നു :

"وَلَا تَحۡلِقُواْ رُءُوسَكُمۡ حَتَّىٰ يَبۡلُغَ ٱلۡهَدۡيُ مَحِلَّهُۥۚ فَمَن كَانَ مِنكُم مَّرِيضًا أَوۡ بِهِۦٓ أَذٗى مِّن رَّأۡسِهِۦ فَفِدۡيَةٞ مِّن صِيَامٍ أَوۡ صَدَقَةٍ أَوۡ نُسُكٖۚ" [البقرة: 196]

"ബലിമൃഗം എത്തേണ്ട സ്ഥാനത്ത് എത്തുന്നത് വരെ നിങ്ങൾ തല മുണ്ഡനം ചെയ്യാവുന്നതല്ല. നിങ്ങളിലാരെങ്കിലും രോഗിയാവുകയോ, തലയിൽ വല്ല ശല്യവും അനുഭവപ്പെടുകയോ ആണെങ്കിൽ (മുടിനീക്കുന്നതിന്) പ്രായശ്ചിത്തമായി നോമ്പോ, ദാനധർമ്മമോ, ബലികർമ്മമോ നിർവഹിച്ചാൽ മതിയാകും". [അൽ ബഖറഃ : 197].

നോമ്പിന്റെയും ദാനധർമ്മത്തിന്റെയും അറവിന്റെയും വിശദീകരണം നബി ﷺ നൽകിയിരിക്കുന്നു. കഅ്ബുബ്നു ഉജ്റ നബി ﷺ പറഞ്ഞതായി ഉദ്ധരിക്കുന്നു:" താങ്കളുടെ (തലയിലെ) പേൻ താങ്കളെ ബുദ്ധിമുട്ടിക്കുന്നുണ്ടാകും, അല്ലെ? "ഉണ്ട്, അല്ലാഹുവിന്റെ ദൂതരെ." അപ്പോൾ അല്ലാഹുവിന്റെ ദൂതർ ﷺ അദ്ദേഹത്തോട് പറഞ്ഞു: " താങ്കൾ തല മുണ്ഡനം ചെയ്യുക. എന്നിട്ട് (പ്രായശ്ചിത്തമായി) മൂന്നുദിവസം നോമ്പ് അനുഷ്ഠിക്കുകയോ, 6 സാധുക്കൾക്ക് ഭക്ഷണം

നൽകുകയോ, ഒരു ആടിനെ അറുക്കുകയോ ചെയ്യുക". [ബുഖാരി 1814, മുസ്‌ലിം 1201].

**Page 50**

ഇവിടെ ആട് എന്നതുകൊണ്ട് വിവക്ഷ: ബലികർമ്മത്തിന് പറ്റിയ, വയസ്സ് തികഞ്ഞ, വൈകല്യങ്ങളിൽ നിന്നും മുക്തമായ ആടാണ്.

ഇത്തരത്തിലുള്ള പ്രായശ്ചിത്തങ്ങളെയാണ് പണ്ഡിതന്മാർ "ഫിദ്‌യത്തുൽ അദാ" (ഉപദ്രവത്തിനുള്ള പ്രായശ്ചിത്തം) എന്ന് വിളിക്കുന്നത്. "തലയിൽ വല്ല ശല്യവും അനുഭവപ്പെടുകയോ ആണെങ്കിൽ..." എന്ന് അല്ലാഹു പറഞ്ഞത് അടിസ്ഥാനമാക്കിയാണ് ഈ നാമകരണം.

ഇഹ്റാമിൽ നിഷിദ്ധമായ മറ്റെല്ലാ കാര്യങ്ങൾക്കുമുള്ള പ്രായശ്ചിത്തം ഇതുതന്നെയാണ്. (ആദ്യം പറഞ്ഞ 3 വിഭാഗം ഫിദ്‌യ ഒഴികെ.)

**ഇഹ്റാമിൽ വിലക്കപ്പെട്ട കാര്യങ്ങൾ ചെയ്യുന്നത് മൂന്ന് നിലക്കാണ്:**

മുടിയെടുക്കൽ, സുഗന്ധം പൂശൽ, ശാരീരിക വേഴ്ചയിലേർപ്പെടൽ, വേട്ട മൃഗത്തെ കൊല്ലൽ തുടങ്ങി ഇഹ്റാമിൽ നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങൾ ഒരു ഹാജി ചെയ്യുമ്പോൾ, അത് മൂന്നാലൊന്ന് രൂപത്തിലായിരിക്കും:

**1- ഒന്നാമത്തെ അവസ്ഥ:** മറന്നുകൊണ്ടോ അറിവില്ലാതെയോ ഉറക്കിലോ നിർബന്ധിക്കപ്പെട്ടതുകൊണ്ടോ ഒരു ഹാജി ഇത്തരം കാര്യങ്ങൾ ചെയ്താൽ, അദ്ദേഹത്തിന് കുറ്റമോ പ്രായശ്ചിത്തമോ ഒന്നുമില്ല. അതുകാരണം അദ്ദേഹത്തിന്റെ കർമ്മങ്ങൾ അസാധു ആവുകയുമില്ല. പൊതുവെ ഇത്തരം അവസരങ്ങളിൽ അല്ലാഹു നൽകിയ ഇളവ് തന്നെയാണ് ഇവിടെയും ഇതിനുള്ള തെളിവ്. അല്ലാഹു പറയുന്നു:

{رَبَّنَا لَا تُؤَاخِذۡنَآ إِن نَّسِينَآ أَوۡ أَخۡطَأۡنَاۚ} [البقرة: 286]

"ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് അബദ്ധം പറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ.) [അൽ ബഖറ: 286].

**Page 51**

ഇതിനു മറുപടിയായി ഖുദ്സിയായ ഹദീസിൽ കാണാം: "ഞാനിതാ അപ്രകാരം ചെയ്തിരിക്കുന്നു". [മുസ്‌ലിം 126]. മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

{وَلَيْسَ عَلَيْكُمْ جُنَاحٌ فِيمَآ أَخْطَأْتُم بِهِۦ وَلَٰكِن مَّا تَعَمَّدَتْ قُلُوبُكُمْ} [الأحزاب ٥]

"അബദ്ധവശാൽ നിങ്ങൾ ചെയ്തു പോയതിൽ നിങ്ങൾക്ക് കുറ്റമില്ല. പക്ഷെ നിങ്ങളുടെ ഹൃദയങ്ങൾ അറിഞ്ഞുകൊണ്ട് ചെയ്തത് (കുറ്റകരമാകുന്നു.)". [അൽ ആഹ്സാബ്: 5].

വേട്ടമൃഗത്തെ കൊല്ലുന്ന വിഷയത്തിൽ അല്ലാഹു പറയുന്നു:

{وَمَن قَتَلَهُۥ مِنكُم مُّتَعَمِّدًا فَجَزَآءٌ مِّثْلُ مَا قَتَلَ مِنَ النَّعَمِ} [المائدة:95]

"നിങ്ങളിലൊരാൾ മനഃപൂർവ്വം അതിനെ കൊല്ലുന്ന പക്ഷം, അവൻ കൊന്നതിന് തുല്യമെന്ന് നിങ്ങളിൽ രണ്ടുപേർ തീർപ്പുകൽപിക്കുന്ന കാലിയെ (അഥവാ കാലികളെ) ബലിമൃഗമായി നൽകേണ്ടതാണ്". [അൽ-മാഇദ: 95]

ഇവിടെ പ്രായശ്ചിത്തം നൽകേണ്ടുന്നതിനുള്ള ഒരു നിബന്ധനയായി അല്ലാഹു പറഞ്ഞത്: "മനഃപൂർവ്വം ചെയ്യുക എന്നതാണ്." മനഃപൂർവ്വം ചെയ്യുന്നവൻ ശിക്ഷ അർഹിക്കുകയും ഉത്തരവാദി ആവുകയും ചെയ്യും. അപ്രകാരം; മനപ്പൂർവ്വമല്ലാതെ ചെയ്യുന്നവർ ശിക്ഷ അർഹിക്കുന്നില്ല.

ശ്രദ്ധിക്കുക: ഉറക്കം, അറിവില്ലായ്മ, മറവി പോലുള്ള അവസ്ഥകൾ മാറിയാൽ അവർക്കു പിന്നെ ആ നിഷിദ്ധത്തിൽ തുടരുവാൻ പാടില്ല. അറിവില്ലാത്ത വ്യക്തിക്ക് അറിവ് ലഭിച്ചാൽ / മറന്നുപോയവനെ ഓർമ്മപ്പെടുത്തിയാൽ / ഉറങ്ങുന്നവൻ ഉണർന്നാൽ അവൻ ആ

നിഷിദ്ധം ഉടൻതന്നെ ഒഴിവാക്കണം. വീണ്ടും അതിൽ തന്നെ തുടരുകയാണെങ്കിൽ അവന് കുറ്റം ലഭിക്കുന്നതോടൊപ്പം പ്രായശ്ചിത്തം ചെയ്യുകയും വേണം. അവൻ ആത്മാർത്ഥമായ തൗബ ചെയ്യുകയും പ്രായശ്ചിത്തം നൽകുകയും വേണം.

ഉദാ : ഒരാൾ ഉറക്കിൽ അറിയാതെ തല മറച്ചു, അയാൾ ഉറക്കിൽ ആയതുകൊണ്ട് തന്നെ അതിൽ കുറ്റമില്ല. എന്നാൽ ഉണർന്നതിനുശേഷവും അറിഞ്ഞുകൊണ്ട് അപ്രകാരം തുടരുകയാണെങ്കിൽ, അയാൾ പാപിയായി ഗണിക്കപ്പെടുകയും, മുകളിൽ സൂചിപ്പിച്ച പ്രായശ്ചിത്തം ചെയ്യൽ നിർബന്ധമായിത്തീരുകയും ചെയ്യും.

**Page 52**

2- രണ്ടാമത്തെ അവസ്ഥ: ന്യായമായ കാരണങ്ങൾ ഉള്ളതിനാൽ ഇഹ്റാമിൽ നിഷിദ്ധമായ കാര്യം മനഃപൂർവ്വം ചെയ്താൽ അയാൾ അതിനനുസരിച്ചുള്ള പ്രായശ്ചിത്തം ചെയ്യണം- എന്നാൽ അദ്ദേഹത്തിന് കുറ്റമില്ല. അല്ലാഹു പറയുന്നു:

{وَلَا تَحْلِقُوا رُءُوسَكُمْ حَتَّىٰ يَبْلُغَ الْهَدْيُ مَحِلَّهُ ۚ فَمَن كَانَ مِنكُم مَّرِيضًا أَوْ بِهِ أَذًى مِّن رَّأْسِهِ فَفِدْيَةٌ مِّن صِيَامٍ أَوْ صَدَقَةٍ أَوْ نُسُكٍ ۚ} [البقرة: 196]

"ബലിമൃഗം എത്തേണ്ട സ്ഥാനത്ത് എത്തുന്നത് വരെനിങ്ങൾ തല മുണ്ഡനം ചെയ്യാവുന്നതല്ല. നിങ്ങളിലാരെങ്കിലും രോഗിയാവുകയോ, തലയിൽ വല്ല ശല്യവും അനുഭവപ്പെടുകയോ ആണെങ്കിൽ (മുടി നീക്കുന്നതിന്) പ്രായശ്ചിത്തമായി നോമ്പോ, ദാനധർമ്മമോ, ബലികർമ്മമോ നിർവഹിച്ചാൽ മതിയാകും". [അൽ ബഖറ: 196].

ന്യായമുള്ളവർക്ക് ഇപ്രകാരം ചെയ്യാം എന്നതിന് കഅ്ബുബ്നു ഉജ്റയുടെ സംഭവത്തിൽ തെളിവുണ്ട്. മുഖത്തിനു മീതെ പേൻ കൊഴിഞ്ഞു വീഴുന്ന രീതിയിലാണ് അദ്ദേഹത്തെ നബി ﷺ യുടെ അടുക്കലേക്ക് കൊണ്ടുവന്നത്. അപ്പോൾ നബി ﷺ അദ്ദേഹത്തോട് പറഞ്ഞു: "താങ്കൾക്ക് ഇതുകൊണ്ട് ഇത്രയധികം ബുദ്ധിമുട്ടുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. താങ്കൾക്ക് (ബലിയറുക്കാൻ) ഒരു ആടിനെ കിട്ടുമോ?" ഞാൻ പറഞ്ഞു: "ഇല്ല". അപ്പോൾ നബി ﷺ പറഞ്ഞു:

“മൂന്നു ദിവസം നോമ്പ് അനുഷ്ഠിക്കുക, അല്ലെങ്കിൽ ആറു പാവങ്ങൾക്ക് ഭക്ഷണം നൽകുക- ഓരോ മിസ്കീനിനും അര സാഅ് വീതം, എന്നിട്ട് താങ്കൾ തല മുണ്ഡനം ചെയ്യുക". [ബുഖാരി 4517, മുസ്ലിം 1201, 85]

3- മൂന്നാമത്തെ അവസ്ഥ: നികാഹ്, വേഴ്ച എന്നിവയല്ലാതെ നിഷിദ്ധങ്ങൾ മനഃപൂർവ്വം യാതൊരു ന്യായവും ഇല്ലാതെ ചെയ്താൽ, അയാൾ അതിലൂടെ പാപിയാകുന്നു. ഉടൻതന്നെ അയാൾ തൗബ ചെയ്യുകയും, പ്രായശ്ചിത്തം ചെയ്യുകയും വേണം.



## അദ്ധ്യായം ഒൻപത് : ഉംറയുടെ രൂപം

### ഉംറയുടെ റുക്നുകൾ:

ഏതൊരു വസ്തുവിന്റെയും ഏറ്റവും ശക്തമായ ഭാഗത്തിന് അറബിയിൽ റുക്നെന്ന് പറയുന്നു.

ഹജ്ജിന്റെയും ഉംറയുടെയും റുക്ന് എന്നാൽ :

നിർബന്ധപൂർവം ചെയ്യാൻ കൽപ്പിക്കപ്പെട്ടതും, പകരമായി മറ്റൊന്ന് മതിയാകാത്തതുമായ കർമങ്ങളാണ്.

### ഉംറയുടെ റുക്നുകൾ മൂന്ന് :

1- ഇഹ്റാമിൽ പ്രവേശിക്കൽ

2- കഅ്ബക്ക് ചുറ്റും ത്വവാഫ് ചെയ്യൽ

3- സ്വഫാ മർവക്കിടയിൽ സഅ്യ് ചെയ്യൽ

### ഉംറയുടെ വാജിബുകൾ:

നിർബന്ധമായും ചെയ്യേണ്ടതിനാണ് ഭാഷയിൽ വാജിബ് എന്ന് പറയുന്നത്.

ചെയ്താൽ പ്രതിഫലം ലഭിക്കുന്നതും, ഒഴിവാക്കിയാൽ ശിക്ഷക്ക് അർഹനാകുന്നതുമായ കാര്യങ്ങൾക്കാണ് സാങ്കേതികമായി വാജിബ് എന്ന് പറയുന്നത്.

**Page 54**

**ഉംറയുടെ വാജിബുകൾ രണ്ട് :**

1: മീഖാതിൽ വെച്ച് ഇഹ്റാം ചെയ്യൽ.

2: തലമുടി വടിക്കൽ അല്ലെങ്കിൽ വെട്ടിച്ചെറുതാക്കൽ.

മേല്പറഞ്ഞതിന്റെ വിശദ രൂപം :

ഹജ്ജിന്റെയോ ഉംറയുടെയോ കർമ്മങ്ങളിലേക്ക് പ്രവേശിക്കുന്നതിനുള്ള നിയ്യത് (ഉദ്ദേശ്യം) - ഇതാണ് ഇഹ്റാം.

നിയ്യതിന്റെ സ്ഥാനം ഹൃദയമാണ്, 'അല്ലാഹുമ്മ ഇന്നീ നവയ്തു അൻ അ'തമിറ' (അല്ലാഹുവേ ഞാനിതാ ഉംറ ഉദ്ദേശിച്ചിരിക്കുന്നു) പോലുള്ള വാചകങ്ങൾ ചൊല്ലിപ്പറഞ്ഞുകൊണ്ട് നിയ്യത് ചെയ്യാൻ പാടില്ല. കാരണം ഹജ്ജിന്റെയോ ഉംറയുടെയോ നിസ്കാരതിന്റെയോ സകാതിന്റെയോ മുന്നോടിയായി നബി ﷺ യോ സ്വഹാബികളോ ഇപ്രകാരം ചെയ്തതായി ഒരു രേഖയുമില്ല. ഇനി ദുൻയാവിന്റെ കാര്യമെടുത്താൽ തന്നെയും, ബുദ്ധിയുള്ള ഒരാളും 'ഞാൻ വെള്ളം കുടിക്കാൻ ഉദ്ദേശിക്കുന്നു' എന്ന് പറഞ്ഞിട്ടല്ല വെള്ളം കുടിക്കാറ്..! കാരണം അവൻ വെള്ളം വായിലേക്ക് വെച്ചത് തന്നെ കുടിക്കാൻ വേണ്ടിയാണ്.

ഇതുതന്നെയാണ് ഇബാദത്തുകളുടെയും അവസ്ഥ. ഹാജി മീഖാതിലേക്ക് വന്നതും ഇഹ്റാമിന്റെ വസ്ത്രം ധരിച്ചതുമെല്ലാം ഹജ്ജിന്നോ ഉംറക്കോ വേണ്ടി മാത്രമാണ്. ഒരാൾ വുദ്വൂഅ് ചെയ്ത് എഴുന്നേറ്റ് നിന്ന് തക്ബീർ ചൊല്ലുന്നത് നിസ്കാരത്തിനു വേണ്ടി മാത്രമാണ്. അവിടെയൊന്നും തന്നെ നിയ്യത് ചൊല്ലിപ്പറയേണ്ടതില്ല.

**Page 55**

ഇഹ്റാമിലേക്ക് പ്രവേശിക്കുമ്പോഴുള്ള ചില സുന്നത്തുകൾ:

1- കുളി: ജനാബത്തിനെന്ന പോലെയാണ് ഇതിനും കുളിക്കേണ്ടത്. ആണിനും പെണ്ണിനും ഇത് ഒരുപോലെ ബാധകമാണ്- ആർത്തവമോ പ്രസവരക്തമോ ഉള്ള സ്ത്രീകളടക്കം. ജാബിർ (റ) വിൽ നിന്നുള്ള സുദീർഘമായ ഹദീസ് ഇതിന് തെളിവാണ്: "ഞങ്ങൾ ദുൽഹുലൈഫയിൽ (മീഖാത്) എത്തിയപ്പോൾ അസ്മാഅ് ബിൻതു ഉമൈസ് പുത്രൻ മുഹമ്മദിന് ജന്മം നൽകിയിരുന്നു. താനെന്ത് ചെയ്യണമെന്ന് നബി ﷺ യോട് അവർ ചോദിച്ചപ്പോൾ, നബി ﷺ പറഞ്ഞു: "നീ കുളിക്കുക, ഗുഹ്യഭാഗം തുണി വെച്ച് കെട്ടുക, എന്നിട്ട് ഇഹ്റാമിൽ പ്രവേശിച്ചു കൊള്ളുക". [മുസ്‌ലിം 1218].

2- സുഗന്ധം ഉപയോഗിക്കൽ: പുരുഷന്മാർക്ക് ഉള്ളതിൽ മുന്തിയ സുഗന്ധം തലയിലും താടിയിലും മറ്റും ഉപയോഗിക്കാവുന്നതാണ്. ഇഹ്റാമിന് ശേഷവും അത് ശരീരത്തിൽ അവശേഷിക്കുന്നതിൽ തെറ്റില്ല. ആഇശ (റ) നിവേദനം: അവർ പറഞ്ഞു: "കിട്ടാവുന്നതിൽ ഏറ്റവും മുന്തിയ സുഗന്ധം ഞാൻ നബി ﷺ ക്ക് പുരട്ടി കൊടുത്തിരുന്നു, ആ സുഗന്ധത്തിന്റെ തിളക്കം നബി ﷺ യുടെ തലയിലും താടിയിലും കാണാമായിരുന്നു". [ബുഖാരി 5923, മുസ്‌ലിം 1188].

**Page 56**

കുളിച്ചു സുഗന്ധം ഉപയോഗിച്ചതിനു ശേഷം, ഇഹ്റാമിന്റെ വസ്ത്രങ്ങൾ ധരിക്കുക. പുരുഷൻമാർക്ക് ഉടുക്കാനൊരു തുണിയും പുതക്കാനൊരു തുണിയുമാണ് ഇഹ്റാമിന്റെ വസ്ത്രം. സ്ത്രീകൾക്കാവട്ടെ അലങ്കാരമില്ലാത്ത ഏതു വസ്ത്രവും ധരിക്കാവുന്നതാണ്- നിഖാബോ കൈയുറകളോ ധരിക്കാവുന്നതല്ല. മുമ്പ് വിശദീകരിച്ചത് പോലെ- അന്യപുരുഷന്മാർ അടുത്തില്ലാത്ത സാഹചര്യത്തിൽ മുഖം മറക്കുവാനും പാടില്ല.

ഇഹ്റാമിൽ പ്രവേശിക്കുന്ന സമയത്ത് ഫർള് നിസ്കാരത്തിന്റെ സമയമാണെങ്കിൽ -ആർത്തവകാരികളും പ്രസവരക്തമുള്ളവരും

ഒഴികെ- അത് നിസ്കരിക്കുക. ഇനി നിസ്കാര സമയമല്ല എങ്കിൽ രണ്ടു റക്അത് സുന്നത് നിസ്കരിക്കുക. ഇപ്രകാരം ചെയ്താൽ പുണ്യമുണ്ട്, ഇല്ലായെങ്കിൽ കുറ്റമൊന്നുമില്ല. രണ്ടായാലും അവരുടെ ഇഹ്റാം ശരിയാകുന്നതാണ്.

നിസ്കാരം കഴിഞ്ഞാൽ ഇഹ്റാമിന്റെ നിയ്യത് (ഉദ്ദേശ്യം) മനസ്സിൽ കരുതി വാഹനപ്പുറത്ത് കയറി ഇപ്രകാരം പറയുക:

لَبَّيْكَ اللَّهُمَّ عُمْرَةً

"ലബ്ബൈകല്ലാഹുമ്മ ഉംറതൻ".

അബ്ദുല്ലാഹിബ്നു ഉമർ (റ) ന്റെ ഹദീസ് ഇതിനു തെളിവാണ്: "ദുൽഹുലൈഫയിലെ പള്ളിയിൽ വെച്ച് നബി ﷺ ചവിട്ടുപടിയിൽ തന്റെ കാല് വെച്ച്, അദ്ദേഹത്തെയും കൊണ്ട് ഒട്ടകം നിവർന്നു നിന്നപ്പോൾ ഇഹ്റാം ഉറക്കെ പ്രഖ്യാപിച്ചു". [ബുഖാരി 2865, മുസ്‌ലിം 1187].

**Page 57**

അതിന് ശേഷം തൽബിയത് അധികരിപ്പിക്കുക. നബി ﷺ യുടെ തൽബിയത് വിവരിച്ചു കൊണ്ട് ജാബിർ (റ) ഉദ്ധരിക്കുന്നു: നബി ﷺ തൗഹീദ് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞു:

{لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لاَ شَرِيكَ لَكَ}

"ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്, ലബ്ബൈക ലാ ശരീക ലക്ക ലബ്ബൈക്, ഇന്നൽ ഹംദ വന്നിഅ്മത ലക വൽ മുൽക്, ലാ ശരീക ലക് ".

അർത്ഥം: "അല്ലാഹുവേ, നിന്റെ വിളിക്കുത്തരമേകി ഞാനിതാ വന്നിരിക്കുന്നു. ഞാനിതാ വന്നിരിക്കുന്നു. ഞാനിതാ നിന്റെ വിളിക്കുത്തരം ചെയ്തിരിക്കുന്നു. നിനക്ക് ഒരു പങ്കുകാരനുമില്ല. നിന്റെ വിളിക്ക് ഞാൻ ഉത്തരം ചെയ്തിരിക്കുന്നു. എല്ലാ സ്തുതിയും അനുഗ്രഹങ്ങളും ആധിപത്യവും നിനക്കാണ്. നിനക്കൊരു പങ്കുകാരനുമില്ല."

ജനങ്ങൾ അവർ ചൊല്ലിക്കൊണ്ടിരുന്ന തൽബിയത് തുടർന്നുകൊണ്ടിരുന്നു, റസൂൽ അവയൊന്നും എതിർത്തില്ല, പ്രത്യുത റസൂലിന്റെ തൽബിയത് തുടർത്തിക്കൊണ്ടിരുന്നു". [മുസ്‌ലിം 1218].

" لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ وَسَعْدَيْكَ وَالْخَيْرُ بِيَدَيْكَ لَبَّيْكَ وَالرَّغْبَاءُ إِلَيْكَ وَالْعَمَلُ ".

"ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്, ലബ്ബൈക വസഅദൈക്, വൽ ഖൈറു ഫീ യദൈക്, ലബ്ബൈക വർറഗ്ബാഉ ഇലൈക വൽ അമൽ".

അർത്ഥം: "അല്ലാഹുവേ, നിന്റെ വിളിക്ക് ഞാനിതാ ഉത്തരം നൽകി വന്നിരിക്കുന്നു; ഞാനിതാ വന്നിരിക്കുന്നു. നിന്റെ സഹായം തേടിക്കൊണ്ട്. നന്മകൾ മുഴുവൻ നിന്റെ കരങ്ങളിലാണ്. എല്ലാ നന്മകളും തേടിക്കൊണ്ട്. എല്ലാ പ്രവർത്തനങ്ങൾക്കും തൗഫീഖ് ആഗ്രഹിച്ചു കൊണ്ട് ഞാനിതാ വന്നെത്തിയിരിക്കുന്നു".

എന്നിങ്ങനെ വർധിപ്പിക്കുന്നതിലും തെറ്റില്ല (ഉമർ (റ), അബ്ദുല്ലാഹിബ്നു ഉമർ (റ) എന്നിവരിൽ നിന്നും ഇപ്രകാരം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.) [മുസ്‌ലിം 1183].

## Page 58

ഹജ്ജ് നിർവഹിക്കുന്നവന്റെയും ഉംറ ചെയ്യുന്നവന്റെയും ചിഹ്നവും പ്രഥമ കർമ്മവും തൽബിയതാണ്. ദീനിൽ ഏറ്റവും പ്രധാനപ്പെട്ടതും ഗൗരവമേറിയതുമായ തൗഹീദിന്റെ (ഏകദൈവാരാധന) വ്യക്തമായ പ്രഖ്യാപനമാണ് തൽബിയത്. അല്ലാഹുവിനു പങ്കുകാരെ ഉണ്ടാക്കി, അല്ലാഹു അല്ലാത്തവരെ ആരാധിക്കുകയും, അവരോട് സഹായം തേടുകയും, അവർക്ക് വേണ്ടി അറവും നേർച്ചയും അർപ്പിക്കുകയും ചെയ്യുന്ന ശിർകിന്റെ (ബഹുദൈവാരാധനയുടെ) ആളുകൾക്കുള്ള വ്യക്തമായ മറുപടിയുമാണ് തൽബിയത്. ജാഹിലിയ്യ കാലത്ത് മക്കാ മുശ്‌രിക്കുകൾ അവരുടെ തൽബിയതിൽ പോലും ബഹുദൈവാരാധന കടത്തിക്കൂട്ടിയിരുന്നു: ഇബ്നു അബ്ബാസ് (റ) വിൽ നിന്നും നിവേദനം:

عَنِ ابْنِ عَبَّاسٍ قَالَ: كَانَ الْمُشْرِكُونَ يَقُولُونَ: لَبَّيْكَ لَا شَرِيكَ لَكَ فَيَقُولُ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: «وَيْلَكُمْ قَدْ قَدْ» إِلَّا شَرِيكًا هُوَ لَكَ تَمْلِكُهُ وَمَا مَلَكَ. يَقُولُونَ هَذَا وَهُمْ يَطُوفُونَ بِالْبَيْتِ. [رَوَاهُ مُسْلِمٌ]

ബഹുദൈവാരാധകർ (ഹജ്ജിന്റെ വേളയിൽ) പറഞ്ഞിരുന്നു: (അല്ലാഹുവേ നിന്റെ വിളിക്ക് ഞങ്ങൾ ഉത്തരം നൽകി വരുന്നു, നിനക്ക് യാതൊരു പങ്കുകാരനും ഇല്ല) അപ്പോൾ റസൂൽ ﷺ പറയും: "നിങ്ങൾക്ക് നാശം! (ഈ പറഞ്ഞതുകൊണ്ട്) മതിയാക്കൂ..!" അപ്പോൾ അവർ തുടർന്ന് പറയും: "ഒരു പങ്കുകാരൻ ഒഴികെ- അവനാകട്ടെ നിനക്കുള്ളതാണ് താനും, നീ അവനെ ഉടമപ്പെടുത്തുന്നു അവൻ യാതൊന്നും ഉടമപ്പെടുത്തുന്നില്ല.. " ഇതും പറഞ്ഞുകൊണ്ടാണ് അവർ കഅ്ബ ത്വവാഫ് ചെയ്തിരുന്നത് ". [മുസ്ലിം 1185].

പുരുഷന്മാർ ശബ്ദമുയർത്തിയാണ് തൽബിയത് ചൊല്ലേണ്ടത്, സാഇബുബ്നു ഖല്ലാദ് (റ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ ദൂതർ ﷺ പറഞ്ഞു: "ജിബ്‌രീൽ എന്റെ അടുക്കൽ വന്നിട്ട്, എന്നോടും എന്റെ സഹചാരികളോടും എന്റെ കൂടെയുള്ളവരോടും ശബ്ദമുയർത്തി തൽബിയത് ചൊല്ലുവാൻ കൽപ്പിച്ചിരിക്കുന്നു". [അബൂ ദാവൂദ് 1814, നസാഇ 2753, തിർമിദി 729, ഇബ്നു മാജാ 2922, അഹ്മദ് 16567].

**Page 59**

ഹജ്ജിന്റെ ഏറ്റവും മഹത്തരമായ ചിഹ്നമായ തൗഹീദിന്റെ ഉറക്കെയുള്ള പ്രഖ്യാപനവും വിളംബരവും മഹത്വപ്പെടുത്തലുമാണ് തൽബിയത് ശബ്ദമുയർത്തി ചൊല്ലുന്നതിലൂടെ ലക്ഷ്യമാക്കുന്നത്. തൊണ്ടക്ക് കരകരപ്പ് ബാധിക്കുവോളം സ്വഹാബികൾ തൽബിയത് ഉച്ചത്തിൽ ചൊല്ലിയിരുന്നു. മുത്തലിബുബ്നു അബ്ദില്ലാഹ് (റ) വിൽ നിന്നും നിവേദനം: "ശബ്ദത്തിന് കരകരപ്പ് ബാധിക്കുവോളം ഉച്ചത്തിൽ ആയിരുന്നു പ്രവാചകന്റെ അനുചരന്മാർ തൽബിയത് ചൊല്ലിയിരുന്നത്". [ഇബ്നു അബീ ശൈബ, അദ്ദേഹത്തിന്റെ മുസ്വന്നഫിൽ (3/373), ഇബ്നു ഹജർ ഫത്ഹുൽ ബാരി (3/408)] ബക്ർ ബിൻ അബ്ദുല്ലാഹ് അൽമുസനി (റ) പറയുന്നു: "ഞാൻ ഇതിനു ഉമർ (റ) ന്റെ കൂടെയായിരുന്നു, അങ്ങനെ അദ്ദേഹം ഇരുമലകൾക്കുമിടയിൽ കേൾക്കുമാറ് ഉച്ചത്തിൽ തൽബിയത് ചൊല്ലിയിരുന്നു". [ഇബ്നു അബീ ശൈബ, അദ്ദേഹത്തിന്റെ മുസ്വന്നഫിൽ (3/373), ഇബ്നു ഹജർ ഫത്ഹുൽ ബാരി (3/408)]. മുൻഗാമികൾ പറയാറുണ്ട്: "ഹജ്ജിന്റെ

സൗന്ദര്യം തൽബിയതാണ്". [ഇബ്നു അബീ ശൈബ, അദ്ദേഹത്തിന്റെ മുസ്വന്നഫിൽ (3/373)].

എന്നാൽ സ്ത്രീകൾ, തൽബിയതും മറ്റു ദിക്റുകളും ചൊല്ലേണ്ടത് ശബ്ദമുയർത്താതെയാണ്, കാരണം മറച്ചു വെക്കലാണ് അവളുടെ ബാധ്യതയിൽ ഉള്ളത്.

“ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്” എന്ന് ഹാജി പറയുന്നതിന്റെ ആശയം: “അല്ലാഹുവേ നിന്റെ വിളിക്കിതാ വീണ്ടും വീണ്ടും ഉത്തരം നൽകുന്നവരായിക്കൊണ്ട്... നിനക്കുള്ള ആരാധന നിർവഹിക്കുന്നവരായിക്കൊണ്ട്... ഹജ്ജിനുള്ള നിന്റെ ക്ഷണത്തിന് ഉത്തരമേകിക്കൊണ്ട് ഞങ്ങളിതാ വരുന്നു... " എന്നാണ്.

## Page 60

അല്ലാഹു ഖുർആനിൽ പറയുന്നു:

{وَأَذِّن فِي النَّاسِ بِالْحَجِّ يَأْتُوكَ رِجَالًا وَعَلَىٰ كُلِّ ضَامِرٍ يَأْتِينَ مِن كُلِّ فَجٍّ عَمِيقٍ} [الحج : 27]

"(നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ ഹജ്ജിനെപ്പറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും, വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാ വിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നു കൊള്ളും". [അൽ ഹജ്ജ്: 27].

വല്ല കാരണവശാലും ഇഹ്റാമിനുശേഷം കർമ്മങ്ങൾ നിർവഹിക്കാതെ മടങ്ങേണ്ടി വരുമെന്ന് ഭയപ്പെട്ടാൽ - രോഗം, ശത്രുഭയം, വഴിതടയപ്പെടൽ, പകർച്ചവ്യാധി തുടങ്ങി ഏതു കാരണത്താലായാലും- അവൻ ഇഹ്റാമിനൊപ്പം ഇപ്രകാരം പറയണം:

(ഇനി വല്ല കാരണവശാലും ഞാൻ തടയപ്പെട്ടാൽ, നീയെന്നെ തടഞ്ഞ സ്ഥലത്ത് വെച്ചായിരിക്കും എന്റെ ഇഹ്റാമിൽ നിന്ന് ഞാൻ വിരമിക്കുക.)

ആഇശ (റ) യിൽ നിന്നും നിവേദനം: അവർ പറഞ്ഞു: ദുബാഅ ബിൻതു സുബൈർ (റ) ന്റെ അടുക്കൽ പ്രവാചകൻ ﷺ പ്രവേശിച്ചുകൊണ്ട് ചോദിച്ചു: "നീ ഹജ്ജ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ..?" അപ്പോൾ അവർ പറഞ്ഞു: "അല്ലാഹുവാണെ, ഞാൻ രോഗിയാണ്". അപ്പോൾ പ്രവാചകൻ ﷺ അവരോട് പറഞ്ഞു: " എന്നാൽ നീ നിബന്ധനവെച്ചുകൊണ്ട് ഹജ്ജ് ചെയ്യുക. നീ പറയുക: "അല്ലാഹുവേ, നീയെന്നെ തടഞ്ഞ സ്ഥലത്ത് വച്ചായിരിക്കും എന്റെ ഇഹ്റാമിൽ നിന്ന് ഞാൻ വിരമിക്കുക". [ബുഖാരി 5089, മുസ്‌ലിം 1207].

ഇപ്രകാരം നിബന്ധന വെച്ചാൽ, ഹാജിക്ക് അവന്റെ കർമ്മങ്ങൾ പൂർത്തീകരിക്കാൻ വല്ല തടസവും നേരിട്ടാൽ, യാതൊരു പ്രായശ്ചിത്തവും കൂടാതെ ഇഹ്റാമിൽ നിന്നും അവന് വിരമിക്കാവുന്നതാണ്.

**Page 61**

ഇഹ്റാമിൽ തൽബിയത് അധികരിപ്പിക്കൽ കരണീയമാണ്. പ്രത്യേകിച്ച് സ്ഥലകാലങ്ങളിൽ വ്യത്യാസം ഉണ്ടാകുമ്പോൾ, ഉദാ: കയറ്റം കയറുമ്പോഴും ഇറങ്ങുമ്പോഴും, വാഹനത്തിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും, നിസ്കാരാനന്തരം, രാത്രിയും പകലും മാറുമ്പോൾ, ആളുകൾ തൽബിയത് ചൊല്ലുന്നത് കേൾക്കുമ്പോൾ, കഅ്ബ കാണുമ്പോൾ, മറന്നു കൊണ്ട് നിഷിദ്ധം ചെയ്താൽ, ഹാജിമാരെ കണ്ടുമുട്ടുമ്പോൾ... മുതലായ അവസരങ്ങളിൽ.

കൂട്ടത്തോടെ തൽബിയത് ചൊല്ലുക എന്നത് നബി ﷺ യിൽ നിന്നോ സ്വഹാബികളിൽ നിന്നോ സ്ഥിരപ്പെടാത്ത കാര്യമാണ്. അതിനാൽ ഒറ്റക്കൊറ്റയ്ക്കാണ് തൽബിയത് ചൊല്ലേണ്ടത്.

ഉംറ ചെയ്യുന്നവർ ഇഹ്റാമിൽ പ്രവേശിച്ചത് മുതൽ ത്വവാഫ് ആരംഭിക്കുന്നത് വരെ തൽബിയത് തുടരേണ്ടതാണ്. ഹജ്ജ് ചെയ്യുന്നവർ ഇഹ്റാമിൽ പ്രവേശിച്ചത് മുതൽ പെരുന്നാൾ ദിവസം ജംറതുൽ അഖബയിൽ എറിയുന്നതുവരെ തൽബിയത് തുടരണം.

മക്കയിൽ പ്രവേശിച്ചാൽ പറ്റുമെങ്കിൽ കുളിക്കുക എന്നത് സുന്നതാണ്. ഇബ്നു ഉമർ (റ) വിന്റെ ഭൃത്യനായ നാഫിഅ് (റ) പറയുന്നു : "അബ്ദുല്ലാഹിബ്നു ഉമർ (റ) മക്കയിലേക്ക് വരുമ്പോഴെല്ലാം ദീതുവായിൽ താമസിക്കുകയും, പിറ്റേന്ന് പകൽ സമയത്ത് കുളിച്ച് മക്കയിൽ പ്രവേശിക്കുകയും ചെയ്യുമായിരുന്നു. നബി ﷺ അപ്രകാരം ചെയ്തതായി അദ്ദേഹം പറയാറുണ്ടായിരുന്നു". [ബുഖാരി 1573, മുസ്‌ലിം 1259, 227].

## Page 62

മക്കയിൽ ഉയർന്ന പ്രദേശത്ത് കൂടി പ്രവേശിക്കലും താഴ്ന്ന പ്രദേശത്തു കൂടി പുറത്തേക്ക് കടക്കലും സുന്നതാകുന്നു. അബ്ദുല്ലാഹിബ്നു ഉമർ (റ) വിൽ നിന്നും നിവേദനം: "നബി ﷺ മക്കയിൽ പ്രവേശിക്കുമ്പോൾ ബത്ഹായിലെ ഉയർന്ന താഴ്‌വരയിലെ കദാഇലൂടെയാണ് പ്രവേശിച്ചത്. താഴ്ന്ന പ്രദേശത്തുകൂടെ പുറത്തേക്ക് കടക്കുകയും ചെയ്യും". [ബുഖാരി 1576, മുസ്‌ലിം 1257]. ആഇശ (റ) വിൽ നിന്നും നിവേദനം: "നബി ﷺ മക്കയിൽ വന്നപ്പോൾ അതിന്റെ ഉയർന്ന പ്രദേശത്ത്കൂടെ പ്രവേശിക്കുകയും താഴ്ന്ന പ്രദേശത്തുകൂടെ പുറത്തു കടക്കുകയും ചെയ്തു". [ബുഖാരി 1577, മുസ്‌ലിം 1258].

കദാഅ്: മക്കയുടെ ഉയർന്ന ഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ പ്രദേശം ഇപ്പോൾ 'റൈഉൽ ഹുജ്ജൂൻ' എന്നറിയപ്പെടുന്നു. മുഅല്ലാ ഖബർസ്ഥാനിൽ നിന്നും വരുന്ന വഴിയാണ് അത്.

സനിയ്യത്തു സുഫ്‌ല: ഇപ്പോൾ 'റൈഉർറസാം' എന്നാണ് ഈ പ്രദേശം അറിയപ്പെടുന്നത്. ഹാറത്തുൽ ബാബിൽ നിന്നും ജർവലിലേക്കുള്ള വഴിയാണിത്.

നബി ﷺ പ്രവേശിക്കുകയും പുറപ്പെടുകയും ചെയ്ത സ്ഥലത്ത് കൂടി പ്രവേശിക്കാനും പുറത്തിറങ്ങാനും സാധിച്ചാൽ അതാണ് ഏറ്റവും ഉത്തമം. എന്നാൽ ഏതു വഴി വരികയാണെങ്കിലും പോവുകയാണെങ്കിലും അത് അനുവദനീയമാണ്.

മസ്ജിദുൽ ഹറാമിലെത്തിയാൽ വലതു കാൽ വച്ച് പ്രവേശിക്കലും, ഇപ്രകാരം പ്രാർഥിക്കലും സുന്നത്താണ്:

بِسمِ الله وَالصَلاةُ والسلامُ

أَعُوذُ بِاللَّهِ الْعَظِيمِ وَبِوَجْهِهِ الْكَرِيمِ وَسُلْطَانِهِ الْقَدِيمِ مِنَ الشَّيْطَانِ الرَّجِيمِ  اللهم افْتَحْ لِي أبوابَ رحْمَتِكَ

"അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ പ്രവേശിക്കുന്നു), അല്ലാഹുവിന്റെ ദൂതരുടെ മേൽ രക്ഷയും സമാധാനവുമുണ്ടാകട്ടെ, ശപിക്കപ്പെട്ട പിശാചിൽ നിന്ന് മഹാനായ അല്ലാഹുവിൽ ഞാൻ അഭയം തേടുന്നു, ആദരണീയമായ അവന്റെ മുഖം മുഖേനയും, അനാദിയായ അവന്റെ അധികാരം മുഖേനയും (ഞാൻ അഭയം തേടുന്നു). അല്ലാഹുവേ നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്കു നീ തുറന്നു തരേണമേ".

## Page 63

അബൂ ഹുമൈദ് (റ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ ദൂതർ ﷺ പറഞ്ഞു: "ആരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ, അവൻ ഇപ്രകാരം പറയട്ടെ: (അല്ലാഹുവേ! നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്കു നീ തുറന്നു തരേണമേ), പള്ളിയിൽ നിന്നും പുറത്തു കടന്നാൽ ഇപ്രകാരം പറയട്ടെ: (അല്ലാഹുവേ! നിന്റെ ഔദാര്യത്തിൽ നിന്നും ഞാൻ നിന്നോട് ചോദിക്കുന്നു.)". [മുസ്‌ലിം 713].

ഇത് മസ്ജിദുൽ ഹറാമിലും മറ്റ് പള്ളികളിലും പൊതുവായി ബാധകമാണ്.

ശേഷം കഅ്ബയുടെ അടുത്തേക്ക് ഹജറുൽ അസ്‌വദിന്റെ ഭാഗത്തേക്കായി ത്വവാഫ് ഉദ്ദേശിച്ചുകൊണ്ട് നീങ്ങുക. ഇവിടെ 'നവയ്തു ത്വവാഫ്' എന്നിങ്ങനെ നിയ്യത് ചൊല്ലി പറയേണ്ട ആവശ്യമില്ല, അത് നബി ﷺ യിൽ നിന്നും സ്ഥിരപ്പെട്ടിട്ടുമില്ല. നിയ്യതിന്റെ സ്ഥാനം മനസ്സാണ്.

ഖിറാനായും ഇഫ്‌റാദായും ഹജ്ജ് ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം ഈയൊരു ത്വവാഫ് 'ത്വവാഫുൽ ഖുദൂമാണ്"

(ആഗമനത്തിന്റെ ത്വവാഫ്). എന്നാൽ തമത്തുആയി ചെയ്യുന്നവർക്ക് ഇത് ഉംറയുടെ ത്വവാഫാണ്. പുരുഷന്മാർ ത്വവാഫിൽ ഉടനീളം ഇള്ത്വിബാഅ് ചെയ്യലും, ആദ്യത്തെ മൂന്നു ചുറ്റുകളിൽ റംല് ചെയ്യലും സുന്നതാണ്.

ഇള്ത്വിബാഅ്: വലത് ചുമൽ വെളിവാക്കിക്കൊണ്ട് പുതച്ചമുണ്ട് വലതു കക്ഷത്തിനടിയിലൂടെ ധരിക്കൽ.

## Page 64

റംല് : ചവിട്ടടികൾ അടുപ്പിച്ചു കൊണ്ട് വേഗത്തിൽ നടക്കൽ. (ബാക്കി 4 ചുറ്റിലും സാധാരണഗതിയിൽ നടക്കുക).

ഹജറുൽ അസ്‌വദിന്റെ ഭാഗത്തേക്ക് എത്തിയാൽ, നാലിൽ ഒരു കാര്യം ചെയ്യേണ്ടതാണ്:

1- സാധിക്കുമെങ്കിൽ വലതുകൈകൊണ്ട് ഹജറുൽ അസ്‌വദ് തൊട്ട് മുഖം കൊണ്ടു തന്നെ അത് ചുംബിക്കുക. എന്നിട്ട് “ബിസ്മില്ലാഹി അല്ലാഹു അക്ബർ” എന്ന് പറയുക. അല്ലാഹുവിനെ മഹത്വവൽക്കരിച്ചു കൊണ്ടും റസൂലിനെ പിൻപറ്റിക്കൊണ്ടുമാണ് നാമത് ചെയ്യുന്നത്- അല്ലാതെ ആ കല്ല് വല്ല ഉപകാരമോ ഉപദ്രവമോ ചെയ്യും എന്ന വിശ്വാസത്തിലല്ല.

عَنْ عُمَرَ - رضى الله عنه - { أَنَّهُ قَبَّلَ اَلْحَجَرَ [ اَلْأَسْوَدَ ] فَقَالَ: إِنِّي أَعْلَمُ أَنَّكَ حَجَرٌ لَا تَضُرُّ وَلَا تَنْفَعُ, وَلَوْلَا أَنِّي رَأَيْتُ رَسُولَ اَللَّهِ - صلى الله عليه وسلم -يُقَبِّلُكَ مَا قَبَّلْتُكَ } [مُتَّفَقٌ عَلَيْهِ]

ഉമറുബ്നുൽ ഖത്വാബ് (റ) വിൽ നിന്നും നിവേദനം: അദ്ദേഹം ഹജറുൽ അസ്‌വദിന്റെ അടുക്കൽ ചെന്ന് അതിനെ ചുംബിച്ചിട്ട് പറഞ്ഞു : ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത ഒരു കല്ല് മാത്രമാണ് നീയെന്ന് എനിക്കറിയാം, നബി ﷺ നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ ചുംബിക്കുമായിരുന്നില്ല". [ബുഖാരി 1597, മുസ്‌ലിം 1270].

തൗഹീദിന്റെയും ആരാധന അല്ലാഹുവിന് മാത്രമാക്കുന്നതിന്റെയും പ്രാധാന്യമാണ് ഇവിടെ വ്യക്തമാകുന്നത്. ഉപകാരം കൊണ്ടുവരാനും ഉപദ്രവങ്ങളെ തടയാനും അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും, നബിﷺയെ പിന്തുടരേണ്ടതിന്റെ പ്രാധാന്യവും മതത്തിൽ പുതിയ ആചാരം കൂട്ടിച്ചേർക്കുന്നതിന്റെ ഗൗരവവും ഇതിലൂടെ ബോധ്യപ്പെടുന്നു.

**Page 65**

2- മേൽപ്പറഞ്ഞ പോലെ സാധിച്ചില്ല എങ്കിൽ തന്റെ കൈകൊണ്ട് ഹജറുൽ അസ്‌വദ് തൊട്ട്, ആ കൈ ചുംബിക്കുക. എന്നിട്ട് “ബിസ്മില്ലാഹി അല്ലാഹു അക്ബർ” എന്ന് പറയുക.

عن نَافِعٌ: رَأَيْتُ ابْنَ عُمَرَ يَسْتَلِمُ الْحَجَرَ بِيَدِهِ ثُمَّ قَبَّلَ يَدَهُ وَقَالَ: "مَا تَرَكْتُهُ مُنْذُ رَأَيْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَفْعَله" [مُتَّفق عَلَيْهِ]

നാഫിഅ് (റ) വിൽ നിന്നും നിവേദനം: "ഇബ്നു ഉമർ (റ) തന്റെ കൈകൊണ്ട് ഹജറുൽ അസ്‌വദ് തൊടുന്നത് ഞാൻ കണ്ടു, എന്നിട്ട് ആ കൈ ചുംബിച്ചു, എന്നിട്ടദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ദൂതർ ഇപ്രകാരം ചെയ്യുന്നതായി കണ്ടത് മുതൽ ഞാനിത് ഒഴിവാക്കിയിട്ടില്ല". [ബുഖാരി 1597, മുസ്‌ലിം 1270].

3- അതിനും സാധിച്ചില്ല എങ്കിൽ ഹജറുൽ അസ്‌വദിനെ വടി പോലുള്ള എന്തെങ്കിലും വസ്തുകൊണ്ടു തൊട്ട്, അതിനെ ചുംബിക്കുക. എന്നിട്ട് “ബിസ്മില്ലാഹി അല്ലാഹു അക്ബർ” എന്ന് പറയുക. അബുതുഫൈൽ (റ) വിൽ നിന്നും നിവേദനം: "അല്ലാഹുവിന്റെ ദൂതർ ﷺ ത്വവാഫ് ചെയ്യുമ്പോൾ തന്റെ കയ്യിലെ വടികൊണ്ട് (ഹജറുൽ അസ്‌വദിന്റെ) മൂല തൊടുകയും, ആ വടി ചുംബിക്കുകയും ചെയ്യുന്നതായി ഞാൻ കണ്ടു". [മുസ്‌ലിം 1275].

4- അതിനും സാധിച്ചില്ല എങ്കിൽ, ഹജറുൽ അസ്‌വദിനു നേരെ -ദൂരത്തുനിന്നാണെങ്കിലും- കൈകൊണ്ട് ആംഗ്യംകാണിച്ച് “ബിസ്മില്ലാഹി അല്ലാഹു അക്ബർ” എന്ന് പറയുക. അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) വിൽ നിന്ന് നിവേദനം:

طَافَ النَّبِيُّ صلى الله عليه وسلم بِالْبَيْتِ عَلَى بَعِيرٍ كُلَّمَا أَتَى الرُّكْنَ أَشَارَ إِلَيْهِ بِشَيْءٍ عِنْدَهُ وَكَبَّرَ [رَوَاهُ البُخَارِيّ]

"അല്ലാഹുവിന്റെ ദൂതർ ﷺ തന്റെ ഒട്ടകപ്പുറത്താണ് ത്വവാഫ് ചെയ്തത്. ഹജറുൽ അസ്‌വദുള്ള മൂലയിൽ എത്തുമ്പോഴെല്ലാം അദ്ദേഹം അതിലേക്ക് കൈകൊണ്ട് ആംഗ്യം കാണിച്ച് 'അല്ലാഹു അക്ബർ' എന്ന് പറയുമായിരുന്നു". [ബുഖാരി 5293].

## Page 66

മറ്റു ചില നിവേദനങ്ങളിൽ:

كُلَّمَا أَتَى عَلَى الرُّكْنِ أَشَارَ إِلَيْهِ بِشَيْءٍ فِي يدِهِ وكبَّرَ. [رَوَاهُ البُخَارِيّ]

"ഹജറുൽ അസ്‌വദുള്ള മൂലയിൽ എത്തുമ്പോഴൊക്കെ തന്റെ കൈയിലുള്ള എന്തെങ്കിലുമൊന്നു കൊണ്ട് അദ്ദേഹം അതിലേക്ക് ആംഗ്യം കാണിച്ച് അല്ലാഹു അക്ബർ എന്ന് പറയുമായിരുന്നു" [ബുഖാരി 1632] എന്നുമുണ്ട്.

നബി ﷺ യിൽ നിന്നും വ്യത്യസ്ത പരമ്പരകളിലൂടെ നിവേദനം ചെയ്യപ്പെടുന്നു, അവിടുന്ന് ഉമറിനോടായി പറഞ്ഞു: "അല്ലയോ അബു ഹഫ്സ്, താങ്കൾ ശക്തനായ ഒരാളാണ്, അതുകൊണ്ടുതന്നെ ഹജറുൽ അസ്‌വദിന്റെ മൂലയിൽ തിരക്ക് കൂട്ടരുത്, ദുർബലരായവർക്ക് അത് പ്രയാസമുണ്ടാക്കും. അവിടെ ഒഴിവ് കണ്ടാൽ തൊട്ടുമുത്തിക്കൊള്ളുക, ഇല്ലായെങ്കിൽ തക്ബീർ ചൊല്ലി മുന്നോട്ടു നീങ്ങുക." [അബ്ദു റസാഖ് (36/5), ഇബ്നു അബീ ശൈബ 171/3, ശാഫിഈയുടെ സുനനുൽ മഅസൂറയിൽ (510), മുസ്നദ് അഹ്മദ് (190)].

മേൽപറഞ്ഞ രൂപങ്ങളിൽ ആദ്യത്തെ മൂന്നെണ്ണത്തിൽ ഏതെങ്കിലും ഒന്നാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെങ്കിൽ, താൻ കാരണം മറ്റൊരാൾക്കും ഉപദ്രവം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കാരണം, തൊട്ടുമുത്തൽ സുന്നതാണ് എന്നാൽ ഉപദ്രവിക്കാതിരിക്കുക എന്നത് നിർബന്ധമാണ്. നിർബന്ധമായ കാര്യത്തിനാണ് നാം മുൻതൂക്കം നൽകേണ്ടത്. തിരക്കുള്ള സ്ഥലങ്ങളിൽ ശക്തരായ

ആളുകൾ ബലംപ്രയോഗിച്ചും ദുർബലരെ ബുദ്ധിമുട്ടിച്ചും തള്ളിക്കയറാൻ ശ്രമിക്കരുത്. ഈ സ്ഥലത്തിന്റെ പവിത്രതയും മഹത്വവും ഉൾക്കൊണ്ട് മറ്റുള്ളവരോട് കാരുണ്യത്തോടെയാവണം പെരുമാറേണ്ടത്. ദുർഭാഗ്യവാന്മാരിൽ നിന്നല്ലാതെ കാരുണ്യം എടുത്തു മാറ്റപ്പെടുന്നില്ല.

**Page 67**

ഭയഭക്തിയും അല്ലാഹുവിനോടുള്ള വിനയവും കാത്തുസൂക്ഷിക്കുക. തിരക്കുകൂട്ടിയും, വഴക്കിട്ടും അലക്ഷ്യമായി സംസാരിച്ചിട്ടും ത്വവാഫിന്റെ ഭയഭക്തി കളയാതിരിക്കുക. ത്വവാഫ് ചെയ്യുന്ന ചിലയാളുകളിൽ നിന്നും ഉണ്ടാകുന്നത് പോലെ വ്യർത്ഥമായ (വാക്കും പ്രവർത്തിയും) തർക്കങ്ങൾ, ശണ്ഠകൾ തുടങ്ങിയവ ഉണ്ടാകരുത്.

സ്ത്രീകൾ പുരുഷന്മാർക്കിടയിലേക്ക് തിരക്കി കയറുവാൻ പാടില്ല. അത് അവരുടെ ഔറത്ത് വെളിവാകുവാനും മറ്റും ഇടയാക്കും. പ്രത്യുത, തിരക്കൊഴിഞ്ഞതോ സ്ത്രീകൾ മാത്രമുള്ളതോ ആയ അവസരങ്ങളിൽ, അവർക്ക് ഹജറുൽ അസ്വദ് ചുംബിക്കുവാനായി പോകാവുന്നതാണ്.

ഹജറുൽ അസ്വദിന്റെ നേരെ ബിസ്മില്ലാഹി അല്ലാഹു അക്ബർ പറഞ്ഞതിനുശേഷം, കഅ്ബയെ ഇടതുവശത്താക്കിക്കൊണ്ട് ചലിക്കുക. റുക്നുൽ യമാനി (ത്വവാഫ് ചെയ്യുന്നയാൾ ഹജറുൽ അസ്വദിന്റെ മൂലയിൽ നിന്നും ത്വവാഫ് ആരംഭിച്ചാൽ, കിട്ടുന്ന നാലാമത്തെ മൂലയാണ് റുക്നുൽ യമാനി- അതായത് ഹജറുൽ അസ്വദിന് തൊട്ടുമുമ്പുള്ള മൂല) എത്തിയാൽ സാധിക്കുമെങ്കിൽ അത് കൈകൊണ്ടു തൊടുക. ചുംബിക്കേണ്ടതില്ല. ഇനി സാധിച്ചില്ല എങ്കിൽ തിരക്കു കൂട്ടുകയോ അതിലേക്ക് കയ്യുയർത്തുകയോ ഒന്നും ചെയ്യേണ്ടതില്ല.

കഅ്ബയുടെ ഭാഗങ്ങളിൽ ഹജറുൽ അസ്വദും റുക്നുൽ യമാനിയും ഒഴിച്ച് മറ്റൊന്നും തൊടേണ്ടതില്ല. ഇവ രണ്ടുമാണ് ഇബ്റാഹീം (അ) നിർമ്മിച്ച അടിത്തറയിലുള്ളത്. നബി ﷺ ഇവയല്ലാത്ത മറ്റൊന്നും സ്പർശിച്ചിട്ടുമില്ല.

"عَنِ ابْنِ عُمَرَ قَالَ: لَمْ أَرَ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَسْتَلِمُ من الْبَيْت إِلَّا الرُّكْنَيْنِ اليمانيين" [مُتَّفَقٌ عَلَيْهِ]

അബ്ദുല്ലാഹിബ്നു ഉമർ (റ) വിൽ നിന്ന് നിവേദനം: "യമനിലേക്കുള്ള ഈ രണ്ടു മൂലകൾ (ഹജ്റുൽ അസ്‌വദും റുക്നുൽ യമാനിയും) അല്ലാതെ മറ്റൊന്നും നബി ﷺ സ്പർശിക്കുന്നതായി ഞാൻ കണ്ടിട്ടില്ല". [ബുഖാരി 1609, മുസ്‌ലിം 1267].

റുക്നുൽ യമാനിക്കും ഹജ്റുൽ അസ്‌വദിനും ഇടയിൽ ഇപ്രകാരം പറയുക.

{رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ} [البقرة : 201]

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തുരക്ഷിക്കുകയും ചെയ്യേണമേ." [അൽ ബഖറ: 201].

## Page 68

അബ്ദുല്ലാഹി ബ്നു സാഇബ് (റ) വിൽ നിന്ന് നിവേദനം: ഈ രണ്ടു മൂലകൾക്കും ഇടയിൽ നബി ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു:

{رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ} [البقرة : 201]

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തുരക്ഷിക്കുകയും ചെയ്യേണമേ". [അൽ ബഖറ: 201].

ഓരോ തവണ ഹജ്റുൽ അസ്‌വദിന് മുമ്പിലൂടെ നീങ്ങുമ്പോഴും മേൽപ്പറഞ്ഞതുപോലെ ചെയ്യുക. അല്ലാഹു അക്ബർ എന്ന് ഒറ്റ പ്രാവശ്യം മാത്രം പറയുക. ആവർത്തിച്ച് അല്ലാഹു അക്ബർ പറയലോ ഹജ്റുൽ അസ്‌വദിന് മുമ്പിൽ നിൽക്കലോ ഒന്നും നബി ﷺ യിൽ നിന്നും പഠിപ്പിക്കപ്പെട്ടതല്ല. മാത്രവുമല്ല അത് തിരക്കുണ്ടാകുവാനും മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുവാനും കാരണമാവുകയും ചെയ്യും.

ത്വവാഫിലെ ബാക്കിയുള്ള സമയങ്ങളിൽ അവന് ഇഷ്ടമുള്ള ദിക്റുകളോ പ്രാർഥനകളോ ഖുർആൻ പാരായണമോ നിർവഹിക്കാവുന്നതാണ്. ത്വവാഫും സഅ്‌യും ജംറകളിൽ എറിയലും എല്ലാം തന്നെ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അല്ലാഹുവിനെ സ്മരിക്കുവാനത്രെ. [അബൂ ദാവൂദ് 1888, തിർമിഥി 902, തിർമിഥി 902, അഹ്മദ് 24451].

## Page 69

ചിലയാളുകൾ ചെയ്യുന്നത് പോലെ കൈയിൽ ചില ഗ്രന്ഥങ്ങൾ പിടിച്ച്, ഓരോ ചുറ്റലിനും പ്രത്യേകം ദുആ-ദിക്റുകൾ ഉരുവിടുക എന്നത് പുത്തനാചാരവും എതിർക്കപ്പെടേണ്ട ബിദ്അത്തുമാണ്. അതൊരിക്കലും അനുവദിച്ചുകൂടാ. പ്രത്യുത, സാധിക്കുന്ന രീതിയിൽ ദുൻയാവിലെയും ആഖിറത്തിലെയും നന്മകൾക്കു വേണ്ടി അല്ലാഹുവിനോട് ചോദിക്കുകയാണ് വേണ്ടത്. അതല്ലാതെ ഓരോ ത്വവാഫിലും പ്രത്യേകം പ്രാർഥനയൊന്നും നബി ﷺ പഠിപ്പിച്ചിട്ടില്ല. മറ്റുചിലരാവട്ടെ, ഒരു നേതാവിന്റെ പിന്നിൽ അണിനിരന്ന്, ആ നേതാവ് പറയുന്നതെല്ലാം -എന്താണെന്ന് പോലുമറിയാതെ- അപ്പടി ഏറ്റുപറഞ്ഞ്, ശബ്ദകോലാഹലങ്ങൾ സൃഷ്ടിച്ച് മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ നിർഭയ സ്ഥലത്ത് മറ്റുള്ളവർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതും ഭയഭക്തി ഇല്ലാതാക്കിക്കളയുന്നതുമാണ് ഇത്തരം കാര്യങ്ങൾ.

ഹജറുൽ അസ്‌വദിൽ നിന്നും തുടങ്ങി അവിടെത്തന്നെ അവസാനിക്കുന്ന 7 ചുറ്റുകളാണ് ത്വവാഫിനുള്ളത്. ഹിജ്റിനുള്ളിലൂടെയുള്ള (കഅ്ബക്കടുത്തു അർദ്ധവൃത്താകൃതിയിലുള്ള എടുപ്പാണ് ഹിജ്റ്) ത്വവാഫ് സ്വീകാര്യമല്ല, കാരണം അത് കഅ്ബയിൽ പെട്ടതാണ്.

ഇപ്രകാരം 7 ചുറ്റലുകളും കഴിഞ്ഞാൽ മഖാമു ഇബ്റാഹീമിലേക്ക് പോവുകയും അവിടെ വച്ച് ഇപ്രകാരം പറയുകയും ചെയ്യുക:...

{وَاتَّخِذُوا مِن مَّقَامِ إِبْرَاهِيمَ مُصَلًّى} [البقرة: 125]

"ഇബ്റാഹീം നിന്ന് പ്രാർത്ഥിച്ച സ്ഥാനത്തെ നിങ്ങളും നിസ്കാര (പ്രാർത്ഥന) വേദിയായി സ്വീകരിക്കുക". [അൽ ബഖറ: 125].

പറ്റുമെങ്കിൽ അതിന്റെ അടുത്തുവച്ചോ ഇല്ലായെങ്കിൽ ദൂരെ നിന്നുകൊണ്ടോ [മഖാമിനെ തന്റെയും കഅ്ബയുടെയും ഇടയിലാക്കി] രണ്ട് റക്അത് നിസ്കരിക്കുക. അതിലെ ഒന്നാമത്തെ റക്അതിൽ ഫാതിഹക്ക് ശേഷം സൂറതുൽ കാഫിറൂനയും രണ്ടാമത്തെ റക്അതിൽ ഫാതിഹക്കുശേഷം സൂറതുൽ ഇഖ്ലാസും പാരായണം ചെയ്യുക.

## Page 70

ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം: തിരക്കുള്ള സമയങ്ങളിൽ പോലും ചിലയാളുകൾ മഖാമു ഇബ്റാഹീമിന്റെ അടുത്തുവെച്ച് നിസ്കരിക്കുകയും, അതുമൂലം മറ്റുള്ളവരുടെ വഴിതടസ്സപ്പെട്ട് വലിയ തിരക്ക് രൂപപ്പെടുകയും ചെയ്യുന്നത് കാണാം. പള്ളിയിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളിൽ എവിടെവച്ച് വേണമെങ്കിലും ഈ രണ്ടു റക്അത് നിസ്കരിക്കാം എന്നിരിക്കെ ഇപ്രകാരം ചെയ്യേണ്ട ആവശ്യമില്ല.

മഖാമു ഇബ്റാഹീമിൽ തൊട്ടുതടവി ശരീരത്തിലും വസ്ത്രത്തിലുമെല്ലാം ബറകത് എടുക്കുന്ന രീതി എതിർക്കപ്പെടേണ്ട ബിദ്അത്തും അങ്ങേയറ്റം വഴികേടുമാണ്. നബി ﷺ യോ സ്വഹാബിമാരോ അത് പഠിപ്പിക്കുകയോ അതിന് അനുവാദം നൽകുകയോ ചെയ്തിട്ടില്ല.

എന്നിട്ട്, പറ്റുമെങ്കിൽ വീണ്ടും ഹജറുൽ അസ്വദ് തൊട്ടുമുത്തുക. സാധിച്ചില്ലായെങ്കിൽ അതിലേക്ക് ആംഗ്യം കാണിക്കേണ്ടതില്ല.

ഇനി സഅ്യിനു വേണ്ടി സ്വഫായുടെ ഭാഗത്തേക്ക് പോവുക. സ്വഫായുടെ അടുത്തെത്തിയാൽ ഈ ആയത്ത് പാരായണം ചെയ്യുക:

إِنَّ الصَّفَا وَالْمَرْوَةَ مِن شَعَائِرِ اللَّهِ ۖ فَمَنْ حَجَّ الْبَيْتَ أَوِ اعْتَمَرَ فَلَا جُنَاحَ عَلَيْهِ أَن يَطَّوَّفَ بِهِمَا ۚ وَمَن تَطَوَّعَ خَيْرًا فَإِنَّ اللَّهَ شَاكِرٌ عَلِيمٌ} [البقرة : 158]

"തീർച്ചയായും സ്വഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽ പെട്ടതാകുന്നു. കഅ്ബാ മന്ദിരത്തിൽ ചെന്ന് ഹജ്ജോ

ഉംറഃയോ നിർവഹിക്കുന്ന ഏതൊരാളും അവയിലൂടെ പ്രദക്ഷിണം നടത്തുന്നതിൽ കുറ്റമൊന്നുമില്ല. ആരെങ്കിലും സൽകർമ്മം സ്വയം സന്നദ്ധനായി ചെയ്യുകയാണെങ്കിൽ തീർച്ചയായും അല്ലാഹു കൃതജ്ഞനും സർവ്വജ്ഞനുമാകുന്നു". [അൽ ബഖറ: 158]

സഅ്'യ് ആരംഭിക്കുന്നതിനു മുമ്പ് ഈയൊരവസരത്തിൽ മാത്രമേ ചൊല്ലേണ്ടതുള്ളൂ, പിന്നീട് എവിടെയും പാരായണം ചെയ്യേണ്ടതില്ല.

**Page 71**

പിന്നെ സ്വഫയുടെ മുകളിലേക്ക് കയറി കഅ്ബയിലേക്ക് തിരിഞ്ഞ് കൈകൾ ഉയർത്തി

അല്ലാഹുവിനെ സ്തുതിച്ച് അവൻ ഉദ്ദേശിക്കുന്ന പ്രാർഥനകൾ പ്രാർഥിക്കാവുന്നതാണ്. അവിടെവച്ച് നബി ﷺ പ്രാർഥിച്ചത് ഇപ്രകാരമാണ് :

لَا إِلَهَ إِلاَّ اللهُ وَحْدَهُ لَا شَرِيْكَ لَهُ، لَهُ الـمُلْكُ ولَهُ الـحَمْدُ، وَهُوَ عَلَى كُلِّ شَيءٍ قَدِيرٌ، لَا إِلَهَ إِلاَّ اللهُ وَحْدَهُ، أَنْجَزَ وَعْدَهُ، وَنَصَرَ عَبْدَهُ، وهَزَمَ الأَحْزَابَ وَحْدَهُ

(ലാ ഇലാഹ ഇല്ലല്ലാഹു, വഹ്ദഹു, ലാ ശരീകലഹു, ലഹുൽ മുൽകു, വലഹുൽ ഹംദു, വഹുവ അലാ കുല്ലി ശൈഇൻ ഖദീർ, ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദഹു, വനസ്വറ അബ്ദഹു, വഹസമൽ അഹ്സാബ വഹ്ദഹു)

"യഥാർത്ഥത്തിൽ അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. പരമാധികാരം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവൻ (അല്ലാഹു) സർവ്വകാര്യത്തിനും അപരിമിത ശക്തിയും കഴിവുമുള്ളവനാണ്. യാഥാർത്ഥത്തിൽ അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ (അല്ലാഹു) ഏകനാണ്. അവൻ തന്റെ വാഗ്ദാനം പാലിച്ചു. അവൻ തന്റെ അടിമയെ സഹായിച്ചു. ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി." നബി ﷺ മൂന്നുപ്രാവശ്യം ഇത്

ആവർത്തിക്കുകയും അതിനിടയിലെല്ലാം പ്രാർഥിക്കുകയും ചെയ്തു. [മുസ്‌ലിം 1218].

പിന്നെ സ്വഫായിൽ നിന്നും ഇറങ്ങി മർവയുടെ ഭാഗത്തേക്ക് നടന്നു നീങ്ങുക. താഴ്വരയിലെത്തിയാൽ (ഇന്ന് പച്ച ലൈറ്റുകൾ കാണുന്ന സ്ഥലം) പുരുഷന്മാർ മറ്റുള്ളവർക്ക് ബുദ്ധിമുട്ടാകാത്ത രീതിയിൽ (ആ പച്ച ലൈറ്റുകൾ തീരുവോളം) ഓടേണ്ടതാണ്. അത് കഴിഞ്ഞാൽ സാധാരണനടത്തം നടന്നുകൊണ്ട് മർവയിലേക്ക് കയറുക. അവിടെയും കഅ്ബയിലേക്ക് തിരിഞ്ഞ്, കൈകൾ ഉയർത്തി സ്വഫയിൽ പറഞ്ഞതുപോലെ ചെയ്യുക.

## Page 72

സ്വഫയിൽ നിന്നും മർവയിലേക്കെത്തിയാൽ അത് ഒരു ചുറ്റലായി എണ്ണുക. ഇപ്രകാരം 7 ചുറ്റലുകൾ നടന്നുകൊണ്ട് മർവയിൽ അവസാനിക്കുന്നതാണ് സഅ്'യ്. സഅ്'യിന്റെ ബാക്കിയുള്ള സമയങ്ങളിൽ ഇഷ്ടമുള്ള പ്രാർഥനകളും ദിക്റുകളും ചൊല്ലാവുന്നതാണ്. ത്വവാഫിന്റെ വിഷയത്തിൽ പറയപ്പെട്ടതുപോലെ, സഅ്'യിലും ഓരോ ചുറ്റലിനും പ്രത്യേകം പ്രാർഥനകളൊന്നും പഠിപ്പിക്കപ്പെട്ടിട്ടില്ല.

സ്വഫാകുന്നിന്റെയും മർവാകുന്നിന്റെയും മുകളിൽ കയറലും, രണ്ട് അടയാളങ്ങൾക്കിടയിൽ ഓടലുമെല്ലാം സുന്നതാണ്, നിർബന്ധമല്ല.

അങ്ങനെ ഏഴു പ്രാവശ്യമുള്ള ഈ നടത്തം മർവയിൽ അവസാനിച്ചാൽ, പുരുഷന്മാർ തലമുടി വടിക്കുകയോ ചെറുതാക്കുകയോ ചെയ്യുക. വടിക്കുന്നതാണ് ഏറ്റവും ഉത്തമം. ഇനി തമത്തുആയി ഹജ്ജ് ചെയ്യുന്നവർക്ക്, അടുത്തുതന്നെ ഹജ്ജ് നിർവഹിക്കാനുണ്ടെങ്കിൽ അപ്പോഴേക്ക് വടിക്കാൻ മുടി ബാക്കിയാക്കുവാനായി, ആദ്യ തവണ വെട്ടി ചെറുതാക്കലാണ് ഉത്തമം.

കാരണം നബി ﷺ ദുൽഹജ്ജ് നാലിന് മക്കയിൽ എത്തിയപ്പോൾ സ്വഹാബാക്കളോട് ത്വവാഫ് നിർവഹിക്കുവാനും സ്വഫാമർവ്വക്കിടയിൽ

ത്വവാഫ് ചെയ്യുവാനും, തലമുടി വെട്ടിച്ചെറുതാക്കി തഹല്ലുലായി ഇഹ്റാമിൽ നിന്ന് വിരമിക്കുവാനും കൽപ്പിച്ചു. കൂടെ ബലിമൃഗത്തെ കൊണ്ടുവരാത്തവർക്കായിരുന്നു അത്. [ബുഖാരി 1545].

മുടി വടിക്കുമ്പോൾ തലയുടെ മുഴുവൻ ഭാഗങ്ങളിൽ നിന്നും വടിക്കേണ്ടതാണ്. അല്ലാഹു പറയുന്നു:

{مُحَلِّقِينَ رُءُوسَكُمْ وَمُقَصِّرِينَ} [الفتح 27]

"തല മുണ്ഡനം ചെയ്തവരും മുടി വെട്ടിയവരും ആയികൊണ്ട് ". [അൽ ഫത്ഹ് 27].

## Page 73

നബി ﷺ ആദ്യം തന്റെ വലതുവശവും പിന്നെ ഇടതുവശവും വടിച്ച് തലമുടി പൂർണ്ണമായും നീക്കം ചെയ്തിരുന്നു. [മുസ്‌ലിം 1305ൽ ഉദ്ധരിക്കുന്ന അനസുബ്നു മാലിക് (റ) വിൽ നിന്നുള്ള ഹദീസ് പോലെ]. ചില ഭാഗങ്ങൾ വടിച്ച് ചില ഭാഗങ്ങൾ ഒഴിവാക്കുന്നതിനുള്ള അനുവാദം നബി ﷺ യിൽ നിന്നും വന്നിട്ടില്ല. അപ്രകാരം, മുടി വെട്ടുമ്പോഴും തലയുടെ മുഴുവൻ ഭാഗങ്ങളിൽ നിന്നും വെട്ടേണ്ടതാണ്.

എന്നാൽ സ്ത്രീകൾ, ഏത് അവസരത്തിലാണെങ്കിലും വെട്ടുക മാത്രമേ ചെയ്യാവൂ, അവൾ വടിക്കുവാൻ പാടില്ല. മുടി മെടഞ്ഞതാണെങ്കിൽ ഓരോ കെട്ടിൽ നിന്നും ഒരു വിരൽത്തുമ്പുനീളത്തിൽ വെട്ടേണ്ടതാണ്. അല്ലായെങ്കിൽ മുടിയുടെ അറ്റങ്ങളിൽ നിന്നും ഒരു വിരൽത്തുമ്പുനീളത്തിൽ വെട്ടേണ്ടതാണ്.

ഇതോടുകൂടി ഉംറയുടെ എല്ലാ കർമ്മങ്ങളും പൂർത്തിയായി തഹല്ലുലായിക്കഴിഞ്ഞു. പിന്നീട് ഇഹ്റാമിൽ വിലക്കപ്പെട്ട എല്ലാ കാര്യങ്ങളും അവന് അനുവദിക്കപ്പെട്ടതാണ്.

**ഉംറയുടെ കർമ്മങ്ങൾ ചുരുങ്ങിയ രൂപത്തിൽ:**

1- ജനാബത്തിനു കുളിക്കുന്നതുപോലെ കുളിച്ച് സുഗന്ധം പൂശൽ.

2- ഇഹ്റാമിന്റെ വസ്ത്രങ്ങൾ ധരിക്കൽ- പുരുഷന് ഉടുതുണിയും പുതക്കാനുള്ള തുണിയും. സ്ത്രീകൾക്ക് അനുവദനീയമായ ഏതു വസ്ത്രവും ധരിക്കാം.



3- ത്വവാഫ് ആരംഭിക്കുന്നത് വരെ തുടർച്ചയായി തൽബിയത് ചൊല്ലൽ.

4- ത്വവാഫ് : ഹജറുൽ അസ്‌വദിൽ നിന്നും ആരംഭിച്ചു അവിടെത്തന്നെ അവസാനിക്കുന്ന രീതിയിൽ കഅ്ബക്ക് ചുറ്റും 7 തവണ വലംവെക്കൽ.

5- മഖാമു ഇബ്റാഹീമിന്റെ പിന്നിൽ രണ്ടു റക്അത് നിസ്കാരം.

6- സഅ്യ് : സ്വഫയിൽ നിന്നും ആരംഭിച്ച് മർവയിൽ അവസാനിക്കുന്ന രീതിയിൽ ഏഴ് പ്രാവശ്യം നടക്കൽ.

7- പുരുഷന്മാർ തലമുടി വടിക്കുകയോ മുടി വെട്ടി ചെറുതാക്കുകയോ ചെയ്യൽ. സ്ത്രീകൾ മുടി വെട്ടൽ.



## അദ്ധ്യായം പത്ത് : ഹജ്ജിന്റെ റുക്നുകളും വാജിബാതുകളും

**ഹജ്ജിന്റെ റുക്നുകൾ:**

ഹജ്ജ് ശരിയാവാൻ നിർബന്ധമായും ചെയ്യേണ്ട ഘടകങ്ങൾ, (റുക്നുകൾ) നാലാകുന്നു:-

1. ഇഹ്റാം

ഹജ്ജിൽ പ്രവേശിക്കുമ്പോഴുള്ള നിയ്യതാണ് ഇഹ്റാം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നിയ്യത്, അഥവാ: ഉദ്ദേശ്യം. നിയ്യതിന്റെ സ്ഥാനം ഹൃദയമാണ്. അവ ഉച്ചരിക്കൽ അനുവദനീയമല്ല. അതിനാൽ "അല്ലാഹുവേ, ഞാൻ എനിക്ക് വേണ്ടി അല്ലെങ്കിൽ ഇന്ന വ്യക്തിക്ക്

വേണ്ടി ഹജ്ജ് നിർവ്വഹിക്കുന്നു" എന്ന് ഉച്ചരിക്കാൻ പാടുള്ളതല്ല. എന്നാൽ, യാതൊരു കർമ്മവും നിയ്യതില്ലാതെ ശരിയാകുന്നതല്ല. ഉമറുബ്നുൽ ഖത്വാബ് (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: "നിശ്ചയം കർമ്മങ്ങൾ ഉദ്ദേശ്യമനുസരിച്ചാണ്. ഒരു മനുഷ്യന് അവൻ ഉദ്ദേശിച്ചതുണ്ട്. ആരുടെയെങ്കിലും പാലായനം അല്ലാഹുവിലേക്കും റസൂലിലേക്കുമാണെങ്കിൽ, അവന്റെ പാലായനം അല്ലാഹുവിലേക്കും റസൂലിലേക്കുമായിരിക്കും. ആരുടെയെങ്കിലും പാലായനം ലൗകിക നേട്ടങ്ങൾക്കോ, ഏതെങ്കിലും സ്ത്രീയെ വിവാഹം ചെയ്യാനോ ആണെങ്കിൽ, അവന്റെ പാലായനം (കാരണം അവന് ലഭിക്കുന്നത്) അവൻ ലക്ഷ്യം വെച്ചത് തന്നെയായിരിക്കും." [ബുഖാരി 1, മുസ്‌ലിം (1907)]

ഹജ്ജിലേക്ക് പ്രവേശിക്കാനുള്ള ഇഹ്റാമിന്റെ സമയം:

ശവ്വാൽ മാസം തുടങ്ങുന്നതോടെ, അതായത് റമദാനിലെ അവസാന ദിവസം സൂര്യാസ്തമയത്തോടുകൂടി ആരംഭിക്കുന്നു. ഇതോടുകൂടി ഹാജിമാർക്ക് ഇഹ്റാമിലേക്ക് പ്രവേശിക്കാവുന്നതാണ്. അല്ലാഹു പറയുന്നു:

{ٱلۡحَجُّ أَشۡهُرٞ مَّعۡلُومَٰتٞۚ فَمَن فَرَضَ فِيهِنَّ ٱلۡحَجَّ فَلَا رَفَثَ وَلَا فُسُوقَ وَلَا جِدَالَ فِي ٱلۡحَجِّۗ} [البقرة : 197]

"ഹജ്ജ് കാലം അറിയപ്പെട്ട മാസങ്ങളാകുന്നു. ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ-പുരുഷ സംസർഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല." [അൽ ബഖറ:197]

ഹജ്ജിന്റെ കാലം: ശവ്വാലും, ദുൽ-ഖഅദയും, ദുൽ-ഹജ്ജ് മാസത്തിലെ ആദ്യ പത്തുകളുമാകുന്നു.

ഇഹ്റാമിലേക്ക് പ്രവേശിക്കേണ്ടത് അത് നിർവഹിക്കുന്നതിനായി നിശ്ചയിക്കപ്പെട്ട അഞ്ച് സ്ഥലങ്ങളിൽ നിന്നാണ്. അത് ഏതാണെന്നും അതിന്റെ വിശദാംശങ്ങളും മുമ്പ് പരാമർശിച്ചിട്ടുണ്ട്.

2. അറഫയിൽ നിൽക്കൽ

{لَيۡسَ عَلَيۡكُمۡ جُنَاحٌ أَن تَبۡتَغُواْ فَضۡلٗا مِّن رَّبِّكُمۡۚ فَإِذَآ أَفَضۡتُم مِّنۡ عَرَفَٰتٖ فَٱذۡكُرُواْ ٱللَّهَ عِندَ ٱلۡمَشۡعَرِ ٱلۡحَرَامِۖ وَٱذۡكُرُوهُ كَمَا هَدَىٰكُمۡ وَإِن كُنتُم مِّن قَبۡلِهِۦ لَمِنَ ٱلضَّآلِّينَ} [البقرة : 198]

"അറഫാതിൽ നിന്ന് നിങ്ങൾ പുറപ്പെട്ടുകഴിഞ്ഞാൽ മശ്അറുൽ ഹറാമിനടുത്തുവെച്ച് നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തിക്കുവിൻ." [അൽ ബഖറ: 198]

അബ്ദുറഹ്മാനുബ്നു യഅ്മർ (റ) വിൽ നിന്നും നിവേദനം: പ്രവാചകൻ ﷺ യുടെ അടുക്കൽ കുറച്ച് ആളുകൾ വന്നുകൊണ്ട് ഹജ്ജിനെ കുറിച്ച് ചോദിക്കുന്നതായി ഞാൻ കണ്ടു. അപ്പോൾ പ്രവാചകൻ ﷺ മറുപടി നൽകി: "ഹജ്ജ് എന്നാൽ അറഫയാണ്. ജംഇന്റെ (ദുൽ ഹജ്ജ് 10) പ്രഭാതത്തിന്ന് മുമ്പായി അറഫാ രാവിൽ ഒരാൾക്ക് കഴിച്ച് കൂട്ടാൻ സാധിച്ചാൽ, അദ്ദേഹത്തിന് ഹജ്ജ് ലഭിച്ചു."

ദുൽഹിജ്ജ 9ന് സൂര്യ മധ്യാഹ്നം മുതലാണ് അറഫയിലെ നിർത്തത്തിനുള്ള സമയം ആരംഭിക്കുന്നത്. കാരണം നബി ﷺ സൂര്യൻ മധ്യാഹ്നത്തിൽ എത്തിയതിനുശേഷം അല്ലാതെ അറഫയിൽ നിന്നിട്ടില്ല. അത് വരും ഹദീസുകളിൽ നിന്ന് വ്യക്തമാകുന്നതാണ്;

ജാബിറുബ്നു അബ്ദില്ലാ (റ) വിൽ നിന്ന് നിവേദനം ചെയ്യുന്ന മുസ്‌ലിം ഉദ്ധരിക്കുന്ന സുദീർഘമായ ഹദീസിൽ കാണാം: "സൂര്യൻ മധ്യാഹ്നം കടന്നപ്പോൾ, പ്രവാചകൻ ﷺ അദ്ദേഹത്തിന്റെ ഖസ്'വാഅ് എന്ന പേരുള്ള ഒട്ടകത്തിനായി ചോദിച്ചു, അങ്ങനെ അവിടുന്ന് താഴ്‌വരയുടെ മധ്യത്തിലേക്ക് എത്തി, ജനങ്ങളെ അഭിസംബോധനം ചെയ്തു..... എന്നിട്ട് അവിടെ നിന്ന് പ്രവാചകൻ ﷺ അറഫയിലേക്ക് പോയി." [മുസ്‌ലിം 1418].

സാലിമുബ്നു അബ്ദില്ലാഹിബ്നു ഉമർ (റ) വിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു : അബ്ദുൽ മലിക് ഹാജിമാർക്ക് ഹജ്ജിന്റെ വേളയിൽ ഇബ്നു ഉമർ (റ) വിനെ എതിർക്കരുതെന്നെഴുതി. അറഫാ ദിനത്തിൽ ഞാൻ അവരുടെ കൂടെ ഉണ്ടായിരിക്കെ സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്ന് തെറ്റിയപ്പോൾ അദ്ദേഹം വന്നു. അപ്പോൾ ഹജ്ജാജ്ബ്നു യൂസഫിന്റെ ടെന്റിന്റെ അടുത്തു വെച്ച് ഉറക്കെ വിളിച്ചു. മഞ്ഞച്ചായമുള്ള ഒരു മേൽവസ്ത്രവുമായി അദ്ദേഹം പുറത്തേക്കു വന്നു. അദ്ദേഹം ചോദിച്ചു: അബൂഅബ്ദിറഹ്മാൻ, എന്തുണ്ട് വിശേഷം? അദ്ദേഹം പറഞ്ഞു: പ്രവാചകചര്യ പിൻപറ്റണമെന്ന് താങ്കൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഇപ്പോൾ പുറപ്പെടണം. ഹജ്ജാജ് ചോദിച്ചു: ഈ സമയത്തോ? അദ്ദേഹം പറഞ്ഞു: അതെ, ഇപ്പോൾ തന്നെ. ഹജ്ജാജ് പറഞ്ഞു: എന്നാൽ എന്നെ കാത്തുനിൽക്കൂ. ഞാൻ തലയിൽ കുറച്ചു വെള്ളം ഒഴിക്കട്ടെ (കുളിക്കട്ടെ) എന്നിട്ട് ഞാൻ ഉടനെ വരാം. അങ്ങനെ അദ്ദേഹം (ഇബ്നു ഉമർ) വാഹനപ്പുറത്തു നിന്നിറങ്ങി (കാത്തുനിന്നു.) അങ്ങനെ ഹജ്ജാജ് പുറത്തേക്കു വന്നു. അദ്ദേഹം എന്റെയും എന്റെ പിതാവിന്റെയും കൂടെ ഉണ്ടായിരിക്കെ ഞാൻ പറഞ്ഞു: "താങ്കൾ പ്രവാചകചര്യ ഉദ്ദേശിക്കുന്നുവെങ്കിൽ (അറഫയിലെ) പ്രസംഗം ചുരുക്കുകയും അറഫയിൽ നിൽക്കാൻ ധൃതിപ്പെടുകയും ചെയ്യുക." അപ്പോൾ അദ്ദേഹം (ഹജ്ജാജ്) അബ്ദുല്ലാഹിബ്നു ഉമറിനെ നോക്കാൻ തുടങ്ങി. അബ്ദുല്ലാഹ് അത് കണ്ടപ്പോൾ അവൻ പറഞ്ഞത് ശരിയാണെന്ന് പറയുകയും ചെയ്തു.

**അറഫയിലെ നിർത്തത്തിനുള്ള അവസാന സമയം:**

ദുൽഹിജ്ജ 10 പ്രഭാതോദയത്തോടെയാണ് അറഫയിലെ നിർത്തത്തിനുള്ള സമയം അവസാനിക്കുന്നത്.

ഇത് മുൻ വിവരിച്ച അബ്ദുറഹ്മാനുബ്നു യഅമർ (റ) ന്റെ ഹദീസിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നു.

ഹദീസ്: "പ്രവാചകൻ ﷺ യുടെ അടുക്കൽ കുറച്ച് ആളുകൾ വന്നു ഹജ്ജിനെ കുറിച്ച് ചോദിക്കുന്നതായി ഞാൻ കണ്ടു. അപ്പോൾ പ്രവാചകൻ ﷺ മറുപടി നൽകി: "ഹജ്ജ് എന്നാൽ അറഫയാണ്. ജംഇന്റെ (ദുൽ ഹജ്ജ് 10) പ്രഭാതത്തിന്ന് മുമ്പായി അറഫാ രാവിൽ

ഒരാൾക്ക് കഴിച്ച് കൂട്ടാൻ സാധിച്ചാൽ, അദ്ദേഹത്തിന് ഹജ്ജ് ലഭിച്ചു". [അബൂ ദാവൂദ് (1949), തിർമിദി (889), നസാഇ (3016), ഇബ്നു മാജ (3015)].

## Page 78

അറഫാ നിറുത്തത്തിനായി കഴിച്ചു കൂട്ടേണ്ടത് എവിടെയാണ്?

അറഫാ മൈതാനം മുഴുവനും നിറുത്തത്തിനുള്ള സ്ഥലമാണ്. അറഫയിൽ എവിടെ നിന്നാലും ഹജ്ജ് സ്വീകരിക്കപ്പെടും. ജാബിറുബ്നു അബ്ദില്ലാഹ് (റ) വിൽ നിന്ന് നിവേദനം: പ്രവാചകൻ ﷺ പറഞ്ഞു: "ഞാൻ (അറഫയിൽ) ഇവിടെയാണ് നിന്നത്. എന്നാൽ അറഫാ മൈതാനം മുഴുവനും നിറുത്തത്തിനുള്ള സ്ഥലമാകുന്നു" [മുസ്‌ലിം (149), (1218)].

3. ത്വവാഫുൽ ഇഫാദ,

ഹജ്ജിന്റെ പൂർത്തീകരണത്തിന് കഅ്ബക്ക് ചുറ്റും ത്വവാഫ് ചെയ്യൽ അനിവാര്യമാണ്. 'ഹജ്ജിന്റെ ത്വവാഫ്' എന്നും 'സിയാറത്തിന്റെ ത്വവാഫ്' എന്നും ഇതിനെ പറയപ്പെടുന്നു. താഴെ വിവരിക്കുന്ന അല്ലാഹുവിന്റെ വചനത്തിൽ നിന്നും, പ്രവാചകൻ ﷺ യുടെ ഹദീസിൽ നിന്നും ഇത് ഹജ്ജിന്റെ റുക്നാണ് എന്ന് വ്യക്തമാകുന്നു. അല്ലാഹു പറയുന്നു:

{وَلْيَطَّوَّفُوا بِالْبَيْتِ الْعَتِيقِ} [الحج : 29]

"പുരാതനമായ ആ ഭവനത്തെ പ്രദക്ഷിണം വെക്കുകയും ചെയ്തുകൊള്ളട്ടെ." [അൽ ഹജ്ജ് : 29].

അതുപോലെ, പ്രവാചകപത്നി ആഇശ (റ) യിൽ നിന്നും നിവേദനം: ഹജ്ജത്തുൽ വദാഇന്റെ അവസരത്തിൽ (ത്വവാഫുൽ ഇഫാദത്തിനു ശേഷം) പ്രവാചകപത്നി സ്വഫിയ്യ ബിൻത് ഹുയയ്യ് (റ) ഋതുമതിയായി. അപ്പോൾ നബി ﷺ പറഞ്ഞു: "അവൾ നമ്മെ തടഞ്ഞുനിർത്തുമോ?" ഞാൻ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, അവർ മിനായിൽ നിന്നു

പുറപ്പെട്ട് വന്ന് ത്വവാഫുൽ ഇഫാദത്ത് നിർവ്വഹിച്ചിട്ടുണ്ട്. (പിന്നെ ഇഫാദത്തിന്റെ ത്വവാഫിന് ശേഷമാണ് ഋതുമതിയായത്)."

അപ്പോൾ നബി ﷺ പറഞ്ഞു: "എന്നാൽ അവൾ മടക്കയാത്ര ചെയ്തുകൊള്ളട്ടെ". [ബുഖാരി (4401), മുസ്‌ലിം (1211)]

"അവർ നമ്മെ തടഞ്ഞു നിർത്തുമോ?" എന്നുള്ള നബി ﷺ യുടെ പ്രസ്താവന ത്വവാഫുൽ ഇഫാള, ഹജ്ജിന്റെ പൂർത്തീകരണത്തിന് നിർബന്ധമായും ചെയ്യേണ്ട ഘടകങ്ങളിൽ പെട്ടതാണ് എന്ന് തെളിയിക്കുന്നു. അല്ലെങ്കിൽ അത് അവർക്ക് മക്കയിൽ നിന്ന് വിരമിച്ച് അവരുടെ നാട്ടിലേക്ക് മടങ്ങുന്നതിൽ നിന്ന് തടസ്സമാകുമായിരുന്നു". അതു കൊണ്ടാണ് സ്വഫിയ്യ (റ) ത്വവാഫുൽ ഇഫാള നിർവഹിച്ച് കഴിഞ്ഞിട്ടുണ്ട് എന്ന് ആഇശ (റ) പറഞ്ഞപ്പോൾ മക്കയിൽ നിന്നും പോകാനുള്ള ഇളവ് അവർക്ക് നൽകിയത്.

## Page 79

ത്വവാഫുൽ ഇഫാദ നിർവഹിക്കേണ്ട സമയം:

അറഫയിലെ നിർത്തവും മുസ്ദലിഫയിലെ രാപാർക്കലും കഴിഞ്ഞത് മുതൽക്കാണ് ത്വവാഫുൽ ഇഫാദ നിർവഹിക്കാനുള്ള സമയം ആരംഭിക്കുന്നത്. അല്ലാഹു പറയുന്നു:

{ثُمَّ لْيَقْضُوا۟ تَفَثَهُمْ وَلْيُوفُوا۟ نُذُورَهُمْ وَلْيَطَّوَّفُوا۟ بِٱلْبَيْتِ ٱلْعَتِيقِ} [الحج : 29]

"പിന്നെ അവർ തങ്ങളുടെ അഴുക്ക് നീക്കിക്കളയുകയും, തങ്ങളുടെ നേർച്ചകൾ നിറവേറ്റുകയും, പുരാതനമായ ആ ഭവനത്തെ പ്രദക്ഷിണം വെക്കുകയും ചെയ്തുകൊള്ളട്ടെ." [അൽ ഹജ്ജ്: 29].

അഴുക്കുകളെല്ലാം നീക്കലും നേർച്ചകൾ നിറവേറ്റലുമൊക്കെ അറഫയിൽ നിന്നതിന്റെയും മുസ്ദലിഫയിൽ രാപ്പാർക്കുകയും ചെയ്തതിനുശേഷം മാത്രമേ നിർവഹിക്കാവൂ. അതിന്റെ ആദ്യസമയം ദുൽഹിജ്ജ പത്തിന്റെ രാത്രിയുടെ പകുതിക്ക് ശേഷമാണ്. മുസ്ദലിഫയിൽ രാപ്പാർത്തവർക്കുള്ളതാണിത്.

ഹജ്ജിന്റെ ത്വവാഫ് ദുൽ-ഹജ്ജ 10 ളുഹാ സമയത്തിൽ നിർവഹിക്കലാണ് സുന്നത്ത്. എന്നാൽ അതിന്റെ അവസാന സമയം നിർണ്ണിതമല്ല. ദുൽഹിജ്ജ 12നോ 13നോ 14നോ ഉള്ളിൽ സൗകര്യപ്പെടുന്ന ഏത് സമയത്തും നിർവഹിക്കാവുന്നതാണ്, ഒരു വിരോധവുമില്ല.

നാല്: സ്വഫാ മർവയ്ക്കിടയിലെ സഅ്‌യ്

അല്ലാഹു പറയുന്നു:

{إِنَّ ٱلصَّفَا وَٱلْمَرْوَةَ مِن شَعَآئِرِ ٱللَّهِۖ فَمَنْ حَجَّ ٱلْبَيْتَ أَوِ ٱعْتَمَرَ فَلَا جُنَاحَ عَلَيْهِ أَن يَطَّوَّفَ بِهِمَا} [البقرة : 158]

"തീർച്ചയായും സ്വഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽ പെട്ടതാകുന്നു. കഅ്ബാ മന്ദിരത്തിൽ ചെന്ന് ഹജ്ജോ ഉംറഃയോ നിർവഹിക്കുന്ന ഏതൊരാളും അവയിലൂടെ പ്രദക്ഷിണം നടത്തുന്നതിൽ കുറ്റമൊന്നുമില്ല. [അൽ ബഖറ: 158]

ഇബ്നുഅബ്ബാസ് (റ) ഉദ്ധരിക്കുന്ന ഹദീസിൽ നബി ﷺ ഹജ്ജിന്റെ വിഷയത്തിൽ അഭിസംബോധനം ചെയ്യുന്നതായി നമുക്ക് കാണാം: "അതിനുശേഷം തർവിയത്തിന്റെ (ദുൽഹിജ്ജ 8) രാത്രിയിൽ ഹജ്ജിനായി ഇഹ്റാം കെട്ടാൻ പ്രവാചകൻ ﷺ ഞങ്ങളോട് ആവശ്യപ്പെട്ടു, ഞങ്ങൾ ഹജ്ജിലെ ചടങ്ങുകളിൽ നിന്നും വിരമിച്ചു കഴിഞ്ഞപ്പോൾ, കഅ്ബയെ ത്വവാഫ് ചെയ്യുകയും സ്വഫയ്ക്കും മർവയ്ക്കുമിടയിൽ (സഅ്‌യ് നടത്തുകയും) ചെയ്തു. അങ്ങനെ ഞങ്ങളുടെ ഹജ്ജ് പൂർത്തിയായി, ബലിമൃഗത്തെ അറുക്കുകയും ചെയ്തു." [ബുഖാരി 1572]

ആഇശ (റ) പറയുന്നു: “അത് രണ്ടിന്റെയും (സ്വഫാ മർവക്കും) ഇടയിലെ നടത്തം അല്ലാഹുവിന്റെ റസൂൽ ﷺ നിയമമാക്കിയിരിക്കുന്നു. അവക്കിടയിലെ നടത്തം ആർക്കും ഉപേക്ഷിക്കാവതല്ല.” [ബുഖാരി (1643), മുസ്‌ലിം (1277)].

## Page 80

ആഇശ (റ) വിന്റെ മറ്റൊരു രിവായത്തിൽ ഇപ്രകാരം പറയുന്നു: "സ്വഫാ മർവയ്ക്കിടയിൽ പ്രദക്ഷിണം നടത്താതെ ഒരു വ്യക്തിയുടെ ഹജ്ജോ ഉംറയോ അല്ലാഹു പൂർത്തിയാക്കുകയില്ല". [ബുഖാരി (1790), മുസ്‌ലിം (1277)].

സഅ്'യ് നിർവഹിക്കേണ്ട സമയം:

- ഖാരിനായും, മുഫ്'രിദായും ഹജ്ജ് നിർവഹിക്കുന്നവർ ത്വവാഫുൽ ഖുദൂമിന് ശേഷമാണ് സഅ്'യ് ചെയ്യേണ്ടത്. അറഫാ ദിനത്തിന് മുമ്പ്, ത്വവാഫുൽ ഖുദൂമിന് ശേഷമായി മുന്തിപ്പിക്കലാണ് സുന്നത്ത്. ഇനിയവർ അറഫാ ദിനം കഴിഞ്ഞ് ത്വവാഫുൽ ഇഫാദക്ക് ശേഷം പിന്തിപ്പിക്കലും അനുവദനീയമാണ്.

- തമത്തുആയി ഹജ്ജ് ചെയ്യുന്നവർ അറഫയിലും മുസ്ദലിഫയിലും കഴിച്ച് കൂട്ടി, ത്വവാഫുൽ ഇഫാദ നിർവഹിക്കുകയും ചെയ്ത ശേഷമാണ് സഅ്'യ് ചെയ്യേണ്ടത്. ദുൽ-ഹജ്ജ് പത്തിന് ദുഹാ സമയം ത്വവാഫുൽ ഇഫാദക്ക് ശേഷം നിർവഹിക്കുന്നതാണ് ഉത്തമം. ഇതിന് നിശ്ചിതമായൊരു സമയപരിധി കണക്കാക്കിയിട്ടില്ല. ഹജ്ജിന്റെ ഏത് ദിവസം വേണമെങ്കിലും നിർവ്വഹിക്കാവുന്നതാണ്.

ഉണർത്തൽ: സഅ്'യ് നിർവഹിക്കുന്നതിന് മുമ്പായി ത്വവാഫ് നിർവഹിക്കൽ അനിവാര്യമാണ്. ഉദാഹരണത്തിന്, ത്വവാഫുൽ ഖുദൂമിന്റെയോ, ഇഫാദയുടെയോ, വിദാഇന്റെയോ കൂടെയാണ് സഅ്'യ് നിർവഹിക്കേണ്ടത്. കാരണം ത്വവാഫ് ഇല്ലാതെ സഅ്'യ് നിർവഹിക്കുന്നത് ശരിയല്ല. അങ്ങനെ ചെയ്താൽ അവന്റെ സഅ്'യ് ബാത്വിൽ ആകുകയും ചെയ്യും.

## Page 81

**ഹജ്ജിന്റെ വാജിബാതുകൾ**

ഹജ്ജ് പരിപൂർണ്ണമാകാൻ നിർബന്ധമായ ഘടകങ്ങൾ (ഇവ വിട്ടു പോയാൽ പ്രായശ്ചിത്തം ചെയ്തു നികത്താൻ സാധിക്കുന്നതാണ്)

ഹജ്ജിന്റെ വാജിബാതുകൾ ഏഴാണ്:-

1. ഇഹ്റാം, അത് ശർഇൽ നിയമിക്കപ്പെട്ട മീഖാത്തിൽ നിന്ന് തന്നെ പ്രവേശിക്കേണ്ടതാണ്. അതിന്റെ അനിവാര്യത താഴെ പരാമർശിച്ച ഹദീസിൽ നിന്നും വ്യക്തമാണ്.

അബ്ദുല്ലാഹിബ്നു ഉമർ (റ) വിൽ നിന്ന് നിവേദനം: പള്ളിയിൽ നിന്ന് ഒരു വ്യക്തി ചോദിക്കുകയുണ്ടായി: "ഞങ്ങളോട് എവിടെ നിന്നാണ് ഇഹ്റാമിൽ പ്രവേശിക്കാൻ കൽപിക്കപ്പെട്ടിട്ടുള്ളത്?" അപ്പോൾ പ്രവാചകൻ ﷺ മറുപടി നൽകി: "മദീനക്കാർ ദുൽ-ഹുലൈഫയിൽ നിന്നും, ശാമുകാർ ജുഹ്ഫയിൽ നിന്നും, നജ്ദുകാർ ഖർനിൽ നിന്നുമാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്." [ബുഖാരി 133, മുസ്‌ലിം 1182].

മറ്റൊരു രിവായതിൽ; ഇബ്നു ഉമർ (റ) പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ ﷺ മദീനക്കാരോട് ദുൽ-ഹുലൈഫയിൽ നിന്നും, ശാമുകാരോട് ജുഹ്ഫയിൽ നിന്നും, നജ്ദുകാരോട് ഖർനിൽ നിന്നുമാണ് ഇഹ്റാം ചെയ്യേണ്ടത് എന്ന് കല്പിച്ചു." [മുസ്‌ലിം 1182, 15].

زَيْدُ بْنُ جُبَيْرٍ، أَنَّهُ أَتَى عَبْدَ اللَّهِ بْنَ عُمَرَ ـ رضى الله عنهما ـ فِي مَنْزِلِهِ وَلَهُ فُسْطَاطٌ وَسُرَادِقٌ، فَسَأَلْتُهُ مِنْ أَيْنَ يَجُوزُ أَنْ أَعْتَمِرَ قَالَ فَرَضَهَا رَسُولُ اللَّهِ صلى الله عليه وسلم لأَهْلِ نَجْدٍ قَرْنًا، وَلأَهْلِ الْمَدِينَةِ ذَا الْحُلَيْفَةِ، وَلأَهْلِ الشَّأْمِ الْجُحْفَةَ. [رَوَاهُ البُخَارِيّ]

സൈദുബ്നു ജുബൈർ (റ) വിൽ നിന്നുള്ള മറ്റൊരു നിവേദനത്തിൽ ഇങ്ങനെ കാണാം: ഞാൻ അബ്ദുല്ലാഹിബ്നു ഉമർ (റ) വിന്റെ താമസസ്ഥലത്ത് അദ്ദേഹത്തെ കാണുവാൻ ചെന്നു. അത് പരുത്തി തുണികൊണ്ട് നിർമ്മിച്ച നിരവധി കൂടാരങ്ങളും വേലിക്കെട്ടുകളും അടങ്ങിയതായിരുന്നു. ഞാൻ അദ്ദേഹത്തോട് എവിടെ നിന്നാണ് ഇഹ്റാം ചെയ്യേണ്ടത് എന്നു ചോദിച്ചു. അദ്ദേഹം പറഞ്ഞു. "അല്ലാഹുവിന്റെ റസൂൽ നജ്ദുകാർക്ക് ഖർനും മദീനക്കാർക്ക് ദുൽഹുലൈഫയും ശാമുകാർക്ക് അൽജുഹ്ഫയും (മീഖാതായി) നിശ്ചയിച്ചിട്ടുണ്ട്". [ബുഖാരി 1522].

2. അറഫയിൽ സൂര്യാസ്തമയം വരെ ചിലവഴിക്കൽ: നബി ﷺ സൂര്യാസ്തമയം വരെയാണ് അവിടെ ചിലവഴിച്ചിരുന്നത്. മാത്രമല്ല, സൂര്യാസ്തമയത്തിന് മുമ്പായി ബലഹീനർക്ക് പോലും, അവരുടെ പ്രയാസങ്ങൾ മുസ്ദലിഫയിൽ ഉള്ളത് പോലെ അറഫയിലും നിലനിൽക്കെ തന്നെ പ്രവാചകൻ ﷺ അവർക്ക് മടങ്ങാൻ അനുമതി നൽകിയില്ല. ആയതിനാൽ പകലിന്റെയും രാവിന്റെയും ഒരു ഭാഗം ഉൾപ്പെടുത്തികൊണ്ട് സൂര്യാസ്തമയം വരെ അറഫയിൽ ചിലവഴിക്കൽ നിർബന്ധമാണ്. എന്നാൽ ഒരാൾക്ക് അവിടെ രാത്രിയിൽ മാത്രമേ കഴിച്ചു കൂട്ടാൻ സാധിച്ചിട്ടുള്ളൂ എങ്കിലും അവൻ ഏറ്റവും ചുരുങ്ങിയ സമയമെങ്കിലും ചിലവഴിച്ചതിനാൽ, അദ്ദേഹത്തിൽനിന്ന് പ്രായശ്ചിത്തമൊന്നും കൊടുക്കാതെ തന്നെ അറഫയിൽ ചിലവഴിച്ചതായി പരിഗണിക്കപ്പെടുന്നതാണ്.

عَنْ عَبْدِ الرَّحْمَنِ بْنِ يَعْمَرَ، قَالَ شَهِدْتُ رَسُولَ اللَّهِ صلى الله عليه وسلم فَأَتَاهُ نَاسٌ فَسَأَلُوهُ عَنِ الْحَجِّ فَقَالَ رَسُولُ اللَّهِ صلى الله عليه وسلم " الْحَجُّ عَرَفَةُ فَمَنْ أَدْرَكَ لَيْلَةَ عَرَفَةَ قَبْلَ طُلُوعِ الْفَجْرِ مِنْ لَيْلَةِ جَمْعٍ فَقَدْ تَمَّ حَجُّهُ " .

പ്രവാചകൻ ﷺ പറഞ്ഞു: "ഹജ്ജ് എന്നാൽ അറഫയാണ്. ജംഇന്റെ (ദുൽ ഹജ്ജ് 10) പ്രഭാതത്തിന്ന് മുമ്പായി അറഫാ രാവിൽ ഒരാൾക്ക് കഴിച്ച് കൂട്ടാൻ സാധിച്ചാൽ, അദ്ദേഹത്തിന് ഹജ്ജ് ലഭിച്ചു". [അബൂ ദാവൂദ് 1949, നസാഇ 3016, തിർമിദി 889, ഇബ്നു മാജാ 3015].

3. ബലിപെരുന്നാളിന്റെ രാത്രി മുസ്ദലിഫയിൽ താമസിക്കൽ. അന്ത്യയാമത്തിന് മുന്നേ അവർ അവിടെ എത്തിച്ചേരേണ്ടതാണ്. ഇനി അവിടെ അന്ത്യയാമത്തിന് ശേഷമാണ് എത്തിയതെങ്കിൽ കുറച്ചുനേരം അവിടെ രാപാർത്താൽ മതിയാകും. അതിനുശേഷം, അവർക്കവിടെ നിന്ന് മടങ്ങാവുന്നതാണ്.

ബലിപെരുന്നാളിന്റെ രാത്രി മുസ്ദലിഫയിൽ താമസിക്കുന്നതിന്റെ തെളിവ്, അല്ലാഹു പറയുന്നു:-

فَإِذَآ أَفَضۡتُم مِّنۡ عَرَفَٰتٖ فَٱذۡكُرُواْ ٱللَّهَ عِندَ ٱلۡمَشۡعَرِ ٱلۡحَرَامِ

(ഹജ്ജിനിടയിൽ) നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഭൗതികാനുഗ്രഹങ്ങൾ നിങ്ങൾ തേടുന്നതിൽ കുറ്റമൊന്നുമില്ല. അറഫാത്തിൽ നിന്ന് നിങ്ങൾ പുറപ്പെട്ടുകഴിഞ്ഞാൽ മശ്അറുൽ

ഹറാമിനടുത്തുവെച്ച് നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തിക്കുവിൻ. [അൽ ബഖറ: 198].

## Page 83

പ്രവാചകൻ ﷺ ബലഹീനരെ രാത്രിയിൽ പ്രഭാതോദയത്തിന് മുമ്പായിട്ട് തന്നെ മുസ്ദലിഫയിൽ നിന്നും മിനയിലേക്ക് അയച്ചിരുന്നു.

سَمِعْتُ ابْنَ عَبَّاسٍ ـ رضى الله عنهما ـ يَقُولُ بَعَثَنِي ـ أَوْ قَدَّمَنِي ـ النَّبِيُّ صلى الله عليه وسلم فِي الثَّقَلِ مِنْ جَمْعٍ بِلَيْلٍ [متفق عليه]

ഇബ്നു അബ്ബാസ് (റ) പറയുന്നു: "നബി ﷺ രാത്രിയിൽ ജംഇൽ (അതായത് മുസ്ദലിഫ) നിന്നുള്ള ചരക്കുകളുമായി എന്നെ (മിനയിലേക്ക്) അയച്ചു". [ബുഖാരി 1756, മുസ്‌ലിം 1293].

حَدَّثَنِي عَبْدُ اللَّهِ، مَوْلَى أَسْمَاءَ قَالَ قَالَتْ لِي أَسْمَاءُ وَهْىَ عِنْدَ دَارِ الْمُزْدَلِفَةِ هَلْ غَابَ الْقَمَرُ قُلْتُ لاَ . فَصَلَّتْ سَاعَةً ثُمَّ قَالَتْ يَا بُنَىَّ هَلْ غَابَ الْقَمَرُ قُلْتُ نَعَمْ . قَالَتِ ارْحَلْ بِي . فَارْتَحَلْنَا حَتَّى رَمَتِ الْجَمْرَةَ ثُمَّ صَلَّتْ فِي مَنْزِلِهَا فَقُلْتُ لَهَا أَىْ هَنْتَاهْ لَقَدْ غَلَّسْنَا . قَالَتْ كَلاَّ أَىْ بُنَىَّ إِنَّ النَّبِيَّ صلى الله عليه وسلم أَذِنَ لِلظُّعُنِ

മറ്റൊരു റിപ്പോർട്ടിൽ: അസ്മാഅ് (റ) വിന്റെ അടിമ അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു: അസ്മാഅ് (റ) ജംഇന്റെ രാവിൽ മുസ്ദലിഫയിൽ ഇറങ്ങി അവിടെ നിന്ന് കുറച്ച് നേരം നിസ്കരിച്ചതിന് ശേഷം എന്നോട് പറഞ്ഞു" 'ചന്ദ്രൻ മറഞ്ഞു പോയോ ?'. ഞാൻ പറഞ്ഞു: 'ഇല്ല' അപ്പോൾ അവർ ഒരു നാഴിക നേരം വീണ്ടും നിസ്കരിച്ചു. പിന്നെ അവർ ചോദിച്ചു: 'മോനെ, ചന്ദ്രൻ മറഞ്ഞോ?'. ഞാൻ പറഞ്ഞു: 'അതെ (മറഞ്ഞു)'. അവർ പറഞ്ഞു: 'എന്നെ കൊണ്ടുപോകൂ'. അങ്ങനെ ഞങ്ങൾ പോയി. അവർ ജംറക്ക് എറിഞ്ഞു. എന്നിട്ട് അവർ അവരുടെ വാസസ്ഥലത്ത് വെച്ച് തന്നെ ഫജ്ർ നിസ്കരിച്ചു. ഞാൻ അവരോട് പറഞ്ഞു: 'ഹേ, (മഹതിയേ); നാം തിരിച്ച് വന്നത് ഇരുട്ടത്താണല്ലോ '. അപ്പോൾ അവർ പറഞ്ഞു: 'അല്ല മോനെ, തീർച്ചയായും നബി ﷺ സ്ത്രീകൾക്കതിൽ അനുമതി നൽകിയിട്ടുണ്ട് ". [ബുഖാരി 1679, മുസ്‌ലിം 1291].

## Page 84

أَنَّ سَالِمَ بْنَ عَبْدِ اللَّهِ، أَخْبَرَهُ أَنَّ عَبْدَ اللَّهِ بْنَ عُمَرَ كَانَ يُقَدِّمُ ضَعَفَةَ أَهْلِهِ فَيَقِفُونَ عِنْدَ الْمَشْعَرِ الْحَرَامِ بِالْمُزْدَلِفَةِ بِاللَّيْلِ فَيَذْكُرُونَ اللَّهَ مَا بَدَا لَهُمْ ثُمَّ يَدْفَعُونَ قَبْلَ أَنْ يَقِفَ الإِمَامُ وَقَبْلَ أَنْ يَدْفَعَ فَمِنْهُمْ مَنْ يَقْدَمُ مِنًى لِصَلاَةِ الْفَجْرِ وَمِنْهُمْ مَنْ يَقْدَمُ بَعْدَ ذَلِكَ فَإِذَا قَدِمُوا رَمَوُا الْجَمْرَةَ وَكَانَ ابْنُ عُمَرَ يَقُولُ أَرْخَصَ فِي أُولَئِكَ رَسُولُ اللَّهِ صلى الله عليه وسلم .

സാലിമുബ്നു അബ്ദില്ലാഹ് (റ) വിൽ നിന്നും നിവേദനം: അബ്ദുല്ലാഹിബ്നു ഉമർ (റ) തന്റെ കുടുംബത്തിലെ ദുർബലരെ മുമ്പിൽ അയക്കുമായിരുന്നു. അപ്പോൾ അവർ മുസ്ദലിഫയിൽ രാത്രിയിൽ മശ്അറുൽ ഹറമിനടുക്കൽ നിൽക്കും. എന്നിട്ട് അവർക്ക് സൗകര്യമാകുന്നത്ര അല്ലാഹുവിനെ ഓർത്ത് അവിടെ കഴിച്ചു കൂട്ടും. പിന്നെ ഇമാം (അവിടെ) നിൽക്കുന്നതിനു മുമ്പ് (നേതാവ് പുറപ്പെടുന്നതിനു മുമ്പും) പുറപ്പെടും. അവരിൽ ചിലർ ഫജ്ർ നിസ്കാരത്തിന് മിനായിലെത്തും. നിസ്കാരശേഷം അവിടെ എത്തുന്നവരും അവരിലുണ്ട്. അങ്ങനെ അവർ അവിടെ എത്തിയാൽ ജംറയിൽ എറിയും. ഇബ്നു ഉമർ (റ) പറയാറുണ്ടായിരുന്നു: 'അത്തരം ആളുകൾക്ക് നബി ﷺ ഇളവ് അനുവദിച്ചിട്ടുണ്ട്'. [ബുഖാരി 1676, മുസ്ലിം 1295].

മുസ്ദലിഫയിൽ പ്രഭാതോദയം വരെ രാപാർത്ത്, അവിടെ നിന്ന് തന്നെ ഫജ്ർ നിസ്കരിച്ചു, (സൂര്യാസ്തമയത്തിന് മുമ്പായി) നേരം വെളുക്കുന്നത് വരെ അവിടെ ചിലവഴിക്കുന്നതാണ് പ്രവാചക ചര്യ.

4- പെരുന്നാൾ ദിവസം ജംറതുൽ അഖബയിൽ മാത്രമായും, അയ്യാമുതശ്രീഖിൽ (അതായത് ദുൽഹജ്ജ് 11, 12, 13) നും മൂന്ന് ജംറകളിലും അതിന്റേതായ നിശ്ചിത സമയങ്ങളിൽ എറിയേണ്ടതാണ്. ഇത് ഹജ്ജിന്റെ നിർബന്ധ കർമ്മമാണെന്നതിന് തെളിവ് നബി ﷺ യുടെ പ്രവൃത്തി തന്നെയാണ്. പ്രവാചകൻ ﷺ പെരുന്നാൾ ദിവസവും, അയ്യാമുതശ്രീഖിന്റെ ദിവസങ്ങളും മൂന്ന് ജംറകളിൽ എറിയുകയും, എന്നിട്ട്

أَخْبَرَنِي أَبُو الزُّبَيْرِ، أَنَّهُ سَمِعَ جَابِرًا، يَقُولُ رَأَيْتُ النَّبِيَّ صلى الله عليه وسلم يَرْمِي عَلَى رَاحِلَتِهِ يَوْمَ النَّحْرِ وَيَقُولُ " لِتَأْخُذُوا عَنِّي مَنَاسِكَكُمْ " .

"നിങ്ങളുടെ ഹജ്ജു കർമ്മ രീതികൾ എന്നിൽ നിന്ന് സ്വീകരിക്കുവിൻ." [മുസ്ലിം 1297] എന്ന് പറയുകയും ചെയ്തു.

5- പുരുഷന്മാർ തലമുണ്ഡനമോ, മുടി മുറിക്കുകയോ ചെയ്യലും, സ്ത്രീകൾ മുടിമുറിക്കലും.

عَنِ ابْنِ عَبَّاسٍ ـ رضى الله عنهما ـ قَالَ لَمَّا قَدِمَ النَّبِيُّ صلى الله عليه وسلم مَكَّةَ أَمَرَ أَصْحَابَهُ أَنْ يَطُوفُوا بِالْبَيْتِ، وَبِالصَّفَا وَالْمَرْوَةِ، ثُمَّ يَحِلُّوا، وَيَحْلِقُوا أَوْ يُقَصِّرُوا. [رواه البخاري]

ഇബ്നു അബ്ബാസ് (റ) പറയുന്നു. നബി ﷺ അറഫയിൽ നിന്ന് മടങ്ങി മക്കയിലെത്തിയപ്പോൾ, സ്വഹാബിമാരോട് കഅ്ബയെ ത്വവാഫ് ചെയ്യാനും, സ്വഫാ-മർവകൾക്കിടയിൽ നടക്കാനും മുടി മുണ്ഡനം ചെയ്തോ, വെട്ടി ചെറുതാക്കുകയോ ചെയ്തതിന് ശേഷം, ഇഹ്റാമിൽ നിന്ന് വിരമിക്കാനും കൽപ്പിച്ചു. [ബുഖാരി 1731].

- അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു : "സ്ത്രീകൾക്ക് തല മുണ്ഡനം പാടുള്ളതല്ല. അവർ മുടി മുറിക്കുകയാണ് ചെയ്യേണ്ടത്". [ബുഖാരി 1651].

6- അയ്യാമുത്തശ്രീഖിന്റെ രാവുകളിൽ മിനയിൽ രാപ്പാർക്കൽ: ധൃതിയുള്ളവർ 11നും, 12നും, വൈകിക്കുന്നവർ 13നും ചിലവഴിക്കേണ്ടതാണ്. അബ്ദുല്ലാഹിബ്നു ഉമർ (റ) വിന്റെ താഴെ വിവരിക്കുന്ന ഹദീസ് ഇത് നിർബന്ധ കർമ്മങ്ങളിൽ പെട്ടതാണെന്ന് തെളിയിക്കുന്നു.

وَعَنِ ابْنِ عُمَرَ قَالَ: اسْتَأْذَنَ الْعَبَّاسُ بْنُ عَبْدِ الْمُطَّلِبِ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنْ يَبِيتَ بِمَكَّةَ لَيَالِيَ منى من أجلِ سِقايتِهِ فَأذن لَهُ. (مُتَّفَقٌ عَلَيْهِ)

"അബ്ബാസുബ്നു അബ്ദിൽ മുത്വലിബ് (റ) ഹാജിമാർക്ക് വെള്ളം സജ്ജീകരിക്കുന്നതിനായി മിനായിൽ രാപ്പാർക്കുന്നതിൽ നിന്നും ഒഴിവ്കഴിവ് ചോദിച്ചപ്പോൾ മക്കയിൽ രാപ്പാർക്കാൻ പ്രവാചകൻ ﷺ അദ്ദേഹത്തിന് അനുമതി നൽകി". [ബുഖാരി 1634, മുസ്ലിം 1315]

മിനായിൽ രാപ്പാർക്കുന്നത് നിർബന്ധമല്ലായിരുന്നെങ്കിൽ, നബി ﷺ യോട് അബ്ബാസ് (റ) വിന് അനുവാദം ചോദിക്കേണ്ടിയിരുന്നില്ല. അതുപോലെ, ഈ കർമ്മം നിർബന്ധമല്ലായിരുന്നെങ്കിൽ, മറ്റാർക്കും

നൽകാത്ത ഇളവ് അബ്ബാസിന് (റ) മാത്രമായി നബി ﷺ നൽകുമായിരുന്നില്ല.

അൽ-അഖബക്ക് പുറത്തായിക്കൊണ്ട് ആരും തന്നെ മിനായിൽ രാത്രി കഴിച്ച്കൂട്ടരുത് എന്ന് ഉമർ (റ) വിൽ നിന്നും സ്ഥിരപ്പെട്ടിട്ടുണ്ട്. (ഇമാം മാലിക് മുവത്വഇൽ, അബൂ മിസ്അബ് അസ്സുഹ്'രി നിവേദനം ചെയ്ത, (1410) ൽ രേഖപ്പെടുത്തിയത്).

**Page 86**

7- വിദാഇന്റെ ത്വവാഫ് നിർവ്വഹിക്കൽ. ഇത് ആർത്തവകാരികൾക്കും, പ്രസവരക്തമുള്ളവർക്കും നിർബന്ധമല്ല.

"عَنِ ابْنِ عَبَّاسٍ، قَالَ أُمِرَ النَّاسُ أَنْ يَكُونَ، آخِرُ عَهْدِهِمْ بِالْبَيْتِ إِلاَّ أَنَّهُ خُفِّفَ عَنِ الْمَرْأَةِ الْحَائِضِ"

ഇബ്നു അബ്ബാസ് (റ) വിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു : "അവരുടെ അവസാനത്തെ കരാർ (കർമ്മം) കഅ്ബയുമായിട്ടാവണമെന്ന് ജനങ്ങൾ കൽപ്പിക്കപ്പെട്ടു. എന്നാൽ ഋതുമതിക്ക് അതിൽ ഇളവനുവദിക്കപ്പെട്ടു." [ബുഖാരി 1755, മുസ്ലിം 1328]

ഇബ്നു അബ്ബാസ് (റ) വിൽ നിന്നുള്ള മറ്റൊരു രിവായതിൽ ഇപ്രകാരം പരാമർശിക്കുന്നതായി നമുക്ക് കാണാം: "ജനങ്ങൾ ഓരോ വഴിക്ക് പിരിഞ്ഞു പോവുകയായിരുന്നു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "അവസാനമായി കഅ്ബയുമായി ബന്ധപ്പെടാതെ ആരും മടങ്ങരുത്." [മുസ്ലിം 1327].

ഇവയെല്ലാമാണ് ഹജ്ജിന്റെ നിർബന്ധമായ ഘടകങ്ങൾ. ഹാജിമാർ നിർബന്ധമായും നിർവഹിക്കേണ്ടതാണിത്. ആരെങ്കിലും ഇവ ഒഴിവാക്കുകയാണെങ്കിൽ, അവർ ഒരു ആടിനെയോ, മാട്, ഒട്ടകം എന്നിവയുടെ ഏഴിൽ ഒരു ഭാഗമോ മക്കയിൽ അറുത്ത്, അവിടത്തെ സാധുക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്.

**Page 87**

ഹജ്ജിന്റെ രൂപത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതായ ഹജ്ജിന്റെ മറ്റെല്ലാ കർമ്മങ്ങളും സുന്നത്താകുന്നു. ത്വവാഫുൽ ഖുദൂം, തർവ്വിയ്യതിന്റെ അന്ന് (ദുൽ-ഹജ്ജ് 8ന്) മിനയിലേക്ക് പോകൽ, അന്ന് (അറഫാ) രാവിൽ മിനയിൽ താമസിക്കൽ, ത്വവാഫുൽ ഖുദൂമിന്റെ വേളയിൽ വലത് ചുമലുകൾ വെളിപ്പെടുത്തി ഇഹ്റാമിന്റെ വസ്ത്രം ധരിക്കൽ, ത്വവാഫിന്റെ ആദ്യത്തെ മൂന്നു ചുറ്റലിൽ വേഗത്തിൽ നടക്കൽ (റംല് ചെയ്യൽ), ഹജ്റുൽ അസ്‌വദ് ചുംബിക്കൽ, മറ്റുള്ള ദുആ ദിക്റുകൾ, സ്വഫാ മർവാ കുന്നിൽ കയറൽ തുടങ്ങിയതെല്ലാം സുന്നതിൽ പെട്ടതാകുന്നു. ഹാജിമാർ അവരുടെ കഴിവിന്റെ പരമാവധി അവ നിർവ്വഹിക്കാൻ പരിശ്രമിക്കേണ്ടതാകുന്നു.



## അദ്ധ്യായം പതിനൊന്ന് : ഹജ്ജിന്റെ രൂപം

### - ഹജ്ജിന്റെ തുടക്കം: ഹജ്ജ് ഉദ്ദേശിച്ച് കൊണ്ട് ഇഹ്റാമിൽ പ്രവേശിക്കൽ

ദുൽഹിജ്ജ 8, അതായത് യൗമുത്തർവിയയിൽ ളുഹാ (പൂർവ്വാഹ്ന) സമയമായാൽ ഇഹ്റാമിലേക്ക് പ്രവേശിക്കേണ്ടതാണ്. മുത്തമത്തിആയും മുഫ്‌രിദായും ഹജ്ജ് ചെയ്യുന്നവർ, മക്കയിലോ അതിന്റെ തൊട്ടടുത്തോയുള്ള സ്ഥലത്താണെങ്കിൽ, അവർ താമസിക്കുന്നിടത്ത് നിന്ന് തന്നെയാണ് ഇഹ്റാം ചെയ്യേണ്ടത്.

ഇഹ്റാമിന് വേണ്ടി മസ്ജിദുൽ ഹറമിലോ, മറ്റേതെങ്കിലും പള്ളികളിലോ, സ്ഥലങ്ങളിലോ പോവുക എന്നത് സുന്നത്തല്ല. അത് പ്രവാചകൻ ﷺ യിൽ നിന്നോ സ്വഹാബികളിൽ നിന്നോ ഉദ്ധരിക്കപ്പെട്ടിട്ടില്ല.

ഹജ്ജതുൽ വദാഇയിൽ നബി ﷺ യുടെ കൂടെ തമത്തുആയി ഹജ്ജ് ചെയ്യുന്ന സ്വഹാബികൾ, അവർ ഉണ്ടായിരുന്ന (അബ്ത്വഹ്)

എന്ന സ്ഥലത്ത് നിന്ന് തന്നെയായിരുന്നു ഇഹ്റാം ചെയ്തിരുന്നത്. അല്ലാതെ ഇഹ്റാമിന് ഒരു നിശ്ചിത സ്ഥലം ലക്ഷ്യം വെച്ച് അവിടേക്ക് പോയിട്ടില്ല.

عَنْ أَنَسٍ ـ رضى الله عنه ـ قال: {فَلَمَّا قَدِمْنَا أَمَرَ النَّبِيُّ ﷺ النَّاسَ فَحَلُّوا، حَتَّى كَانَ يَوْمُ التَّرْوِيَةِ أَهَلُّوا بِالْحَجِّ} [البخاري]

അനസ് (റ) വിൽ നിന്ന് നിവേദനം: "പിന്നെ നബി ﷺ ഹജ്ജിനും ഉംറക്കും ഇഹ്റാമിൽ പ്രവേശിച്ചു കൊണ്ട് തൽബിയ്യത് ചൊല്ലി. ജനങ്ങളും അവ രണ്ടിനും ഒന്നിച്ച് ഇഹ്റാമിൽ പ്രവേശിച്ചു കൊണ്ട് തൽബിയത് ചൊല്ലി. ഞങ്ങൾ മക്കയിലെത്തിയപ്പോൾ ഇഹ്റാമിൽ നിന്ന് വിരമിക്കാൻ നബി ﷺ ജനങ്ങളോട് കൽപ്പിച്ചു. അവർ (ഉംറ ചെയ്തു) ഇഹ്റാമിൽ നിന്ന് വിരമിച്ച് തർവിയതിന്റെ ദിവസം (ദുൽഹജ്ജ് 8) ആയപ്പോൾ ഹജ്ജിനു വേണ്ടി അവർ ഇഹ്റാമിൽ പ്രവേശിച്ചു കൊണ്ട് തൽബിയത് ചൊല്ലി." [ബുഖാരി 1551]

## Page 89

ജാബിറുബ്നു അബ്ദില്ലാ (റ) വിൽ നിന്നും നിവേദനം: പ്രവാചകൻ ﷺ അവരോട് പറഞ്ഞു:

"أَحِلُّوا مِنْ إِحْرَامِكُمْ فَطُوفُوا بِالْبَيْتِ وَبَيْنَ الصَّفَا وَالْمَرْوَةِ وَقَصِّرُوا وَأَقِيمُوا حَلاَلاً حَتَّى إِذَا كَانَ يَوْمُ التَّرْوِيَةِ فَأَهِلُّوا بِالْحَجِّ وَاجْعَلُوا الَّتِي قَدِمْتُمْ بِهَا مُتْعَةً " [البخاري 1568، مسلم 1216]

"കഅ്ബയിലെ പ്രദക്ഷിണവും സ്വഫാ-മർവക്കിടയിലെ നടത്തവും കഴിഞ്ഞ് മുടി വെട്ടിക്കൊണ്ട് നിങ്ങൾ ഇഹ്റാമിൽ നിന്ന് വിരമിക്കുവിൻ. ദുൽഹജ്ജ് എട്ടുവരേക്കും ഇഹ്റാമിൽ നിന്ന് മുക്തരായിക്കൊണ്ട് കഴിഞ്ഞുകൊള്ളുക. പിന്നെ തർവിയ്യതിന്റെ ദിവസമായാൽ ഹജ്ജിനായി വീണ്ടും ഇഹ്റാമിൽ പ്രവേശിക്കുക. നിങ്ങൾ ആദ്യം ഇഹ്റാമിൽ പ്രവേശിച്ചത് തമത്തുഇൽ അവസാനിപ്പിക്കുക." [ബുഖാരി 1568, മുസ്ലിം 1216].

ജാബിറുബ്നു അബ്ദില്ലാ (റ) വിന്റെ മറ്റൊരു രിവായതിൽ നബി ﷺ ഇപ്രകാരം പ്രസ്താവിച്ചതായി കാണാം:-

" أَمَرَنَا النَّبِيُّ صلى الله عليه وسلم لَمَّا أَحْلَلْنَا أَنْ نُحْرِمَ إِذَا تَوَجَّهْنَا إِلَى مِنًى . قَالَ فَأَهْلَلْنَا مِنَ الأَبْطَحِ" [مسلم 1214]

ഇഹ്റാമിൽ നിന്ന് വിരമിച്ചതിന് ശേഷം മിനയിലേക്ക് പുറപ്പെടുമ്പോൾ പ്രവാചകൻ ﷺ (വീണ്ടും) ഇഹ്റാം ചെയ്യാനായി കല്പിച്ചു. അങ്ങനെ ഞങ്ങൾ അൽ- അബ്ത്വഹിൽ വെച്ച് ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്തു. [മുസ്‌ലിം 1214].

ഹജ്ജിന് വേണ്ടി ഇഹ്റാം ചെയ്യുമ്പോൾ, ഉംറക്ക് ചെയ്തപോലെ കുളിക്കുകയും, സുഗന്ധം പൂശുകയും, വൃത്തിയാവുകയും, തുന്നിയ വസ്ത്രങ്ങൾ ഒഴിവാക്കുകയും, വുദ്വൂഇന്റെ സുന്നത് നിസ്കരിക്കുകയും ചെയ്യുക (വുദ്വൂഇന്റെ സുന്നത് ഇഹ്റാമിന്റെ വേളയിൽ മാത്രമല്ല ഏത് അവസരത്തിലും നിർവഹിക്കാവുന്നതാണ്). ശേഷം ഹജ്ജിന് വേണ്ടി ഇഹ്റാമിൽ പ്രവേശിക്കണം. ഉംറയുടെ ഇഹ്റാമിലെ പോലെ തന്നെ "لبيك اللهم عمرةً" - “ലബ്ബൈക്കല്ലാഹുമ്മ ഉംറതൻ” എന്ന് പറയുന്നതിന് പകരം "لبيك اللهم حجاً" - “ലബ്ബൈക്കല്ലാഹുമ്മ ഹജ്ജൻ” എന്നാണ് ഇവിടെ ചൊല്ലേണ്ടത്.

### മിനായിലേക്ക് പുറപ്പെടൽ

ദുൽഹിജ്ജ എട്ടിന് തന്റെ താമസ സ്ഥലത്ത് നിന്ന് ഇഹ്റാം ചെയ്തതിനുശേഷം മിനയിലേക്ക് പുറപ്പെടണം. അത് മിനയിൽ തന്നെയാണെങ്കിൽ അവിടെ തന്നെ കഴിച്ച് കൂട്ടുകയും, മിനയുടെ പുറത്താണെങ്കിൽ ളുഹ്റിന് മുമ്പായി അവിടെ എത്തലുമാണ് സുന്നത്. എന്നിട്ടവിടെ നിന്ന് ളുഹ്ർ, അസ്വ്ർ, മഗ്‌രിബ്, ഇശാ:, ഫജർ എന്നിവ സമയം ജംആക്കാതെ നാല് റക്അത് ഉള്ളവ രണ്ട് റക്അതായി ചുരുക്കി നിസ്കരിക്കേണ്ടതാണ്. അന്ന് രാത്രി, അതായത് അറഫാ ദിനത്തിലെ രാവിൽ, മിനയിൽ രാപ്പാർക്കുകയും വേണം.



عن جابر بن عبد الله رضي الله عنهما قال: "فَلَمَّا كَانَ يَوْمُ التَّرْوِيَةِ تَوَجَّهُوا إِلَى مِنًى فَأَهَلُّوا بِالْحَجِّ وَرَكِبَ رَسُولُ اللَّهِ صلى الله عليه وسلم فَصَلَّى بِهَا الظُّهْرَ وَالْعَصْرَ وَالْمَغْرِبَ وَالْعِشَاءَ وَالْفَجْرَ ثُمَّ مَكَثَ قَلِيلاً حَتَّى طَلَعَتِ الشَّمْس" [مسلم]

ജാബിറുബ്നു അബ്ദില്ലാ (റ) നിവേദനം ചെയ്യുന്നു :" അങ്ങനെ തർവിയത് ദിനമായപ്പോൾ മിനായിലേക്ക് അവർ പുറപ്പെട്ടു. അപ്പോൾ അവർ ഹജ്ജിന് ഇഹ്റാമിൽ പ്രവേശിച്ചു. നബി ﷺ വാഹനത്തിൽ

പുറപ്പെട്ടു. (മിനായിൽ വെച്ച്) ളുഹ്റും അസ്വ്റും മഗ്‌രിബും ഇശാഉം സുബ്ഹും അതാതിന്റെ സമയങ്ങളിൽ നിസ്കരിച്ചു. പിന്നെ സൂര്യോദയം വരെ കുറച്ചു സമയം കഴിച്ചുകൂട്ടി." [മുസ്‌ലിം 1218].

**അറഫയിൽ നിൽക്കൽ**

ദുൽഹജ്ജ് 9ന് സൂര്യനുദിച്ചു കഴിഞ്ഞാൽ, മിനായിൽ നിന്നും അറഫയിലേക്ക് പോകണം. സാധ്യമായാൽ അറഫയിൽ പ്രവേശിക്കുന്നതിന് മുമ്പ് നമിറയിൽ ഇറങ്ങുകയും, സൂര്യൻ മധ്യത്തിൽ നിന്നും തെറ്റുന്നത് വരെ അവിടെ കഴിച്ചുകൂട്ടുകയും ചെയ്യുന്നത് ഉത്തമമാണ്. അത് സാധ്യമല്ലാത്ത പക്ഷം, അങ്ങനെ ചെയ്തില്ലെങ്കിൽ വിരോധമില്ല കാരണം, അത് നിർബന്ധമായ കർമ്മങ്ങളിൽ അതായത് വാജിബിൽ പെട്ടതല്ല; സുന്നതാണ്.

സൂര്യൻ മധ്യത്തിൽ നിന്നും തെറ്റിയാൽ ഇമാം അവിടെ അറഫയുടെ ഖുതുബ നിർവഹിക്കുകയും, ളുഹ്റും അസ്വ്റും രണ്ട് റക്അത്ത് വീതം ചുരുക്കി ളുഹ്റിൻറെ സമയത്ത് രണ്ടും കൂടി മുന്തിപ്പിച്ച് നിസ്കരിക്കുകയും ചെയ്യും. ഇനി ഇമാമിൽ നിന്നും അകലെയുള്ളവർ, അവർ അറഫയിലുള്ള സ്ഥലത്ത് നിന്ന് ഇപ്രകാരം സംഘമായി 'ജമാഅത്തായി' നിർവഹിക്കേണ്ടതാണ്.

ഹാജിമാർ നിസ്കാര ശേഷം പ്രാർഥനയിലും, ദിക്റുകളിലും മുഴുകേണ്ടതാണ്. സാധ്യമാണെങ്കിൽ നബി ﷺ കഴിച്ചുകൂട്ടിയ പാറകളുടെ സമീപ സ്ഥലത്ത് നിൽക്കലാണ് ഉത്തമം. അതിന് സാധ്യമായില്ലെങ്കിൽ അറഫയിൽ സൗകര്യപ്പെടുന്ന എവിടെ വേണമെങ്കിലും ചിലവഴിക്കാവുന്നതാണ്.



ജാബിർ (റ) വിന്റെ ഹദീസിൽ ഇപ്രകാരം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്:

عن جابر بن عبد الله رضي الله عنها، قال: «وأمر النبي ﷺ بقبة من شعر تضرب له بنمرة، فسار رسول الله ﷺ ﷺ ... حتى أتى عرفة، فوجد القبة قد ضربت له بنمرة، فنزل بها، حتى إذا زاغت الشمس أمر بالقصواء، فرحلت له فأتى بطن الوادي، فخطب الناس ... ثم أذن، ثم أقام فصلى الظهر، ثم أقام فصلى العصر، ولم يصل بينهما شيئا، ثم ركب رسول الله ﷺ، حتى أتى

الموقف، فجعل بطن ناقته القصواء إلى الصخرات، وجعل حبل المشاة بين يديه، واستقبل القبلة، فلم يزل واقفا حتى غربت الشمس، وذهبت الصفرة قليلا، حتى غاب القرص، وأردف أسامة خلفه، ودفع رسول الله ﷺ "[مسلم].

"പിന്നെ നമിറയിൽ നബി ﷺ ക്ക് നിൽക്കാൻ രോമ തുണികൊണ്ട് കൂടാരം പണിയാൻ കൽപ്പിച്ചു. നബി ﷺ അവിടേക്ക് നടന്നു.. അറഫാതിന്റെ (സമീപത്ത്) എത്തി. അപ്പോൾ അവിടെ നമിറയിൽ കൂടാരം പണിതത് കണ്ടു. അപ്പോൾ അവിടെ ഇറങ്ങി. സൂര്യൻ മധ്യാഹ്നത്തിൽ നിന്ന് തെറ്റിയപ്പോൾ ക്വസ്'വാഅ്  എന്ന ഒട്ടകത്തെ കൊണ്ടുവരാൻ കൽപ്പിച്ചു. എന്നിട്ട് അതിന്റെ മുകളിൽ നബിﷺ ക്കുള്ള ഒട്ടക കട്ടിൽ വെച്ചു. നബി ﷺ (സഞ്ചരിച്ച്, ഉർന) താഴ്വരയിലെത്തി. എന്നിട്ട് ജനങ്ങളോട് പ്രസംഗിച്ചു... അതിനുശേഷം ബാങ്കും ഇഖാമതും വിളിച്ചു. പിന്നെ ളുഹ്ർ നിസ്കരിച്ചു. പിന്നെ ഇഖാമത് വിളിച്ച് അസ്വ്റും നിസ്കരിച്ചു. അവ രണ്ടിനുമിടയിൽ മറ്റൊന്നും നിസ്കരിച്ചില്ല. പിന്നെ നബി ﷺ വാഹനത്തിൽ കയറി (അറഫയിൽ) നിൽക്കുന്ന സ്ഥലത്ത് വന്നു. തന്റെ ക്വസ്'വാഅ്  എന്ന ഒട്ടകത്തിന്റെ വയറിനെ പാറകളുടെ ഭാഗത്തേക്കാക്കി; ജനക്കൂട്ടത്തെ തന്റെ മുമ്പിലാക്കി. ഖിബ്ലക്കഭിമുഖമായി നിന്നു. പ്രവാചകൻ ﷺ ആ അവസ്ഥയിൽ സൂര്യൻ അസ്തമിക്കുന്നതുവരെ നിന്നു. സൂര്യന്റെ മഞ്ഞനിറം അല്പം പോയി. വൃത്താകാരവും മറഞ്ഞു. ഉസാമത് (റ) നെ തന്റെ പിറകിലിരുത്തി. നബി ﷺ ഒട്ടകത്തെ മുന്നോട്ടു തെളിച്ചു. [മുസ്ലിം 1214].

എന്നാൽ അറഫയിലെ മല കയറുന്നത് സുന്നതല്ല. അറിവില്ലായ്മയോടെ മലകയറുകയും അവിടെ സ്പർശിക്കുകയോ, ബറകത് എടുക്കുകയോ, അല്ലെങ്കിൽ മലമുകളിൽ പണിഞ്ഞ ഏതെങ്കിലും വ്യക്തിയുടെ അടയാളമോ മറ്റോ ഉണ്ടെന്ന് വിശ്വസിക്കുകയോ തുടങ്ങിയ എല്ലാവിധ ബിദ്അതുകളും നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളും ഒഴിവാക്കുക. അവ ചെയ്യുന്നവരെ അതിൽ നിന്ന് വിരോധിക്കുകയും ചെയ്യുക. കാരണം നബി ﷺ യോ, സ്വഹാബികളോ കാണിക്കാത്ത പുത്തൻ ആചാരങ്ങളും പിഴച്ച വഴിയുമാണത്. ഇതുപോലെയുള്ള ദുരാചാരങ്ങളും

വഴികേടുകളൊന്നുംതന്നെ ഹാജിമാർ ചെയ്യാൻ പാടുള്ളതല്ല. അത് നിഷിദ്ധമാക്കപ്പെട്ടതാകുന്നു.

## Page 92

അറഫാ താഴ്‌വാരം മുഴുവനും നിറുത്തത്തിനുള്ള സ്ഥലമാണ്. അതിനാൽ അറഫയിൽ എവിടെ നിന്നാലും അവരുടെ നിർത്തം ശരിയാകുന്നതും സ്വീകരിക്കപ്പെടുന്നതും. ജാബിർ (റ) നിവേദനം ചെയ്യുന്ന നബി വചനത്തിലൂടെ ഇത് വ്യക്തമാകുന്നു.

"وقفت هاهنا وعرفة كلها موقف" [مسلم]

"(അറഫയിൽ) നാം ഇവിടെയാണ് നിന്നത്. എന്നാൽ അറഫ മുഴുവനും നിറുത്തത്തിനുള്ള സ്ഥലമാണ്." [മുസ്‌ലിം 1218,149].

അറഫയുടെ അതിർത്തിക്ക് ഉള്ളിൽ തന്നെയാണ് നിൽക്കുന്നത് എന്നവർ ഉറപ്പുവരുത്തൽ നിർബന്ധമാണ്. അറഫയുടെ അതിർത്തിയെ വെളിവാക്കികൊണ്ടുള്ള അടയാളത്തിലൂടെ അവർ അത് മനസ്സിലാക്കണം. ഇനി അത് തിരിച്ചറിയാൻ സാധിക്കാത്ത പക്ഷം, അവൻ ചോദിച്ചു അറിയേണ്ടതാണ്. കാരണം ആരെങ്കിലും അറഫയുടെ അതിർത്തിക്ക് പുറത്തായി നിന്നാൽ അവർക്ക് ഹജ്ജില്ല. എന്തുകൊണ്ടെന്നാൽ ഹജ്ജ് എന്നത് അറഫയാണ്.

عَنْ عَبْدِ الرَّحْمَنِ بْنِ يَعْمَرَ، قَالَ شَهِدْتُ رَسُولَ اللَّهِ صلى الله عليه وسلم فَأَتَاهُ نَاسٌ فَسَأَلُوهُ عَنِ الْحَجِّ فَقَالَ رَسُولُ اللَّهِ صلى الله عليه وسلم " الْحَجُّ عَرَفَةُ فَمَنْ أَدْرَكَ لَيْلَةَ عَرَفَةَ قَبْلَ طُلُوعِ الْفَجْرِ مِنْ لَيْلَةِ جَمْعٍ فَقَدْ تَمَّ حَجُّهُ " [أبو داود 1949، الترمذي 889، والنسائي 3016، وابن ماجه 3015]

അബ്ദുറഹ്മാനുബ്നു യഅ്മർ (റ) നിവേദനം ചെയ്യുന്നു: പ്രവാചകൻ ﷺ യുടെ അടുക്കൽ കുറച്ച് ആളുകൾ വന്നു ഹജ്ജിനെ കുറിച്ച് ചോദിക്കുന്നതായി ഞാൻ കണ്ടു. അപ്പോൾ പ്രവാചകൻ ﷺ മറുപടി നൽകി:" ഹജ്ജ് എന്നാൽ അറഫയാണ്. ജംഇന്റെ (ദുൽ ഹജ്ജ് 10) പ്രഭാതത്തിന്ന് മുമ്പായി അറഫാ രാവിൽ ഒരാൾക്ക് കഴിച്ച് കൂട്ടാൻ സാധിച്ചാൽ, അദ്ദേഹത്തിന് ഹജ്ജ് ലഭിച്ചു". [അബൂ ദാവൂദ് 1949, തിർമിദി 889, നാസാഇ 2753, ഇബ്നു മാജാ 3015].

## ചില സുപ്രധാന പ്രാർഥനകളും, ദുആകളും

അറഫാ ദിനത്തിൽ കൈ ഉയർത്തികൊണ്ട് പ്രാർഥിക്കൽ സുന്നത്താണ്. നബി ﷺ പറഞ്ഞതായി ഉസാമ (റ) വിൽ നിന്നും ഇങ്ങനെ സ്ഥിരപ്പെട്ടുണ്ട്.

" كُنْتُ رَدِيفَ النَّبِيِّ صلى الله عليه وسلم بِعَرَفَاتٍ فَرَفَعَ يَدَيْهِ يَدْعُو فَمَالَتْ بِهِ نَاقَتُهُ فَسَقَطَ خِطَامُهَا فَتَنَاوَلَ الْخِطَامَ بِإِحْدَى يَدَيْهِ وَهُوَ رَافِعٌ يَدَهُ الأُخْرَى ."

"ഞാൻ അറഫാ ദിനത്തിൽ പ്രവാചകൻ ﷺ യുടെ സഹചാരി ആയിരുന്നു. അങ്ങനെ നബി ﷺ കൈ ഉയർത്തിക്കൊണ്ട് പ്രാർഥിക്കുമ്പോൾ, അവിടുത്തെ ഒട്ടകം ഒന്ന് നീങ്ങി, തിരു കൈകളിൽ പിടിച്ചുകൊണ്ട് നിന്ന അതിന്റെ കയർ വീണപ്പോൾ, ഒരു കൈ ഉയർത്തി പിടിച്ചു കൊണ്ട്, മറു കൈ കൊണ്ട് അതിനെ എടുക്കുകയും ചെയ്തു". [അഹ്മദ് 218211, നാസാഇ 3011]

ഖുർആനിൽ നിന്നും തിരുവചനങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ചില പ്രാർഥനകൾ :-

- رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْأَخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ[البقرة 201]

"ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ".

- { رَبَّنَا لَا تُؤَاخِذْنَا إِن نَّسِينَا أَوْ أَخْطَأْنَا ۚ رَبَّنَا وَلَا تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِن قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِ ۖ وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا ۚ أَنتَ مَوْلَانَا فَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ} [البقرة: 286]

"അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ സൽഫലം അവരവർക്കുതന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവരവരുടെ മേൽ തന്നെ. ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നു

പോകുകയോ, ഞങ്ങൾക്ക് തെറ്റു പറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതു പോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പുനൽകുകയും, ഞങ്ങളോട് പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ. [അൽബഖറ: 286]

{رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً ۚ إِنَّكَ أَنتَ الْوَهَّابُ} [آل عمران 3:8]
"(അവർ പ്രാർഥിക്കും:) ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു". [ആലുഇംറാൻ:8].

- { رَبَّنَآ إِنَّنَآ ءَامَنَّا فَٱغۡفِرۡ لَنَا ذُنُوبَنَا وَقِنَا عَذَابَ ٱلنَّارِ} [آل عمران:16]
"ഞങ്ങളുടെ നാഥാ, ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും, നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ." [ആലുഇംറാൻ: 16].

## Page 94

- { رَبِّ هَبْ لِي مِن لَّدُنكَ ذُرِّيَّةً طَيِّبَةً ۖ إِنَّكَ سَمِيعُ الدُّعَاءِ} [آل عمران 38]
"എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ എന്ന് അദ്ദേഹം പറഞ്ഞു." [ആലുഇംറാൻ: 38]

- { رَبَّنَا اغْفِرْ لَنَا ذُنُوبَنَا وَإِسْرَافَنَا فِي أَمْرِنَا وَثَبِّتْ أَقْدَامَنَا وَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ} [آل عمران : 147]
"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങളും, ഞങ്ങളുടെ കാര്യങ്ങളിൽ വന്നുപോയ അതിക്രമങ്ങളും ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ. ഞങ്ങളുടെ കാലടികൾ നീ ഉറപ്പിച്ചു

നിർത്തുകയും, സത്യനിഷേധികളായ ജനതക്കെതിരിൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ. " [ആലുഇംറാൻ: 147]

{رَّبَّنَا إِنَّنَا سَمِعْنَا مُنَادِيًا يُنَادِي لِلْإِيمَانِ أَنْ آمِنُوا بِرَبِّكُمْ فَآمَنَّا ۚ رَبَّنَا فَاغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّئَاتِنَا وَتَوَفَّنَا مَعَ الْأَبْرَارِ} [آل عمران : 193]

ഞങ്ങളുടെ രക്ഷിതാവേ, സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവിൻ എന്നു പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളുടെ തിൻമകൾ ഞങ്ങളിൽ നിന്ന് നീ മായ്ച്ചുകളയുകയും ചെയ്യേണമേ. പുണ്യവാൻമാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ. [ആലുഇംറാൻ: 193]

{رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ} [الأعراف : 23]

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും, കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും." [അൽഅഅ്റാഫ്: 23]

{ حَسْبِيَ اللَّهُ لَا إِلَٰهَ إِلَّا هُوَ ۖ عَلَيْهِ تَوَكَّلْتُ ۖ وَهُوَ رَبُّ الْعَرْشِ الْعَظِيمِ [التوبة : 129]

"എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ദൈവവുമില്ല. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിന്റെ നാഥൻ. [അത്തൗബ: 129]

{ رَبِّ اجْعَلْ هَٰذَا الْبَلَدَ آمِنًا وَاجْنُبْنِي وَبَنِيَّ أَن نَّعْبُدَ الْأَصْنَامَ} [ابراهيم : 35]

"എന്റെ രക്ഷിതാവേ, നീ ഈ നാടിനെ (മക്കയെ) നിർഭയത്വമുള്ളതാക്കുകയും, എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ." [ഇബ്റാഹീം 14 : 35]

-{رَبِّ اجْعَلْنِي مُقِيمَ الصَّلَاةِ وَمِن ذُرِّيَّتِي ۚ رَبَّنَا وَتَقَبَّلْ دُعَاءِ} [ابراهيم : 40]

"എന്റെ രക്ഷിതാവേ, എന്നെ നീ നിസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ). ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ." [ഇബ്റാഹീം 14 : 40].

**Page 95**

- { رَبَّنَا آتِنَا مِن لَّدُنكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا} [الكهف : 10]
"ഞങ്ങളുടെ രക്ഷിതാവേ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകുകയും ഞങ്ങളുടെ കാര്യം നേരാംവണ്ണം നിർവഹിക്കുവാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ." [അൽകഹ്ഫ് 18 : 10]

- {رَبِّ اشْرَحْ لِي صَدْرِي}*{وَيَسِّرْ لِي أَمْرِي} [طه : 25 26,]
"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എനിക്ക് ഹൃദയവിശാലത നൽകേണമേ. എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കിത്തരേണമേ. [ത്വാഹാ: 25, 26]

- { رَّبِّ زِدْنِي عِلْمًا} [طه : 114]
"എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ" [ത്വാഹാ 20 : 114]

{ لَّا إِلَٰهَ إِلَّا أَنتَ سُبْحَانَكَ إِنِّي كُنتُ مِنَ الظَّالِمِينَ} [الأنبياء : 87]
"നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു." [അൽഅൻബിയാഅ് 21 : 87]

{رَبِّ لَا تَذَرْنِي فَرْدًا وَأَنتَ خَيْرُ الْوَارِثِينَ} [الأنبياء : 89]
"എന്റെ രക്ഷിതാവേ, നീ എന്നെ ഏകനായി ( പിന്തുടർച്ചക്കാരില്ലാതെ ) വിടരുതേ. നീയാണല്ലോ അനന്തരാവകാശമെടുക്കുന്നവരിൽ ഏറ്റവും ഉത്തമൻ". [അൽഅൻബിയാഅ് 21 : 89]

{ رَّبِّ أَعُوذُ بِكَ مِنْ هَمَزَاتِ الشَّيَاطِينِ * وَأَعُوذُ بِكَ رَبِّ أَن يَحْضُرُونِ } [المؤمنون : 97]
"രക്ഷിതാവേ, പിശാചുക്കളുടെ ദുർബോധനങ്ങളിൽ നിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു. അവർ ( പിശാചുക്കൾ ) എന്റെ അടുത്ത് സന്നിഹിതരാകുന്നതിൽ നിന്നും എന്റെ രക്ഷിതാവേ, ഞാൻ നിന്നോട് രക്ഷതേടുന്നു." [അൽമുഅ്മിനൂൻ 23 : 97, 98]

{ رَبَّنَا اصْرِفْ عَنَّا عَذَابَ جَهَنَّمَ ۖ إِنَّ عَذَابَهَا كَانَ غَرَامًا * إِنَّهَا سَاءَتْ مُسْتَقَرًّا وَمُقَامًا } [الفرقان: 65,56]
"അവർ ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു. " [അൽഫുർഖാൻ 25 : 65, 66]

{ رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا} [الفرقان : 74]
"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഇണകളിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ." [അൽഫുർഖാൻ 25 : 74]

## Page 96

-{رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ وَٰلِدَىَّ وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَدْخِلْنِى بِرَحْمَتِكَ فِى عِبَادِكَ ٱلصَّٰلِحِينَ } [النمل: ١٩]
എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം ചെയ്യുവാനും എനിക്ക് നീ പ്രചോദനം നൽകേണമേ. നിന്റെ കാരുണ്യത്താൽ നിന്റെ സദ്വൃത്തരായ ദാസൻമാരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപെടുത്തുകയും ചെയ്യേണമേ.

- رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ وَٰلِدَىَّ وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَصْلِحْ لِى فِى ذُرِّيَّتِىٓ ۖ إِنِّى تُبْتُ إِلَيْكَ وَإِنِّى مِنَ ٱلْمُسْلِمِينَ [الأحقاف: ١٥ ]

എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നൻമയുണ്ടാക്കിത്തരികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു.

- رَبَّنَا ٱغْفِرْ لَنَا وَلِإِخْوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلْإِيمَٰنِ وَلَا تَجْعَلْ فِى قُلُوبِنَا غِلًّا لِّلَّذِينَ ءَامَنُوا۟ رَبَّنَآ إِنَّكَ رَءُوفٌ رَّحِيمٌ [الحشر : ١٠ ]

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു.

- (اللَّهُمَّ حَبِّبْ إِلَيْنَا الْإِيمَانَ وَزَيِّنْهُ فِي قُلُوبِنَا وَكَرِّهْ إِلَيْنَا الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ وَاجْعَلْنَا مِنَ الرَّاشِدِينَ.)

അല്ലാഹുവേ! നീ ഞങ്ങൾക്ക് ഇസ്‌ലാമും സത്യവിശ്വാസവും ഇഷ്ടമുള്ളതാക്കിത്തീർക്കുകയും ഞങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്യേണമേ; അവിശ്വാസവും അധർമ്മവും അല്ലാഹുവോടുള്ള അനുസരണക്കേടും നീ ഞങ്ങൾക്ക് അനിഷ്ടകരമാക്കുകയും ചെയ്യേണമേ. (അങ്ങനെ) ഞങ്ങളെ നേർമാർഗം സ്വീകരിച്ചവരിലുൾപ്പെടുത്തേണമേ.

- (اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ فِتْنَةِ النَّارِ وَعَذَابِ النَّارِ، وَفِتْنَةِ الْقَبْرِ وَعَذَابِ الْقَبْرِ، وَشَرِّ فِتْنَةِ الْغِنَى، وَشَرِّ فِتْنَةِ الْفَقْرِ، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ فِتْنَةِ الْمَسِيحِ الدَّجَّالِ، اللَّهُمَّ اغْسِلْ قَلْبِي بِمَاءِ الثَّلْجِ وَالْبَرَدِ وَنَقِّ قَلْبِي مِنْ الْخَطَايَا كَمَا نَقَّيْتَ الثَّوْبَ الْأَبْيَضَ مِنْ الدَّنَسِ، وَبَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْكَسَلِ وَالْمَأْثَمِ وَالْمَغْرَمِ)

അല്ലാഹുവേ! നരകത്തിന്റെ വിപത്തുകളിൽ നിന്നും നരകശിക്ഷയിൽ നിന്നും ഖബ്റിലെ വിപത്തുകളിൽ നിന്നും ഖബ്റിലെ ശിക്ഷയിൽ

നിന്നും ദാരിദ്ര്യത്തിന്റെ വിപത്തുകളിൽ നിന്നും സമ്പന്നതയുടെ വിപത്തുകളിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു. മസീഹുദ്ദജ്ജാലിന്റെ ഉപദ്രവങ്ങളിൽനിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു. അല്ലാഹുവേ! മഞ്ഞ്, ഹിമം എന്നിവകൊണ്ട് നീ എന്റെ മനസ്സിനെ (പാപങ്ങളിൽ നിന്നും) ശുദ്ധിയാക്കേണമേ. വെള്ളവസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധീകരിക്കപ്പെടുന്നതു പോലെ നീ എന്റെ മനസ്സിനെ പാപങ്ങളിൽ നിന്ന് ശുദ്ധിയാക്കേണമേ. അല്ലാഹുവേ! കിഴക്കിനെയും പടിഞ്ഞാറിനെയും നീ അകറ്റിയതുപോലെ എന്നെയും എന്റെ പാപങ്ങളെയും നീ അകറ്റേണമേ. റബ്ബേ! മടി (സൽക്കർമങ്ങൾ ചെയ്യാനുള്ള അലസത...)യിൽനിന്നും പാപങ്ങളിൽ നിന്നും കടബാധ്യതയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.

## Page 97

- (اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْعَجْزِ وَالْكَسَلِ وَالْجُبْنِ وَالْهَرَمِ وَالْبُخْلِ وَأَعُوذُ بِكَ مِنْ عَذَابِ الْقَبْرِ وَ(أَعُوذُ بِكَ)مِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ)

അല്ലാഹുവേ! ദുർബലത (പരാജയം), അലസത, പിശുക്ക്, ഭീരുത്വം, വാർദ്ധക്യം മൂത്ത് ജീവച്ഛവമാകൽ എന്നിവയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. അല്ലാഹുവേ! ഖബ്ർ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. ജീവിതത്തിലേയും മരണത്തിലേയും പരീക്ഷണങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.

- اللَّهُمَّ أَصْلِحْ لِي دِينِي الَّذِي هُوَ عِصْمَةُ أَمْرِي، وَأَصْلِحْ لِي دُنْيَايَ الَّتِي فِيهَا مَعَاشِي، وَأَصْلِحْ لِي آخِرَتِي الَّتِي فِيهَا مَعَادِي وَاجْعَلِ الْحَيَاةَ زِيَادَةً لِي فِي كُلِّ خَيْرٍ، وَاجْعَلِ الْمَوْتَ رَاحَةً لِي مِنْ كُلِّ شَرٍّ

അല്ലാഹുവേ, എന്റെ കാര്യത്തിന്റെ സംരക്ഷണമായ ദീനിനെ എനിക്ക് നീ നന്നാക്കി തരേണമേ, എന്റെ ദുൻയാവ് എനിക്ക് നീ നന്നാക്കി തരേണമേ, അതിലാണെന്റെ ഉപജീവനം. എന്റെ മടക്ക സ്ഥലമായ പരലോകത്തെ എനിക്ക് നീ നന്നാക്കിത്തരേണമേ, ജീവിതത്തെ എല്ലാ നന്മയുടെയും വർദ്ധനവിനുള്ള മാർഗ്ഗമാക്കിത്തരേണമേ, മരണത്തെ എല്ലാ തിന്മയിൽ നിന്നുമുള്ള ആശ്വാസമാക്കി നീ നൽകേണമേ.

-اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى وَالتُّقَى وَالْعَفَافَ وَالْغِنَى

അല്ലാഹുവേ, ഞാൻ നിന്നോട് സന്മാർഗ്ഗവും ഭയഭക്തിയും സദാചാരനിഷ്ഠയും ഐശ്വര്യവും ചോദിക്കുന്നു.

اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْعَجْزِ وَالْكَسَلِ، وَالْجُبْنِ وَالْبُخْلِ، وَالْهَرَمِ وَعَذَابِ الْقَبْرِ، اللَّهُمَّ آتِ نَفْسِي تَقْوَاهَا وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا، أَنْتَ وَلِيُّهَا وَمَوْلَاهَا، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عِلْمٍ لَا يَنْفَعُ، وَمِنْ قَلْبٍ لَا يَخْشَعُ، وَمِنْ نَفْسٍ لَا تَشْبَعُ، وَمِنْ دَعْوَةٍ لَا يُسْتَجَابُ لَهَا

അല്ലാഹുവേ! അശക്തി, അലസത, ഭീരുത്വം, ലുബ്ധത, വാർദ്ധക്യം മുതലായവയിൽ നിന്നും, ഖബ്ർ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. അല്ലാഹുവേ, എന്റെ മനസ്സിന് നീ തഖ്വ നൽകേണമേ. അതിനെ നീ ശുദ്ധീകരിക്കുകയും ചെയ്യേണമേ. നീയാണ് ഏറ്റവും നന്നായി അതിനെ ശുദ്ധീകരിക്കുന്നവൻ. നീയാണ് അതിന്റെ രക്ഷാധികാരിയും സംരക്ഷകനും. അല്ലാഹുവേ, പ്രയോജനമില്ലാത്ത അറിവിൽ നിന്നും, ഭക്തിയില്ലാത്ത ഹൃദയത്തിൽ നിന്നും, ആർത്തിയടങ്ങാത്ത മനസ്സിൽ നിന്നും, ഉത്തരം ലഭിക്കാത്ത പ്രാർഥനയിൽ, ഞാൻ നിന്നോട് രക്ഷ തേടുന്നു.

اللَّهُمَّ اهْدِنِي، وَسَدِّدْنِي، اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى وَالسَّدَادَ

അല്ലാഹുവേ, നീ എന്ന സന്മാർഗ്ഗത്തിലാക്കുകയും അതിൽ ഉറപ്പിക്കുകയും ചെയ്യേണമേ. അല്ലാഹുവേ സന്മാർഗ്ഗവും അതിലെ ദൃഢതയും നിന്നോട് ഞാൻ ചോദിക്കുന്നു.

- اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ زَوَالِ نِعْمَتِكَ وَتَحَوُّلِ عَافِيَتِكَ وَفُجَاءَةِ نِقْمَتِكَ وَجَمِيعِ سَخَطِكَ

അല്ലാഹുവേ! നീ തന്നിട്ടുള്ള അനുഗ്രഹങ്ങൾ നീങ്ങിപോകുന്നതിൽനിന്നും ആരോഗ്യം നഷ്ടപ്പെടുന്നതിൽനിന്നും, പെട്ടെന്നുണ്ടാകുന്ന നിന്റെ കോപത്തിൽനിന്നും നീ വെറുക്കുന്ന സർവ്വകാര്യങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.

- اللهم أَكْثِرْ مَالِي وَوَلَدِي وَبَارِكْ لِي فِيمَا أَعْطَيْتَنِي. وَأَطِلْ حَيَاتِي عَلَى طَاعَتِكَ وَأَحْسِنْ عَمَلِي (وَاغْفِرْلِي)

അല്ലാഹുവേ! നീ എനിക്ക് സമ്പത്തും സന്താനങ്ങളും വർദ്ധിപ്പിച്ചുതരുകയും, എനിക്ക് നീ തന്നതിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ. നീ എനിക്ക് നിന്നെ അനുസരിച്ചുകൊണ്ട് (ആരാധനചെയ്തു) ജീവിക്കുവാനുള്ള ജീവിതകാലവും വർദ്ധിപ്പിച്ചു തരികയും, (അത്രയും കാലം) നീ എന്റെ കർമങ്ങൾ നന്നാക്കിതരികയും, എനിക്ക് പൊറുത്തുതരികയും ചെയ്യേണമേ.

- لَا إِلٰهَ إِلَّا اللهُ الْعَظِيمُ الْحَلِيمُ، لَا إِلٰهَ إِلَّا اللهُ رَبُّ الْعَرْشِ الْعَظِيمِ، لَا إِلٰهَ إِلَّا اللهُ رَبُّ السَّمَاوَاتِ وَرَبُّ الْأَرْضِ ورَبُّ الْعَرْشِ الْكَرِيمِ

അതിമഹാനും, അത്യധികം സഹനമുള്ളവനും, അത്യധികം വിട്ടുവീഴ്ചയുള്ളവനുമായ അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അതിഗാംഭീര്യമുള്ള 'അർശിന്റെ' റബ്ബുമായ അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. ആകാശങ്ങളുടെയും ഭൂമിയുടെയും റബ്ബും ആദരണീയമായ 'അർശി'ന്റെയും റബ്ബുമായ, അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല.

- اللَّهُمَّ إِنِّـي عَبْدُكَ، ابْنُ عَبْدِكَ، ابْنُ أَمَتِكَ، نَاصِيَتِي بِيَدِكَ، مَاضٍ فِـيَّ حُكْمُكَ، عَدْلٌ فِـيَّ قَضَاؤُكَ، أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ، سَمَّيْتَ بِهِ نَفْسَكَ، أَوْ أَنْزَلْتَهُ فِي كِتَابِكَ، أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ، أَوِاسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ، أَنْ تَجْعَلَ الْقُرْآنَ رَبِيعَ قَلْبِي، وَنُورَ صَدْرِي، وجَلَاءَ حُزْنِي، وذَهَابَ هَمِّي

അല്ലാഹുവേ! ഞാൻ നിന്റെ അടിമയും നിന്റെ അടിമയുടെ പുത്രനും, നിന്റെ അടിമസ്ത്രീയുടെ മകനുമാണ്. എന്റെ കുടുമ (കടിഞ്ഞാൺ) നിന്റെ കയ്യിലാണ്. നിന്റെ തീരുമാനം എന്നിൽ നടപ്പാകുന്നു. നിന്റെ വിധി (ഖളാഅ്) എന്നിൽ നീതിയാകുന്നു. നീ നിനക്ക് നിശ്ചയിച്ചതും, നിന്റെ ഗ്രന്ഥത്തിൽ അവതരിപ്പിച്ചതും, നിന്റെ സൃഷ്ടികളിൽ ആരെയെങ്കിലും നീ പഠിപ്പിച്ചതും, നിന്റെ പക്കലുള്ള മറഞ്ഞിരിക്കുന്ന ജ്ഞാനത്തിൽ നീ

സ്വന്തമാക്കിവെച്ചതുമായ നിന്റെ സംപൂർണ്ണ നാമങ്ങൾ മുഖേന ഞാൻ നിന്നോട് തേടുന്നു. ഖുർആൻ എന്റെ ഹൃദയത്തിന് വസന്തവും, എന്റെ നെഞ്ചിന് പ്രകാശവും, എന്റെ ദുഃഖത്തിന് പരിഹാരവും, എന്റെ വിഷാദം നീക്കുന്നതുമാക്കി തീർക്കേണമേ.

- اللَّهُمَّ مُصَرِّفَ الْقُلُوبِ صَرِّفْ قُلُوبَنَا عَلَى طَاعَتِكَ

അല്ലാഹുവേ! ഹൃദയങ്ങളെ ഇളക്കി മറിക്കുന്നവനേ! നമ്മുടെ ഹൃദയങ്ങളെ നിന്നെ അനുസരിച്ചു ജീവിക്കുന്നതിൽ ഉറപ്പിച്ചു നിർത്തേണമേ.

-اللَّهُمَّ يَا مُقَلِّبَ الْقُلُوبِ ثَبِّتْ قَلْبِي عَلَى دِينِكَ

(അല്ലാഹുവേ!), ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ! എന്റെ ഹൃദയത്തെ നിന്നെ അനുസരിച്ചു ജീവിക്കുന്നതിൽ (ഇസ്‌ലാമിൽ) അടിയുറച്ച് നിർത്തേണമേ.

- اللَّهُمَّ إِنَّكَ عُفُوٌّ كَرِيمٌ تُحِبُّ الْعَفْوَ فَاعْفُ عَنِّي

അല്ലാഹുവേ! നീ തീർച്ചയായും അത്യധികം മാപ്പുനൽകുന്നവനും, അത്യധികം ഔദാര്യമുള്ളവനും, അത്യധികം മാപ്പുനൽകുന്നതിഷ്ടപ്പെടുന്നവനുമാണ്! അതുകൊണ്ട് നീ എനിക്ക് (എന്റെ എല്ലാ പാപങ്ങൾക്കും) മാപ്പുനൽകേണമേ.

- اللَّهُمَّ إِنِّي أَسْأَلُكَ فِعْلَ الْخَيْرَاتِ وَتَرْكَ الْمُنْكَرَاتِ وَحُبَّ الْمَسَاكِينِ وَأَنْ تَغْفِرَ لِي وَتَرْحَمَنِي..... (اللهم إنِّي) أَسْأَلُكَ حُبَّكَ وَحُبَّ مَنْ أَحَبَّكَ وَحُبَّ عَمَلٍ يُقَرِّبُ إِلَى حُبِّكَ

അല്ലാഹുവേ! നന്മകൾ ചെയ്യുവാനും തിന്മകൾ വെടിയുവാനും, സാധുക്കളെ സ്നേഹിക്കുവാനുമുള്ള കഴിവും, നീ എന്റെ പാപം പൊറുത്തുതരുവാനും നീ എന്നോട് ദയകാണിക്കാനും നിന്നോട് ഞാൻ തേടുന്നു... അല്ലാഹുവേ! നിന്നെ സ്നേഹിക്കുവാനുള്ള പ്രചോദനവും (നിന്റെ സ്നേഹം ലഭിക്കുവാനുള്ള അർഹതയും), നിന്നെ സ്നേഹിക്കുന്നവരെ സ്നേഹിക്കുവാനുള്ള പ്രചോദനവും, നിന്റെ സ്നേഹം ലഭിക്കുന്നതിനുള്ള കർമങ്ങൾ ചെയ്യുവാനുള്ള പ്രചോദനവും ഞാൻ നിന്നോട് തേടുന്നു.

- اللَّهُمَّ إِنِّي أَسْأَلُكَ مِنَ الْخَيْرِ كُلِّهِ، عَاجِلِهِ وَآجِلِهِ، مَا عَلِمْتُ مِنْهُ وَمَا لَمْ أَعْلَمْ؛ وَأَعُوذُ بِكَ مِنَ الشَّرِّ كُلِّهِ، عَاجِلِهِ وَآجِلِهِ، مَا عَلِمْتُ مِنْهُ وَمَا لَمْ أَعْلَمْ، اللَّهُمَّ إِنِّي أَسْأَلُكَ مِنْ خَيْرِ مَا سَأَلَكَ عَبْدُكَ وَنَبِيُّكَ، وَأَعُوذُ بِكَ مِنْ شَرِّ مَا عَاذَ بِهِ عَبْدُكَ وَنَبِيُّكَ، اللَّهُمَّ إِنِّي أَسْأَلُكَ الْجَنَّةَ وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ، وَأَعُوذُ بِكَ مِنَ النَّارِ وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ، وَأَسْأَلُكَ أَنْ تَجْعَلَ كُلَّ قَضَاءٍ قَضَيْتَهُ لِي خَيْرًا

അല്ലാഹുവേ! എനിക്കറിയുന്നതും അറിയാത്തതും ക്ഷണികവും അല്ലാത്തതുമായ എല്ലാ നന്മയും ഞാൻ നിന്നോട് ചോദിക്കുന്നു. എനിക്കറിയുന്നതും അറിയാത്തതും ക്ഷണികവും അല്ലാത്തതുമായ സകല തിന്മകളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. അല്ലാഹുവേ! നിന്നോട് നിന്റെ ദാസനും ദൂതനുമായ നബി ﷺ ചോദിച്ച നന്മയിൽ നിന്ന് ഞാൻ നിന്നോട് ചോദിക്കുന്നു. നിന്നോട് നിന്റെ ദാസനും ദൂതനുമായ നബി ﷺ രക്ഷ തേടിയ തിന്മയിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു. അല്ലാഹുവേ! ഞാൻ നിന്നോട് സ്വർഗ്ഗവും അതിലേക്ക് അടുപ്പിക്കുന്ന വാക്കും പ്രവർത്തിയും ചോദിക്കുന്നു. നരകത്തിൽ നിന്നും നരകത്തിനോടടുപ്പിക്കുന്ന വാക്കിൽ നിന്നും പ്രവൃത്തിയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. നീ വിധിച്ച എല്ലാ വിധിയും എനിക്ക് നന്മയാക്കിത്തീർക്കേണമേയെന്ന് ഞാൻ നിന്നോട് ചോദിക്കുന്നു.

اللَّهُمَّ اقْسِمْ لَنَا مِنْ خَشْيَتِكَ مَا يَحُولُ بَيْنَنَا وَبَيْنَ مَعَاصِيكَ، وَمِنْ طَاعَتِكَ مَا تُبَلِّغُنَا بِهِ جَنَّتَكَ، وَمِنَ الْيَقِينِ مَا تُهَوِّنُ بِهِ عَلَيْنَا مُصِيبَاتِ الدُّنْيَا، وَمَتِّعْنَا بِأَسْمَاعِنَا وَأَبْصَارِنَا وَقُوَّتِنَا مَا أَحْيَيْتَنَا، وَاجْعَلْهُ الْوَارِثَ مِنَّا، وَاجْعَلْ ثَأْرَنَا عَلَى مَنْ ظَلَمَنَا، وَانْصُرْنَا عَلَى مَنْ عَادَانَا، وَلَا تَجْعَلْ مُصِيبَتَنَا فِي دِينِنَا، وَلَا تَجْعَلِ الدُّنْيَا أَكْبَرَ هَمِّنَا، وَلَا مَبْلَغَ عِلْمِنَا، وَلَا تُسَلِّطْ عَلَيْنَا مَنْ لَا يَرْحَمُنَا

അല്ലാഹുവേ, ഞങ്ങളുടെയും ദുഷ്ചെയ്തികൾക്കിടയിലും മറയിടുന്ന ഭയഭക്തിയെ നീ ഞങ്ങൾക്ക് നൽകേണമേ. നിന്റെ സ്വർഗത്തിലേക്കു ഞങ്ങളെ എത്തിക്കുന്ന അനുസരണ ജീവിതം ഞങ്ങൾക്ക് നൽകേണമേ. ഐഹികമായ വിപത്തുകളെ - പരീക്ഷണങ്ങളെ- നിസ്സാരമായി കാണും വിധത്തിലുള്ള നിന്നിലുള്ള ദൃഢവിശ്വാസം ഞങ്ങൾക്ക് നീ നൽകേണമേ. ഞങ്ങളുടെ ജീവിതകാലമത്രയും, ഞങ്ങളുടെ ആരോഗ്യവും, കേൾവി കാഴ്ചകളെയും സുഖകരമായി ഞങ്ങളിൽ നിലനിർത്തേണമേ. ഞങ്ങളെ അക്രമിച്ചവരോട് നീ

പ്രതിക്രിയ ചെയ്യുകയും ശത്രുക്കൾക്കെതിരിൽ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ. ഞങ്ങളുടെ ദീനിൽ നീ ഞങ്ങൾക്ക് മുസ്വീബത് നൽകരുതേ. ദുൻയാവ് ഞങ്ങളുടെ മുഖ്യലക്ഷ്യമോ, അറിവിന്റെ ലക്ഷ്യസ്ഥാനമോ ആക്കല്ലേ. ഞങ്ങളോട് ദയ കാണിക്കാത്തവരെ ഞങ്ങളുടെ അധികാരികൾ ആക്കരുതേ.

اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْبُخْلِ، وَأَعُوذُ بِكَ مِنَ الْجُبْنِ، وَأَعُوذُ بِكَ أَنْ أُرَدَّ إِلَى أَرْذَلِ الْعُمُرِ ، وَأَعُوذُ بِكَ مِنْ فِتْنَةِ الدُّنْيَا، وَأَعُوذُ بِكَ مِنْ عَذَابِ الْقَبْرِ

അല്ലാഹുവേ! പിശുക്കിൽ നിന്നും ഭീരുത്വത്തിൽ നിന്നും അങ്ങേ അറ്റത്തെ വാർദ്ധക്യത്തി (അന്ധത, ബധിരത, അജ്ഞത, മന്ദബുദ്ധി തുടങ്ങിയ അവസ്ഥ) ലേക്ക് മടക്കപ്പെടുന്നതിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു. ഭൗതിക വിപത്തുകളിൽ നിന്നും പരീക്ഷണത്തിൽ നിന്നും ഖബ്റിലെ ശിക്ഷയിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുകയും ചെയ്യുന്നു.

اللَّهُمَّ اغْفِرْ لِي خَطِيئَتِي، وَجَهْلِي، وَإِسْرَافِي فِي أَمْرِي، وَمَا أَنْتَ أَعْلَمُ بِهِ مِنِّي، اللَّهُمَّ اغْفِرْ لِي هَزْلِي وَجِدِّي، وَخَطَئِي، وَعَمْدِي، وَكُلُّ ذَلِكَ عِنْدِي

അല്ലാഹുവേ! എന്റെ അറിവോടെ വന്നുപോയ തെറ്റുകുറ്റങ്ങളും, അറിവില്ലാതെ വന്നുപോയ തെറ്റുകുറ്റങ്ങളും, മതനിയമം ലംഘിച്ചുചെയ്ത തെറ്റുകുറ്റങ്ങളും എല്ലാം നീ എനിക്ക് പൊറുത്തുതരേണമേ! നീ എന്നേക്കാൾ കൂടുതൽ അറിയുന്നവനാണ്. അല്ലാഹുവേ! കളിയായും കാര്യമായും കരുതിക്കൂട്ടിയും എന്റെ പക്കൽ നിന്ന് വന്നുപോയ എല്ലാ തെറ്റുകുറ്റങ്ങളും എനിക്കു നീ പൊറുത്തുതരേണമേ! അവയെല്ലാം എന്റെയടുത്ത് സംഭവിച്ചിട്ടുണ്ട്.

## Page 100

اللَّهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا وَلَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِي إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ

അല്ലാഹുവേ! ഞാൻ എന്റെ സ്വന്തത്തോട് (പാപങ്ങൾ ചെയ്തു) അനേകം അക്രമങ്ങൾ ചെയ്ത് പോയിട്ടുണ്ട്. ഏറ്റവും കൂടുതൽ പൊറുക്കുന്നവൻ നീയല്ലാതെയില്ല. അതിനാൽ നിന്റെയടുത്ത് നിന്നുള്ള

പാപമോചനം കൊണ്ട് നീ എനിക്ക് പൊറുത്തു തരേണമേ. നീ എന്റെ മേൽ കാരുണ്യം ചൊരിയുകയും ചെയ്യേണമേ. തീർച്ചയായും നീ ഏറ്റവും കൂടുതൽ പൊറുക്കുന്നവനും ഏറ്റവും കൂടുതൽ കാരുണ്യവാനുമാണ്.

اللَّهُمَّ لَكَ أَسْلَمْتُ وَبِكَ آمَنْتُ وَعَلَيْكَ تَوَكَّلْتُ وَإِلَيْكَ أَنَبْتُ وَبِكَ خَاصَمْتُ اللَّهُمَّ إِنِّي أَعُوذُ بِعِزَّتِكَ لَا إِلَهَ إِلَّا أَنْتَ أَنْ تُضِلَّنِي أَنْتَ الْحَيُّ الَّذِي لَا يَمُوتُ وَالْجِنُّ وَالْإِنْسُ يَمُوتُونَ

അല്ലാഹുവേ! ഞാൻ എന്റെ സർവ്വസ്വവും നിന്നിലർപ്പിച്ചു. നിന്നിൽ വിശ്വസിച്ചു. നിന്നിൽ വിശ്വസിച്ചു ഭരമേൽപ്പിച്ചു. നിന്റെ മാർഗത്തിലേക്കു ഞാൻ മടങ്ങി. നിന്റെ സഹായംകൊണ്ടാണ് ഞാൻ (ശത്രുവിനെതിരെ) പൊരുതിയത്. ഞാൻ വഴിതെറ്റിപോകുന്നതിൽ നിന്നും നിന്റെ അതിപ്രതാപം കൊണ്ട് ഞാൻ രക്ഷതേടുന്നു. ആരാധനക്കർഹനായി നീയല്ലാതെ മറ്റാരുമില്ല. നീ മരിച്ചുപോകാതെ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്. ജിന്നും മനുഷ്യരും മരിച്ചുപോകുന്നു.

اللَّهُمَّ رَبَّ السَّمَاوَاتِ وَرَبَّ الْأَرْضِ وَرَبَّ الْعَرْشِ الْعَظِيمِ، رَبَّنَا وَرَبَّ كُلِّ شَيْءٍ، فَالِقَ الْحَبِّ وَالنَّوَى، وَمُنْزِلَ التَّوْرَاةِ وَالْإِنْجِيلِ وَالْفُرْقَانِ، أَعُوذُ بِكَ مِنْ شَرِّ كُلِّ شَيْءٍ، أَنْتَ آخِذٌ بِنَاصِيَتِهِ، اللَّهُمَّ أَنْتَ الْأَوَّلُ فَلَيْسَ قَبْلَكَ شَيْءٌ، وَأَنْتَ الْآخِرُ فَلَيْسَ بَعْدَكَ شَيْءٌ، وَأَنْتَ الظَّاهِرُ فَلَيْسَ فَوْقَكَ شَيْءٌ، وَأَنْتَ الْبَاطِنُ فَلَيْسَ دُونَكَ شَيْءٌ، اقْضِ عَنَّا الدَّيْنَ وَأَغْنِنَا مِنَ الْفَقْرِ

ആകാശങ്ങളുടെ റബ്ബും, ഭൂമിയുടെ റബ്ബും, അതിഗാംഭീര്യമുള്ള 'അർശി'ന്റെ റബ്ബും, ഞങ്ങളുടെ റബ്ബും, മുഴുവൻ വസ്തുക്കളുടെയും റബ്ബും, ധാന്യവും വിത്തും മുളപ്പിച്ച് പിളർത്തുന്നവനും, തൗറാതും ഇഞ്ചീലും ഖുർആനും അവതരിപ്പിച്ചവനുമായ അല്ലാഹുവേ! നീ കുടുമ പിടിച്ചിരിക്കുന്ന (കടിഞ്ഞാണിടുന്ന) എല്ലാ വസ്തുക്കളുടെയും തിന്മകളിൽ നിന്ന് ഞാൻ നിന്നിൽ രക്ഷതേടുന്നു. അല്ലാഹുവേ! നീ ആദ്യമേയുള്ളവനാണ്. നിനക്ക് മുമ്പ് ഒന്നുമില്ല. ശേഷമുള്ളവനും നീ തന്നെ. നിന്നെക്കാൾ ശേഷിക്കുന്നതൊന്നുമില്ല. നീ അള്ളാഹിർ (പ്രത്യക്ഷമായുള്ളവൻ) ആണ്. നിന്നെക്കാൾ മുകളിൽ ഒന്നുമില്ല. നീ അൽ ബാത്വിൻ (പരോക്ഷമായുള്ളവൻ) ആണ്, നിന്നെക്കാൾ അടുപ്പം ഒന്നുമില്ല. നീ ഞങ്ങളുടെ കടം വീട്ടുകയും ഞങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് അകറ്റി ഞങ്ങൾക്ക് ക്ഷേമം നൽകുകയും ചെയ്യേണമേ.

اللَّهُمَّ أَعِنِّـي عَلَى ذِكْرِكَ، وَشُكْرِكَ، وَحُسْنِ عِبَادَتِكَ

അല്ലാഹുവേ! നിന്നെ സ്തുതിച്ചു വാഴ്ത്തുവാനും (ദിക്ർ ചൊല്ലുവാനും), നിന്നോട് നന്ദികാണിക്കുവാനും, നിന്നെ ഉത്തമമായി ആരാധിക്കുവാനും നീ എന്നെ സഹായിക്കേണമേ.

اللَّهُمَّ إِنِّـي أَعُوذُ بِكَ مِنَ الْهَمِّ وَالْحَزَنِ وَالْعَجْزِ وَالْكَسَلِ وَالْبُخْلِ وَالْجُبْنِ وَضَلَعِ الدَّيْنِ وَغَلَبَةِ الرِّجَالِ

അല്ലാഹുവേ! എന്റെ ദുഃഖം, വിഷാദം, ദുർബലത, അലസത, പിശുക്ക്, ഭീരുത്വം, കടഭാരം, ആളുകൾ എന്നെ കീഴ്പ്പെടുത്തൽ എന്നിവയിൽനിന്നെല്ലാം ഞാൻ നിന്നോട് രക്ഷതേടുന്നു.

## Page 101

اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ النَّارِ، وَأَعُوذُ بِكَ مِنْ عَذَابِ الْقَبْرِ، وَأَعُوذُ بِكَ مِنَ الْفِتَنِ مَا ظَهَرَ مِنْهَا وَمَا بَطَنَ، وَأَعُوذُ بِكَ مِنْ فِتْنَةِ الدَّجَّالِ

അല്ലാഹുവേ! നരകത്തിലെ ശിക്ഷയിൽ നിന്നും ഖബ്റിലെ ശിക്ഷയിൽ നിന്നും, പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടാകുന്ന വിപത്തുകളിൽ നിന്നും മസീഹുദ്ദജ്ജാലിന്റെ വിപത്തുകളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.

اللَّهُمَّ اهْدِنِي فِيمَنْ هَدَيْتَ، وَعَافِنِي فِيمَنْ عَافَيْتَ، وَتَوَلَّنِي فِيمَنْ تَوَلَّيْتَ، وَبَارِكْ لِي فِيمَا أَعْطَيْتَ، وَقِنِي شَرَّ مَا قَضَيْتَ، إِنَّكَ تَقْضِي وَلَا يُقْضَى عَلَيْكَ، وَإِنَّهُ لَا يَذِلُّ مَنْ وَالَيْتَ، وَلَا يَعِزُّ مَنْ عَادَيْتَ، تَبَارَكْتَ رَبَّنَا وَتَعَالَيْتَ

അല്ലാഹുവേ! നീ സന്മാർഗത്തിലാക്കിയവരുടെ കൂടെ എന്നെയും നീ സന്മാർഗത്തിലാക്കേണമേ. നീ മാപ്പും സൗഖ്യവും നൽകിയവരുടെ കൂടെ നീ എനിക്കും മാപ്പും സൗഖ്യവും നൽകേണമേ. നീ (സ്നേഹപൂർവ്വം)ഏറ്റെടുത്തവരുടെ കൂട്ടത്തിൽ എന്നെയും ഏറ്റെടുക്കേണമേ. നീ എനിക്ക് നൽകിയതിൽ അനുഗ്രഹം ചൊരിയേണമേ. നീ വിധിച്ചതിന്റെ തിന്മയിൽ നിന്ന് നീ എന്നെ കാക്കേണമേ; തീർച്ചയായും, നീ വിധിക്കുന്നു, നിന്റെ മേൽ (നിനക്കെതിരായി) വിധിക്കപ്പെടുകയില്ല! തീർച്ചയായും നിന്നോട് സ്നേഹവും കൂറും കാണിച്ചവർ നിന്ദ്യരാവുകയില്ല; നിന്നോട് ശത്രുതയും വിരോധവും കാണിച്ചവർക്ക് അന്തസ്സും കരുത്തും ലഭിക്കുകയുമില്ല. ഞങ്ങളുടെ റബ്ബേ! നീ അനുഗ്രഹസമ്പൂർണനും അത്യുന്നതനുമാണ്!

لَا إِلٰهَ إِلاَّ اللهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ഏകനാണ്. അവന് യാതൊരു പങ്കുകാരുമില്ല. അവനാണ് എല്ലാ ആധിപത്യവും. അവനാണ് എല്ലാ സ്തുതികളും. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്.

## മുസ്ദലിഫയിൽ രാപ്പാർക്കൽ

അറഫയിൽ നിന്നും സൂര്യൻ അസ്തമിച്ച് വൃത്താകാരം മാഞ്ഞതിനു ശേഷം, ഹാജിമാർ അറഫയിൽ നിന്ന് മുസ്ദലിഫയിലേക്ക് പോകണം. അവരുടെ സഹോദരന്മാരായ മറ്റ് ഹാജിമാരെ ഉപദ്രവിക്കാതെ ശാന്തമായാണവർ നടക്കേണ്ടത്. അവിടെയെത്തിയ ഉടനെ അവരുടെ സാധനങ്ങൾ ഇറക്കുന്നതിന് മുമ്പ് തന്നെ, നിസ്കാരം കൊണ്ടാണ് ആരംഭിക്കേണ്ടത്. മഗ്രിബ് മൂന്ന് റക്അതും ഇശാഅ് രണ്ട് റക്അതുമായി ജംഉം ഖസ്റും ആക്കിയിട്ടാണ് നിസ്കരിക്കേണ്ടത്. എന്നിട്ടവർ മുസ്ദലിഫയിൽ രാപ്പാർക്കണം.

**Page 102**

ബലഹീനരായ പുരുഷന്മാർക്കും സ്ത്രീകൾക്കും രാത്രിയുടെ പകുതി കഴിഞ്ഞതിന് ശേഷം മുസ്ദലിഫയിൽ നിന്നും മിനയിലേക്ക് പോകാവുന്നതാണ്. ഇതിൻെറ വിശദാംശങ്ങൾ ഹജ്ജിൻെറ വാജിബാതുകളിൽ പരാമർശിച്ചിട്ടുണ്ട്.

ബലഹീനരോ അവരുടെ കൂടെ ഉള്ളവരോ അല്ലാത്തവരെല്ലാം, പ്രഭാതം വരെ അവിടെ ചിലവഴിച്ച്, ഫജ്ർ നിസ്കരിച്ച് നേരം വെളുക്കുന്നത് വരെ നബി ﷺ യുടെ ചര്യ മാതൃകയാക്കി അവിടെ ചിലവഴിക്കണം. ഫജ്ർ നിസ്കരിച്ചതിനു ശേഷം സാധിക്കുകയാണെങ്കിൽ, മുസ്ദലിഫയിലുള്ള മലയായ മശ്അറുൽ ഹറമിൽ പോവുകയോ, അല്ലാത്തപക്ഷം മുസ്ദലിഫയുടെ എവിടെ നിന്നായിരുന്നാലും ശരി, ഖിബ്‌ലയെ അഭിമുഖമാക്കിക്കൊണ്ട് അല്ലാഹുവിനെ ഏകനാക്കുകയും, പ്രാർഥനകൾ വർദ്ധിപ്പിക്കുകയും, തഹ്‌ലീലും തക്ബീറുമൊക്കെ

ചെയ്തു കൊണ്ട് അല്ലാഹുവിന്റെ സ്മരണയിൽ മുഴുകുകയും ചെയ്യുക. നേരം വെളുക്കുന്നത് വരെ ഇങ്ങനെ തുടരുക. നേരം നല്ലവണ്ണം വെളുത്ത് കഴിഞ്ഞാൽ സൂര്യൻ ഉദിക്കുന്നതിന് മുമ്പായി തന്നെ, മുസ്ദലിഫയിൽ നിന്ന് മിനയിലേക്ക് തിരിക്കുക.

عَنْ جَابِرٍ، فِي حَدِيثِهِ ذَلِكَ أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ " نَحَرْتُ هَا هُنَا وَمِنًى كُلُّهَا مَنْحَرٌ فَانْحَرُوا فِي رِحَالِكُمْ وَوَقَفْتُ هَا هُنَا وَعَرَفَةُ كُلُّهَا مَوْقِفٌ وَوَقَفْتُ هَا هُنَا وَجَمْعٌ كُلُّهَا مَوْقِفٌ"[مسلم 1218]

ജാബിർ (റ) വിൽ നിന്ന് നിവേദനം: പ്രവാചകൻ ﷺ പറയുകയുണ്ടായി; "ഞാൻ ഇവിടെയാണ് ബലി ചെയ്തത്. എന്നാൽ മിന മുഴുവനും ബലി ചെയ്യുന്നതിനുള്ള സ്ഥലം ആണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ (മിനയിലെ) വാസസ്ഥലത്ത് നിന്ന് തന്നെ അറവ് നടത്തുക. അതുപോലെ അറഫയിൽ ഞാൻ ഇവിടെയാണ് നിന്നത്. എന്നാൽ അറഫാ മൈതാനം മുഴുവനും അതിനുള്ള സ്ഥലമാണ്. (മുസ്ദലിഫയിൽ) ഞാൻ ഇവിടെയാണ് കഴിച്ച് കൂട്ടിയത്. എന്നാൽ ജംഉ് (മുസ്ദലിഫയുടെ മറ്റൊരു പേര്) മുഴുവനും നിർത്തത്തിനുള്ള സ്ഥലമാണ് ". [മുസ്‌ലിം 1218, 149]

Footnote: അന്ത്യയാമം എന്നുള്ളത് സൂര്യാസ്തമയം മുതൽ പ്രഭാതം വരെയുള്ള സമയത്തിന്റെ മധ്യത്തിൽ ആണ്. അത് രാത്രിയുടെ ദൈർഘ്യമനുസരിച്ച് വിത്യാസപ്പെടും. പലയാളുകളും വിചാരിക്കുന്നത് പോലെ അത് എപ്പോഴും 12 മണിയായിരിക്കണം എന്നില്ല.

## Page 103

ഇവിടെ പരാമർശിക്കപ്പെട്ടതെല്ലാം നബി ﷺ പ്രവർത്തനത്തിൽ സ്ഥിരപ്പെട്ടിട്ടുള്ളവയാണ്. ഇതെല്ലാം തന്നെ ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ജാബിർ (റ) വിന്റെ സുദീർഘമായ ഹദീസിൽ പരാമർശിച്ചിട്ടുള്ളതാകുന്നു.

"فَلَمْ يَزَلْ وَاقِفًا حَتَّى غَرَبَتِ الشَّمْسُ وَذَهَبَتِ الصُّفْرَةُ قَلِيلاً حَتَّى غَابَ الْقُرْصُ وَأَرْدَفَ أُسَامَةَ خَلْفَهُ وَدَفَعَ رَسُولُ اللَّهِ صلى الله عليه وسلم وَقَدْ شَنَقَ لِلْقَصْوَاءِ الزِّمَامَ حَتَّى إِنَّ رَأْسَهَا لَيُصِيبُ مَوْرِكَ رَحْلِهِ وَيَقُولُ بِيَدِهِ الْيُمْنَى " أَيُّهَا النَّاسُ السَّكِينَةَ السَّكِينَةَ " . كُلَّمَا أَتَى حَبْلاً مِنَ الْحِبَالِ أَرْخَى لَهَا قَلِيلاً حَتَّى تَصْعَدَ حَتَّى أَتَى الْمُزْدَلِفَةَ فَصَلَّى بِهَا الْمَغْرِبَ وَالْعِشَاءَ بِأَذَانٍ وَاحِدٍ وَإِقَامَتَيْنِ وَلَمْ يُسَبِّحْ بَيْنَهُمَا شَيْئًا ثُمَّ اضْطَجَعَ رَسُولُ اللَّهِ صلى الله عليه وسلم حَتَّى طَلَعَ الْفَجْرُ وَصَلَّى الْفَجْرَ - حِينَ تَبَيَّنَ لَهُ الصُّبْحُ - بِأَذَانٍ وَإِقَامَةٍ ثُمَّ رَكِبَ

الْقَصْوَاءَ حَتَّى أَتَى الْمَشْعَرَ الْحَرَامَ فَاسْتَقْبَلَ الْقِبْلَةَ فَدَعَاهُ وَكَبَّرَهُ وَهَلَّلَهُ وَوَحَّدَهُ فَلَمْ يَزَلْ وَاقِفًا حَتَّى أَسْفَرَ جِدًّا فَدَفَعَ قَبْلَ أَنْ تَطْلُعَ الشَّمْسُ"[مسلم 1218]

"പ്രവാചകൻ ﷺ ആ അവസ്ഥയിൽ സൂര്യൻ അസ്തമിക്കുന്നതുവരെ നിന്നു. സൂര്യന്റെ മഞ്ഞനിറം അല്പം പോയി. വൃത്താകാരവും മറഞ്ഞു. ഉസാമത് (റ) നെ തന്റെ പിറകിലിരുത്തി. നബി ﷺ ഒട്ടകത്തെ മുന്നോട്ടു തെളിച്ചു. ക്വസ് വാഇന് കടിഞ്ഞാൺ ഇടുക്കമായി. അതിന്റെ തല താഴ്ന്ന് യാത്രക്കാരൻ കാൽ വെക്കുന്ന മവരികിൽ (ഒട്ടകപ്പുറത്തിരിക്കുന്ന വ്യക്തി തന്റെ കാൽ വെക്കുന്ന സ്ഥലം) മുട്ടി. വലതുകൈകൊണ്ട് (ആംഗ്യം കാണിച്ചു) പറഞ്ഞു: 'ജനങ്ങളേ സാവകാശത്തിൽ, സാവകാശത്തിൽ'. മണൽ കൂനകളിൽ എത്തുമ്പോഴേക്കും കടിഞ്ഞാൻ അല്പാല്പമായി അയച്ചുകൊണ്ടിരുന്നു. അങ്ങനെ അത് (മണൽ കൂനമേൽ) കയറും. മുസ്ദലിഫയിൽ എത്തിയപ്പോൾ അവിടെ വെച്ച് മഗ്‌രിബും ഇശാഉം ഒരു ബാങ്കും രണ്ട് ഇഖാമതും വിളിച്ച് നിസ്കരിച്ചു. അവ രണ്ടിനുമിടക്ക് സുന്നത് നിസ്കാരങ്ങളൊന്നും നിർവഹിച്ചില്ല. പുലരും വരെ പിന്നീട് നബി ﷺ കിടന്നുറങ്ങി. പ്രഭാതം വെളിവായപ്പോൾ സുബ്ഹി നിസ്കരിച്ചു. ഒരു ബാങ്കും ഇഖാമതും വിളിച്ചുകൊണ്ട്. പിന്നെ ക്വസ് വാഇന്റെ പുറത്തു കയറി മശ്അറുൽ ഹറാമിന്റെ ഭാഗത്തു വന്നു. ഖിബ്‌ലക്ക് അഭിമുഖമായി നിന്നു. അല്ലാഹുവിനോട് പ്രാർഥിക്കുകയും തക്ബീർ ചൊല്ലുകയും ലാഇലാഹ ഇല്ലല്ലാഹ് എന്നു ചൊല്ലുകയും ചെയ്തു. നന്നായി നേരം പുലരുന്നതുവരെ ആ സ്ഥിതിയിൽ നിന്നു. സൂര്യോദയത്തിനു മുമ്പ് അവിടെ നിന്നും നീങ്ങി". [മുസ്‌ലിം 1218].

**Page 104**

## മുസ്ദലിഫയിൽ നിന്ന് മിനയിലേക്ക് പോകലും അവിടെ ചിലവഴിക്കലും

ദുൽഹജ്ജ് 10 പെരുന്നാളിന്റെയും അറവിന്റേയും അനുഗ്രഹീതമായ ദിനത്തിൽ സൂര്യനുദിക്കുന്നതിന് മുമ്പായി ഹാജിമാർ മുസ്ദലിഫയിൽ നിന്ന് മിനയിലേക്ക് പുറപ്പെടുന്നു. അങ്ങനെ അവർ മിനയിൽ എത്തിക്കഴിഞ്ഞാൽ നാല് കർമ്മങ്ങളാണ് ചെയ്യേണ്ടത്:-

**1. ജംറതുൽ അഖബയിൽ കല്ലെറിയൽ**

മക്കയോട് ഏറ്റവും അടുത്തുള്ളതും മിനയുടെ അവസാനത്തിലുള്ളതുമായ ഏറ്റവും വലിയ ജംറയായ "ജംറതുൽ കുബ്റ" ആണിത്.

കടല മണിയേക്കാൾ അല്പം വലിപ്പമുള്ള ഏഴു കല്ലുകൾ ഒന്നിന് പുറകിൽ ഒന്നായി അവിടെ എറിയണം. അത് സൗകര്യമുള്ള എവിടെ നിന്ന് വേണമെങ്കിലും ശേഖരിക്കാവുന്നതാണ്. പ്രത്യേകമായി ഒരു നിശ്ചിത സ്ഥലത്തുനിന്ന് പെറുക്കണം എന്നില്ല. എന്നിട്ട് അത്കൊണ്ട് ജംറയിൽ ഓരോന്നോരോന്നായി എറിയണം. ഓരോ കല്ലെറിയുമ്പോഴും 'അല്ലാഹു അക്ബർ' എന്ന് ചൊല്ലണം. എല്ലാ കല്ലുകളും ഒരുമിച്ചെറിയുവാൻ പാടുള്ളതല്ല. സാധിക്കുകയാണെങ്കിൽ കഅ്ബ തന്റെ വലതുവശത്തേക്കും, മിന തന്റെ ഇടതുവശത്തേക്കുമായി, ജംറ പ്രദേശത്തിന്റെ മധ്യഭാഗത്ത് നിന്നാണവർ എറിയേണ്ടത്.

وَعَنْ عَبْدِ اللَّهِ بْنِ مَسْعُودٍ: أَنَّهُ انْتَهَى إِلَى الْجَمْرَةِ الْكُبْرَى فَجَعَلَ الْبَيْتَ عَنْ يَسَارِهِ وَمِنًى عَنْ يَمِينِهِ وَرَمَى بِسَبْعِ حَصَيَاتٍ يُكَبِّرُ مَعَ كُلِّ حَصَاةٍ ثُمَّ قَالَ: هَكَذَا رَمَى الَّذِي أُنْزِلَتْ عَلَيْهِ سُورَةُ الْبَقَرَةِ [مُتَّفَقٌ عَلَيْهِ]

അബ്ദുറഹ്മാനുബ്നു യസീദ് (റ) വിൽ നിന്നും നിവേദനം: അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) ജംറതുൽ അഖബയിൽ ഏഴു കല്ലുകൊണ്ട് എറിഞ്ഞു. കഅ്ബയെ തന്റെ വലത് വശത്തേയ്ക്കും, മിനയെ തന്റെ ഇടതുമാക്കി എറിഞ്ഞിട്ട് അദ്ദേഹം (റ) പറഞ്ഞു: 'ഇങ്ങനെയാണ് സൂറതുൽ ബഖറ ഇറക്കപ്പെട്ട പ്രവാചകൻ ﷺ എറിഞ്ഞ രൂപം'. [ബുഖാരി 1748, മുസ്‌ലിം 1296].

**Page 105**

കടല മണിയോളമുള്ള കല്ലുകൾ അല്ലാതെ, വലിയ കല്ലുകളോ, ചെരുപ്പ് പോലുള്ളവ കൊണ്ടോ എറിയാൻ പാടുള്ളതല്ല. കല്ലുകൾ ജംറയുടെ തടത്തിൽ വീഴുന്ന രൂപത്തിൽ എറിയൽ നിർബന്ധമാണ്. ആ തടത്തിൽ കല്ലുകൾ വീണതിനുശേഷം അവിടെ തന്നെ അത് അവശേഷിക്കണം എന്നില്ല.

**2- മുതമത്തിആയും ഖാരിനായും ഹജ്ജ് ചെയ്യുന്നവർ ബലി അറുക്കൽ.** സ്വന്തമായി സാധിക്കുകയാണെങ്കിൽ അങ്ങനെ ചെയ്യണം, അല്ലെങ്കിൽ അവരുടെ ബലി നിർവഹിക്കുന്നതിനായി അതിന്റെ അധികാരികളെ ഏൽപ്പിക്കുകയാണെങ്കിലും വിരോധമില്ല. ബലികർമ്മവും അതിൻറെ സമയവും എല്ലാം മുമ്പ് വിവരിച്ചിട്ടുണ്ടല്ലോ.

**3- മുടി കളയുകയോ വെട്ടുകയോ ചെയ്യൽ;** പുരുഷന്മാർ മുടിമുണ്ഡനം ചെയ്യലാണ് ഉത്തമം. ഇനിയവർ മുടി വെട്ടുകയാണെങ്കിലും വിരോധമില്ല. അല്ലാഹു പറയുന്നു:

{لَتَدْخُلُنَّ ٱلْمَسْجِدَ ٱلْحَرَامَ إِن شَآءَ ٱللَّهُ ءَامِنِينَ مُحَلِّقِينَ رُءُوسَكُمْ وَمُقَصِّرِينَ} [الفتح : 27]

"അതായത് അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം സമാധാന ചിത്തരായി കൊണ്ട് തല മുണ്ഡനം ചെയ്തവരും മുടി വെട്ടിയവരും ആയികൊണ്ട് പവിത്രമായ ദേവാലയത്തിൽ പ്രവേശിക്കുക തന്നെ ചെയ്യുന്നതാണ്." [അൽ ഫത്ഹ്: 27], പ്രവാചകൻ ﷺ മുടി മുറിക്കുകയല്ല മുണ്ഡനമായിരുന്നു ചെയ്തത്.

عَنْ أَنَسِ بْنِ مَالِكٍ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم أَتَى مِنًى فَأَتَى الْجَمْرَةَ فَرَمَاهَا ثُمَّ أَتَى مَنْزِلَهُ بِمِنًى وَنَحَرَ ثُمَّ قَالَ لِلْحَلاَّقِ " خُذْ " . وَأَشَارَ إِلَى جَانِبِهِ الأَيْمَنِ ثُمَّ الأَيْسَرِ. [راوه مسلم]

അനസുബ്നു മാലിക് (റ) വിൽ നിന്നും നിവേദനം: റസൂൽ ﷺ മിനായിൽ വന്നു. എന്നിട്ട് ജംറക്ക് എറിഞ്ഞു. പിന്നെ പ്രവാചകൻ ﷺ മിനായിലെ തന്റെ വാസസ്ഥലത്തുചെന്നു ബലിയറുത്തു. പിന്നെ മുടിവെട്ട്കാരെ വിളിച്ചിട്ട് വലതുഭാഗം ചൂണ്ടിയിട്ട് പറഞ്ഞു: 'നീക്കം ചെയ്യൂ'. പിന്നെ ഇടതുവശവും. [മുസ്‌ലിം 1305].

**Page 106**

അതുപോലെ തന്നെ മുടിമുണ്ഡനം ചെയ്തവർക്കായി മൂന്ന് തവണയും വെട്ടിയവർക്ക് ഒരു തവണയുമാണ് റസൂൽ ﷺ പ്രാർഥിച്ചത് :-

عَنِ ابْنِ عُمَرَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ " رَحِمَ اللَّهُ الْمُحَلِّقِينَ " . قَالُوا وَالْمُقَصِّرِينَ يَا رَسُولَ اللَّهِ قَالَ " رَحِمَ اللَّهُ الْمُحَلِّقِينَ " . قَالُوا وَالْمُقَصِّرِينَ يَا رَسُولَ اللَّهِ قَالَ " رَحِمَ اللَّهُ الْمُحَلِّقِينَ " . قَالُوا وَالْمُقَصِّرِينَ يَا رَسُولَ اللَّهِ قَالَ " وَالْمُقَصِّرِينَ " .

അബ്ദുല്ലാഹിബ്നു ഉമർ (റ) പറഞ്ഞു: നബി ﷺ പറഞ്ഞിട്ടുണ്ട്: "തല മുണ്ഡനം ചെയ്യുന്നവർക്ക് അല്ലാഹു കരുണ ചെയ്യട്ടെ". (സ്വഹാബാക്കൾ) ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, അപ്പോൾ മുടി

ചെറുതാക്കിയവർക്കോ?" അപ്പോൾ അവിടുന്ന് പറഞ്ഞു: "തല മുണ്ഡനം ചെയ്യുന്നവർക്ക് അല്ലാഹു കരുണ ചെയ്യട്ടെ." വീണ്ടും സ്വഹാബാക്കൾ) ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, അപ്പോൾ മുടി ചെറുതാക്കിയവർക്കോ?" അപ്പോൾ പ്രവാചകൻ പറഞ്ഞു: "തല മുണ്ഡനം ചെയ്യുന്നവർക്ക് അല്ലാഹു കരുണ ചെയ്യട്ടെ. പിന്നെ മുടി ചെറുതാക്കുന്നവർക്കു വേണ്ടിയും പ്രാർഥിച്ചു." [ബുഖാരി 1727, മുസ്‌ലിം 1301] .

മുടി മുറിക്കുകയാണെങ്കിലും തലമുണ്ഡനം ചെയ്യുകയാണെങ്കിലും തലയുടെ എല്ലാ ഭാഗത്തുനിന്നും ആയിരിക്കണം. തലയിലുള്ള എല്ലാ മുടിയും ഉൾപ്പെടേണ്ടതാണ്. എന്നാൽ, സ്ത്രീകൾ മുടി കൂട്ടി പിടിച്ച് ഒരു വിരൽ തുമ്പിന്റെ വലുപ്പത്തിൽ വെട്ടുകയാണ് ചെയ്യേണ്ടത്.

അങ്ങനെ ഹാജിമാർ അന്ന് ജംറതുൽ അഖബയിലെ കല്ലേറും മുടി മുറിക്കലും കൂടി ചെയ്തു കഴിഞ്ഞാൽ, ഭാര്യയുമായുള്ള സംയോഗം ഒഴിച്ച് എല്ലാം അവർക്ക് അനുവദനീയമാകും. ഇനി അവർക്ക് സാധാരണ ഉപയോഗിക്കുന്ന വസ്ത്രങ്ങൾ ധരിക്കുവാനും, സുഗന്ധം ഉപയോഗിക്കുവാനും, മുടി മുറിക്കുവാനും, നഖം നീക്കുവാനുമെല്ലാം അനുവാദമുണ്ട്; സ്ത്രീ സംസർഗമൊഴികെ.

ഇതിന് ഒന്നാമത്തെ തഹല്ലുൽ എന്നാണ് പറയുന്നത്. ഈ തഹല്ലുലിൽ സുഗന്ധം പൂശുന്നത് സുന്നതാണ്.

عَنْ عَائِشَةَ ـ رضى الله عنها ـ زَوْجِ النَّبِيِّ صلى الله عليه وسلم قَالَتْ كُنْتُ أُطَيِّبُ رَسُولَ اللَّهِ صلى الله عليه وسلم لإِحْرَامِهِ حِينَ يُحْرِمُ، وَلِحِلِّهِ قَبْلَ أَنْ يَطُوفَ بِالْبَيْتِ.

പ്രവാചക പത്നി ആഇശ (റ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ ഇഹ്റാമിൽ പ്രവേശിക്കുമ്പോൾ ഞാൻ സുഗന്ധം പൂശിക്കൊടുത്തിരുന്നു. ഇഹ്റാമിൽ നിന്ന് വിരമിക്കുമ്പോൾ ത്വവാഫിന് മുമ്പും നബി ﷺ ക്ക് മിസ്ക് കൊണ്ടുള്ള സുഗന്ധം പൂശി കൊടുക്കാറുണ്ട്.

**Page 107**

### 4. കഅ്ബക്ക് ചുറ്റും ത്വവാഫ് ചെയ്യൽ

ഇതിനെ ഇഫാളത്തിന്റെ ത്വവാഫ് എന്നും സിയാറത്തിന്റെ ത്വവാഫ് എന്നും വിളിക്കപ്പെടുന്നു. അല്ലാഹു പറയുന്നു:-

{ثُمَّ لْيَقْضُواْ تَفَثَهُمْ وَلْيُوفُواْ نُذُورَهُمْ وَلْيَطَّوَّفُواْ بِٱلْبَيْتِ ٱلْعَتِيقِ} [الحج :29]

പിന്നെ അവർ തങ്ങളുടെ അഴുക്ക് നീക്കികളയുകയും, തങ്ങളുടെ നേർച്ചകൾ നിറവേറ്റുകയും, പുരാതനമായ ആ ഭവനത്തെ പ്രദക്ഷിണം വെക്കുകയും ചെയ്തുകൊള്ളട്ടെ. [അൽ ഹജ്ജ്: 29]

നബി ﷺ യുടെ ഹജ്ജ് വിവരിക്കുന്ന ജാബിർ (റ) വിന്റെ ഹദീസിൽ അദ്ദേഹം പറയുന്നു :-

"ثم ركب رسول الله صلى الله عليه وسلم فأفاض إلى البيت، فصلى بمكة الظهر. [راوه مسلم]

"പിന്നെ നബി ﷺ വാഹനത്തിൽ കയറി കഅ്ബാലയത്തിലേക്ക് സഞ്ചരിച്ചു. ത്വവാഫുൽ ഇഫാദത് നിർവഹിച്ചു. മക്കയിൽവെച്ച് ളുഹ്ർ നിസ്കരിച്ചു." [മുസ്‌ലിം 1418].

മുതമത്തിആയി ഹജ്ജ് ചെയ്യുന്നവർ, സ്വഫാ മർവയിൽ പോയി സഅ്യ് നിർവഹിക്കേണ്ടതാണ്. കാരണം, അതാണ് ഹജ്ജിന്റെ സഅ്യ്. അവർ ആദ്യം ചെയ്ത സഅ്യ് ഉംറയുടെതായിരുന്നു. അതുകൊണ്ടവർ നിർബന്ധമായും ഹജ്ജിന്റെ സഅ്യ് നിർവഹിക്കേണ്ടതാണ്. കാരണം, ഹജ്ജും ഉംറയും രണ്ടും രണ്ട് വ്യത്യസ്ത കർമ്മങ്ങളാണ്. അപ്പോൾ ഓരോന്നിന്റെയും നിർബന്ധ ഘടകമായ സഅ്യ് നിർവ്വഹിക്കാതെ അത് പൂർത്തിയാകുന്നതല്ല.

**Page 108**

അല്ലാഹു പറയുന്നു:-

{إِنَّ ٱلصَّفَا وَٱلْمَرْوَةَ مِن شَعَآئِرِ ٱللَّهِۖ فَمَنْ حَجَّ ٱلْبَيْتَ أَوِ ٱعْتَمَرَ فَلَا جُنَاحَ عَلَيْهِ أَن يَطَّوَّفَ بِهِمَاۚ} [البقرة 158]

തീർച്ചയായും സ്വഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽ പെട്ടതാകുന്നു. കഅ്ബാ മന്ദിരത്തിൽ ചെന്ന് ഹജ്ജോ ഉംറയോ നിർവഹിക്കുന്ന ഏതൊരാളും അവയിലൂടെ പ്രദക്ഷിണം നടത്തുന്നതിൽ കുറ്റമൊന്നുമില്ല. [അൽ ബഖറ 158]

ഇബ്നു അബ്ബാസ് (റ) വോട് ഹജ്ജ് തമത്തുഅ് ആക്കുന്നതിനെ സംബന്ധിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:

"أَهَلَّ الْمُهَاجِرُونَ وَالأَنْصَارُ وَأَزْوَاجُ النَّبِيِّ صلى الله عليه وسلم فِي حَجَّةِ الْوَدَاعِ وَأَهْلَلْنَا، فَلَمَّا قَدِمْنَا مَكَّةَ قَالَ رَسُولُ اللَّهِ صلى الله عليه وسلم " اجْعَلُوا إِهْلاَلَكُمْ بِالْحَجِّ عُمْرَةً إِلاَّ مَنْ قَلَّدَ الْهَدْىَ ". فَطُفْنَا بِالْبَيْتِ وَبِالصَّفَا وَالْمَرْوَةِ وَأَتَيْنَا النِّسَاءَ، وَلَبِسْنَا الثِّيَابَ وَقَالَ " مَنْ قَلَّدَ الْهَدْىَ فَإِنَّهُ لاَ يَحِلُّ لَهُ حَتَّى يَبْلُغَ الْهَدْىُ مَحِلَّهُ ". ثُمَّ أَمَرَنَا عَشِيَّةَ التَّرْوِيَةِ أَنْ نُهِلَّ بِالْحَجِّ، فَإِذَا فَرَغْنَا مِنَ الْمَنَاسِكِ جِئْنَا فَطُفْنَا بِالْبَيْتِ وَبِالصَّفَا وَالْمَرْوَةِ فَقَدْ تَمَّ حَجُّنَا، وَعَلَيْنَا الْهَدْىُ كَمَا قَالَ اللَّهُ تَعَالَى {فَمَا اسْتَيْسَرَ مِنَ الْهَدْىِ فَمَنْ لَمْ يَجِدْ فَصِيَامُ ثَلاَثَةِ أَيَّامٍ فِي الْحَجِّ وَسَبْعَةٍ إِذَا رَجَعْتُمْ} إِلَى أَمْصَارِكُمْ. الشَّاةُ تَجْزِي، فَجَمَعُوا نُسُكَيْنِ فِي عَامٍ بَيْنَ الْحَجِّ وَالْعُمْرَةِ، فَإِنَّ اللَّهَ تَعَالَى أَنْزَلَهُ فِي كِتَابِهِ وَسَنَّهُ نَبِيُّهُ صلى الله عليه وسلم وَأَبَاحَهُ لِلنَّاسِ غَيْرَ أَهْلِ مَكَّةَ، قَالَ اللَّهُ {ذَلِكَ لِمَنْ لَمْ يَكُنْ أَهْلُهُ حَاضِرِي الْمَسْجِدِ الْحَرَامِ} وَأَشْهُرُ الْحَجِّ الَّتِي ذَكَرَ اللَّهُ تَعَالَى شَوَّالٌ وَذُو الْقَعْدَةِ وَذُو الْحَجَّةِ، فَمَنْ تَمَتَّعَ فِي هَذِهِ الأَشْهُرِ فَعَلَيْهِ دَمٌ أَوْ صَوْمٌ، وَالرَّفَثُ الْجِمَاعُ، وَالْفُسُوقُ الْمَعَاصِي، وَالْجِدَالُ الْمِرَاءُ." [البخاري]

“മുഹാജിറുകളും അൻസാരികളും നബിയുടെ ﷺ ഭാര്യമാരും ഹജ്ജതുൽ വിദാഇൽ ഇഹ്റാം കെട്ടി. ഞങ്ങളും ഇഹ്റാമിൽ പ്രവേശിച്ചു. ഞങ്ങൾ മക്കയിലെത്തിയപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു, "ഹജ്ജ് ചെയ്യാനുള്ള നിങ്ങളുടെ ഉദ്ദേശ്യം ഉപേക്ഷിക്കുക (ഈ നിമിഷം) ഉംറ നിർവഹിക്കുക. ബലിമൃഗത്തെ അടയാളം കെട്ടിക്കൊണ്ടുവന്നവരൊഴികെ”. അങ്ങനെ, ഞങ്ങൾ കഅ്ബയ്ക്കും സ്വഫക്കും മർവക്കും ഇടയിൽ ത്വവാഫ് ചെയ്തു. ഞങ്ങളുടെ ഭാര്യമാരോടൊപ്പം ഉറങ്ങുകയും സാധാരണ (തുന്നിച്ചേർത്ത) വസ്ത്രങ്ങൾ ധരിക്കുകയും ചെയ്തു. നബി ﷺ കൂട്ടിച്ചേർത്തു, “ബലിമൃഗത്തിന് അടയാളം കെട്ടിയവർക്ക് ബലിമൃഗം ലക്ഷ്യസ്ഥാനത്ത് എത്തുന്നതുവരെ ഇഹ്റാം പൂർത്തിയാക്കാൻ അനുവാദമില്ല. "അതിനുശേഷം തർവിയതിന്റെ രാത്രിയിൽ (ദുൽഹിജ്ജ 8,) ഹജ്ജിനായി ഇഹ്റാമിൽ പ്രവേശിക്കാൻ അദ്ദേഹം ഞങ്ങളോട് ആവശ്യപ്പെട്ടു, ഞങ്ങൾ ഹജ്ജിലെ ചടങ്ങുകളിൽ നിന്നും വിരമിച്ചു കഴിഞ്ഞപ്പോൾ, കഅ്ബയെ ത്വവാഫ് ചെയ്യുകയും സ്വഫയ്ക്കും മർവയ്ക്കുമിടയിൽ (സഅ്യ് നടത്തുകയും) ചെയ്തു. അങ്ങനെ ഞങ്ങളുടെ ഹജ്ജ് പൂർത്തിയായി, അല്ലാഹുവിന്റെ പ്രസ്താവന പ്രകാരം ഞങ്ങൾക്ക് ബലിമൃഗത്തെ അറുക്കേണ്ടിവന്നു. [ബുഖാരി 1572]

ഈ വിഷയത്തിൽ ആഇശ (റ) പ്രസ്താവിച്ച ഹദീസിൽ നമുക്ക് കാണാം:-

" فَطَافَ الَّذِينَ كَانُوا أَهَلُّوا بِالْعُمْرَةِ بِالْبَيْتِ وَبَيْنَ الصَّفَا وَالْمَرْوَةِ، ثُمَّ حَلُّوا، ثُمَّ طَافُوا طَوَافًا وَاحِدًا بَعْدَ أَنْ رَجَعُوا مِنْ مِنًى، وَأَمَّا الَّذِينَ جَمَعُوا الْحَجَّ وَالْعُمْرَةَ فَإِنَّمَا طَافُوا طَوَافًا وَاحِدًا." [متفق عليه]

"ഉംറക്കായി ഇഹ്റാം സ്വീകരിച്ചവർ കഅ്ബയെ ത്വവാഫ് ചെയ്യുകയും സ്വഫയ്ക്കും മർവയ്ക്കും ഇടയിൽ നടക്കുകയും തുടർന്ന് അവരുടെ ഇഹ്റാമിൽ നിന്നും തഹല്ലുലാവുകയും ചെയ്തു. പിന്നീട് മിനയിൽ നിന്നും മടങ്ങിയ ശേഷം ഒരു ത്വവാഫ് ചെയ്തു. എന്നാൽ ഹജ്ജിനും ഉംറയ്ക്കും ഒരുമിച്ച് ഇഹ്റാം സ്വീകരിച്ചവർ ഒരു ത്വവാഫ് മാത്രമാണ് ചെയ്തത് ". [ബുഖാരി 1556, മുസ്ലിം 1211].

## Page 109

ഇനി മുഫ്'രിദായോ (ഹജ്ജിന് മാത്രം ഇഹ്റാം ചെയ്തവരോ) ഖാരിനായോ (ഹജ്ജിനും ഉംറയ്ക്കും ഒരുമിച്ച് ചെയ്തവരോ) ആണെങ്കിൽ, ത്വവാഫുൽ ഖുദൂമിന്റെ കൂടെ സഅ്'യ് ചെയ്തിരിക്കെ അവരത് വീണ്ടും ആവർത്തിക്കേണ്ടതില്ല.

عن جَابِرَ بْنَ عَبْدِ اللَّهِ، يَقُولُ "لَمْ يَطُفِ النَّبِيُّ صلى الله عليه وسلم وَلاَ أَصْحَابُهُ بَيْنَ الصَّفَا وَالْمَرْوَةِ إِلاَّ طَوَافًا وَاحِدًا." [مسلم]

ജാബിറുബ്നു അബ്ദില്ല (റ) വിൽ നിന്നും നിവേദനം: നബി ﷺ യും, അദ്ദേഹത്തിന്റെ സ്വഹാബികളും സ്വഫാ മർവകൾക്കിടയിൽ ഒരു സഅ്'യേ നടത്തിയിട്ടുള്ളൂ." [മുസ്ലിം 1215].

ഹജ്ജും ഉംറയും ഒരുമിച്ച് നിർവഹിക്കുന്നവർ ഒരു തവണയാണ് ത്വവാഫ് ചെയ്യേണ്ടത് എന്ന് ആഇശ (റ) വിൽ നിന്നുള്ള ഹദീസിൽ നിന്നും വ്യക്തമാകുന്നതാണ്. എന്നാൽ അവർ സഅ്'യ് ചെയ്തിട്ടില്ലെങ്കിൽ അത് നിർവഹിക്കാതെ അവരുടെ ഹജ്ജ് പൂർത്തിയാകുന്നതല്ല.

അങ്ങനെ ഹാജിമാർ ത്വവാഫുൽ ഇഫാദയും സഅ്'യും ചെയ്തു കഴിഞ്ഞാൽ അവർ രണ്ടാമത്തെ തഹല്ലുലും പൂർത്തിയാക്കി. അതോടെ ഇഹ്റാമിൽ നിഷിദ്ധമാക്കപ്പെട്ടതെല്ലാം, (സ്ത്രീകൾ ഉൾപ്പെടെ) അവർക്ക് അനുവദനീയമാകുന്നു.

അബ്ദുല്ലാഹി ബ്നു ഉമർ (റ) നബി ﷺ യുടെ ഹജ്ജിന്റെ രൂപം വിവരിച്ച ഹദീസിന്റെ തുടർച്ചയിൽ ഇപ്രകാരം പ്രസ്താവിച്ചു:

" ثُمَّ لَمْ يَحْلِلْ مِنْ شَيْءٍ حَرُمَ مِنْهُ حَتَّى قَضَى حَجَّهُ وَنَحَرَ هَدْيَهُ يَوْمَ النَّحْرِ وَأَفَاضَ فَطَافَ بِالْبَيْتِ ثُمَّ حَلَّ مِنْ كُلِّ شَيْءٍ حَرُمَ مِنْهُ"

"തന്റെ ഹജ്ജ് കർമങ്ങളെല്ലാം പൂർത്തിയാക്കി നഹർ (ബലി) ദിനത്തിൽ (ദുൽ-ഹിജ്ജ പത്താം ദിവസം) തന്റെ ബലിമൃഗത്തെ ബലിയർപ്പിക്കുന്നതുവരെ ഇഹ്റാം കാരണം വിലക്കപ്പെട്ട ഒരു പ്രവൃത്തിയും ചെയ്തില്ല. തുടർന്ന് അവിടുന്ന് (മക്കയിലേക്ക്) വന്ന് കഅ്ബയെ ത്വവാഫ് ചെയ്തു കഴിഞ്ഞതിന് ശേഷം, ഇഹ്റാം കാരണം വിലക്കപ്പെട്ടതെല്ലാം അനുവദനീയമായി". [ബുഖാരി 1691, മുസ്‌ലിം 1227].

## Page 110

ഇതെല്ലാം തന്നെ നബി ﷺ യുടെ പ്രവൃത്തിയിൽ നിന്നും സ്ഥിരപ്പെട്ടതാകുന്നു. ജാബിർ (റ) വിന്റെ സുദീർഘമായ ഹദീസിൽ ഇപ്രകാരം കാണാം:-

"فَلَمْ يَزَلْ وَاقِفًا حَتَّى أَسْفَرَ جِدًّا فَدَفَعَ قَبْلَ أَنْ تَطْلُعَ الشَّمْسُ..... حَتَّى أَتَى بَطْنَ مُحَسِّرٍ فَحَرَّكَ قَلِيلاً ثُمَّ سَلَكَ الطَّرِيقَ الْوُسْطَى الَّتِي تَخْرُجُ عَلَى الْجَمْرَةِ الْكُبْرَى حَتَّى أَتَى الْجَمْرَةَ الَّتِي عِنْدَ الشَّجَرَةِ فَرَمَاهَا بِسَبْعِ حَصَيَاتٍ يُكَبِّرُ مَعَ كُلِّ حَصَاةٍ مِنْهَا مِثْلِ حَصَى الْخَذْفِ رَمَى مِنْ بَطْنِ الْوَادِي ثُمَّ انْصَرَفَ إِلَى الْمَنْحَرِ فَنَحَرَ ثَلاَثًا وَسِتِّينَ بِيَدِهِ ثُمَّ أَعْطَى عَلِيًّا فَنَحَرَ مَا غَبَرَ وَأَشْرَكَهُ فِي هَدْيِهِ ثُمَّ أَمَرَ مِنْ كُلِّ بَدَنَةٍ بِبَضْعَةٍ فَجُعِلَتْ فِي قِدْرٍ فَطُبِخَتْ فَأَكَلاَ مِنْ لَحْمِهَا وَشَرِبَا مِنْ مَرَقِهَا ثُمَّ رَكِبَ رَسُولُ اللَّهِ صلى الله عليه وسلم فَأَفَاضَ إِلَى الْبَيْتِ فَصَلَّى بِمَكَّةَ الظُّهْرَ" [مسلم]

"നന്നായി നേരം പുലരുന്നതുവരെ ആ സ്ഥിതിയിൽ നിന്നു. സൂര്യോദയത്തിനു മുമ്പ് നടക്കാൻ തുടങ്ങി... അങ്ങനെ മുഹസ്സർ താഴ്‌വരയിൽ എത്തിയപ്പോൾ അൽപ്പം ധൃതിയിൽ സഞ്ചരിച്ചു. പിന്നെ ജംറതുൽ കുബ്റയിലേക്ക് എത്തുന്ന മധ്യത്തിലുള്ള വഴിയിൽ പ്രവേശിച്ചു. എന്നിട്ട് മരത്തിനു സമീപത്തുള്ള ജംറയുടെ സമീപത്തെത്തി. ഏഴു കല്ലുകൾകൊണ്ട് അതിനെ എറിഞ്ഞു. ഓരോ ഏറിലും തക്ബീർ ചൊല്ലി. ബത് നുൽവാദിയിൽ നിന്നുകൊണ്ടാണ് എറിഞ്ഞത്. പിന്നെ അറവു സ്ഥലത്തേക്ക് പോയി. അറുപത്തി മൂന്ന് മൃഗത്തെ അവിടുത്തെ കൈകൊണ്ട് അറുത്തു. പിന്നെ അറുക്കാനുള്ളത് അലി (റ) ക്ക് നൽകി. അപ്പോൾ ബാക്കിയുള്ളത് അദ്ദേഹം അറുത്തു. അദ്ദേഹത്തെ തന്റെ ബലിയിൽ പങ്കാളിയാക്കി. പിന്നെ ഓരോ ബലിയർപ്പിക്കപ്പെട്ടതിൽനിന്നും ഓരോ കഷ്ണം എടുക്കാൻ

നിർദ്ദേശിച്ചു. അവയെല്ലാം ഒരു പാത്രത്തിൽ ഇട്ട് വേവിച്ചു. എന്നിട്ട് രണ്ടുപേരും അതിന്റെ മാംസം ഭക്ഷിക്കുകയും കറി കുടിക്കുകയും ചെയ്തു. എന്നിട്ട് പ്രവാചകൻ ﷺ കഅ്ബാലയത്തിലേക്ക് പോകുകയും മക്കയിൽ നിന്ന് ളുഹ്ർ നിസ്കരിക്കുകയും ചെയ്തു" [മുസ്ലിം 1218]

ഈ നാല് കർമ്മങ്ങളും പെരുന്നാൾ ദിവസം ഹദീസിൽ പരാമർശിക്കപ്പെട്ട ക്രമത്തിൽ സൂര്യോദയത്തിന് ശേഷം നിർവഹിക്കുന്നതാണ് സുന്നത്, അത് ഇപ്രകാരമാകുന്നു.

1. ജംറതുൽ അഖബയിൽ കല്ലെറിയൽ
2. മുതമത്തിആയും ഖാരിനായും ഹജ്ജ് ചെയ്യുന്നവർ ബലി അറുക്കൽ.



3. മുടി നീക്കൽ അല്ലെങ്കിൽ മുറിക്കൽ
4. മുതമത്തിആണെങ്കിൽ ത്വവാഫും സഅ്'യും നിർവഹിക്കൽ.
5. തമത്തുആയി ഹജ്ജ് ചെയ്യുന്നവരും, ത്വവാഫുൽ ഖുദൂമിന്റെ കൂടെ സഅ്'യ് നിർവഹിച്ചിട്ടില്ലാത്ത ഖാരിനും, മുഫ്രിദും ത്വവാഫിന് ശേഷം സഅ്'യ് നിർവഹിക്കൽ.

മുമ്പ് വിവരിച്ചതുപോലെ ഖാരിനും മുഫ്രിദും ത്വവാഫിന്റെ കൂടെ സഅ്'യ് ചെയ്തവരാണെങ്കിൽ, പെരുന്നാൾ ദിവസം, അവർ തവാഫുൽ ഇഫാദ മാത്രം നിർവഹിച്ചാൽ മതിയാകും.

ഈ കർമ്മങ്ങളുടെ ക്രമീകരണത്തിൽ ഏതെങ്കിലും മുന്തിക്കുകയോ, പിന്തിക്കുകയോ ചെയ്യുന്നത് കൊണ്ട് ഒരു കുഴപ്പവുമില്ല.

"عَنْ عَبْدِ اللَّهِ بْنِ عَمْرِو بْنِ الْعَاصِ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم وَقَفَ فِي حَجَّةِ الْوَدَاعِ بِمِنًى لِلنَّاسِ يَسْأَلُونَهُ، فَجَاءَهُ رَجُلٌ فَقَالَ لَمْ أَشْعُرْ فَحَلَقْتُ قَبْلَ أَنْ أَذْبَحَ. فَقَالَ " اذْبَحْ وَلاَ حَرَجَ ". فَجَاءَ آخَرُ فَقَالَ لَمْ أَشْعُرْ، فَنَحَرْتُ قَبْلَ أَنْ أَرْمِيَ. قَالَ " ارْمِ وَلاَ حَرَجَ ". فَمَا سُئِلَ النَّبِيُّ صلى الله عليه وسلم عَنْ شَىْءٍ قُدِّمَ وَلاَ أُخِّرَ إِلاَّ قَالَ افْعَلْ وَلاَ حَرَجَ." [البخاري 83، ومسلم 1306]

അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്വ് (റ) നിവേദനം: നബി ﷺ ഹജ്ജതുൽ വദാഇൽ ജനങ്ങൾക്ക് അദ്ദേഹത്തോട് ചോദിച്ചറിയുവാൻ (സൗകര്യത്തിൽ) മിനായിൽ നിന്നു. അപ്പോൾ ഒരാൾ വന്നിട്ടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എനിക്കറിയാമായിരുന്നില്ല;

അറുക്കുന്നതിനുമുമ്പ് ഞാൻ മുണ്ഡനം ചെയ്തു.' നബി ﷺ പറഞ്ഞു: 'ഇനി അറുത്തേക്കൂ, അതുകൊണ്ട് കുറ്റമില്ല'. പിന്നെ മറ്റൊരാൾ വന്നിട്ടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എനിക്കറിയാമായിരുന്നില്ല; എറിയുന്നതിനുമുമ്പ് ഞാൻ അറുത്തു.' അപ്പോൾ നബി ﷺ പറഞ്ഞു: 'നീ എറിഞ്ഞേക്കൂ; അതുകൊണ്ട് കുറ്റമില്ല.'
അബ്ദുല്ലാഹ് (റ) പറയുന്നു. ഏതൊരു കാര്യവും മുന്തിച്ചു ചെയ്തു, പിന്തിച്ചു ചെയ്തുവെന്ന് ചോദിക്കപ്പെട്ടപ്പോൾ; 'ഇനി ചെയ്തേക്കൂ.. അതു കൊണ്ടു കുറ്റമില്ല' എന്നാണ് പ്രവാചകൻ ﷺ പറഞ്ഞത്." [ബുഖാരി 83, മുസ്‌ലിം 1306]

മറ്റൊരു രിവായതിൽ ഇങ്ങനെ കാണാം:-
عَنْ عَبْدِ اللَّهِ بْنِ، عَمْرِو بْنِ الْعَاصِ قَالَ سَمِعْتُ رَسُولَ اللَّهِ صلى الله عليه وسلم وَأَتَاهُ رَجُلٌ يَوْمَ النَّحْرِ وَهُوَ وَاقِفٌ عِنْدَ الْجَمْرَةِ فَقَالَ يَا رَسُولَ اللَّهِ إِنِّي حَلَقْتُ قَبْلَ أَنْ أَرْمِيَ . فَقَالَ " ارْمِ وَلاَ حَرَجَ " وَأَتَاهُ آخَرُ فَقَالَ إِنِّي ذَبَحْتُ قَبْلَ أَنْ أَرْمِيَ . قَالَ " ارْمِ وَلاَ حَرَجَ " . وَأَتَاهُ آخَرُ فَقَالَ إِنِّي أَفَضْتُ إِلَى الْبَيْتِ قَبْلَ أَنْ أَرْمِيَ . قَالَ " ارْمِ وَلاَ حَرَجَ " . قَالَ فَمَا رَأَيْتُهُ سُئِلَ يَوْمَئِذٍ عَنْ شَىْءٍ إِلاَّ قَالَ " افْعَلُوا وَلاَ حَرَجَ "
അബ്ദുല്ലാഹിബ്നു അംറ് (റ) നിവേദനം: ദുൽഹജ്ജ് പത്തിന് നബി ﷺ ജംറയുടെ സമീപമുള്ളപ്പോൾ, ഒരാൾ അവിടെ വന്നിട്ട് പറഞ്ഞു: 'അറുക്കുന്നതിനു മുമ്പ് ഞാൻ മുടി കളഞ്ഞു'. നബി ﷺ പറഞ്ഞു: 'എന്നാൽ നീ ഇനി അറുക്കുക; അതുകൊണ്ട് കുറ്റമില്ല'. ഒരാൾ പറഞ്ഞു: 'എറിയുന്നതിനു മുമ്പ് ഞാൻ അറുത്തു'. നബി ﷺ പറഞ്ഞു: 'എന്നാൽ എറിയുക, അതുകൊണ്ട് കുറ്റമില്ല'. വേറെ ഒരാൾ വന്നിട്ടു പറഞ്ഞു: 'എറിയുന്നതിനു മുമ്പ് ഞാൻ ത്വവാഫുൽ ഇഫാദത്ത് നടത്തി'. നബി ﷺ പറഞ്ഞു: 'നീ എറിയുക, അതുകൊണ്ട് കുറ്റമില്ല'. ഏതൊരു കാര്യത്തെക്കുറിച്ചും അന്ന് ചോദിക്കപ്പെട്ടപ്പോൾ നബി ﷺ മറുപടി പറഞ്ഞത് 'നിങ്ങൾ അതു ചെയ്തേക്കുക, അതുകൊണ്ട് കുറ്റമില്ല' എന്നാണ്." [മുസ്‌ലിം 1306, 333].

**Page 112**

**കല്ലെറിയാനും രാപ്പാർക്കാനും വേണ്ടി മിനയിലേക്ക് മടങ്ങൽ;**

പെരുന്നാൾ ദിവസം ത്വവാഫും സഅ്യും കഴിഞ്ഞ്, ഹാജിമാർ വീണ്ടും മിനയിലേക്ക് മടങ്ങുകയും, അവിടെ പെരുന്നാൾ ദിവസവും, തശ്‌രീഖിന്റെ ദിവസങ്ങളും ചിലവഴിക്കുകയും വേണം. പതിനൊന്നിനും, പന്ത്രണ്ടിനും മിനയിൽ രാപ്പാർക്കൽ നിർബന്ധമാണ്. ധൃതിയില്ലാത്ത ഹാജിമാർ പതിമൂന്നിന്റെ രാവും അവിടെ ചിലവഴിക്കേണ്ടതാണ്. അങ്ങനെ വൈകിപ്പിക്കുന്നതാണ് ഉത്തമം. അല്ലാഹു പറയുന്നു:-

{وَٱذۡكُرُواْ ٱللَّهَ فِيٓ أَيَّامٖ مَّعۡدُودَٰتٖۚ فَمَن تَعَجَّلَ فِي يَوۡمَيۡنِ فَلَآ إِثۡمَ عَلَيۡهِ وَمَن تَأَخَّرَ فَلَآ إِثۡمَ عَلَيۡهِۖ لِمَنِ ٱتَّقَىٰۗ وَٱتَّقُواْ ٱللَّهَ}[البقرة]

"എണ്ണപ്പെട്ട ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവെ സ്മരിക്കുക. (അവയിൽ) രണ്ടു ദിവസം കൊണ്ട് മതിയാക്കി ആരെങ്കിലും ധൃതിപ്പെട്ട് പോരുന്ന പക്ഷം അവന് കുറ്റമില്ല. (ഒരു ദിവസവും കൂടി) താമസിച്ചു പോരുന്നവന്നും കുറ്റമില്ല. സൂക്ഷ്മത പാലിക്കുന്നവന്ന് (അതാണ് ഉത്തമം). നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുവീൻ." [അൽ ബഖറ 203]

عَنْ عَبْدِ الرَّحْمَنِ بْنِ أَبِي يَعْمَرَ الدِّيلِيِّ، قَالَ أَتَيْتُ النَّبِيَّ صلى الله عليه وسلم وَهُوَ بِعَرَفَةَ فَجَاءَ نَاسٌ - أَوْ نَفَرٌ - مِنْ أَهْلِ نَجْدٍ فَأَمَرُوا رَجُلاً فَنَادَى رَسُولَ اللَّهِ صلى الله عليه وسلم كَيْفَ الْحَجُّ فَأَمَرَ رَسُولُ اللَّهِ صلى الله عليه وسلم رَجُلاً فَنَادَى " الْحَجُّ الْحَجُّ يَوْمُ عَرَفَةَ مَنْ جَاءَ قَبْلَ صَلاَةِ الصُّبْحِ مِنْ لَيْلَةِ جَمْعٍ فَتَمَّ حَجُّهُ أَيَّامُ مِنًى ثَلاَثَةٌ فَمَنْ تَعَجَّلَ فِي يَوْمَيْنِ فَلاَ إِثْمَ عَلَيْهِ وَمَنْ تَأَخَّرَ فَلاَ إِثْمَ عَلَيْهِ " . قَالَ ثُمَّ أَرْدَفَ رَجُلاً خَلْفَهُ فَجَعَلَ يُنَادِي بِذَلِكَ

അബ്ദുറഹ്മാനുബ്നു യഅ്മർ അദ്ദീലിയ്യി (റ) നിവേദനം ചെയ്യുന്നു: "പ്രവാചകൻ ﷺ അറഫയിൽ ആയിരിക്കെ ഞാൻ തിരുമേനിയുടെ അടുക്കലേക്ക് ചെന്നു. അപ്പോളതാ നജ്ദിൽ നിന്നും ഒരാൾ - അല്ലെങ്കിൽ ഒരു സംഘം അവിടെ വന്നു. എന്നിട്ട് അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു വ്യക്തിയോട് നബി ﷺ ചോദിക്കാനായി ആവശ്യപ്പെട്ടു. അങ്ങനെ നബി ﷺ യെ വിളിച്ച് അവർ ചോദിച്ചു: "ഹജ്ജ് എങ്ങനെയാണ് ചെയ്യേണ്ടത്?" പ്രവാചകൻ ﷺ അവിടെ ഉണ്ടായിരുന്ന ഒരാളോട് മറുപടി നൽകാനായി കൽപിച്ചു. അപ്പോൾ അദ്ദേഹം ഉച്ചത്തിൽ മറുപടി നൽകി: "അറഫയുടെ അന്നാണ് ഹജ്ജ്. അന്നവിടെ (അറഫയിൽ) ജംഇന്റെ രാവ്, സുബ്ഹി നിസ്കാരത്തിന് മുമ്പ് എത്തിച്ചേർന്നാൽ, അവന്റെ ഹജ്ജ് പൂർത്തിയാകും. അത്പോലെ, മിനായിലെ ദിവസം മൂന്നാണ്. ധൃതിയുള്ളവർ രണ്ട് ദിവസം അതിൽ ചിലവഴിക്കുകയാണെങ്കിലും, അല്ലാത്തവർ, മൂന്നാം ദിവസം കൂടി

ചിലവഴിച്ച് വൈകിപ്പിക്കുകയാണെങ്കിലും തെറ്റില്ല. പിന്നീട് നബി ﷺ അവിടുത്തെ പിറകിൽ കയറ്റി, ഇത് ഉറക്കെ വിളിച്ച് പറയുകയും ചെയ്തു". [അബൂ ദാവൂദ് 1949, തിർമിദി 889, നസാഇ 3016, ഇബ്നു മാജ 3015]

## Page 113

عن عائشة رضي الله عنها قالت:" أَفَاضَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مِنْ آخِرِ يَوْمِهِ حِينَ صَلَّى الظُّهْرَ ثُمَّ رَجَعَ إِلَى مِنًى فَمَكَثَ بِهَا لَيَالِيَ أَيَّامِ التَّشْرِيقِ يَرْمِي الْجَمْرَةَ إِذَا زَالَتِ الشَّمْسُ كُلَّ جَمْرَةٍ بِسَبْعِ حَصَيَاتٍ يُكَبِّرُ مَعَ كُلِّ حَصَاةٍ وَيَقِفُ عِنْدَ الْأُولَى وَالثَّانِيَةِ فَيُطِيلُ الْقِيَامَ وَيَتَضَرَّعُ وَيَرْمِي الثَّالِثَةَ فَلَا يَقِفُ عِنْدَهَا" [أبو داوود]

"ആഇശ (റ) യിൽ നിന്ന് നിവേദനം : പ്രവാചകൻ ﷺ (മക്കയിലേക്ക്) ളുഹ്ർ നിസ്കാര ശേഷം, പകൽ അവസാനിക്കുമ്പോൾ പുറപ്പെട്ടു. എന്നിട്ട് മിനയിലേക്ക് തന്നെ മടങ്ങി വരികയും അവിടെ തശ്‌രീഖിന്റെ (ദുൽ-ഹജ്ജ് 11, 12, 13) ദിവസങ്ങളിൽ രാപ്പാർക്കുകയും, സൂര്യൻ മധ്യാഹ്നത്തിൽ നിന്ന് തെറ്റിയതിനു ശേഷം ജംറകളിൽ കല്ല് എറിയുകയും ചെയ്തു. തക്ബീർ ചൊല്ലിക്കൊണ്ട് ഓരോ ജംറയിലും ഏഴ് കല്ലുകൾ വീതമാണ് എറിഞ്ഞത്. അതിൽ ആദ്യത്തെയും, രണ്ടാമത്തെയും ജംറക്ക് ശേഷം അവിടെ ദീർഘ നേരം നിന്ന് പ്രാർഥിച്ചു. മൂന്നാമത്തെ ജംറയിൽ എറിഞ്ഞതിനു ശേഷം അവിടെ നിന്നിരുന്നില്ല". [അബൂ ദാവൂദ് 1973].

ഹജ്ജിന്റെയോ ഹാജിമാരുടെയോ നന്മയ്ക്കുവേണ്ടി മാന്യമായ കാരണങ്ങൾ ഉണ്ടാകുന്ന പക്ഷം, മിനയിൽ രാപ്പാർക്കൽ ഒഴിവാക്കാവുന്നതാണ്.

عَنِ ابْنِ عُمَرَ قَالَ: اسْتَأْذَنَ الْعَبَّاسُ بْنُ عَبْدِ الْمُطَّلِبِ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنْ يَبِيتَ بِمَكَّةَ لَيَالِيَ منى من أجلِ سِقايتِهِ فَأذن لَهُ. (مُتَّفَقٌ عَلَيْهِ)

"അബ്ബാസുബ്നു അബ്ദിൽ മുത്വലിബ് (റ) ഹാജിമാർക്ക് വെള്ളം സജ്ജീകരിക്കുന്നതിനായി മിനയിൽ രാപ്പാർക്കുന്നതിൽ നിന്നും ഒഴിവ്കഴിവ് ചോദിച്ചപ്പോൾ പ്രവാചകൻ ﷺ അദ്ദേഹത്തിന് അനുമതി നൽകി". [ബുഖാരി 1634, മുസ്‌ലിം 1315]

## Page 114

عن عاصِمٍ، عَنْ أَبِيهِ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم رَخَّصَ لِرِعَاءِ الإِبِلِ فِي الْبَيْتُوتَةِ يَرْمُونَ يَوْمَ النَّحْرِ ثُمَّ يَرْمُونَ الْغَدَ وَمِنْ بَعْدِ الْغَدِ بِيَوْمَيْنِ وَيَرْمُونَ يَوْمَ النَّفْرِ

ആസ്വിമുബ്നു അദിയ്യ് (റ) വിൽ നിന്ന് നിവേദനം: "പ്രവാചകൻ ﷺ ഒട്ടകം മേക്കുന്നവർക്ക് അറവിന്റെ ദിവസം ജംറയിൽ കല്ലെറിയുന്നതിൽ നിന്ന് ഇളവ് നൽകി. അവർക്ക് അതിന്റെ പിറ്റേ ദിവസമോ, അല്ലെങ്കിൽ അതിന്റെയും പിറ്റേന്നോ രണ്ട് ദിവസങ്ങൾക്കും കൂടിയുള്ള ഏറ് നിർവ്വഹിക്കാവുന്നതാണ്. കൂടെ അവർ വിരമിക്കുന്ന ദിവസവും ചെയ്യണം". [അബൂ ദാവൂദ് 1975, തിർമിദി 955, നസാഇ 3069, ഇബ്നുമാജഃ 3037, മുസ്നദ് അഹ്മദ് 23775].

അയ്യാമുതശ്രീഖിന്റെ ദിവസങ്ങളിൽ ഓരോ ദിവസവും മൂന്നു ജംറകളിലും ഒന്നിന് പിറകെ ഒന്നായി തക്ബീർ ചൊല്ലിക്കൊണ്ട് ഏഴ് കല്ലുകൾ എറിയണം. മധ്യാഹ്നത്തിനു ശേഷമാണ് എറിയേണ്ടത്. ആദ്യം മസ്ജിദുൽ ഖൈഫിന്റെ സമീപത്തുള്ള ഒന്നാം ജംറയിലാണ് എറിയേണ്ടത്. ശേഷം അല്പം മുന്നോട്ടുപോയി ഖിബ്‌ലക്ക് അഭിമുഖമായി അവിടെ നിന്ന് കൈ ഉയർത്തിക്കൊണ്ട് ദീർഘമായി പ്രാർഥിക്കണം. ശേഷം മധ്യ ജംറയിൽ (ജംറതുൽ വുസ്തയിൽ) എറിഞ്ഞ് ഇടതു ഭാഗത്തേക്ക് അല്പം നീങ്ങി ഖിബ്‌ലക്ക് അഭിമുഖമായി നിന്ന് കൈ ഉയർത്തി വീണ്ടും പ്രാർഥിക്കാം ശേഷം വലിയ ജംറ, ജംറതുൽ അഖബയിൽ എറിഞ്ഞ് അവിടെനിന്നും വിരമിക്കണം. പിന്നീട് അവിടെ അവർ നിൽക്കേണ്ടതില്ല.

عن سالم بن عَبْدَ اللَّهِ بْنَ عُمَرَ ـ رضى الله عنهما ـ كَانَ يَرْمِي الْجَمْرَةَ الدُّنْيَا بِسَبْعِ حَصَيَاتٍ، ثُمَّ يُكَبِّرُ عَلَى إِثْرِ كُلِّ حَصَاةٍ، ثُمَّ يَتَقَدَّمُ فَيُسْهِلُ، فَيَقُومُ مُسْتَقْبِلَ الْقِبْلَةِ قِيَامًا طَوِيلاً، فَيَدْعُو وَيَرْفَعُ يَدَيْهِ، ثُمَّ يَرْمِي الْجَمْرَةَ الْوُسْطَى كَذَلِكَ، فَيَأْخُذُ ذَاتَ الشِّمَالِ فَيُسْهِلُ، وَيَقُومُ مُسْتَقْبِلَ الْقِبْلَةِ قِيَامًا طَوِيلاً، فَيَدْعُو وَيَرْفَعُ يَدَيْهِ، ثُمَّ يَرْمِي الْجَمْرَةَ ذَاتَ الْعَقَبَةِ مِنْ بَطْنِ الْوَادِي، وَلاَ يَقِفُ عِنْدَهَا، وَيَقُولُ هَكَذَا رَأَيْتُ رَسُولَ اللَّهِ صلى الله عليه وسلم يَفْعَلُ. [البخاري]

**Page 115**

സാലിമുബ്നു അബ്ദില്ലാഹിബ്നു ഉമർ (റ) വിൽ നിന്ന് നിവേദനം: "പ്രവാചകൻ ﷺ ആദ്യത്തെ ജംറയെ ഏഴു കല്ലുകൾകൊണ്ട്

എറിഞ്ഞു. ഓരോ കല്ലെറിയുമ്പോഴും അല്ലാഹു അക്ബർ എന്നു ചൊല്ലും. പിന്നെ മുന്നോട്ട് സമനിരപ്പിലേക്ക് നീങ്ങി ഖിബ്‌ലക്കഭിമുഖമായി ദീർഘമായി നിൽക്കുമായിരുന്നു. ഇരുകൈകളും ഉയർത്തി പ്രാർഥിക്കുകയും ചെയ്യും. പിന്നെ, അപ്രകാരം മധ്യത്തിലുള്ള ജംറയെ എറിയും. എന്നിട്ട് ഇടതുഭാഗത്ത് നിരപ്പായ ഭാഗത്തേക്ക് മാറിനിന്ന് ഖിബ്‌ലക്കഭിമുഖമായി ദീർഘമായിനിന്ന് ഇരുകൈകളും ഉയർത്തി പ്രാർഥിക്കും. പിന്നെ ബത്വ് നുൽ വാദിയിൽ നിന്നുകൊണ്ട് അഖബയിലെ ജംറയെ എറിയും. അതിനടുത്ത് (കൂടുതൽ സമയം) നിൽക്കാറില്ല. (പിന്നെ തിരിച്ചു പോരും). അദ്ദേഹം പറയുന്നു: ഇപ്രകാരം നബി ﷺ ചെയ്യുന്നതായിട്ടാണ് ഞാൻ കണ്ടത് ". [ബുഖാരി 1752]

അയ്യാമുതശ്‌രീഖിന്റെ ദിവസങ്ങളിൽ (ദുൽ-ഹജ്ജ് 11, 12, 13) ജംറയിൽ കല്ലെറിയൽ സൂര്യ മദ്ധ്യാഹനത്തിൽ നിന്ന് തെറ്റിയതിന് ശേഷമാണ് നിർവഹിക്കേണ്ടത്.

وَعَنْ جَابِرٍ - رضى الله عنه - قَالَ: { رَمَى رَسُولُ اَللَّهِ - صلى الله عليه وسلم -اَلْجَمْرَةَ يَوْمَ اَلنَّحْرِ ضُحًى, وَأَمَّا بَعْدَ ذَلِكَ فَإِذَا زَادَتْ اَلشَّمْسُ } [رَوَاهُ مُسْلِمٌ]

"ജാബിറു ബ്നു അബ്ദുല്ല (റ) നിവേദനം: നബി ﷺ അറവ് ദിവസം സൂര്യൻ മദ്ധ്യാഹനത്തിന് ളുഹാ സമയമാണ് ജംറയിൽ കല്ലെറിഞ്ഞത് ". [മുസ്‌ലിം 1299].

سَأَلْتُ ابْنَ عُمَرَ ـ رضى الله عنهما ـ مَتَى أَرْمِي الْجِمَارَ قَالَ إِذَا رَمَى إِمَامُكَ فَارْمِهْ. فَأَعَدْتُ عَلَيْهِ الْمَسْأَلَةَ، قَالَ كُنَّا نَتَحَيَّنُ، فَإِذَا زَالَتِ الشَّمْسُ رَمَيْنَا. [البخاري]

"വബറത്ത് (റ) വിൽ നിന്ന് നിവേദനം : എപ്പോഴാണ് ഞാൻ ജംറകളിൽ കല്ലെറിയേണ്ടതെന്ന് ഇബ്നു ഉമർ (റ) നോട് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു. നിന്റെ ഇമാം എറിയുമ്പോൾ നീയും എറിഞ്ഞുകൊള്ളുക, ഞാൻ വീണ്ടും ചോദ്യം ആവർത്തിച്ചു. ഇബ്നു ഉമർ (റ) പറഞ്ഞു: ഞങ്ങൾ സമയം പ്രതീക്ഷിച്ചിരിക്കുകയും സൂര്യൻ മധ്യാഹനത്തിൽ നിന്ന് തെറ്റുകയും ചെയ്താൽ കല്ലെറിയും". [ബുഖാരി 1746].

ദുൽ-ഹിജ്ജ പന്ത്രണ്ടിന്റെ അന്ന് ഹാജിമാർ ജംറകളിൽ കല്ല് എറിഞ്ഞ് കഴിഞ്ഞാൽ, ഹജ്ജിന്റെ നിർബന്ധമായ എല്ലാ ഘടകങ്ങളും അവർ

പൂർത്തിയാക്കി. അതിന് ശേഷം ഒന്നുകിൽ അവർക്ക് പതിമൂന്നിന്റെ അന്ന് മിനായിൽ തന്നെ താമസിച്ച്, സൂര്യൻ മദ്ധ്യാഹനത്തിൽ നിന്ന് തെറ്റിയതിന് ശേഷം ജംറകളിൽ എറിഞ്ഞ് മടങ്ങുകയോ, അല്ലെങ്കിൽ അതിന് മുമ്പ് തന്നെ (പന്ത്രണ്ടിലുള്ള കല്ലേറിന് ശേഷം) അവർക്കവിടെ നിന്ന് വിരമിക്കുകയോ ചെയ്യാവുന്നതാണ്.

**Page 116**

وَٱذْكُرُوا۟ ٱللَّهَ فِىٓ أَيَّامٍ مَّعْدُودَٰتٍ ۚ فَمَن تَعَجَّلَ فِى يَوْمَيْنِ فَلَآ إِثْمَ عَلَيْهِ وَمَن تَأَخَّرَ فَلَآ إِثْمَ عَلَيْهِ ۚ لِمَنِ ٱتَّقَىٰ ۗ وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّكُمْ إِلَيْهِ تُحْشَرُونَ

എണ്ണപ്പെട്ട ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവെ സ്മരിക്കുക. (അവയിൽ) രണ്ടു ദിവസം കൊണ്ട് മതിയാക്കി ആരെങ്കിലും ധൃതിപ്പെട്ട് പോരുന്ന പക്ഷം അവന് കുറ്റമില്ല. (ഒരു ദിവസവും കൂടി) താമസിച്ചു പോരുന്നവന്നും കുറ്റമില്ല. സൂക്ഷ്മത പാലിക്കുന്നവന്ന് (അതാണ് ഉത്തമം). നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമെന്ന് മനസ്സിലാക്കുകയും ചെയ്യുക. [അൽ ബഖറ: 203]

എന്നാലത് വൈകിപ്പിക്കുന്നതാണ് ഉത്തമം. കാരണം നബി ﷺ അങ്ങനെയാണ് പ്രവൃത്തിച്ചത്. മാത്രമല്ല, കൂടുതൽ കർമ്മങ്ങൾ ചെയ്യാൻ അതിലൂടെ അവർക്ക് സാധിക്കുന്നു. അതായത്, പതിമൂന്നിന്റെ രാവിലെ രാപ്പാർക്കലും, അതിലെ കല്ലേറും, അതു മുഖേന ലഭിക്കുന്നു.

ഇനി ധൃതിയുള്ളവർ (രണ്ട് ദിവസം കൊണ്ട് മടങ്ങുന്നവർ), ദുൽ-ഹിജ്ജ പന്ത്രണ്ട് സൂര്യാസ്തമയത്തിന് മുമ്പായി മിനയിൽ നിന്നും മടങ്ങേണ്ടതാണ്. അവർ മിനയിൽ നിന്ന് പുറപ്പെടുന്നതിന് മുമ്പായി സൂര്യൻ അസ്തമിച്ചാൽ, മിനയിൽ നിന്നും വിട്ടുപോകാൻ പാടുള്ളതല്ല. കാരണം, അല്ലാഹു പറഞ്ഞത്:

{فَمَن تَعَجَّلَ فِى يَوْمَيْنِ فَلَآ إِثْمَ عَلَيْهِ}

(അവയിൽ) രണ്ടു ദിവസം കൊണ്ട് മതിയാക്കി ആരെങ്കിലും ധൃതിപ്പെട്ട് പോരുന്ന പക്ഷം അവന് കുറ്റമില്ല.

ഈ വചനത്തിൽ അല്ലാഹു രണ്ട് ദിവസത്തിനുള്ളിൽ എന്ന് നിർദിഷ്ടമായി പ്രസ്താവിച്ചതിനാൽ, രണ്ട് ദിവസം അവസാനിക്കുന്നതോടെ വൈകിപ്പിക്കുന്നവർക്ക് വിരമിക്കാനുള്ള

സമയം അവസാനിക്കും. സൂര്യാസ്തമയത്തോടെയാണ് ഒരു ദിവസം അവസാനിക്കുന്നത്.

عن عَبْدَ اللَّهِ بْنَ عُمَرَ، كَانَ يَقُولُ مَنْ غَرَبَتْ لَهُ الشَّمْسُ مِنْ أَوْسَطِ أَيَّامِ التَّشْرِيقِ وَهُوَ بِمِنًى فَلاَ يَنْفِرَنَّ حَتَّى يَرْمِيَ الْجِمَارَ مِنَ الْغَدِ . [موطأ مالك]

അബ്ദുല്ലാഹിബ്നു ഉമർ (റ) വിൽ നിന്ന് നിവേദനം, അദ്ദേഹം ഇപ്രകാരം പറയാറുണ്ട്: "തശ്രീഖിന്റെ ദിവസങ്ങളിൽ ഒരാൾ മിനായിൽ ആയിരിക്കെ സൂര്യൻ അസ്തമിച്ചാൽ, പിറ്റേന്ന് കല്ലെറിയാതെ അവിടെ നിന്നും വിരമിക്കരുത്." [മുവത്ത്വഅ് മാലിക് 214].



## എറിയുവാൻ ഏൽപ്പിക്കൽ:

ജംറകളിൽ കല്ലെറിയൽ ഹാജിമാർ ഓരോരുത്തരും നിർബന്ധമായും ചെയ്യേണ്ട കർമ്മമാണ്.

പ്രായാധിക്യം, പ്രായക്കുറവ്, രോഗം, തളർച്ച തുടങ്ങിയ കാരണങ്ങൾ കൊണ്ട് ജംറയിൽ പോയി കല്ലെറിയുവാൻ സാധിക്കാത്തവർക്കല്ലാതെ അത് മറ്റൊരാളെ പകരം ചെയ്യുവാൻ വേണ്ടി ഏൽപ്പിക്കുവാൻ പാടില്ല. ഇത്പോലെ സ്വന്തമായി ആ കർമ്മം ചെയ്യുവാൻ കഴിയാത്ത പക്ഷം, അറിവ് കൊണ്ടും ദീനുകൊണ്ടും തനിക്ക് വിശ്വാസമുള്ള ഒരു വ്യക്തിയെ ആ കർമ്മം ഏൽപ്പിക്കാവുന്നതാണ്. അപ്പോൾ അയാൾ (ഏൽപ്പിക്കപ്പെട്ട വ്യക്തി) സ്വന്തത്തിനു വേണ്ടി എറിഞ്ഞതിനു ശേഷം ഏൽപ്പിച്ചയാൾക്ക് വേണ്ടിയും കല്ലെറിയണം.

തനിക്ക് വേണ്ടി ഏഴു കല്ലുകൾ എറിഞ്ഞതിനു ശേഷം തന്നെ ഏൽപ്പിച്ച വ്യക്തിക്ക് വേണ്ടി എറിയലാണ് അതിന്റെ രൂപം. ഒരു നിറുത്തത്തിൽ തന്നെ തനിക്കുവേണ്ടിയും ഏൽപ്പിച്ച വ്യക്തിക്ക് വേണ്ടിയും എറിയുന്നതിനു വിരോധമില്ല. ആദ്യം മൂന്നു ജംറകളിലും തനിക്ക് വേണ്ടി എറിഞ്ഞതിനു ശേഷം വീണ്ടും പോയി ഏൽപ്പിച്ച വ്യക്തിക്ക് വേണ്ടി എറിയണമെന്നു യാതൊരു നിർബന്ധവുമില്ല.

## വിടവാങ്ങൽ ത്വവാഫ്

ഹാജിമാർ അവരുടെ മുഴുവൻ കർമ്മങ്ങളിൽ നിന്നും വിരമിക്കുകയും, തന്റെ സ്വദേശത്തേക്ക് യാത്രയാകാൻ ഉദ്ദേശിക്കുകയും ചെയ്താൽ, കഅ്ബക്ക് ചുറ്റും വിടവാങ്ങൽ ത്വവാഫ് നിർവഹിച്ചതിനു ശേഷമല്ലാതെ മക്കയിൽ നിന്നും മടങ്ങുവാൻ പാടുള്ളതല്ല.

عَنِ ابْنِ عَبَّاسٍ، قَالَ كَانَ النَّاسُ يَنْصَرِفُونَ فِي كُلِّ وَجْهٍ فَقَالَ رَسُولُ اللَّهِ صلى الله عليه وسلم " لاَ يَنْفِرَنَّ أَحَدٌ حَتَّى يَكُونَ آخِرُ عَهْدِهِ بِالْبَيْتِ [البخاري]

ഇബ്നു അബ്ബാസ് (റ) വിൽ നിന്നും നിവേദനം: ജനങ്ങൾ ഓരോ വഴിക്ക് പിരിഞ്ഞു പോവുകയായിരുന്നു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: 'അവസാനമായി കഅ്ബയുമായി ബന്ധപ്പെടാതെ ആരും പുറപ്പെടരുത്.' [ബുഖാരി 1327].



യാത്രാസാധനങ്ങൾ തയ്യാറാക്കൽ, തന്റെ കൂടെ യാത്ര ചെയ്യുന്നവരെയോ വാഹനത്തെയോ കാത്ത് നിൽക്കൽ, പോലെയുള്ള യാത്രക്കാവശ്യമായ ഒരുക്കങ്ങൾ അല്ലാതെ ത്വവാഫുൽ വിദാഅ് ചെയ്തതിനു ശേഷം മക്കയിൽ കഴിച്ചുകൂട്ടുവാൻ പാടുള്ളതല്ല. ഈ പറയപ്പെട്ട ആവശ്യങ്ങൾക്ക് വേണ്ടിയല്ലാതെ ആരെങ്കിലും മക്കയിൽ തങ്ങിയാൽ, അവർ ത്വവാഫ് ആവർത്തിക്കൽ നിർബന്ധമാണ്. തന്റെ അവസാനത്തെ കരാർ (കർമ്മം) കഅ്ബയുമായിട്ടായിരിക്കുന്നതിനു വേണ്ടിയാകുന്നു ഇത്.

ആർത്തവകാരികൾക്കും പ്രസവിച്ചവൾക്കും ത്വവാഫുൽ വിദാഅ് (നിർവഹിക്കുവാൻ സാധിക്കാത്തതിനാൽ) നിർബന്ധമാകുന്നില്ല. അത്കൊണ്ട് തന്നെ യാതൊരു പ്രായശ്ചിത്തവും അതിനുവേണ്ടി അവർ നൽകേണ്ടതുമില്ല.

عَنِ ابْنِ عَبَّاسٍ، قَالَ أُمِرَ النَّاسُ أَنْ يَكُونَ، آخِرُ عَهْدِهِمْ بِالْبَيْتِ إِلاَّ أَنَّهُ خُفِّفَ عَنِ الْمَرْأَةِ الْحَائِضِ .[متفق عليه]

ഇബ്നു അബ്ബാസ് (റ) വിൽ നിന്ന് നിവേദനം: അവരുടെ അവസാനത്തെ ബന്ധം കഅ്ബയുമായിട്ടാവണമെന്ന് ജനങ്ങൾ കൽപ്പിക്കപ്പെട്ടു. എന്നാൽ ഋതുമതിക്ക് അതിൽ ഇളവനുവദിക്കപ്പെട്ടു. [ബുഖാരി 1755, മുസ്‌ലിം 1328].

## ഹജ്ജിന്റെ കർമ്മങ്ങൾ ചുരുക്കത്തിൽ

**- ഹജ്ജിന്റെ ഒന്നാമത്തെ ദിനം- ദുൽഹിജ്ജ 8 - ലെ കർമ്മങ്ങൾ:-**

1. കുളിച്ച് സുഗന്ധം പൂശി ഇഹ്റാമിന്റെ വസ്ത്രം ധരിച്ച് "ലബ്ബൈക്കല്ലാഹുമ്മ ഹജ്ജൻ"- "അല്ലാഹുവേ നിന്റെ വിളിക്കുത്തരം നൽകിക്കൊണ്ട് ഞാനിതാ ഹജ്ജിലേക്ക് പ്രവേശിക്കുന്നു" എന്ന് പറഞ്ഞു തൽബിയത് ചൊല്ലി ഇഹ്റാമിൽ പ്രവേശിക്കൽ .

തൽബിയത്;

{لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لاَ شَرِيكَ لَكَ}

"അല്ലാഹുവേ, നിന്റെ വിളിക്കുത്തരമേകി ഞാനിതാ വന്നിരിക്കുന്നു. ഞാനിതാ വന്നിരിക്കുന്നു. ഞാനിതാ നിന്റെ വിളിക്കുത്തരം ചെയ്തിരിക്കുന്നു. നിനക്ക് ഒരു പങ്കുകാരനുമില്ല. നിന്റെ വിളിക്ക് ഞാൻ ഉത്തരം ചെയ്തിരിക്കുന്നു. എല്ലാ സ്തുതിയും അനുഗ്രഹങ്ങളും ആധിപത്യവും നിനക്കാണ്. നിനക്കൊരു പങ്കുകാരനുമില്ല."

2 . മിനയിലേക്ക് പുറപ്പെട്ട് അവിടെ ദുൽഹിജ്ജ 9 സൂര്യോദയം വരെ ചിലവഴിക്കൽ.

എട്ടിന്റെ അന്ന് ളുഹ്റും അസ്വ്റും മഗ്രിബും ഇശാഉം ഫജ്റും അതാതിന്റെ സമയത്ത് (നാലു റക്അത്ത് ഉള്ളവ രണ്ടാക്കി) ചുരുക്കി നിർവഹിക്കൽ.

**- രണ്ടാം ദിനം- ദുൽഹിജ്ജ 9 ലെ കർമ്മങ്ങൾ**

1. സൂര്യോദയത്തിനു ശേഷം അറഫയിലേക്ക് തിരിക്കൽ. അവിടെ നിന്ന് ളുഹ്റും അസ്വ്റും ഒരുമിച്ച് ചുരുക്കി മുന്തിപ്പിച്ച് (ജംഉം ഖസ്റും ആയി ളുഹ്റിന്റെ സമയത്ത്) നിസ്കരിക്കൽ.

മധ്യാഹ്നത്തിന് മുമ്പായി കഴിയുമെങ്കിൽ നമിറയിൽ ചിലവഴിക്കൽ.

2. നിസ്കാരശേഷം ഖിബ്ലക്ക് മുന്നിട്ട് (കൈ ഉയർത്തിക്കൊണ്ട് സൂര്യാസ്തമയം വരെ) അല്ലാഹുവിന്റെ സ്മരണയിലും പ്രാർഥനയിലും മുഴുകൽ.

3. സൂര്യാസ്തമയ ശേഷം മുസ്ദലിഫയിലേക്ക് പുറപ്പെടൽ.

അവിടെ നിന്ന് മഗ്രിബ് മൂന്നു റക്അതും ഇശാഅ് രണ്ടുമായി നിസ്കരിക്കൽ. എന്നിട്ട് പ്രഭാതോദയം വരെ അവിടെ രാപ്പാർക്കൽ.

## Page 120

**- മൂന്നാം ദിനം - ദുൽഹിജ്ജ 10 (പെരുന്നാൾ ദിവസത്തിലെ) കർമ്മങ്ങൾ:-**

1. പ്രഭാതോദയം ആയിക്കഴിഞ്ഞാൽ ഫജ്ർ നിസ്കരിക്കുകയും നേരം നല്ലവണ്ണം പുലരുന്നത് വരെ പ്രാർഥനയിലും അല്ലാഹുവിന്റെ സ്മരണയിലും മുഴുകൽ.

2. സൂര്യൻ ഉദിക്കുന്നതിനു മുമ്പായി മിനയിലേക്ക് പുറപ്പെടൽ.

3. മിനായിൽ എത്തിക്കഴിഞ്ഞാൽ ജംറതുൽ അഖബയിൽ പോയി ഏഴുകല്ലുകൾ ഒന്നിന് പിറകെ ഒന്നായി തക്ബീർ ചൊല്ലിക്കൊണ്ട് എറിയൽ.

4. ബലിമൃഗം കൂടെയുണ്ടെങ്കിൽ അതിനെ അറുക്കൽ.

5. തലമുടി വടിക്കുകയോ വെട്ടിച്ചുരുക്കുകയോ ചെയ്യൽ.

ഇതോട് കൂടി ആദ്യത്തെ തഹല്ലുൽ ആയി. സ്ത്രീസംസർഗ്ഗമല്ലാത്ത ഇഹ്റാമിൽ നിഷിദ്ധമായ (സാധാരണ (തുന്നിയ) വസ്ത്രം ധരിക്കുക, സുഗന്ധം പൂശുക തുടങ്ങിയ) കാര്യങ്ങൾ ഇതോടെ അനുവദനീയമാകും.

6. മക്കയിൽ പോയി കഅ്ബക്ക് ചുറ്റും ത്വവാഫുൽ ഇഫാദ എന്ന് വിളിക്കപ്പെടുന്ന ഹജ്ജിന്റെ ത്വവാഫ് ചെയ്യുകയും, മുതമത്തിഉം ത്വവാഫുൽ ഖുദൂമിന്റെ കൂടെ സഅ്‌യു ചെയ്യാത്ത ഖാരിനും മുഫ്‌രിദും സ്വഫാ മർവയുടെ ഇടയിൽ സഅ്‌യു നിർവഹിക്കുകയും ചെയ്യൽ.

ഇതോടു കൂടി രണ്ടാം തഹല്ലുലും അവർക്ക് പൂർത്തിയായി. സ്ത്രീസംസർഗ്ഗമുൾപ്പെടെ ഇഹ്റാമിൽ വിലക്കപ്പെട്ടതെല്ലാം അനുവദനീയമായി.

7. മിനയിലേക്ക് തിരിച്ചു പോയി 11 ന്റെ രാവിൽ അവിടെ കഴിച്ചുകൂട്ടൽ.

## Page 121

**നാലാം ദിനം - ദുൽഹിജ്ജ 11 - ലെ കർമ്മങ്ങൾ**

1 . മൂന്നു ജംറകളിലും കല്ലെറിയൽ : ആദ്യത്തെ ജംറ കൊണ്ട് തുടങ്ങി, ശേഷം മധ്യത്തിലുള്ളതിൽ എറിഞ്ഞ്, ജംറതുൽ അഖബയിൽ അവസാനിപ്പിക്കൽ. മധ്യാഹ്നത്തിന് ശേഷം ഓരോ ജംറയിലും ഏഴു കല്ലുകൾ വീതം തക്ബീർ ചൊല്ലിക്കൊണ്ട് ഒന്നിന് പിറകെ ഒന്നായി

എറിയുക. ഒന്നാമത്തെയും രണ്ടാമത്തെയും ജംറകളിൽ എറിഞ്ഞതിനു ശേഷം ദീർഘനേരം നിന്നുകൊണ്ടുള്ള പ്രാർഥന പ്രധാനമാണ്.
2 . ദുൽഹിജ്ജ 12 ന്റെ രാത്രിയിൽ മിനായിൽ രാപ്പാർക്കൽ.

**അഞ്ചാം ദിനം- ദുൽഹിജ്ജ 12 ലെ കർമ്മങ്ങൾ**
1. തലേ ദിവസത്തേത് പോലെ മൂന്നു ജംറകളിൽ കല്ലെറിയൽ
2. ധൃതിയുള്ളവർ സൂര്യാസ്തമയത്തിനു മുമ്പായി കല്ലെറിയൽ പൂർത്തിയാക്കി മിനായിൽ നിന്നും മടങ്ങൽ. അല്ലാത്തവർ അവിടെ രാപ്പാർക്കൽ.
ആറാം ദിനം- ദുൽഹിജ്ജ 13 ലെ കർമ്മങ്ങൾ
പിന്തിപ്പിച്ചു 13 ന്റെ രാവിൽ മിനായിൽ രാപ്പാർത്തവർ മാത്രം ചെയ്യേണ്ട കർമ്മങ്ങളാണിത്.
1. മുമ്പത്തെ രണ്ടു ദിവസങ്ങളിലും ചെയ്തത് പോലെ മൂന്നു ജംറകളിലും കല്ലെറിയൽ
2. കല്ലെറിയലിനു ശേഷം മിനായിൽ നിന്നും വിരമിക്കൽ. അവസാനം യാത്രയാകുന്നതിനു മുമ്പായി വിടവാങ്ങൽ ത്വവാഫ് കൂടി നിർവഹിക്കേണ്ടതുണ്ട്.

**Page 122**

## അദ്ധ്യായം പന്ത്രണ്ട്: മസ്ജിദുനബവി സന്ദർശനം

മസ്ജിദുന്നബവി സന്ദർശിക്കൽ സുന്നത്താണ്. ആരാധന ലക്ഷ്യം വെച്ച് യാത്ര പുറപ്പെടാൻ അനുവദിക്കപ്പെട്ട മൂന്ന് പള്ളികളിൽ ഒന്നാണിത്. മസ്ജിദുന്നബവി സന്ദർശിക്കുവാനും അവിടെനിന്ന് നിസ്കരിക്കുവാനുമെല്ലാം ശരീഅത്ത് പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

وَعَنْ أَبِي سَعِيدٍ الْخُدْرِيِّ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: " لَا تُشَدُّ الرِّحَالُ إِلَّا إِلَى ثَلَاثَةِ مَسَاجِدَ: مَسْجِدِي هَذَا, ومَسْجِدِ الْحَرَامِ وَمَسْجِدِ الْأَقْصَى " (مُتَّفَقٌ عَلَيْهِ)

അബൂഹുറൈറ (റ) വിൽ നിന്നും നിവേദനം: നബി ﷺ പറഞ്ഞു: മൂന്നു പള്ളികളിലേക്കല്ലാതെ (പുണ്യയാത്ര) ചെയ്യാൻ പാടുള്ളതല്ല. ഈ പള്ളി (അല്ലാഹുവിന്റെ റസൂൽ ﷺ യുടെ മദീനത്തെ പള്ളി), മസ്ജിദുൽ ഹറമും, അഖ്സ്വ പള്ളിയും. [ബുഖാരി 1189, മുസ്ലിം 1397]

അബൂഹുറൈറ (റ) വിൽ നിന്നും നിവേദനം: നബി ﷺ പറഞ്ഞു :
«صَلَاةٌ فِي مَسْجِدِي هَذَا خَيْرٌ مِنْ أَلْفِ صَلَاةٍ فِيمَا سِوَاهُ إِلَّا الْمَسْجِدَ الْحَرَامَ» [مُتَّفَقٌ عَلَيْهِ]
"എന്റെ ഈ പള്ളിയിൽ വെച്ചുള്ള ഒരു നിസ്കാരം, മസ്ജിദുൽ ഹറം ഒഴിച്ച് മറ്റു പള്ളിയിൽ വെച്ച് നിസ്കരിക്കുന്ന ആയിരം നിസ്കാരത്തേക്കാൾ പുണ്യമുള്ളതാണ്. [ബുഖാരി 1190, മുസ്ലിം 1394]

وَعَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: " مَا بَيْنَ بَيْتِي وَمِنْبَرِي رَوْضَةٌ مِنْ رِيَاضِ الْجَنَّةِ ومنبري على حَوْضِي [رواه البخاري]
അബ്ദുല്ലാഹിബ്നു സൈദ് (റ) നിവേദനം: "അല്ലാഹുവിന്റെ റസൂൽ (ﷺ) പറഞ്ഞു : എന്റെ വീടിനും എന്റെ മിമ്പറിനും ഇടക്കുള്ള സ്ഥലം സ്വർഗ്ഗത്തിലെ ഉദ്യാനങ്ങളിലൊന്നാണ് ". [ബുഖാരി 1197, മുസ്ലിം 1391].

**Page 123**

അത് കൊണ്ട് തന്നെ, ഹാജിമാർക്കും, അല്ലാത്തവർക്കും ഹജ്ജിന് മുമ്പോ ശേഷമോ മസ്ജിദുന്നബവി സന്ദർശിക്കുകയും അവിടുന്ന് നിസ്കരിക്കുകയും ചെയ്യുന്നത് സുന്നതാകുന്നു.

അവിടെ സന്ദർശിക്കാൻ ഒരു പ്രത്യേക സമയം നിശ്ചയിക്കപ്പെട്ടിട്ടില്ല. അതുപോലെ തന്നെ ഈ സന്ദർശനം ഹജ്ജിന്റെ റുക്നോ വാജിബോ, അതുമായി യാതൊരു ബന്ധവുമില്ല.
ഒരാൾ ഹജ്ജ് പൂർത്തീകരിച്ചു, എന്നാൽ മസ്ജിദുന്നബവി സന്ദർശിക്കാൻ സാധിച്ചില്ലെങ്കിലും അവരുടെ ഹജ്ജ് ശരിയാകുന്നതാണ്. അതിനായി അവർ പ്രായശ്ചിത്തമോ മറ്റോ ചെയ്യേണ്ടതില്ല.
മസ്ജിദുന്നബവി സന്ദർശിക്കുന്നതിനായാണ് മദീനയിലേക്ക് യാത്ര ചെയ്യുന്നത്, എന്നായിരിക്കണം യാത്ര കൊണ്ട് മനസ്സിൽ ലക്ഷ്യം വെക്കേണ്ടത്. അതല്ലാതെ പ്രവാചകൻ ﷺ യുടെയോ, സ്വഹാബികളുടെയോ, ഖബ്റുകൾ സന്ദർശിക്കുവാനോ, ഖുബാ പള്ളിയും മറ്റും പോലെയുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനോ ആകരുത്. കാരണം മുൻ വിവരിച്ച ഹദീസിൽ പരാമർശിച്ചത് പോലെ

ആരാധന കേന്ദ്രമായ മൂന്ന് സ്ഥലങ്ങളിലേക്കല്ലാതെ യാത്ര ലക്ഷ്യം വെച്ച് പോകാൻ പാടുള്ളതല്ല.

അങ്ങനെ അവർ അവിടെ എത്തിയാൽ മറ്റെല്ലാ പള്ളികളിലും പ്രവേശിക്കുമ്പോൾ പാലിക്കുന്നത് പോലെ വലതുകാൽ മുന്തിച്ച് താഴെ വിവരിച്ച പ്രാർത്ഥനയും ചൊല്ലി പ്രവേശിക്കുക:-

بسم الله والصلاة والسلام على رسول الله اللهم افتح لي أبواب رحمتك

"അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ പ്രവേശിക്കുന്നു), അല്ലാഹുവിന്റെ ദൂതരുടെ മേൽ രക്ഷയും സമാധാനവും ഉണ്ടാകട്ടെ. അല്ലാഹുവേ! നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് നീ തുറന്ന് തരേണമേ".

മസ്ജിദുന്നബവിയിലേക്കായി പ്രവേശിക്കുന്നതിന് ഒരു പ്രത്യേകമായ പ്രാർഥന സ്ഥിരപ്പെട്ടിട്ടില്ല.

وَعَنْ أَبِي أُسَيْدٍ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: " إِذَا دَخَلَ أَحَدُكُمُ الْمَسْجِدَ فَلْيَقُلِ: اللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ. وَإِذَا خَرَجَ فَلْيَقُلِ: الله إِنِّي أَسأَلك من فضلك ".[رَوَاهُ مُسلم]

അബൂ ഉസൈദ് (റ) നിവേദനം: നബി ﷺ പറഞ്ഞു: "നിങ്ങൾ പള്ളിയിൽ പ്രവേശിച്ചാൽ اللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ (അല്ലാഹുവേ! നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് നീ തുറന്ന് തരേണമേ) എന്നു പറയണം (പ്രാർഥിക്കണം). പള്ളിയിൽ നിന്ന് പുറത്ത് വരുമ്പോൾ اللَّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ (അല്ലാഹുവേ, നിന്റെ അനുഗ്രഹം ഞാൻ നിന്നോട് ചോദിക്കുന്നു) എന്നും പറയണം". [മുസ്‌ലിം 713].

## Page 124

عَنْ عَبْدِ اللَّهِ بْنِ عَمْرِو بْنِ الْعَاصِ قَالَ: كَانَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ إِذا دخل الْمَسْجِد قَالَ: «أَعُوذُ بِاللَّهِ الْعَظِيمِ وَبِوَجْهِهِ الْكَرِيمِ وَسُلْطَانِهِ الْقَدِيمِ مِنَ الشَّيْطَانِ الرَّجِيمِ» [رَوَاهُ أَبُو دَاوُد]

അംറുബ്നുൽ ആസ്വ് (റ) വിൽ നിന്ന് നിവേദനം: നബി ﷺ പള്ളിയിൽ പ്രവേശിച്ചാൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ശപിക്കപ്പെട്ട പിശാചിൽ നിന്നും മഹാനായ അല്ലാഹുവിൽ ഞാൻ അഭയം തേടുന്നു. അവന്റെ തിരുമുഖം മുഖേനയും അനാദിയായ അവന്റെ അധികാരം മുഖേനയും (ഞാൻ അഭയം തേടുന്നു)". [അബൂ ദാവൂദ് 466].

അബൂഹുറൈറ (റ) വിൽ നിന്ന് കഅ്ബുൽ അഹ്ബാറിൽ നിന്ന് ഇപ്രകാരം സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്: "ഞാൻ നിന്നോട് രണ്ട് കാര്യങ്ങൾ

പറയാം. അത് നീ ഒരിക്കലും മറക്കരുത്: നീ പള്ളിയിൽ പ്രവേശിച്ചാൽ അല്ലാഹുവിന്റെ റസൂലിന് വേണ്ടി പ്രാർഥിക്കുകയും, എന്നിട്ട്: اللّٰهُمَّ افْتَحْ لِي أَبْوابَ رَحْمَتِكَ "(അല്ലാഹുവേ! നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് നീ തുറന്ന് തരേണമേ) എന്ന് പറയുകയും ചെയ്യുക. ഇനി പള്ളിയിൽ നിന്ന് പുറത്ത് പോയാൽ, "اللهم احفظني من الشيطان" 'അല്ലാഹുവേ! എന്നെ നീ പിശാചിൽ നിന്ന് സംരക്ഷിക്കേണമേ!" എന്നും പ്രാർഥിക്കുക

عن عبد الله بن سلام إذا دخل المسجد سلم على النبي صَلَّى اللَّهُ عَلَيْهِ وَسَلَّمَ، وقال: "اللهم افتح لي أبواب رحمتك"، وإذا خرج سلم على النبي وتعوذ من الشيطان. [أخرجه ابن أبي شيبة]

അബ്ദുല്ലാഹിബ്നു സലാം (റ) വിൽ നിന്നും നിവേദനം; അദ്ദേഹം പള്ളിയിൽ പ്രവേശിച്ചാൽ "(അല്ലാഹുവേ! നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് നീ തുറന്ന് തരേണമേ) എന്നും, പള്ളിയിൽ നിന്ന് വിരമിച്ചാൽ അല്ലാഹുവിന്റെ റസൂലിന് വേണ്ടി പ്രാർഥിക്കുകയും, പിശാചിൽ നിന്ന് ശരണം തേടുകയും ചെയ്യും" എന്ന് സ്ഥിരപെട്ടിട്ടുണ്ട്. [ഇബ്നു അബീ ശൈബ 1/298].

## Page 125

അതിനുശേഷം രണ്ട് റക്അത് തഹിയ്യതുൽ മസ്ജിദ് നിസ്കരിക്കുക.

وَعَنْ أَبِي قَتَادَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: «إِذَا دَخَلَ أَحَدُكُمُ الْمَسْجِدَ فَلْيَرْكَعْ رَكْعَتَيْنِ قَبْلَ أَنْ يجلس»

അബൂഖതാദ (റ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു: നിങ്ങളിൽ ആരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ അവൻ ഇരിക്കുന്നതിന് മുമ്പായി രണ്ട് റക്അത് നിസ്കരിക്കട്ടെ.

ഇത് റൗളയിൽ നിന്നും നിർവഹിക്കുന്നത് ഏറെ ശ്രേഷ്ഠകരമാണ്.

عَنْ أبي هريرة رضي الله عنه أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ " مَا بَيْنَ بَيْتِي وَمِنْبَرِي رَوْضَةٌ مِنْ رِيَاضِ الْجَنَّةِ " .

അബൂ ഹുറൈറ (റ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "എന്റെ വീട്ടിനും എന്റെ മിമ്പറിനും ഇടക്കുള്ള സ്ഥലം സ്വർഗ്ഗത്തിലെ ഉദ്യാനങ്ങളിലൊന്നാണ് ". [ബുഖാരി 1195].

റൗളയിൽ നിസ്കരിക്കാൻ സൗകര്യം ലഭിച്ചില്ലെങ്കിൽ, പള്ളിയിൽ എവിടെ നിന്ന് വേണമെങ്കിലും നിസ്കരിക്കാവുന്നതാണ്.

**നബി ﷺ യുടെയും പ്രവാചകന്റെ സഹചാരികളായ ഉമർ (റ) വിന്റെയും അബൂബക്ർ (റ) വിന്റെയും ഖബ്ർ സന്ദർശിക്കൽ:-**

പള്ളിയിൽ പ്രവേശിച്ച ഉടനെ തഹിയതുൽ മസ്ജിദ് നിർവഹിച്ചതിന് ശേഷം, പ്രവാചകൻ ﷺ യുടെയും അവിടുത്തെ രണ്ട് കൂട്ടുകാരുടെയും അടുത്ത് പോയി സലാം പറയേണ്ടതാണ്.

**Page 126**

1. അങ്ങനെ പ്രവാചകൻ ﷺ യുടെ ഖബ്റിനരികിലേക്ക് ചെന്ന് വളരെ മര്യാദയോടെ ശാന്തമായി ശബ്ദം താഴ്ത്തിക്കൊണ്ട് സലാം പറയുക:

"السلام عليك يا رسول الله ورحمة الله وبركاته"

"അല്ലാഹുവിന്റെ റസൂലേ! അല്ലാഹുവിന്റെ സമാധാനവും, കാരുണ്യവും, അനുഗ്രഹവും അങ്ങയുടെ മേൽ ഉണ്ടാകട്ടെ" എന്ന് പറയുക

ഇനി സലാം വർദ്ധിപ്പിക്കുകയാണെങ്കിൽ

"السلام عليك يا نبي الله، السلام عليك يا خير الله من خلقه، السلام عليك يا سيد المرسلين، وإمام المتقين، أشهد أنك قد بلغت الرسالة، وأديت الأمانة، ونصحت الأمة، وجاهدت في الله حق جهاده"

"അല്ലാഹുവിന്റെ ദൂതരേ! അങ്ങയുടെ മേൽ അല്ലാഹു സമാധാനം ചൊരിയട്ടെ. സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ഠവും, പ്രവാചകരുടെ നേതാവും, മുത്വഖികളുടെ ഇമാമുമായ അല്ലാഹുവിന്റെ ദൂതരേ, അങ്ങേക്ക് അല്ലാഹു സമാധാനം ചൊരിയട്ടെ. താങ്കൾ രിസാലത്ത് പൂർത്തിയാക്കി എന്നും, എൽപ്പിക്കപ്പെട്ട കർത്തവ്യം നിറവേറ്റി എന്നും തന്റെ ജനതക്ക് ഗുണകാംക്ഷി ആയിരുന്നു എന്നും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അർഹിക്കുന്ന വിധത്തിൽ ത്യാഗം ചെയ്തു എന്നും ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു."

എന്ന് കൂടി പറയുന്നത് കൊണ്ട് കുഴപ്പമില്ല. കാരണം, ഇവയെല്ലാം നബി ﷺയുടെ വിശേഷണങ്ങളിൽ പെട്ടതാകുന്നു.

എന്നാൽ ആദ്യത്തേതിൽ മാത്രം ചുരുക്കുകയാണെങ്കിൽ, അതാണ് നല്ലത്. കാരണം അബ്ദുല്ലാഹിബ്നു ഉമർ (റ) വിൽ നിന്ന് അപ്രകാരമാണ് പ്രസ്താവിച്ചത്. താഴെ വരുന്നത് പോലെ.

2. അതിനുശേഷം വലതുവശത്തേക്ക് നീങ്ങി, അബൂബക്ർ (റ) വിന്റെ ഖബ്റിനെ അഭിമുഖീകരിച്ചു കൊണ്ട്

السلام عليك يا أبا بكر
"അസ്സലാമു അലൈക്കും യാഅബൂബക്കർ" - അല്ലയോ അബൂ ബക്ർ (റ) ! അല്ലാഹുവിൽ നിന്നുള്ള സമാധാനം അങ്ങേക്ക് ഉണ്ടാകട്ടെ" എന്ന് പറയുക. അവിടെ അനുയോജ്യമായ വല്ലതും സലാമിന്റെ കൂടെ കൂട്ടിച്ചേർക്കുന്നതിലും കുഴപ്പമില്ല. "പ്രവാചകന്റെ സമുദായത്തെ പിൻഗാമി (ഖലീഫയായ) അബൂബക്ർ! അങ്ങയുടെ മേൽ അല്ലാഹു സമാധാനം ചൊരിയട്ടെ, അല്ലാഹു താങ്കളെ തൃപ്തിപ്പെടുകയും മുഹമ്മദ് ﷺ യുടെ സമുദായം കൊണ്ട് പ്രതിഫലം നൽകുകയും ചെയ്യട്ടെ" എന്നതു പോലെ.

മുൻ പ്രസ്താവിച്ചത് പോലെ പറയുക. സലാമിൽ മാത്രം പരിമിതപ്പെടുത്തുന്നതാണ് നല്ലത്. കാരണം അബ്ദുല്ലാഹിബ്നു ഉമർ (റ) വിൽ നിന്ന് അപ്രകാരമാണ് സ്ഥിരപ്പെട്ടിട്ടുള്ളത്.

3. ശേഷം ഉമർ (റ) വിന്റെ ഖബ്റിനടത്തേക്ക് ആകത്തക്കവിധം വലതുവശത്തേക്ക് കാലടിവെച്ച് "السَلَامُ عليكِ يا عُمر" "അസ്സലാമു അലൈക്കും യാഉമർ" - അല്ലയോ ഉമർ ! അല്ലാഹുവിൽ നിന്നുള്ള സമാധാനം അങ്ങേക്ക് ഉണ്ടാകട്ടെ" എന്ന് പറയുക. (നേരത്തെ പരാമർശിച്ചത് പോലെ) അദ്ദേഹത്തിന് അനുയോജ്യമായ എന്തെങ്കിലും വർദ്ധിപ്പിക്കുന്നതിൽ തെറ്റില്ല.

## Page 127

" السلامُ عليكَ يا أمير المؤمنين رضي الله عنك وجزاك عن أُمّة محمد صلى الله عليه وسلم كثيرًا "
"സത്യവിശ്വാസികളുടെ നേതാവേ, അങ്ങേക്ക് അല്ലാഹു സമാധാനം ചൊരിയട്ടെ, അല്ലാഹു താങ്കളെ തൃപ്തിപ്പെടുകയും മുഹമ്മദ് ﷺ യുടെ സമുദായം കൊണ്ട് പ്രതിഫലം നൽകുകയും ചെയ്യട്ടെ" എന്നൊക്കെ പറയുന്നതിലും കുഴപ്പമില്ല.

എന്നാൽ ഒന്നാമത്തേതിൽ മാത്രമായി ചുരുക്കുകയാണെങ്കിൽ അതാണ് നല്ലത്. കാരണം അബ്ദുല്ലാഹിബ്നു ഉമർ (റ) വിൽ നിന്നും സ്ഥിരപ്പെട്ടത് അപ്രകാരമാണ്.

عن نافع، أن ابن عمر كان إذا قدم من سفر دخل المسجد ثم أتى القبر فقال: "السلام عليك يا رسول الله، السلام عليك يا أبا بكر، السلام عليك يا أبتاه"

നാഫിഅ് (റ) വിൽ നിന്നും നിവേദനം. ഇബ്നു ഉമർ (റ) ഏതെങ്കിലും ഒരു യാത്ര കഴിഞ്ഞു എത്തിയാൽ പള്ളിയിൽ പ്രവേശിക്കും. ശേഷം ഖബ്റിനടത്തേക്ക് ചെന്ന് "അല്ലാഹുവിന്റെ ദൂതരെ, അങ്ങേക്ക് അല്ലാഹുവിൽ നിന്നുള്ള സമാധാനം ഉണ്ടാകട്ടെ, അല്ലയോ അബൂബക്ർ അങ്ങേക്ക് അല്ലാഹുവിൽ നിന്നുള്ള സമാധാനം ഉണ്ടാകട്ടെ, എന്റെ പൊന്നുപ്പാ, താങ്കൾക്കും അല്ലാഹുവിൽ നിന്നുള്ള സമാധാനം ഉണ്ടാകട്ടെ" എന്ന് പറയുമായിരുന്നു.

عَنْ عَبْدِ اللَّهِ بْنِ دِينَارٍ، قَالَ رَأَيْتُ عَبْدَ اللَّهِ بْنَ عُمَرَ يَقِفُ عَلَى قَبْرِ النَّبِيِّ صلى الله عليه وسلم فَيُصَلِّي عَلَى النَّبِيِّ صلى الله عليه وسلم وَعَلَى أَبِي بَكْرٍ وَعُمَرَ رضي الله عنهما. [موطأ مالك]

അബ്ദുല്ലാഹിബ്നു ദീനാർ (റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "അബ്ദുല്ലാഹിബ്നു ഉമർ (റ) നബി ﷺ യുടെ ഖബ്റിന്നരികിലും അബൂബക്ർ (റ) വിന്റേയും ഉമർ (റ) വിന്റേയും ഖബ്റുകൾക്കിരികിൽ നിൽക്കുന്നതായും സലാം പറയുന്നതായും ഞാൻ കണ്ടിട്ടുണ്ട്." [മുവത്ത്വഅ് മാലിക് 1/166].

പ്രവാചകൻ ﷺ യുടെയും അവിടുത്തെ രണ്ടു പങ്കാളികളുടെയും സമീപം പോയി സലാം പറയുമ്പോഴെല്ലാം സന്ദർശകർ പരിഗണിക്കേണ്ടുന്ന എല്ലാ ഗുണവിശേഷണങ്ങളും, മതപരമായ മര്യാദകളുമെല്ലാം പാലിച്ചുകൊണ്ട്, ശബ്ദമുയർത്താതെയും ശാന്തതയോടെയും താഴ്മയോടെയും ആയിരിക്കണം അവിടെ കഴിച്ചുകൂട്ടേണ്ടത്. നിശ്ചയമായും പള്ളികളിൽ ശബ്ദമുയർത്തുന്നതും മര്യാദക്കേട് കാണിക്കുന്നതുമെല്ലാം നിരോധിക്കപ്പെട്ടതാകുന്നു.

**Page 128**

وعن السائب بن زيد الصحابي رضي الله عنه قال: كنت في المسجد فحصبني رجل، فنظرت فإذا عمر بن الخطاب رضي الله عنه فقال: اذهب فائتني بهذين، فجئته بهما، فقال: من أين أنتما؟ فقالا: من أهل الطائف، فقال: لو كنتما من أهل البلد، لأوجعتكما، ترفعان أصواتكما في مسجد رسول الله صلى الله عليه وسلم ! [رواه البخاري].

സാഇബുബ്നു യസീദ് (റ) വിൽ നിന്നും നിവേദനം: ഞാൻ പള്ളിയിൽ നിൽക്കുമ്പോൾ ഒരാൾ എന്നെ ഒരു ചെറിയ കല്ല് കൊണ്ട് എറിഞ്ഞു. ഞാൻ തിരിഞ്ഞ് നോക്കിയപ്പോൾ അതു ഉമർ (റ) ആയിരുന്നു. അപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു: നീ പോയി ആ രണ്ടു ആളുകളെ വിളിച്ചു

കൊണ്ടുവരിക. അങ്ങനെ ഞാൻ അവരെയുമായി ഉമർ (റ) ന്റെ അടുത്തുവന്നു. ഉമർ (റ) ചോദിച്ചു. നിങ്ങൾ എവിടെനിന്ന് വരുന്നവരാണ്? അവർ പറഞ്ഞു: ത്വാഇഫിൽ നിന്ന്, ഉമർ (റ) പറഞ്ഞു: നിങ്ങൾ ഈ നാട്ടിലെ നിവാസികളായിരുന്നുവെങ്കിൽ നിങ്ങളെ ഞാൻ വേദനിപ്പിക്കുമായിരുന്നു. അല്ലാഹുവിന്റെ റസൂൽ ﷺ യുടെ പള്ളിയിൽ വെച്ച് നിങ്ങൾ ശബ്ദം ഉയർത്തുകയോ!!! [ബുഖാരി 470]

അവിടുത്തെ ഖബ്റിടങ്ങളുടെ അരികിൽ ദീർഘനേരം ചിലവഴിക്കുകയോ പ്രാർഥിക്കുകയോ ചെയ്യേണ്ടതില്ല. ഇങ്ങനെ ചെയ്യുന്നത് ഇമാം മാലികുബ്നു അനസ് (റ) വെറുത്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: "ഇത് മുൻഗാമികൾ ചെയ്തിട്ടില്ലാത്ത പുത്തനാചാരമാകുന്നു"
ഈ സമുദായത്തിലെ പിൻഗാമികൾക്ക്, അവരുടെ മുൻഗാമികളിൽ നിന്ന് സ്ഥിരപ്പെട്ടതല്ലാതെ അനുയോജ്യമാവുകയില്ല. (അതവർക്ക് നല്ലതാകുകയില്ല)

അത്പോലെ, മദീനാ നിവാസികൾ മസ്ജിദുന്നബവിയിൽ പ്രവേശിക്കുമ്പോഴെല്ലാം നബി ﷺയുടെ ഖബ്ർ സന്ദർശിക്കുന്നതും ഇമാം മാലിക് ബ്നു അനസ് (റ) വെറുത്തിരുന്നു. കാരണം, നമ്മുടെ സച്ചരിതരായ മുൻഗാമികൾ-സലഫുകൾ- അങ്ങനെ ചെയ്യുമായിരുന്നില്ല. മറിച്ച് മസ്ജിദുന്നബവിയിൽ കയറി, അബൂബക്ർ(റ) ഉമർ(റ) ഉസ്മാൻ(റ), അലി(റ) എന്നിവരുടെ പിന്നിൽ നിസ്കരിക്കുകയും നിസ്കാരത്തിലെ തശഹുദിൽ "السلامُ عليكَ أيها النبيّ ورحمة الله وبركاته" (അല്ലാഹുവിന്റെ പ്രവാചകരേ, താങ്കൾക്ക് അല്ലാഹുവിൽ നിന്നുള്ള സമാധാനവും കാരുണ്യവും അനുഗ്രഹവും ലഭിക്കട്ടെ) എന്ന് പ്രാർഥിക്കുകയും നിസ്കാരശേഷം അവിടെ ചിലവഴിക്കുകയോ അവിടുന്ന് വിരമിക്കുകയോ അല്ലതെ, പ്രവാചകൻ ﷺ യുടെ ഖബ്റിടത്തിൽ പോയി സലാം പറയുന്ന പതിവ് അവർക്കുണ്ടായിരുന്നില്ല. കാരണം, നിസ്കാരത്തിൽ പ്രവാചകൻ ﷺ ക്ക് വേണ്ടി ചെയ്യുന്ന സലാമും പ്രാർഥനയുമാണ് ഏറ്റവും പരിപൂർണ്ണമായും ശ്രേഷ്ഠമായതും എന്ന് അവർക്ക് ഉത്തമബോധ്യമുണ്ടായിരുന്നു.

അല്ലാഹു അല്ലാതെ മറ്റാരെയും വിളിച്ച് പ്രാർഥിക്കാതിരിക്കുക, എന്നത് ഒരു മുസ്‌ലിം തന്റെ ജീവിതത്തിൽ ഏറ്റവും പ്രധാനമായി സൂക്ഷിക്കേണ്ട കാര്യമാണ്. അത് മസ്ജിദുന്നബവിയിൽ നിന്നായാലും അല്ലെങ്കിലും ശരി. അതുകൊണ്ടു തന്നെ പ്രവാചകൻ ﷺ യെ വിളിച്ച് പ്രാർഥിക്കുകയോ, തന്റെ ആവശ്യങ്ങളും, സഹായങ്ങളും ചോദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. അത് അല്ലാഹുവിന് മാത്രം സമർപ്പിക്കേണ്ട ഒന്നാണ്. അല്ലാഹു പറയുന്നു:

{وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ ۚ إِنَّ ٱلَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِى سَيَدْخُلُونَ جَهَنَّمَ دَاخِرِينَ} [غافر:60]

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച." [ഗാഫിർ:60]

അതുപോലെ അല്ലാഹു പറയുന്നു:

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ} [البقرة: 167]

നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്. [അൽ ബഖറ: 186]

അല്ലാഹു പറയുന്നു:

ٱدْعُوا۟ رَبَّكُمْ تَضَرُّعًا وَخُفْيَةً ۚ إِنَّهُۥ لَا يُحِبُّ ٱلْمُعْتَدِينَ} [الأعراف:55]

"താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുക. പരിധിവിട്ടു പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല." [അൽ അഅ്റാഫ്: 55]

അല്ലാഹു പറഞ്ഞിരിക്കുന്നു:

{قُلۡ إِنَّ صَلَاتِي وَنُسُكِي وَمَحۡيَايَ وَمَمَاتِي لِلَّهِ رَبِّ ٱلۡعَٰلَمِينَ}
"പറയുക: തീർച്ചയായും എന്റെ പ്രാർഥനയും, എന്റെ ആരാധനാകർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു."
{لَا شَرِيكَ لَهُۥۖ وَبِذَٰلِكَ أُمِرۡتُ وَأَنَا۠ أَوَّلُ ٱلۡمُسۡلِمِينَ} [الأنعام: 152,153]
"അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്." [അൽ അൻആം:152, 153]

അല്ലാഹു പറയുന്നു :

{وَلَا تَدۡعُ مِن دُونِ ٱللَّهِ مَا لَا يَنفَعُكَ وَلَا يَضُرُّكَۖ فَإِن فَعَلۡتَ فَإِنَّكَ إِذٗا مِّنَ ٱلظَّٰلِمِينَ} [يونس: 106]
"അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും." [യൂനുസ്:106].

## Page 130

പ്രവാചകൻ ﷺ ക്ക് പോലും സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ ഉപദ്രവമവോ വരുത്തൽ, തന്റെ അധീനതയിൽ പെട്ടതല്ല എന്ന് സമൂഹത്തിന് വ്യക്തമാക്കി കൊടുക്കാൻ അല്ലാഹു മുഹമ്മദ് ﷺ യോട് കൽപ്പിച്ചു കൊണ്ട് പറയുന്നു :

{قُل لَّآ أَمۡلِكُ لِنَفۡسِي نَفۡعٗا وَلَا ضَرًّا إِلَّا مَا شَآءَ ٱللَّهُۚ وَلَوۡ كُنتُ أَعۡلَمُ ٱلۡغَيۡبَ لَٱسۡتَكۡثَرۡتُ مِنَ ٱلۡخَيۡرِ وَمَا مَسَّنِيَ ٱلسُّوٓءُۚ إِنۡ أَنَا۠ إِلَّا نَذِيرٞ وَبَشِيرٞ لِّقَوۡمٖ يُؤۡمِنُونَ} [الأعراف: 188]
"(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ, ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽപെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചത് ഉഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിൻമ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്." [അൽ അഅ്റാഫ്: 188].
അതുപോലെ ഖബ്റിടത്തിലെ ചുമരുകൾ തടവുകയോ, ചുംബിക്കുകയോ, അതിലേക്ക് സുജൂദ് ചെയ്യലോ പാടുള്ളതല്ല.

മദീനയിലെ താമസക്കാർക്കും, സന്ദർശകർക്കും, മസ്ജിദു ഖുബ സന്ദർശിക്കലും അവിടെ നിന്ന് നിസ്കരിക്കലും സുന്നതാണ്.

عن ابن عمر رضي الله عنهما قال: كان النبي صلى الله عليه وسلم يزور قباء راكبًا وماشيًا، فيصلي فيه ركعتين" [متفق عليه] .

ഇബ്നു ഉമർ (റ) പറയുന്നു: നബി ﷺ നടന്നിട്ടോ വാഹനത്തിലേറിയോ ഖുബയിലെ പള്ളിയിലേക്ക് പോകാറുണ്ടായിരുന്നു. (മറ്റൊരു വിവരണത്തിൽ), "തുടർന്ന് അദ്ദേഹം രണ്ട് റക്അത് (ഖുബയിലെ പള്ളിയിൽ)നിസ്കരിക്കും. [ബുഖാരി 1194, മുസ്ലിം 1399]

അതുപോലെ ബഖീഇലെ മഖ്ബറയിൽ പോയി അവിടെ മറമാടിയ ഉസ്മാനുബ്നു അഫ്ഫാൻ (റ) തുടങ്ങിയ സഹാബികൾക്ക് സലാം പറയലും സുന്നത്താണ്. ഉഹ്ദ് രക്തസാക്ഷികളോട് സലാം പറയുന്നതിനായി അവിടെ പോകൽ സുന്നത്താണ്. അവർക്ക് വേണ്ടി പ്രാർഥിക്കുകയും, അതിലൂടെ ഓർമ്മപ്പെടുത്തലുകളും, ഗുണപാഠങ്ങളുമെല്ലാം ഉൾകൊള്ളുകയും, പരലോക സ്മരണ നിലനിർത്തുകയും സുന്നത് നടപ്പിലാക്കുകയും ചെയ്യാനാകുന്നു അത്.

ഖബ്റുകൾ സന്ദർശിക്കുമ്പോഴുള്ള പ്രാർഥന നബി ﷺ നമ്മെ പഠിപ്പിച്ച് തന്നിട്ടുണ്ട്.

"وَعَنْ بُرَيْدَةَ قَالَ: كَانَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يُعَلِّمُهُمْ إِذَا خَرَجُوا إِلَى الْمَقَابِرِ: «السَّلَامُ عَلَيْكُمْ أَهْلَ الدِّيَارِ مِنَ الْمُؤْمِنِينَ وَالْمُسْلِمِينَ وَإِنَّا إِنْ شَاءَ اللَّهُ بِكُمْ لَلَاحِقُونَ نَسْأَلُ اللَّهَ لَنَا وَلَكُمُ الْعَافِيَةَ» . [رَوَاهُ مُسْلِمٌ]

ബുറൈദ (റ) തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു; "ഖബ്ർ സ്ഥാനങ്ങളിലേക്ക് പുറപ്പെട്ടാൽ ഇപ്രകാരം പറയാനായി നബി ﷺ ഞങ്ങളെ പഠിപ്പിക്കാറുണ്ടായിരുന്നു: 'ഈ പാർപ്പിടങ്ങളിൽ വസിക്കുന്ന മുഅ്മിനുകളും മുസ്ലിംകളുമായവരേ! നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ. അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങളും നിങ്ങളോടൊപ്പം വന്നു ചേരുന്നതാണ്. ഞങ്ങൾക്കും നിങ്ങൾക്കും സൗഖ്യം നൽകാൻ ഞങ്ങൾ അല്ലാഹുവിനോട് ചോദിക്കുന്നു." [മുസ്ലിം 975].

عَنْ عَائِشَةَ، أَنَّهَا قَالَتْ كَانَ رَسُولُ اللَّهِ صلى الله عليه وسلم - كُلَّمَا كَانَ لَيْلَتُهَا مِنْ رَسُولِ اللَّهِ صلى الله عليه وسلم - يَخْرُجُ مِنْ آخِرِ اللَّيْلِ إِلَى الْبَقِيعِ فَيَقُولُ " السَّلاَمُ عَلَيْكُمْ دَارَ قَوْمٍ مُؤْمِنِينَ وَأَتَاكُمْ مَا تُوعَدُونَ غَدًا مُؤَجَّلُونَ وَإِنَّا إِنْ شَاءَ اللَّهُ بِكُمْ لاَحِقُونَ اللَّهُمَّ اغْفِرْ لأَهْلِ بَقِيعِ الْغَرْقَدِ " [رَوَاهُ مُسْلِمٌ]

ആഇശ (റ) യിൽ നിന്നും നിവേദനം; നബി ﷺ അവരുടെ അടുക്കൽ താമസിക്കുന്ന എല്ലാ രാത്രിയിലും രാത്രിയുടെ അന്ത്യയാമത്തിൽ ബഖീഇലേക്ക് (ഖബർസ്ഥാനിലേക്ക്) പോവുകയും ഇങ്ങനെ പ്രാർഥിക്കുകയും ചെയ്യാറുണ്ടായിരുന്നു: 'സത്യവിശ്വാസികളായ ജനതയുടെ ഭവനമേ! നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാകട്ടെ. നിങ്ങൾക്ക് ഭാവിയിലേക്ക് പിന്തിപ്പിച്ചുവെക്കപ്പെട്ടിരുന്ന വാഗ്ദാനങ്ങൾ നിങ്ങൾക്ക് ലഭിച്ചു കഴിഞ്ഞിരിക്കുന്നു. നിശ്ചയം ഞങ്ങളും അല്ലാഹു ഉദ്ദേശിക്കുമ്പോൾ നിങ്ങളോടൊപ്പം വന്നുചേരുന്നതാണ്. അല്ലാഹുവെ, ബഖീഇൽ ഗർഖദിൽ അന്ത്യവിശ്രമം കൊള്ളുന്നവർക്ക് നീ പൊറുത്ത് കൊടുക്കേണമേ.' [മുസ്‌ലിം 974].

ഇപ്രകാരമാണ് ഖബ്ർ സന്ദർശന വേളയിൽ സുന്നത്താക്കപ്പെട്ടത്. എന്നാൽ മരിച്ചവരോട് പ്രാർത്ഥിക്കലും, സഹായം തേടലും, ശുപാർശ ചോദിക്കലും, അവരെക്കൊണ്ട് ഇടതേട്ടം നടത്തലും, ഖബറിന് ചുറ്റും ത്വവാഫ് ചെയ്യലും, അതിന്റെയടുത്ത് ഭജനമിരിക്കലും പോലെയുള്ള നിഷിദ്ധമാക്കപ്പെട്ട പുത്തനാചാരങ്ങളെല്ലാം, ബിദ്അത്തായ (ദീനിൽ പുതുതായി ഉണ്ടാക്കിയ) സന്ദർശന രീതികളാണ്. മാത്രമല്ല, അതിൽ മരിച്ചവരോട് പ്രാർഥിക്കലും, സഹായം തേടലുമെല്ലാം അല്ലാഹു ഒരിക്കലും പൊറുക്കാത്ത വൻപാപമായ ശിർകുമാകുന്നു.

മസ്ജിദുന്നബവിയും, മസ്ജിദു ഖുബായും അല്ലാത്ത മറ്റു പള്ളികളിലും സ്ഥലങ്ങളിലുമൊക്കെ പുണ്യം കല്പിച്ച് കൊണ്ടും, നിസ്കാരം ഉദ്ദേശിച്ച് കൊണ്ടും സന്ദർശിക്കുന്നതിന് യാതൊരു അടിസ്ഥാനവുമില്ല. അവ സന്ദർശിക്കുന്നതിലോ, അവിടെ നിന്ന് നിസ്കരിക്കുന്നതിലോ, അതിലെ ശ്രേഷ്ഠതയിലോ യാതൊരു തെളിവും സ്ഥിരപ്പെട്ടിട്ടില്ല. അവയെല്ലാം പുതുതായി നിർമിച്ചുണ്ടാക്കിയതിൽ പെട്ടതാണ്.

.........................................

والله تعالى أعلم

وصلى الله على نبينا محمد وعلى آله وصحبه أجمعين والحمد لله رب العالمين

**Font (رابط الخط) :**

**https://fonts.google.com/download?family=Noto%20Serif%20Malayalam**

**Font Size : 15**